271
JUNE 2019

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



271

**EDITORIAL BOARD**

**Chief Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

# JUNE 2019

■ *എഡിറ്റോറിയൽ* **3**

■ *ഇന്ത്യൻ ജനാധിപത്യത്തിലെ ഇരുണ്ട ദിനങ്ങൾ*
**ഡോ. പി.എൻ. ഹരികുമാർ** **4**

■ *സംസ്ഥാന സമ്മേളനം - റിപ്പോർട്ട്* **6**

■ *സ്മരണകൾ: പൊരുതിനേടിയ സംഘടന*
**ജോസഫ് മുണ്ടശ്ശേരി** **19**

■ *ഭാഷയിലൂടെ സഞ്ചരിച്ചെത്തുന്ന യാഥാർത്ഥ്യങ്ങൾ*
**പ്രൊഫ. സ്കറിയാ സക്കറിയ/ഡോ. ജോസഫ് സ്കറിയ** **21**

■ *ഉർവരശരണം*
**ആര്യാഗോപി** **36**

■ *മോദി സർക്കാരിന്റെ ദേശവിരുദ്ധ വിദ്യാഭ്യാസനയം - 2019*
**വി.പി. മാർക്കോസ്** **37**

■ *പ്രളയം 2018 : ഒരു സ്വതന്ത്ര വിലയിരുത്തൽ*
**ജോമി അഗസ്റ്റിൻ** **43**

■ *കിഫ്ബി മസാലബോണ്ട് ഒരു അവലോകനം*
**ഷൈല ഹമീദ്** **49**

■ *സമകാലീന ഇന്ത്യൻ തൊഴിൽമേഖലയും സാർവ്വദേശീയ തൊഴിൽദിനവും*
**അനിൽവർമ്മ** **55**

■ *Narrativising Neoliberal Ethos in the film Mayanadi : A Case Study*
**Swapna Gopinath** **61**

■ *ശാസ്ത്രവിചാരം : ലാളിത്യം എന്ന മായ*
**വൈശാഖൻ തമ്പി** **67**

■ *കനൽ*
**ഫ്രാൻസി മാത്യു** **70**

■ *കൃഷിഭാഷയുടെ ലാവണ്യശാസ്ത്രം*
**ബിന്ദു എ.സി.** **71**

■ *നവോത്ഥാന മൂല്യങ്ങളുടെ സമകാലിക പ്രസക്തിയും പ്രാധാന്യവും*
**അഭിലാഷ് ടി.** **77**

■ *സർവ്വീസ് സെൽ*
**ജോജി അലക്സ്** **86**

■ *ചെറുകവിതകൾ*
**ഡോ. ദിവ്യ എം.** **87**

■ *വെറുമൊരു കളിയല്ല ക്രിക്കറ്റ്*
**ഹരിനാരായണൻ എസ്.** **88**

## എഡിറ്റോറിയൽ



# ദിശതെറ്റുന്ന വിദ്യാഭ്യാസം

ഒന്നരലക്ഷത്തിലധികം കുട്ടികൾ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പുതുതായി എത്തി എന്ന അഭിമാനകരമായ വാർത്തക്ക് ഒപ്പം രാജ്യമാകമാനം കോർപ്പറേറ്റ് മൂലധനത്തെ അമിതമായി ആശ്രയിക്കുന്ന ഒരു പൊതു ഇടം രൂപപ്പെട്ടുവരുന്ന എന്ന ഭീതിജനകമായ വാർത്തയും കൂടി കേട്ടുകൊണ്ട് ആണ് പുതിയ അധ്യയനവർഷം നാം ആരംഭിക്കുന്നത്. പൊതുതിരഞ്ഞെടുപ്പിന്ശേഷം അധികാരമേറ്റ രണ്ടാം മോദിസർക്കാർ തിടുക്കപ്പെട്ട് പരിഷ്കരിക്കാൻ ആഗ്രഹിക്കുന്നത് രാജ്യത്തെ വിദ്യാഭ്യാസമേഖല ആണ് എന്നത് അഉത്ഭുതത്തെക്കാൾ ഏറെ ആശങ്കയോടെ ആണ് നാം കാണേണ്ടത്. ആവശ്യമായ ചർച്ചകൾക്കോ പരിഷ്കരണത്തിനോ ഉള്ള സമയം നൽകാതെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ (NEP - National Education Policy) കരട് പ്രസിദ്ധീകരിക്കുകയും കാലവിളംബം കൂടാതെ അത് നടപ്പിലായേക്കാം എന്നതിന്റെ പ്രഥമസൂചനകൾ പലകോണുകളിൽ നിന്നും വരുന്നത് ഒളിഞ്ഞും തെളിഞ്ഞും നാം കാണുകയും ചെയ്യുന്നു. രാജ്യത്ത് നിലവിലുള്ള ഒരു പഠന ബോധന സമ്പ്രദായത്തെ അടിമുടി പരിഷ്കരിക്കുകയും അതിന്റെ വികേന്ദ്രീകൃത സ്വഭാവത്തെ തള്ളിക്കളഞ്ഞുകൊണ്ട് രാജ്യമൊട്ടുക്ക് ഏതാണ്ട് ഒരേമട്ടിലുള്ള സംവിധാനം നടപ്പിലാക്കുകയും ചെയ്യുക എന്നത് ഒട്ടും നിസ്സാരമായി കാണേണ്ട ഒന്നല്ല. "3 വയസ്സ് (?) മുതൽ പിഎച്ഡിവരെ" വിദ്യാഭ്യാസത്തെ മുഴുവൻ വ്യഖ്യാനിക്കുന്ന ഒരുവലിയരേഖ പ്രാദേശികഭാഷകളിൽ വിവർത്തനംചെയ്യുന്നതിന് പോലും കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ലിബറൽഎഡ്യുക്കേഷൻ എന്നപദത്തിലാണ് മുഴുവൻ രേഖയുടെയും ഊന്നൽ. പുറത്ത് കാണുന്ന വലിയ സൗജന്യങ്ങൾ പൊതിഞ്ഞുകൊണ്ടുവരുന്നത് ഉദാരമായ വിദ്യാഭ്യാസമല്ല നവഉദാരവല്കരണത്തിന്റെ പ്രലോഭനങ്ങൾ തന്നെ ആണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നമ്മുടെസർക്കാർ നടത്തി വിജയിപ്പിച്ച തരത്തിൽ ഉള്ള ഒരുമാതൃകയല്ല ഇത്. ഇനി ഒരു പക്ഷെ വിദ്യാഭ്യാസത്തിന്റെ പൊതുഇടങ്ങൾ നമുക്ക് നഷ്ടപ്പെട്ടേക്കാം. NEP രേഖയിൽ പറയും പോലെ വിദ്യാർത്ഥി ആഗ്രഹിക്കുമ്പോൾ വരാനും വേണ്ട എന്ന് തോന്നുമ്പോൾ പോകാനും കഴിയുന്ന ഒരുഇടം എന്നതല്ല വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യംവയ്ക്കേണ്ടത്. സർഗാത്മകമായ ഒരുബൗദ്ധിക ഇടം (Creative Intellectual Space) ആണ് ഓരോ വിദ്യാഭ്യാസ സ്ഥാപനവും. അതിന്റെ ഉദാത്തമായ മാതൃകകൾ ജെഎൻയു മുതൽ ഇവിടെ നമ്മുടെ കൊച്ചുഗ്രാമത്തിലെ സർക്കാർ സ്കൂളുകളിൽ വരെ ഉണ്ട് എന്നത് ഓർക്കാതെ പോവരുത്. സർഗാത്മകമായ ഓരോ എതിർപ്പും നാം നടത്തിയ വീണ്ടെടുപ്പുകൾ ആയിരുന്നു എന്നതിന് ചരിത്രം സാക്ഷിആണ്. നളന്ദയും തക്ഷശിലയും ചരിത്രത്തിൽ നാം കേട്ടറിഞ്ഞ ഇടങ്ങൾ ആവാം പക്ഷെ നമുക്ക് വേണ്ടത് കണ്ടും അനുഭവിച്ചും അറിഞ്ഞ പ്രയോഗക്ഷമമായമാതൃകകൾ ആണ്. NEP പറയാത്തതും നമുക്ക് നേടി എടുക്കേണ്ടതും അതാണ്. വരുംനാളുകൾ പോരാട്ടങ്ങളുടേത് ആണ് എന്ന ഓർമപ്പെടുത്തലോടെ സമ്മേളനപതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522



ഡോ. പി.എൻ. ഹരികുമാർ

# ഇന്ത്യൻ ജനാധിപത്യത്തിലെ ഇരുണ്ട ദിനങ്ങൾ

ഇന്ത്യൻ പാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പ് ഫലം രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്കും ജനാധിപത്യവാദികൾക്കും കനത്ത ആഘാതമാണ് നൽകിയിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷകാലം രാജ്യത്തിന്റെ സുരക്ഷയ്ക്കും, ഭരണഘടന സ്ഥാപനങ്ങളുടെ നിലനിൽപ്പിനും, സാമൂഹിക ഐക്യത്തിനും കനത്ത വെല്ലുവിളി ഉയർത്തിയ ബിജെപി നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിന് ബാലറ്റിലൂടെ രാജ്യം മറുപടി നല്കുമെന്നായിരുന്നു മതനിരപേക്ഷ ജനാധിപത്യ മനസുകളുടെ വിശ്വാസം. എന്നാൽ ഇലക്ഷൻ കമ്മീഷൻ അടക്കമുള്ള ഭരണഘടന സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കിക്കൊണ്ട് മര്യാദയുടെ സകല സീമകളും ലംഘിച്ചുകൊണ്ടാണ് സംഘപരിവാർ ഈ തിരഞ്ഞെടുപ്പിനെ നേരിട്ടത്. ഭരണത്തിന്റെ ആനുകൂല്യത്തിൽ ഔദ്യോഗിക സംവിധാനങ്ങളെ മുഴുവനും തങ്ങൾക്കാനുകൂലമായി തീരുമാനം എടുപ്പിക്കാൻ ബിജെപിയ്ക്ക് കഴിഞ്ഞു. മാധ്യമങ്ങളുടെ വലിയ തോതിൽ ഉള്ള പിന്തുണ മോഡി വിജയത്തിന്റെ അച്ചാണിയായി. കഴിഞ്ഞ വർഷങ്ങളിൽ വിതച്ച വർഗീയതയുടെ ഫലം കൊയ്യുകയായിരുന്നു ബിജെപി. 1985ന് ശേഷം ഒരു കക്ഷിക്ക് പാർലമെന്റിൽ ലഭിക്കുന്ന ഏറ്റവും ഉയർന്ന സീറ്റ് വിഹിതമാണ് ബിജെപിയ്ക്ക് ഇത്തവണ കിട്ടിയിരിക്കുന്നത്. ഹിന്ദുവർഗീയശക്തിയുടെ അധികാരത്തുടർച്ച സൃഷ്ടിക്കുന്ന അപകടകരമായ സ്ഥിതിയുടെ വ്യാപ്തി വിചാരിക്കുന്നതിനും അപ്പുറമാണ്. ബഹുസ്വരതയുടെ ഇന്ത്യ അവശേഷിക്കുമോ എന്ന ചോദ്യമാണ് ഇത് ഉയർത്തുന്നത്.

അതേസമയം രാജ്യം നേരിടുന്ന രാഷ്ട്രീയ പ്രതിസന്ധിയെ വേണ്ട വിധത്തിൽ മനസിലാക്കുന്നതിലോ പ്രതിരോധിക്കുന്നതിലോ പ്രതിപക്ഷ കക്ഷികൾ വേണ്ട വിധത്തിൽ ഇടപെട്ടുമില്ല. പ്രതീക്ഷയുടെ തരി വെളിച്ചമായി എന്നും ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ കണ്ടിരുന്ന ഇടതുപക്ഷത്തിന്റെ പാർലമെന്ററി തിരഞ്ഞെടുപ്പിൽ ഉണ്ടായ പ്രകടനം നിരാശ ഉളവാക്കുന്നതായിരുന്നു. ഒരർഥത്തിൽ ആർഎസ്എസ് സംഘപരിവാർ നടത്തുന്ന നരമേധത്തെയോ, വിഷലിപ്തമായ വർഗ്ഗീയ പ്രചാരണങ്ങളെയോ തക്കതായ ബദൽ ആശയം കൊണ്ടും പരിപാടികൊണ്ടും നേരിടാൻ പ്രതിപക്ഷത്തിന് കഴിയാതെ പോയി. അക്കാര്യത്തിൽ മുഖ്യപ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് അമ്പേ പരാജയപ്പെട്ടു. രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രി ആക്കുക എന്നതിൽ കവിഞ്ഞ് രാജ്യത്തെ സംബന്ധിച്ച് പ്രതേകിച്ച ഒന്നും പറയാൻ കോൺഗ്രസ്സിനില്ലായിരുന്നു. ന്യായ് അടക്കമുള്ള പദ്ധതികൾ എടുത്തു കാട്ടിയിട്ടും ജനങ്ങളുടെ വിശ്വാസം ആർജിക്കാൻ അവർക്കായില്ല. നരേന്ദ്ര മോഡിക്കെതിരെ വാരണാസിയിൽ ഒരു ശക്തനായ സ്ഥാനാർഥിയെപ്പോലും നിർത്താൻ പറ്റാത്ത അവസ്ഥയിലായിരുന്നു പ്രതിപക്ഷം. കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് മോഡി ഭരണത്തിനെതിരെ ഒരു പ്രധാന സമരം പോലും നടത്താൻ കഴിയാത്ത കോൺഗ്രസ് വ്യക്തികളിലേക്ക് ചുരുങ്ങുകയാണ് ഉണ്ടായത്. ബിജെപിയുടെ തീവ്ര ഹിന്ദുത്വത്തിനെതിരെ ബദൽ പറയാനാവാത്ത കോൺഗ്രസ് തിരഞ്ഞെടുപ്പുകളിൽ മൃദു ഹിന്ദുത്വപ്രചാരകരായി.

ഫലമോ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് അതി ദയനീയമായി

പരാജയപ്പെട്ടു. പ്രതീക്ഷയായി ഉയർത്തി കാട്ടിയ രാഹുൽ ഗാന്ധി കുടുംബസ്വത്ത് പോലെ നെഹ്റു കുടുംബം വച്ചനുഭവിച്ച ഉറച്ച കോട്ടയായ അമേഠിയിൽ അടക്കം പരാജയം രുചിച്ചു. താഴെ തട്ടിലെ പ്രവർത്തകരുടെ അഭാവവും, മുതിർന്ന പ്രാദേശിക നേതാക്കന്മാരുടെ ബന്ധു രാഷ്ട്രീയവും, രാഷ്ട്രീയ ബദലിന്റെ അഭാവവും കോൺഗ്രസിനെ വലിയതോതിൽ ബാധിച്ചു. പ്രതീക്ഷ നൽകിയ പ്രാദേശിക സഖ്യങ്ങളും നിരാശപ്പെടുത്തുകയാണ് ഉണ്ടായത്. എസ്പി-ബിഎസ്പി മഹാഗഡ്ബന്ധനും, കോൺഗ്രസ്-ആർജെഡി സഖ്യവും, കോൺഗ്രസ്-ജെഡിയു മുന്നണിയും തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. പരമ്പരാഗതമായി തങ്ങൾക്ക് കിട്ടിയിരുന്ന വോട്ട് പോലും ഉറപ്പാക്കാൻ ഇവർക്കായില്ല. പലയിടങ്ങളിലും സഖ്യത്തിലുള്ള പങ്കാളിക്ക് സ്വന്തം വോട്ട് നൽകാതെ വഞ്ചിക്കുകയാണ് ഉണ്ടായത്. അതോടൊപ്പം ചേർത്ത് പറയേണ്ടതാണ് പിടിവാശി മൂലം ഉണ്ടാകാതെ പോയ സഖ്യങ്ങളും. ഡൽഹിയിൽ ആം ആദ്മി പാർട്ടിയുമായും, പ്രകാശ് അംബേദ്കറുമായും സഖ്യവും, ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടങ്ങളുടെ മുന്നണിപ്പോരാളികളായ പ്രകാശ് രാജിനും, വിദ്യാർത്ഥി നേതാവ് കനയ്യ കുമാറിനും പിന്തുണയും ഉറപ്പാക്കിയിരുന്നെങ്കിൽ തികഞ്ഞ പോരാട്ടം കാഴ്ച വയ്ക്കാൻ പ്രതിപക്ഷത്തിന് സാധിക്കുമായിരുന്നു. തമിഴ്നാട്ടിൽ ഡിഎംകെയുടെ നേതൃത്വത്തിൽ ജനാധിപത്യ പുരോഗമന മതനിരപേക്ഷ കക്ഷികൾ ചേർന്ന് ഉണ്ടാക്കിയ മുന്നണി മാത്രമായിരുന്നു യഥാർത്ഥത്തിൽ മോഡിക്കെതിരെ ഇന്ത്യയിൽ പാർലമെൻററി തെരഞ്ഞെടുപ്പിൽ വിജയിച്ച സഖ്യം.

മോഡി ഭരണത്തിനെതിരെ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ ശക്തമായ പ്രചാരണം നടത്താതെ കേരളത്തിലെ പ്രാദേശിക കോൺഗ്രസ് നേതാക്കന്മാരുടെ വാക്ക് കേട്ടുകൊണ്ട് വയനാട്ടിൽ വന്ന് മത്സരിക്കുകയാണ് രാഹുൽ ഗാന്ധി ചെയ്തത്. കടുത്ത ഇടതുപക്ഷ വിരോധം കൈമുതലാക്കിയ ഈ നേതാക്കന്മാർ മുഖ്യശത്രുവായി കണ്ടത് എന്നും ആർഎസ്എസ് ഭീകരതയെ ആശയപരമായും, കായികപരമായും നേരിട്ട ഇടതുപക്ഷത്തെയാണ്. ന്യൂനപക്ഷ വോട്ടുകൾ വൻതോതിൽ രാഹുൽ ഗാന്ധി പ്രധാനമന്ത്രി ആകും എന്ന പ്രതീക്ഷയിൽ തങ്ങൾക്കനുകൂലമാക്കാനായിരുന്നു കോൺഗ്രസ് നീക്കം. ശബരിമല അടക്കമുള്ള വിഷയങ്ങളിൽ വലിയ തെറ്റിധാരണ ഉയർത്തി ആർഎസ്എസ് നടത്തിയ പ്രചാരണത്തിന്റെ ഭാഗമായി ലഭിച്ച ഭൂരിപക്ഷവോട്ടും കരസ്ഥമാക്കാൻ അവർക്കായി. പരോക്ഷ മൃദു വർഗീയത ഉയർത്തി ഇപ്പോൾ യുഡിഎഫ് വാങ്ങിച്ചു കൂട്ടുന്ന വോട്ട് ഒടുവിൽ തകർക്കുന്നത് കേരളത്തിന്റെ മതേതരത്വ മനസ്സാക്ഷിയെ ആയിരിക്കും. മറുഭാഗത്ത് തീവ്ര വർഗീയത ഉയർത്തി ബിജെപി കേരള സമൂഹത്തെ ഭിന്നിപ്പിക്കുകയാണ്. പ്രതിപക്ഷത്തെ പാർട്ടികളെല്ലാം തമ്മിൽ ഭേദം ഇല്ലാതെ വർഗീയ കാർഡ് ഇറക്കുമ്പോൾ ജനാധിപത്യ ബദലിലേക്കുള്ള രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്നത് ഇടതുപക്ഷമാണ്. പക്ഷേ പക്ഷേ ഇത്തവണ കേരളത്തിൽ യഥാർത്ഥ രാഷ്ട്രീയം പറഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ മാധ്യമങ്ങളുടെയും ചില വർഗീയ സംഘടനകളുടെയും കൂട്ടുപിടിച്ച് പരാജയപ്പെടുത്തിയപ്പോൾ യഥാർത്ഥത്തിൽ പരാജയപ്പെട്ടത് രാജ്യത്തിനാകെ മാതൃകയായ ഒരു കൂട്ടം മികച്ച പാർലമെന്റേറിയൻമാരാണ്.

സംഘപരിവാർ കോർപറേറ്റ് താത്പര്യങ്ങളുടെ യാഥാർഥ്യവൽക്കരിക്കലായിരുന്നു മോദിയുടെ ഇത്തവണത്തെ അധികാര പ്രവേശനം. സൂക്ഷ്മ രാഷ്ട്രീയ വിചിന്തനം നടത്താൻ ഇത്തരം സാഹചര്യങ്ങൾ ഇടതുപക്ഷ പ്രവർത്തകരെ പ്രേരിപ്പിക്കുന്നുണ്ട്. ഒരുപക്ഷേ ഇടതുപക്ഷ പ്രസ്ഥാനത്തിന് മാത്രമായിരിക്കും ഇങ്ങനെ ഒരു സാഹചര്യത്തെ വസ്തുതാപരമായി വിശകലനം ചെയ്ത് ബദൽ മാർഗങ്ങൾ നിർദേശിക്കാൻ സാധിക്കുകയുള്ളൂ. തീവ്ര വലതുപക്ഷം അധികാരം നേടുന്നതിൽ ഇന്ത്യ ഒരു ഒറ്റപ്പെട്ട തുരുത്ത് അല്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും തീവ്ര വലതുപക്ഷം സാമ്പത്തിക പ്രതിസന്ധിക്ക് ശേഷമുള്ള നാളുകളിൽ ശക്തിപ്രാപിച്ചു വരികയും അധികാരം പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഇന്ത്യൻ രൂപം ആയിട്ട് വേണം ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാരിനെ കാണാൻ. അധികാരം പിടിച്ചടക്കിയത് കൊണ്ട് മാത്രം ബിജെപിക്ക് ബദലാകാൻ സാധിക്കുകയില്ല ആർഎസ്എസ് അവരുടെ സ്വാധീനം ചെലുത്തിയിരുന്നത് ആളുകളുടെ ബോധമനസ്സിൽ ആണ്. അതേ ബോധമണ്ഡലത്തിൽ പ്രവേശിച്ച സംസ്കാരികപരമായ രാഷ്ട്രീയപരമായ മാറ്റം വരുത്തുക എന്ന വലിയ ജോലിയാണ് ഇടതുപക്ഷ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം കാലഘട്ടം ഏല്പിച്ചിരിക്കുന്ന രാഷ്ട്രീയ ദൗത്യം. യൂറോപ്പിലും ലാറ്റിനമേരിക്കയിലും തിരിച്ചടികൾ നേരിട്ടെങ്കിലും ഈ അടുത്ത കാലത്തായി നവലിബറൽ വലതുപക്ഷ രാഷ്ട്രീയ വ്യതിയാനങ്ങൾക്കെതിരെ ഇടതുപക്ഷം വലിയതോതിൽ ശക്തിപ്പെട്ടുവരുന്നത് ശ്രദ്ധേയമാണ്. വലതുപക്ഷ കോർപ്പറേറ്റ് സാമ്പത്തിക വ്യവസ്ഥക്ക് ബദൽ നിയോലിബറലിസം അല്ല. അതിൻറെ ബദൽ മാർക്സിസമാണ്. ഇന്ത്യൻ സാഹചര്യങ്ങളെ മൂർത്തമായി വിശകലനം ചെയ്യുകയും പരിപാടികൾ ആവിഷ്കരിച്ച് ജനകീയ പങ്കാളിത്തത്തോടുകൂടി സമരമുന്നണി രൂപീകരിക്കുകയും ചെയ്തു കൊണ്ട് മാത്രമേ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഫാസിസ്റ്റ് വിപത്തിനെ നേരിടാനാവൂ. തൊഴിലിടങ്ങളിലും പൊതു വഴികളിലും കിട്ടാവുന്ന എല്ലാ ഇടങ്ങളിലും അധ്യാപകരായ നമ്മെ സംബന്ധിച്ചിടത്തോളം ക്ലാസ് റൂമുകളും നമ്മൾ ഒത്തുകൂടുന്ന സാമൂഹിക ചുറ്റുപാടുകളും രാഷ്ട്രീയം സംസാരിക്കേണ്ട വേദിയാണ്. ശരിയായ നേരിന്റെ ജനകീയ രാഷ്ട്രീയം ആണ് നാം സംസാരിക്കേണ്ടത്. ഇപ്പോൾ ഉണ്ടായ തിരിച്ചടി ക്ഷണികമാണ് ലോകത്ത് എല്ലായിടങ്ങളിലും പോരാടുന്ന ജനങ്ങൾ തോറ്റുകൊണ്ട് തന്നെയാണ് തുടങ്ങിയത്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തെക്കാളും പ്രതീക്ഷിക്കാനുള്ള വക നമുക്കുണ്ട്. നമുക്ക് അടിയുറച്ച ഒരു പ്രത്യയശാസ്ത്ര നിലപാടും ഇപ്പോഴത്തെ വികസന സങ്കല്പങ്ങളോട് കൃത്യമായ സാമൂഹിക കാഴ്ചപ്പാടും സംബന്ധിച്ചുള്ള കൃത്യമായ വിമർശനവും ബദൽ നിർദ്ദേശവുമുണ്ട്. സമൂഹത്തെ പിന്നോട്ടടിക്കാൻ ശ്രമിക്കുന്ന എല്ലാ പ്രതിലോമ ശക്തികളെയും നേരിടണം. ആശയപ്രചാരണത്തിന്റെ മേഖലയിൽ അധ്യാപകരടക്കം സമൂഹത്തിലെ വിവിധ തുറകളിലുള്ള ബുദ്ധിജീവികളും വലിയതോതിൽ സഹകരിച്ചാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന രാഷ്ട്രീയ തിരിച്ചടിയിൽ നിന്ന് നമുക്ക് മുന്നേറാൻ ആവുകയുള്ളൂ. അതിനുള്ള ധിക്ഷണ ബോധവും പ്രായോഗിക സമീപനവും നിങ്ങൾക്കുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

അഭിവാദ്യങ്ങൾ.

# സംസ്ഥാന സമ്മേളനം-റിപ്പോർട്ട്

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ അറുപത്തി ഒന്നാം വാർഷിക സമ്മേളനത്തിന് 9. 3. 2019 ശനിയാഴ്ച തുടക്കമായി. കോഴിക്കോട് ടാഗോർ ഹാളിൽ രാവിലെ 8.30ന് സംസ്ഥാന പ്രസിഡൻറ് ഡോ. സി പത്മനാഭൻ പതാക ഉയർത്തി. പിന്നീട് പ്രത്യേകം തയ്യാറാക്കിയ രക്തസാക്ഷി സ്തൂപത്തിൽ പ്രവർത്തകർ പുഷ്പാർച്ചന നടത്തി. പതാക ഉയർത്തലിന് മുന്നോടിയായി പ്രവർത്തകരെ അഭിസംബോധന ചെയ്തുകൊണ്ട് മഹത്തായ നവോത്ഥാനമാറ്റങ്ങൾ സ്വായത്തമാക്കിയ കേരളത്തിൽ




നവോത്ഥാന മൂല്യങ്ങൾ കടുത്ത വെല്ലുവിളിനേരിടുന്ന സാഹചര്യത്തിൽ സംസ്ഥാന സമ്മേളനത്തിനുള്ള പ്രാധാന്യം ഡോ. പത്മനാഭൻ വ്യക്തമാക്കി. കൃത്യം 10 30 ന് സമ്മേളനം ആരംഭിച്ചു.

സംഘടനയുടെ വനിതാ കൺവീനർ ഡോ. ഷാജിദ രക്തസാക്ഷി പ്രമേയം അവതരിപ്പിച്ചു. സംഘടനയുടെ സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. മാർക്കോസ് അനുശോചന പ്രമേയം അവതരിപ്പിച്ചു. സിപിഐ എം കോഴിക്കോട് ജില്ലാ സെക്രട്ടറിയും സ്വാഗതസംഘം ചെയർമാനുമായ സ. മോഹനൻ മാസ്റ്റർ അതിഥികളെ ഉദ്ഘാടന സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി സ. പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ആദ്യകാല ജനറൽ സെക്രട്ടറിമാരിൽ പ്രമുഖനായ പ്രൊഫ. വി. നാരായണൻകുട്ടി മാഷിനെ ചടങ്ങിൽ മുഖ്യമന്ത്രി ആദരിച്ചു. മുഖ്യമന്ത്രി സ. പിണറായി വിജയൻ അദ്ദേഹത്തെ പൊന്നാട അണിയിച്ചു. മുഖ്യമന്ത്രി അദ്ദേഹത്തിന് സംഘടനയുടെ സ്നേഹോപഹാരംനൽകി.

സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് ഡോ. പത്മനാഭൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. കേരളത്തിലെ പ്രഥമ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും സമ്മേളനത്തിൽ പങ്കെടുത്ത സന്തോഷം അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പങ്കുവെച്ചു. ഫാസിസ്റ്റ് വെല്ലുവിളികൾ പ്രതിരോധിക്കാൻ കേരളം കാണിച്ചുതന്ന നവോത്ഥാന മൂല്യങ്ങളും മുന്നേറ്റങ്ങളും ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വിശദീകരിച്ചു.

കേരളത്തിലെ പ്രഥമ ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ കെ ടി ജലീൽ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എകെപിസിടിഎ യുടെ പ്രവർത്തനം മാതൃകാപരം ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാധ്യമായത് എന്തും ചെയ്യുമെന്നും ദീർഘകാലമായി സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിൽ മിക്കതും അനുഭാവപൂർവം പരിഗണിച്ചിട്ട് ഉണ്ട് എന്നും മന്ത്രി വ്യക്തമാക്കി.

അറുപത്തിയൊന്നാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനസമ്മേളനത്തിന്റെ ലോഗോ രൂപകൽപന ചെയ്ത എം ഇ എസ് മമ്പാട് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റൻറ് പ്രൊഫ. ശ്രീ രാജേഷ് മോൻജിക്ക് ഉന്നത വിദ്യാഭ്യാസ മന്ത്രി ഉപഹാരം നൽകി.

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കോഴിക്കോട് വച്ച് നടന്ന അന്താരാഷ്ട്ര വനിതാ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച പുസ്തകം മന്ത്രി കെ ടി ജലീൽ സംഘടനയുടെ മുൻ സംസ്ഥാന പ്രസിഡന്റും ഫെഫക്റ്റോ മേഖലാ സെക്രട്ടറിയുമായ ഡോ എ ജി ഒലീനക്ക് കൈമാറി പ്രകാശനം ചെയ്തു. ഡോ. എസ്. ബീന ആണ് പുസ്തകം എഡിറ്റ് ചെയ്തത്. തുടർന്ന് സംഘടനയുടെ മുൻ കോഴിക്കോട് ജില്ലാ പ്രസിഡന്റും പ്രോവിഡൻസ് വിമൻസ് കോളേജിലെ മലയാള വിഭാഗം അധ്യാപികയായ ഡോ എസ് ശ്രീകുമാരി രചിച്ച പുസ്തകത്തിന്റെ പ്രകാശനം നടന്നു. സംഘടനയുടെ സം



സ്ഥാന വൈസ് പ്രസിഡണ്ട് ഡോ. കുശലകുമാരി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. കെ ടി ജലീലിൽ നിന്ന്പുസ്തകം ഏറ്റുവാങ്ങി. തുടർന്ന് വിവിധ സാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു.

തുടർന്ന് വിവിധ സഹോദര സംഘടനകളെ പ്രതിനിധീകരിച്ച് എത്തിച്ചേർന്ന പ്രതിനിധികൾ അഭിവാദ്യ പ്രസംഗങ്ങൾ നടത്തി. കെ.എസ്.ടി.എ.യെ പ്രതിനിധീകരിച്ച് സംഘടനയുടെ ജനറൽ സെക്രട്ടറി ശ്രീ കെ ഹരികൃഷ്ണൻ അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു. എ കെ പിസിറ്റിഎയുടെ അവകാശ പോരാട്ടങ്ങളിൽ മുൻനിരക്കാരനായ നിലകൊണ്ട സംഘടനയുടെ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫസർ വി നാരായണൻകുട്ടി അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു . എൻജിഒ യൂണിയൻ വൈസ് പ്രസിഡണ്ട് സഖാവ് എം ശശിധരൻ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് എകെജിസിടി സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ മനോജ് അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു തുടർന്ന് എഫ്.യു.ടി.എ യുടെ പ്രതിനിധി ഡോ. വിൽസൺ അഭിവാദ്യങ്ങൾ അർപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് സഖാവ് എം കെ രാജൻ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു.

ഉച്ചയ്ക്ക് ഒരു മണിയോടെ സമ്മേളനം ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.

സമ്മേളനവേദിക്ക്അരികെ പ്രത്യേകം ഒരുക്കിയ പന്തലിൽ വിഭവ സമൃദ്ധമായ സദ്യ ഒരുക്കിയിരുന്നു. ഉച്ചഭക്ഷണത്തിന് ശേഷം കൃത്യം രണ്ട് മണിക്ക് തന്നെ യാത്രയയപ്പ് സമ്മേളനം ആരംഭിച്ചു.

സംഘടനയുടെ സംസ്ഥാന ട്രഷറർ ഡോ. ബീന പിരിഞ്ഞുപോകുന്ന അധ്യാപകരെയും ചടങ്ങിൽ പങ്കെടുത്ത മറ്റുള്ളവരെയും സ്വാഗതം ചെയ്തു. സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. പി.കെ. കുശലകുമാരി ചടങ്ങിൽ അധ്യക്ഷയായിരുന്നു. സംഘടനയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ. മുഹമ്മദ് സലീം പിരിഞ്ഞു പോകുന്ന ഓരോ അംഗങ്ങളെയും പരിചയപ്പെടുത്തി. അവരെ സദസ്സിൽനിന്ന് വേദിയിലേക്ക്ക്ഷണിച്ചു. തുടർന്ന് അംഗങ്ങൾക്കുള്ള സംഘടനയുടെ സ്നേഹോപഹാരം വിതരണംചെയ്തു.

സംഘടനയുടെ മാഗസിൻ (പ്രൈവറ്റ് കോളേജ് ടീച്ചർ) എഡിറ്റർ ഡോ. എൻ എം സണ്ണി, സംസ്ഥാന സർവീസ് സെൽ കൺവീനർ എ എം പി ഹംസ, ലീഗൽസെൽ കൺവീനർ കൃഷ്ണദാസ് തുടങ്ങിയവർക്ക് ഐഫക്ടോ ദേശീയ പ്രസിഡണ്ട് ഡോ. കേശവ ഭട്ടാചാര്യ ഉപഹാരം നൽകി.

തുടർന്ന് വിവിധ കോളേജുകളിൽ നിന്നും വിരമിച്ച അധ്യാപകർക്ക് മുതിർന്ന സംഘടനാ നേതാക്കൾ സംഘടനയുടെ സ്നേഹോപഹാരം സമർപ്പിച്ചു. തുടർന്ന് വിരമിച്ച അധ്യാപകർ മറുപടി പ്രസംഗം നടത്തി. സംഘടനയുടെ സമരചരിത്രത്തിൻറെ നേർ ചിത്രങ്ങളായി ഓരോ അധ്യാപകരുടെയും വാക്കുകൾ. ഡോ.പ്രമോദ് വെള്ളച്ചാൽ യാത്രയയപ്പ് സമ്മേളനത്തിന് ഔപചാരികമായി നന്ദി പ്രകാശിപ്പിച്ചു.

യാത്രയയപ്പ് സമ്മേളനത്തെ തുടർന്ന് വൈകുന്നേരം 5.30ന് കേരളത്തിലെ സ്വകാര്യ കോളേജ് അധ്യാപകരുടെ ഏറ്റവും വലിയ സംഘടനയായ എകെപിസിടിഎയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ടാഗോർ ഹാളിൽ നിന്നും മുതലക്കുളം മൈതാനിയിലേക്ക് പ്രകടനം നടക്കുകയുണ്ടായി. തുടർന്ന് മുതലക്കുളം മൈതാനിയിൽ സംഘടിപ്പിച്ച പൊതുസമ്മേളനം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സംസ്ഥാന ജനറൽ സെക്രട്ടറി സ. കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സംഘടനയുടെ സംസ്ഥാന സെക്രട്ടറി പി എൻ ഹരികുമാർ എത്തിച്ചേർന്നവരെ പൊതുസമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് ഡോ. സി. പത്മനാഭൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഐഫക്ടോ മേഖലാ സെക്രട്ടറിയും എകെപിസിടിഎ യുടെ മുൻ സംസ്ഥാന പ്രസിഡണ്ടും ആയിരുന്ന ഡോ. എ ജി ഒലീന, സംഘടനയുടെയുടെ മേഖലാ സെക്രട്ടറി ഡോ. കെ പി വിനോദ് കുമാർ എന്നിവർ യോ

ഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

തുടർന്ന് ടാഗോർ ഹാളിൽ മടങ്ങിയെത്തിയ സംഘടനാപ്രതിനിധികൾ മേഖലാതലത്തിൽ സംഘടിച്ച് ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി. കേരള യൂണിവേഴ്സിറ്റി മേഖല, എം ജി യൂണിവേഴ്സിറ്റി മേഖല, കാലിക്കറ്റ് യൂണിവേഴ്സിറ്റി മേഖല, കണ്ണൂർ യൂണിവേഴ്സിറ്റി മേഖല എന്നിങ്ങനെ ആയിരുന്നു ഗ്രൂപ്പ് ചർച്ച. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ സമ്മേളനത്തിന്റെ രണ്ടാം ദിവസം രാവിലെ 8.30 ന്  തന്നെ സമ്മേളന പ്രതിനിധികൾക്ക് മുന്നിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. റിപ്പോർട്ടിങ്ങിന് ജനറൽ സെക്രട്ടറി മറുപടി നൽകി.

12 മണിയോടുകൂടി ട്രേഡ് യൂണിയൻ സമ്മേളനം ആരംഭിച്ചു. സമ്മേളനത്തിൽ വിവിധ സഹോദര സംഘടനകളെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുത്തു. ഉച്ചക്ക് ഒന്നരയോടുകൂടി തന്നെ ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചഭക്ഷണത്തിന് ശേഷം പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ഡോ എൻ എം സണ്ണി റിട്ടേണിങ് ഓഫീസർ ആയിരുന്നു. പുതിയ ഭാരവാഹികളെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു.  തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും കോഴിക്കോട് ജില്ലാ സെക്രട്ടറി മുഹമ്മദ് സലീം ഔപചാരികമായി നന്ദി പ്രകാശിപ്പിച്ചു.

**(തയ്യാറാക്കിയത്: അനിൽ വർമ്മ)**









# അദ്ധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും അടങ്ങുന്ന ക്രിയാത്മക സമൂഹമായി ഉന്നതവിദ്യാഭ്യാസരംഗം മാറണം

**മുഖ്യമന്ത്രി**

ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ 61-ാം സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രതിനിധികൾക്കും എന്റെ സ്നേഹാഭിവാദ്യങ്ങൾ.

രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ നിൽക്കുമ്പോഴാണ് നിങ്ങളുടെ ഈ സമ്മേളനം നടക്കുന്നത്. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ആ മേഖലയെ വർഗീയവൽക്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് പൊതുതെരഞ്ഞെടുപ്പിനു വേദി ഒരുങ്ങിയിരിക്കുന്നത്. ഈ പശ്ചാത്തലം കൊണ്ടുതന്നെ മറ്റു പല മേഖലകളിലെയും ജനങ്ങൾക്കെന്നപോലെ നിങ്ങൾക്കും ഈ പൊതുതെരഞ്ഞെടുപ്പ് നിർണായകമാവുകയാണ്.

ഉന്നത വിദ്യാഭ്യാസരംഗം പല തരത്തിലാണ് ഇപ്പോൾ രാജ്യത്ത് വെല്ലുവിളികൾ നേരിടുന്നത്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായുള്ള കച്ചവടമാണ് അതിലൊന്ന്. ഈ മേഖലയിലെ വർഗീയവൽക്കരണമാണ് മറ്റൊന്ന്. അതോടൊപ്പം ഫെഡറൽ സംവിധാനത്തെ തകർക്കുന്ന വിധം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനങ്ങൾക്കുള്ള അധികാരത്തെ ഇല്ലാതാക്കുന്ന നടപടികളും ഈ രംഗത്ത് വെല്ലുവിളി സൃഷ്ടിക്കുന്നു. ദൈനംദിനം ഇത്തരം വിഷയങ്ങൾ ശ്രദ്ധിക്കുന്നവരാണ് നിങ്ങൾ. അതുകൊണ്ടുതന്നെ നിങ്ങളോട് ഈ വെല്ലുവിളികളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ചുവരുന്ന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നയം ഇത്തരം പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു എന്ന വസ്തുത ഈ ഘട്ടത്തിൽ നമ്മൾ കൂടുതൽ ഗൗരവത്തോടെ കാണേണ്ടതാണ്. പുരാതന ഇന്ത്യയിൽ നിലനിന്നിരുന്ന വേദ വിദ്യാഭ്യാസ സമ്പ്രദായം തിരിച്ചെത്തിക്കാനാണ് ഈ നയത്തിലൂടെ കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. അതിനു തെളിവാണ് ഈ വിദ്യാഭ്യാസ നയത്തിന്റെ കരടിലെ ആമുഖം. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം ലൗകികജീവിതം മെച്ചപ്പെടുത്തലോ വിജ്ഞാന ആർജനമോ അല്ല എന്നും മോക്ഷപ്രാപ്തിയാണെന്നുമാണ് അതിന്റെ



ആമുഖത്തിൽ പറയുന്നത്. എത്ര വലിയ അബദ്ധമാണ് ഈ വ്യാഖ്യാനം എന്ന് ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ.

ഉന്നതവിദ്യാഭ്യാസ രംഗത്ത് യുജിസിയെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ കുറേ മാസങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണ അവകാശങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള പുതിയ നിർദ്ദേശങ്ങളാണ് തുടർച്ചയായി നടപ്പിലാക്കിവരുന്നത്. രാജ്യത്താകമാനം ഒറ്റ പാഠ്യപദ്ധതി എന്ന Choice based credit system (സിബിസിഎസ്) സർവ്വകലാശാലകളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് അതിലൊന്ന് മാത്രമാണ്. 109 വിഷയങ്ങളുടെ പാഠ്യപദ്ധതിയാണ് ഇതിനകം സിബിസിഎസ് പ്രകാരം തയ്യാറാക്കിയിരിക്കുന്നത്. അതിലൊന്നും ഭാഷാവിഷയങ്ങൾക്ക് സ്ഥാനമില്ല എന്നുകൂടി നാം മനസ്സിലാക്കണം.

വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് ഓൺലൈൻ കോഴ്സുകൾ വഴി ബിരുദം നേടാൻ കഴിയുന്ന പദ്ധതിയും യുജിസിയെ നോക്കുകുത്തിയാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുകയാണ്. അധ്യാപകരില്ലാത്ത ലോകത്തെ സൃഷ്ടിച്ചെടുക്കാനുള്ള കുറുക്കുവഴിയായാണ് ഇതിനെ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധർ തന്നെ വിലയിരുത്തുന്നത്. സ്ഥിരം അധ്യാപക നിയമനം നടത്താതെ കരാർ വ്യവസ്ഥയിലുള്ള അധ്യാപകരെ നിയമിക്കാനുള്ള മാർഗമായും ഇത്തരം പരിഷ്ക്കാരങ്ങളെ വിലയിരുത്തുന്നു. മഹാരാഷ്ട്രയിൽ അടക്കം പല സംസ്ഥാനങ്ങളിലും ഇപ്പോൾ തന്നെ പത്തു ശതമാനത്തിൽ താഴെ മാത്രമാണ് സ്ഥിരം അധ്യാപകരുള്ളത്. അപ്പോൾ ഓൺലൈൻ വഴിയുള്ള വേദപഠനവും പുരാണപഠനവുമൊക്കെ സിലബസിന്റെ ഭാഗമാകുമ്പോൾ എന്തായിരിക്കും അവസ്ഥയെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ.

സ്ഥിരം അധ്യാപകരുടെ തൊഴിലിനെ അസ്ഥിരപ്പെടുത്തുന്ന സമീപനങ്ങൾക്കൊപ്പം ജെഎൻയു അടക്കമുള്ള സർവ്വകലാശാലകളിലും ഐഐടി, ഐഐഎം തുടങ്ങിയ ഉന്നത വിദ്യാകേന്ദ്രങ്ങളിലും മുഖ്യ പദവികളിൽ ജനാധിപത്യവിരോധികളെ തിരുകിക്കയറ്റുകയാണ്. രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ കെടാതെ സൂക്ഷിക്കുന്നതിനും പരിശ്രമിക്കേണ്ട സർവ്വകലാശാലകളെ വർഗീയവൽക്കരിക്കുന്നതു വഴി ജനാധിപത്യ രീതികളേയും മതനിരപേക്ഷതയേയും തകർക്കാനാണ് ലക്ഷ്യമിടുന്നത്.

പുതിയ തലമുറയിൽ അരാഷ്ട്രീയത സൃഷ്ടിക്കുക എന്നുള്ളത് കമ്പോളവൽക്കരണത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണല്ലോ. 18 വയസ്സുള്ള പൗരന് വോട്ടവകാശമുള്ള നമ്മുടെ രാജ്യത്ത് വിദ്യാർത്ഥികൾ രാഷ്ട്രീയ കാര്യങ്ങൾ ചിന്തിക്കാതെ ആത്മീയകാര്യങ്ങളിൽ വ്യാപരിക്കണം എന്നാണ് ഇക്കൂട്ടർ ചിന്തിക്കുന്നത്. ജനാധിപത്യത്തിന് ഇത് എത്രത്തോളം ഭീഷണിയാണെന്ന് നിങ്ങൾ തന്നെ ചിന്തിച്ചുനോക്കൂ. രാഷ്ട്രീയത്തെക്കുറിച്ച് പുതുതലമുറ ചിന്തിക്കില്ല എന്നു വന്നാൽ ഭരണരാഷ്ട്രീയം ഒരു വെല്ലുവിളിയും നേരിടാത്തവണ്ണം ഭദ്രമായിക്കൊള്ളുമല്ലോ. അതിനെ അങ്ങനെയാക്കി എടുക്കുന്നതിനുള്ള മയക്കുമരുന്ന് വിതരണമാണ് സത്യത്തിൽ കേന്ദ്രം ഇപ്പോൾ ചെയ്യുന്നത്.

മാറിവരുന്ന ഗുരുതരമായ ദേശീയ സാഹചര്യങ്ങളിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്നത് രാജ്യത്തെ സ്നേഹിക്കുന്ന ഏവരുടെയും കടമയാണ്. സംസ്ഥാന സർക്കാർ അതിന് പ്രതിജ്ഞാബദ്ധവുമാണ്. അതുകൊണ്ടാണ് കേരളത്തിന്റെ വികസനത്തിനും സാമൂഹിക പുരോഗതിക്കും സഹായകരമായ തരത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ പുനർരൂപപ്പെടുത്തുന്നതിന് സർക്കാർ ശ്രമിച്ചുവരുന്നത്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും അവസര സമത്വവും

ഉറപ്പാക്കാനാണ് കഴിഞ്ഞ രണ്ടര വർഷവും സർക്കാർ ശ്രദ്ധവെച്ചത്. സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുതിയ കോഴ്സുകൾ ആരംഭിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാനും മികച്ച സാമ്പത്തിക പിന്തുണയാണ് സർക്കാർ നൽകിവരുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഡിജിറ്റൽ രൂപത്തിലേക്ക് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഇതിനകം തുടക്കമിട്ടു കഴിഞ്ഞു.

ആറ് പുതിയ ആർട്സ് ആൻറ് സയൻസ് കോളേജുകൾ ആരംഭിച്ചു. 703 അധ്യാപക നിയമനങ്ങൾ നടത്തി. അധ്യാപക-അധ്യാപകേതര ജീവനക്കാർക്കായി 2500 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പുനഃസംഘടിപ്പിച്ചു. സർവ്വകലാശാലകളുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി 672 കോടി രൂപ അനുവദിച്ചു. ഇങ്ങനെ പല നേട്ടങ്ങളും ഇക്കാലയളവിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് സാധ്യമായിട്ടുണ്ട്.

ഈ തരത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ പുരോഗതി ലക്ഷ്യമിട്ട് കേരളം നടപ്പിലാക്കിയ പ്രവർത്തനങ്ങൾകൊണ്ടാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ വളർച്ചാതോതിൽ ദേശീയ ശരാശരിയെക്കാൾ ഉയരത്തിൽ കേരളത്തിന് എത്താൻ സാധിച്ചത്. ദേശീയ ശരാശരി 24.6 ശതമാനമാണെങ്കിൽ കേരളത്തിൽ അത് ഇപ്പോൾ 30.8 ശതമാനമാണ്.

ഈ വളർച്ചയ്ക്ക് കൂടുതൽ ഊർജം പകരാൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ഇനിയും ഉണ്ടാകേണ്ടതുണ്ട് എന്നതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതോടൊപ്പം നിലവിലുള്ളവയുടെ ഗുണനിലവാരം വർധിപ്പിക്കുകയും വേണം. സർവ്വകലാശാലകളുടെ മികവിന് വികേന്ദ്രീകരണവും സ്വയംഭരണാധികാരവും ആവശ്യമാണ്. അത് ഉറപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒപ്പം സർവ്വകലാശാലകളിലെ ഗവേഷണത്തിന്റെ നിലവാരവും വർധിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗം അധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും അടങ്ങുന്ന ക്രിയാത്മക സമൂഹമായും മാറണം. മാത്രമല്ല, അഭിരുചിക്കും കഴിവിനും അനുസരിച്ച് പഠിക്കാനാഗ്രഹിക്കുന്ന മുഴുവൻ പേർക്കും വിജ്ഞാനം ലഭ്യമാകണം. അതിനായുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നൽകിവരുന്നത്.

കേരളത്തിൽ, മറ്റ് ഏതൊരു സംസ്ഥാനത്തിൽ നിന്നും വ്യത്യസ്തമായ വിധത്തിൽ, മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസത്തിനു വേണ്ട എല്ലാ സാധ്യതയുമുണ്ട്. കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കണം. അതിന് ഗുണനിലവാരവും മികച്ച അക്കാദമിക അന്തരീക്ഷവുമുള്ള സ്ഥാപനങ്ങൾ ഉയർന്നുവരണം. പുറമെ നിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയുന്ന മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ സർണ്ണകലാശാലകളും കോളേജുകളും മാറണം. അതിന് പ്രതിബദ്ധതയും ഗവേഷണ താൽപര്യവുമുള്ള അധ്യാപക സമൂഹം പ്രധാനമാണ്. അന്വേഷണ മനോഭാവമുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കണമെങ്കിൽ അധ്യാപകരുടെ അറിവുകളും നവീകരിക്കപ്പെട്ടേ മതിയാകൂ.

അധ്യാപകർ ഗവേഷണത്തിനോട് ആഭിമുഖ്യമുള്ളവരാകണം. സർവ്വകലാശാലകളിലും കോളേജുകളിലും നടക്കുന്ന ഗവേഷണങ്ങൾ പേരിനുവേണ്ടി മാത്രമാകരുത്. അതിനൊപ്പം വിദ്യാർത്ഥികൾ ആർജിക്കുന്ന അറിവ് പുതിയതാണെന്ന് ഉറപ്പുവരുത്താൻ അധ്യാപകർക്ക് സാധിക്കണം. എങ്കിൽ മാത്രമേ കാമ്പസുകളിൽ നടക്കുന്ന സംവാദങ്ങൾ ഗുണപരമായി മാറുകയുള്ളൂ. അധ്യാപകരുടെ അറിവ് ആർജിക്കൽ പ്രക്രിയയെ മാനേജ്മെൻറുകൾ പിന്തുണച്ചേ പറ്റൂ. ഗവേഷണം അടക്കമുള്ള കാര്യങ്ങൾക്ക് അധ്യാപകർ സന്നദ്ധരാകുമ്പോൾ സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് മാനേജ്മെൻറുകൾ തടസ്സപ്പെടുത്തുന്ന നിലയുണ്ടായിക്കൂടാ. അതുണ്ടായാൽ അധ്യാപകരുടെ അക്കാദമിക് മികവിനെയാണ് അത് ഹാനികരമായി ബാധിക്കുക. അധ്യാപകരുടെ വിജ്ഞാനാർജന സംരംഭങ്ങൾക്കൊപ്പം തന്നെയായിരിക്കും എപ്പോഴും സർക്കാർ.

വിദ്യാർത്ഥികളുടെ സ്വതന്ത്ര ചിന്തകളേയും സർഗാത്മക മുന്നേറ്റങ്ങളേയും തടയാനുള്ള നീക്കങ്ങളാണ് പല കാമ്പസുകളിലും നടക്കുന്നത്. അത്തരം ദുരുപദിഷ്ട നീക്കങ്ങൾ ചെറുക്കാനും പുതിയ തലമുറയെ ദിശാബോധമുള്ളവരാക്കി വളർത്താനും സംവാദ വേദികളൊരുക്കാനും നിങ്ങളെപ്പോലെ അവകാശബോധമുള്ള അധ്യാപക സമൂഹത്തിന് കഴിയണം. ഒപ്പം പൊതുതെരഞ്ഞെടുപ്പുപോലുള്ള സാഹചര്യത്തിൽ നിങ്ങളുടെ ആശയങ്ങളും പ്രതികരണങ്ങളും നാട്ടിൽ മതേതരത്വവും ജനാധിപത്യവും നീതിയും പുലരാൻ മറ്റുള്ളവർക്ക് പ്രേരണ നൽകുന്നതാകണം.

അത്തരത്തിലുള്ള പുരോഗമന ചിന്തകൾക്ക് പ്രചോദനമാകാൻ നിങ്ങളുടെ ഈ സമ്മേളനത്തിന് സാധിക്കട്ടെ. കോളേജുകളുടെ മുതൽ സർവകലാശാലകളുടെ വരെ അക്കാദമിക് സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. അവിടങ്ങളിലെ മതനിരപേക്ഷ അന്തരീക്ഷം ശക്തിപ്പെടണം. ആഗോള വിജ്ഞാന ഘടനയിലേക്ക് നമ്മുടെ ഉന്നത വിദ്യാലയങ്ങളുടെ വിജ്ഞാനഘടനയെ വിളക്കിച്ചേർക്കാൻ കഴിയുന്ന ശ്രമങ്ങൾ ഉണ്ടാകണം.

മൂന്നാം സഹസ്രാബ്ദത്തിന്റെ വെല്ലുവിളികളെ നേരിടാൻ വേണ്ട വിധത്തിൽ യോഗ്യരായി നമ്മുടെ പുതിയ തലമുറയെ വളർത്തിയെടുക്കാൻ കഴിയണം. അതിനാവശ്യമായ ധനവിഭവങ്ങൾ സമാഹരിക്കാൻ കഴിയണം. വിദ്യാഭ്യാസ പദ്ധതികളിൽനിന്ന് ശാസ്ത്രയുക്തിയെയും യുക്തിചിന്തയെയും ചോർത്തിക്കളയുന്ന പ്രവണതകൾ അവസാനിക്കണം. സിലബസുകളിൽ ഊഹാപോഹങ്ങളും ഐതിഹ്യങ്ങളും അന്ധവിശ്വാസങ്ങളും അടിസ്ഥാനരഹിതമായ പൂർവകാല പ്രതാപത്തിന്റെ വാഴ്ത്തലുകളും ഒക്കെ കലർത്താനുള്ള നീക്കങ്ങളെ ചെറുക്കണം.

സത്യത്തെ അസത്യം കൊണ്ടും ശാസ്ത്രത്തെ അബദ്ധ ധാരണകൾ കൊണ്ടും പകരംവെയ്ക്കാനുള്ള വ്യഗ്രതകൾ അവസാനിപ്പിക്കണം. ഇതിനൊക്കെ തടസ്സമാകുന്ന രാഷ്ട്രീയം നമ്മുടെ വിദ്യാഭ്യാസമേഖലയെ ഞെരിച്ചമർത്തുകയില്ല എന്ന് ഉറപ്പാക്കുന്ന വിധത്തിലുള്ള രാഷ്ട്രീയബോധത്തോടു കൂടിയ ഇടപെടലുകളാണ് ഈ ഘട്ടത്തിൽ നിങ്ങളിൽനിന്ന് ഉണ്ടാകേണ്ടത്. അതുണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ സമ്മേളനം ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. നന്ദി.

മുഖ്യപ്രഭാഷണം: ശ്രീ. കെ.ടി. ജലീൽ
(ബഹു. കേരള ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി)



# ബഹുസ്വരതയുടെ ചിഹ്നങ്ങളെപ്പോലും ഭരണകൂടം ഇല്ലാതാക്കുന്നു

എ.കെ.പി.സി.ടി.എ യുടെ 61-ാമത് സംസ്ഥാന സമ്മേളനം ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. ഫാസിസത്തിനെതിരെ നവോത്ഥാനമുന്നേറ്റങ്ങൾക്കൊപ്പം എന്ന മുദ്രാവാക്യമാണ് 61-ാം സംസ്ഥാന സമ്മേളനത്തിൽ എ. കെ. പി. സി. ടി. എ ഉയർത്തിപ്പിടിക്കുന്നത്. കാലത്തിന്റെ ചുവരെഴുത്ത് മനസിലാക്കി കാലത്തോടൊപ്പം ഒരു വേള അതിനു മുന്നിൽ സഞ്ചരിക്കാൻ സമൂഹത്തെ പ്രാപ്തമാക്കുക എന്നുള്ള വലിയ ലക്ഷ്യമാണ് അധ്യാപക സമൂഹത്തിന് നമ്മുടെ നാട്ടിൽ നിർവ്വഹിക്കാനുള്ളത്. എ.കെ.പി.സി.ടി.എയുടെ ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്ന സംഘടനയുടെ പ്രസിഡണ്ട് ഡോ. സി. പത്മനാഭൻ അവർകളെ എ.കെ.പി.സി.ടി.എ എന്നു പറയുന്ന സംഘടനയെ ഇന്ന് കാണുന്ന പുഷ്കലതയിലേക്ക് കൈ പിടിച്ചുയർത്തുന്നതിന് മുഖ്യ പങ്കു വഹിച്ച ഇവിടെ ആദരിക്കപ്പെട്ട പ്രൊഫ. വി. നാരായണൻ കുട്ടി അവർകളെ ഈ സമ്മേളനത്തിന്റെ സ്വാഗതസംഘം കമ്മിറ്റിയുടെ ചെയർമാൻ സി.പി.ഐ.എമ്മിന്റെ കോഴിക്കോട് ജില്ലയിലെ അമരക്കാരനുമായ ശ്രീ പി. മോഹനൻ മാസ്റ്റർ, വേദിയിലെ മറ്റു പ്രമുഖരെ നല്ലവരായ സഹോദരീ - സഹോദരൻമാരെ സുഹൃത്തുക്കളെ, നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖല എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു, ഇനി എന്തൊക്കെ നേടാനുണ്ട് എന്നുള്ളതിനെ സംബന്ധിച്ച ഒരു സംക്ഷിപ്തം ബഹുമാന്യനായ മുഖ്യമന്ത്രി തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. സെക്കന്ററി വിദ്യാഭ്യാസ മേഖലയിലും ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ മുന്നേറ്റങ്ങൾ നമുക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് അങ്ങനെ മുന്നേറാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല നമ്മൾ വളരെ പിന്നിലെന്ന് കരുതുന്ന സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോട്

കിടപിടിക്കാൻ കഴിയുന്ന സ്ഥാപനങ്ങളെ ഉണ്ടാക്കുന്നതിനും നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ ദേശീയ - അന്തർദേശീയ റാങ്കിങ്ങിൽ 25 റാങ്കിന് താഴെ വരുന്ന സ്ഥാപനങ്ങൾ ഈ കൂട്ടത്തിലൊന്നും കേരളത്തിലെ ഒരു സ്ഥാപനത്തെ നമുക്ക് കാണാൻ സാധിക്കുകയില്ല. ഈ ദരിദ്രാവസ്ഥയ്ക്ക് പരിഹാരം കാണാൻ ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾ നമ്മുടെ നാട്ടിൽ ആവശ്യമാണ്. എ.കെ.പി.സി.ടി.എയ്ക്ക് ആ കാര്യത്തിൽ നല്ല പങ്കു വഹിക്കാൻ സാധിക്കും എന്നാണ് ഞാൻ കരുതുന്നത്. ഏതൊരു കോളേജിലും അക്കാദമിക് രംഗത്ത് മികച്ച അദ്ധ്യാപകന്മാർ ഏത് സംഘടയിലാണ് എന്ന് ചോദിച്ചാൽ ഇടതുപക്ഷാനുകൂല സംഘടനകളിലാണ് എന്നുള്ളത് നിസ്സംശയം ആർക്കും പറയാൻ സാധിക്കും.

നമ്മുടെ സ്ഥാപനങ്ങളെ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിലെങ്കിലും മികവുറ്റ സ്ഥാപനങ്ങളാക്കി മാറ്റാൻ നമുക്കാകും. മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചതു പോലെ എല്ലാ വിഷയത്തിലും എക്സലൻസ് പ്രകടിപ്പിക്കുന്ന സ്ഥാപനമാക്കാൻ ഒരു പക്ഷേ നമ്മൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പല പരിമിതികൾ കൊണ്ടും കഴിഞ്ഞില്ല എന്നു വന്നേക്കാം. എന്നാൽ ചില ഡിപ്പാർട്ടുമെന്റുകളെങ്കിലും ഏറ്റവും മികവുറ്റതാക്കി മാറ്റാൻ നമുക്ക് സാധിക്കും. ആശുപത്രികളെക്കുറിച്ച് പറയുമ്പോൾ സാധാരണ നമ്മൾ അങ്ങനെ പറയാറുണ്ട് ഇ.എൻ.ടിക്കാണെങ്കിൽ ഇന്ന ആശുപത്രി പോവുകയാണ് നല്ലത്. ഹാർട്ട് സർജറിക്കാണെങ്കിൽ അതിന് വേറെ ആശുപത്രിയാണ് നല്ലത്. സമാനമായ രൂപത്തിൽ നമ്മുടെ കോളേജുകളെ എന്തുകൊണ്ടാണ് നമുക്ക് മാറ്റാൻ കഴിയാത്തത്. ആരെങ്കിലും പറയുന്നത് കേട്ടിട്ടുണ്ടോ. കോമേഴ്സിനാണെങ്കിൽ best college is that college, ഫിസിക്സിനാണോ എങ്കിൽ നിങ്ങൾ  ഇന്ന കോളേജിലേക്ക് പോവുകയാണ് നല്ലത്. മാത്സ് പഠിക്കാൻ കേരളത്തിൽ നിങ്ങൾ പോകേണ്ടത് ഈ യൂണിവേഴ്സിറ്റിയുടെ കീഴിലെ ഇന്ന സ്ഥാപനമാണ്. അങ്ങനെയെങ്കിലും ഒരു മികവിന്റെ കേന്ദ്രമാക്കി നമുക്ക് നമ്മുടെ കോളേജുകളെ മാറ്റാൻ എന്തുകൊണ്ടാണ് സാധിക്കാത്തത്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വളരെ എക്സലന്റായിട്ടുള്ള ആളുകൾ ഉണ്ടാവണമെന്നില്ല എന്നുള്ള പൊതുവാദം അംഗീകരിക്കുമ്പോൾ തന്നെ  നമ്മുടെ കോളേജുകളിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ  മികച്ച ഡിപ്പാർട്ടുമെന്റുകളാണ് മികച്ച അദ്ധ്യാപകന്മാരാണ് ഏറ്റവും മികച്ച ഗവേഷണ പ്രബന്ധങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളവരാണ്. അവർക്ക് ആ മികവ് ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ നേടിയെടുക്കാൻ ഇനിയും സാധിക്കുന്നില്ല എന്നുള്ളതാണ് നമ്മെ ഓരോരുത്തരേയും ചിന്തിപ്പിക്കേണ്ടത്. ഞാനുമൊരു അദ്ധ്യാപകനാണ്, ഞാൻ മാറി നിന്നല്ല സംസാരിക്കുന്നത്. പ്രതിക്കൂട്ടിൽ നിന്നുകൊണ്ട് തന്നെയാണ് ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്. മികവുറ്റ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നമ്മുടെ ലക്ഷ്യം കൈവരിക്കുന്നതിന് ഒത്തൊരുമിച്ചുള്ള നീക്കം അനിവാര്യമാണ്. ഭൗതിക സൗകര്യങ്ങൾ ഒരുക്കിത്തരുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് എയ്ഡഡ് കോളേജുകൾക്ക് സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ഒക്കെ വിഹിതങ്ങൾ കിട്ടുന്നത്, പ്രളയക്കെടുതിയുടെ വിഹിതങ്ങൾ സമ്മാനിച്ച അല്ലെങ്കിൽ ദുരിതങ്ങളുടെ വലിയ ഭാണ്ഡം പേറേണ്ടി വരുന്ന ഒരു സാഹചര്യത്തിലും






എയ്ഡഡ് കോളേജുകൾക്ക് 19 ലക്ഷം രൂപ സഹായധനമായി അനുവദിക്കാൻ ഈ ഗവൺമെന്റ് ഒരു പിശുക്കും പ്രകടിപ്പിക്കാത്തത്, ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണപരമായിട്ടുള്ള മാറ്റങ്ങൾ ഉണ്ടാവണമെന്നുള്ള ദൃഢനിശ്ചയത്തിന്റെ കൂടി അടിസ്ഥാനത്തിലാണ്. 102 എയ്ഡഡ് കോളേജുകൾക്കാണ് ഫണ്ട് ലഭ്യമാക്കിയത്. ഗവൺമെന്റ് കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നുള്ള വകഭേദമില്ലാതെ എല്ലാ സ്ഥാപനങ്ങളേയും നമുക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 66 ഗവൺമെന്റ് കോളേജുകളാണുള്ളതെങ്കിൽ ഏതാണ്ട് 192 ഗവൺമെൻറ് എയ്ഡഡ് കോളേജുകളുണ്ട്. ഗവൺമെന്റ് കോളേജുകളുടെ മൂന്നിരട്ടിയിലധികമാണ് എയ്ഡഡ് കോളേജുകൾ. അതുകൊണ്ടു തന്നെ ഉന്നതവിദ്യാഭ്യാസരംഗത്ത് എന്ത് പരിഷ്കരണ ഉണ്ടാവണമെങ്കിലും എന്ത് നേട്ടം നമുക്ക് കൈവരിക്കാനാവണമെങ്കിലും സർക്കാർ കോളേജുകളെ പോലെത്തന്നെ പരിഗണിക്കപ്പെടേണ്ടതും പരിരക്ഷിക്കപ്പെടേണ്ടതുമാണ് സർക്കാർ എയ്ഡഡ് കോളേജുകൾ, അവിടുത്തെ അധ്യാപകർക്ക് തിരിച്ചും നല്ല സംഭാവനകൾ നൽകാൻ വേണ്ടി സാധിക്കും. നമ്മളൊരു പാലമിടുന്നത് അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ വേണ്ടിയാണ്. ഏകപക്ഷീയമായി ധനസഹായം അനുവദിക്കുന്ന ഒരു ഏജൻസി മാത്രമായി സർക്കാറിനെ കാണരുത്. സർക്കാറിന്റെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കുമനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുന്നതിന് നിങ്ങളുടെ ഭാഗത്തു നിന്ന് ചെയ്യാവുന്ന എല്ലാ സഹായങ്ങളും ഉണ്ടാവണമെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഉന്നതവിദ്യാഭ്യാസമേഖലയെ കൈപ്പിടിയിലൊതുക്കാനുള്ള നീക്കങ്ങൾ ഭരണകൂടങ്ങളുടെ ഭാഗത്തു നിന്ന് നിർലോഭം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബഹുസരതയുടെ ചിഹ്നങ്ങളെ ഇല്ലാതാക്കുന്നു, ചിന്തകളെയില്ലാതാക്കുന്നു. ബഹുസ്വരത സൂചിപ്പിക്കുന്ന സംഭവങ്ങളെ മറച്ചുകളയുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അപ്രത്യക്ഷമാവുകയും തൽസ്ഥാനത്ത് ഒരു എജ്യുക്കേഷൻ കമ്മീഷൻ രൂപീകൃതമാവുകയും ചെയ്യുമ്പോൾ, കേവലമൊരു മാറ്റമല്ല നടക്കുന്നത്. അതൊരു ചരിത്രത്തെ തമസ്ക്കരിക്കുവാനും പുതിയ ഒരു ചരിത്രത്തിന് തുടക്കം കുറിക്കുവാനുള്ള നീക്കമാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആരംഭിക്കുന്നത് 1953ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയും മൗലാന അബ്ദുൾകലാം ആസാദ് ഇന്ത്യയുടെ വിദ്യാഭ്യാസവകുപ്പ് മന്ത്രിയും ആയിരുന്ന കാലത്താണ്. യു ജി സി യുടെ സമാരംഭത്തിന്റെ ചരിത്രങ്ങളിൽ ഇങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

'university grants commission was inaugurated by moulana abdul kalam asad in the presence of the honourable prime minister of the india.' ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ മൗലാനഅബ്ദുൾ കലാം ആസാദ് ഉദ്ഘാടനം ചെയ്തു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ. പ്രധാനമന്ത്രി സന്നിഹിതനായ സദസ്സിൽ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നത് ആലോചിക്കാൻ പോലും കഴിയില്ല ഇക്കാലത്ത്. ചിന്തിക്കാൻ പോലും സാധിക്കില്ല നമുക്കാർക്കും. ഉന്നതവിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു ഏജൻസിപ്രോട്ടോക്കോളുകൾ ലംഘിച്ചുകൊണ്ട്

പരസ്പരം പാണ്ഡിത്യത്തെ അംഗീകരിച്ചിരുന്ന കാഴ്ചയാണ് അതിലൂടെ പാസ് ചെയ്യപ്പെടുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മഹാനായ പണ്ഡിതനായിരുന്നു. ഇന്ത്യയിലെ പ്രഗൽഭനായ രാഷ്ട്രീയ നേതാവായിരുന്നു എന്നുള്ളതോടൊപ്പം തന്നെ മൗലാന അബുൾ കലാം ആസാദും വളരെ പ്രശസ്തനായിട്ടുള്ള പണ്ഡിതനായിരുന്നു. പണ്ഡിതന്മാർക്ക് പരസ്പരം അംഗീകരിക്കാൻ പ്രോട്ടോക്കോളുകൾ ഒരു പ്രശ്നമെ അല്ല എന്നുള്ളതിന്റെ ഏറ്റവും നല്ല ബഹിർപ്രകടനമായിരുന്നു യൂണിവേഴ്സിറ്റി ഉദ്ഘാടനച്ചടങ്ങ്. ആ ചരിത്രമാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇല്ലാതാകുന്നതോടുകൂടി ഇല്ലാതാകുന്നത് എന്ന് നമ്മളിൽ എത്ര പേർ മനസിലാക്കിയിട്ടുണ്ട്. രാജ്യത്തിന്റെ ബഹുസ്വര സംസ്കാരത്തെ നിരാകരിക്കുകയാണ് ഏകശിലാകേന്ദ്രീകൃതമായിട്ടുള്ള സംസ്കാരം ഉണ്ടാക്കിയെടുക്കുകയും ചെയ്യണം എന്നാഗ്രഹിക്കുന്നവർ അഭിലാഷിക്കുന്നവർ നമ്മുടെ രാജ്യം ഭരിക്കുന്ന ഒരു കാലത്താണ് നമുക്കിങ്ങനെ ഒരു സമ്മേളനം നടത്തേണ്ടി വന്നിട്ടുള്ളത്. പുരോഗമനവാദികൾ എന്നു കരുതിയിരുന്നവർ പ്രതിലോമപരമായി ചിന്തിക്കുന്നു. നമ്മൾ യാഥാസ്ഥിതികന്മാർ എന്നു വിശേഷിപ്പിക്കുന്നവർ പുരോഗമനപരമായി ആലോചിക്കുന്നു. അതാണിന്ന് ലോകത്ത് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളം നവോത്ഥാനത്തിന് വഴികാട്ടിയ ഒരു സംസ്ഥാനമാണ്. ഭ്രാന്താലയമായിരുന്ന ഒരു നാടിനെ നമ്മളിന്നീ കാണുന്ന പരുവത്തിലേക്ക് മാറ്റിയെടുത്തത് നിരന്തരമായ സാമൂഹ്യ ഇടപെടലുകളാണ്. അവിടെയാണ് നീ പെണ്ണാണോ നീ അങ്ങോട്ടു കടക്കരുത് നീ ഇങ്ങോട്ട് പ്രവേശിക്കരുത്. നിനക്ക് ചില പരിമിതികളുണ്ട്. നീ ജീവശാസ്ത്രപരമായി ന്യൂനതകൾ ഉള്ളവളാണ്. എന്ന് പറയാൻ വിരലിലെണ്ണാവുന്ന വരെങ്കിലും ചില ആളുകൾ ധൈര്യം കാണിക്കുന്നത്. സൗദി അറേബ്യയിൽ ഈ അടുത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവും. സൗദി അറേബ്യയിൽ ഇക്കാലമാത്രയും തിയേറ്ററുകൾ ഉണ്ടായിരുന്നില്ല. സിനിമാശാലകൾ പ്രവർത്തിച്ചിരുന്നില്ല. അതിന്റെ കാരണം സിനിമ മതവിരുദ്ധമാണ്. ഇസ്ലാമിക വിരുദ്ധമാണ്. അതുകൊണ്ട് അത് കാണാനുള്ള സൗകര്യങ്ങൾ ആ നാട്ടിൽ വേണ്ടായെന്നാണ് ഇതുവരെയും ആ രാജ്യത്തിന്റെ ഭരണകൂടം തീരുമാനിച്ചിരുന്നത്.

പക്ഷേ, ആ തീരുമാനം അവർ മാറ്റി. ദമാമിലും ജിദ്ദയിലും റിയാദിലുമൊക്കെ തന്നെ തിയേറ്ററുകൾ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. കേരളത്തിലെയും ഇന്ത്യയിലെയും സിനിമകൾ പ്രദർശിപ്പിക്കപ്പെടാൻ വേണ്ടി ആരംഭിച്ചിരിക്കുന്നു. ലോകത്തേത് രാജ്യത്താണെങ്കിലും എത് നാട്ടിലാണെങ്കിലും എല്ലാ നിരോധനങ്ങളും നില നിന്നിരുന്നത് വിശ്വാസവുമായി ബന്ധപ്പെട്ടാണ്. സൗദി അറേബ്യയും അതിൽ നിന്ന് ഭിന്നമായിരുന്നില്ല. തെറ്റായിട്ടുള്ള ഒരു കാര്യമാണെങ്കിൽ ഇന്നലവരെ തെറ്റായിരുന്ന ഒരു കാര്യം ഇന്നെങ്ങനയാണ് മതപരമായി ശരിയാവുന്നത്. അന്ന് തെറ്റാണ് എന്ന് കരുതിയിരുന്നതാണ് തെറ്റ്, എന്നതാണ് പുതിയ സമീപനത്തിൽ നമ്മൾ മനസിലാക്കേണ്ടത്. ഇക്കാലമത്രയും സൗദി അറേബ്യയിലെ സ്ത്രീകൾക്ക് ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാൻ പാടുണ്ടായിരുന്നില്ല. ഒരു സ്ത്രീ പോലും ഡ്രൈവർമാരായി ആ നാട്ടിൽ ഉണ്ടായിരുന്നില്ല. ആ നാട് ആ നിയമം മാറ്റി. സ്ത്രീൾക്ക് ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാം എന്ന് തീരുമാനിച്ചു. ചരിത്രത്തിലിതിന്നുവരെ സൗദി അറേബ്യയുടെ സ്ഥാലനപതിയായി ലോകത്തൊരു രാജ്യത്തും ഒരു വനിത സേവനമനുഷ്ഠിച്ചിട്ടില്ല. ആ തീരുമാനവും അവർ മാറ്റി. റീമാ ബിന്റ് രാജകുമാരിയെ അമേരിക്കയിലെ സൗദി അറേബ്യയുടെ സ്ഥാനപതിയാക്കി ആ നാട് നിശ്ചയിച്ചു. യാഥാസ്ഥിതികന്മാർ എന്ന് കരുതിയിരുന്ന ആളുകൾ ലിബറലുകൾ ആവുന്ന കാഴ്ചയാണ് കാണുന്നത്. മാർപ്പാപ്പയുടെ സന്ദർശനത്തെ തുടർന്ന് യു. എ. ഇയിൽ ഒരു സർവ്വമത ആരാധനാലയം ഉണ്ടാക്കാൻ വേണ്ടി തീരുമാനിച്ചിരിക്കുന്നു. അപ്പോഴാണ് ബഹുസ്വരതയിൽ നിന്ന് ഏകശിലാകേന്ദ്രീകൃതമായിട്ടുള്ള ഒരു സംസ്കാരത്തിലേക്ക് നമ്മുടെ നാട് നീങ്ങുന്നത് എന്നത് നാം അറിയുക. ലോകം മുഴുവൻ നമ്മുടെ രാജ്യം ഉയർത്തിപ്പിടിച്ച സംസ്കാരത്തിലേക്ക് മനോഗതത്തിലേക്ക് വന്നുകൊണ്ടിരിക്കുമ്പോൾ നമ്മൾ ലോകം പിൻതള്ളിക്കൊണ്ടിരിക്കുന്ന ആശയങ്ങളിലേക്ക് തിരിച്ചുപോവാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വൈരുദ്ധ്യത്തിന് നടുവിൽ നിന്നുകൊണ്ടാണ്, വിദ്യാഭ്യാസരംഗത്ത് നമുക്ക് പ്രവർത്തിക്കേണ്ടി വരുന്നത് എന്നത് നമ്മൾ ഓരോരുത്തരും ഓർക്കണം. നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നവരുടെ മുൻനിരയിൽ അദ്ധ്യാപകർ ഉണ്ടാവണം. ഉന്നത വിദ്യാഭ്യാസ മേഖല അഭിവൃദ്ധിപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി നല്ല നിലപാടുകളും നടപടികളും എടുത്ത് നമ്മുടെ സർക്കാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും പുതിയതായി ഇറങ്ങിയിട്ടുള്ള ഓർഡിനൻസ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. നമ്മുടെ സർവ്വകലാശാലയിലെ മാടമ്പിമാരെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ചില പോസ്റ്റുകളിൽ ഇരുന്നവർക്ക് സ്ഥാനം നഷ്ടപ്പെടുന്ന സാഹചര്യം ഈ ഓർഡിനൻസിലൂടെ ഉണ്ടായിരിക്കുന്നു. 15ഉം 20ഉം കൊല്ലം ഞങ്ങളെത്തൊടാൻ ആർക്കും കഴിയില്ല എന്നുള്ള ധാർഷ്ട്യത്തോടെ ധിക്കാരത്തോടെ കഞ്ചികസ്ഥാനത്ത് അവരോധിതരായവർ അവരുടെ മാതൃസ്ഥാനങ്ങളിലേക്ക് തിരിച്ചുപോകേണ്ടിവരുന്നു. വി സി ക്ക് നമ്മുടെ നാട്ടിൽ ഒരു പ്രവർത്തന കാലാവധിയുണ്ട്. നാലു വർഷം പി വി സി ക്കുണ്ട്. ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളിലും എല്ലാ കഞ്ചികസ്ഥാനത്ത് ഇരിക്കുന്നവർക്കുമുണ്ട്. പക്ഷേ, നമ്മുടെ സർവ്വകലാശാലകളിൽ രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഫിനാൻസ് ഓഫീസർമാർ ഇവർക്ക് 15ഉം 20ഉം കൊല്ലമാണ് ആ സ്ഥാനങ്ങളിൽ ഇരിക്കാൻ കഴിയുന്നത്. അവർ നല്ല എഫിഷ്യന്റാണെങ്കിൽ കോംപീറ്റന്റ് ആണെങ്കിൽ പോകട്ടെ എന്നു കരുതാം. പക്ഷേ, എല്ലാ കാലത്തും അങ്ങനെ കോംപീറ്റന്റായിട്ടുള്ള ആളുകൾ സ്ഥാനങ്ങളിൽ പങ്ക കൊള്ളണമെന്നില്ലല്ലോ. ഒരു ഇൻഎഫിഷ്യന്റായിട്ടുള്ള ആൾ വന്നാൽ അയാളെ പതിനഞ്ച് കൊല്ലവും ഇരുപത് കൊല്ലവും ഒരു സർവ്വകലാശാലയ്ക്ക് ചുമക്കേണ്ടി വന്നാൽ പിന്നെ എങ്ങനെയാണ് നമ്മുടെ നാട്ടിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ ഉണ്ടാവുക. ഒരു എസ്. ഐ അല്ലെങ്കിൽ സി. ഐ പത്തിരുപത് കൊല്ലം ഒരു സ്ഥലത്ത് ഇരുന്നാൽ ഉണ്ടാവുന്ന അവസ്ഥ ഊഹിക്കാവുന്നതല്ലേ ഉള്ളൂ. വില്ലേജ് ഓഫീസർമാർ ഒരു സ്ഥാനത്ത് ഒരു കാലാവധിക്കപ്പുറം ഇരു

ന്നാൽ അവരുടെ സർവ്വീസ് റൂളിൽ മാറ്റാൻ നിയമമുണ്ട്. നേരത്തെ കാലാവധിയുണ്ടായിരുന്ന ഈ സ്ഥാനങ്ങളിൽ ഇരുന്നവർക്കൊക്കെ. പന്നീടത് മാറി. കഴിഞ്ഞ സർക്കാറിന്റെ അവസാനകാലത്ത് 56 എന്നുള്ളത് 60 ആക്കി ഉയർത്തുകയും ചെയ്യതോടുകൂടി എത്ര വർഷമാണ് ഓരോ സർവ്വകലാശാലകൾക്കും പലരേയും പേറേണ്ടിവരുന്നത്. അവർക്കാണെങ്കിൽ ഭാരിച്ച ഉത്തരവാദിത്വം ഇത്ര വർഷം പേറിപ്പേറി മടുക്കുന്ന ഒരവസ്ഥയുമുണ്ട്. ആ മടുപ്പിൽ നിന്ന് അവർക്ക് മുക്തി നൽകുക എന്നുള്ളതും ഈ പുതിയ ഓർഡിനൻസിലേക്ക് കാര്യങ്ങളെ എത്തിച്ചത് എന്ന് പറഞ്ഞാൽ തെറ്റില്ല. നമ്മുടെ പല സർവ്വകലാശാലകളിലെയും അവസ്ഥകൾ എനിക്കറിയാം. നല്ല കോംപീറ്റന്റായിട്ടുള്ളവരാണെങ്കിൽ ഓക്കെ. നാലു വർഷം എന്നുള്ളത് ഒരു പെർട്ടിക്കലർ ഡ്യൂറേഷനാണ്. രണ്ടാമതും അയാൾക്ക് അപ്ലൈ ചെയ്യാം, if he is competent. അദ്ദേഹം സെലക്റ്റ് ചെയ്യപ്പെട്ടും. പക്ഷേ, അനന്തകാലമാണ് തന്റെ സർവ്വീസ് കാലാവധി എന്നുവരുമ്പോൾ സ്വാഭാവികമായും ചില ദൂഷിപ്പുകളുണ്ടാവും. ലോർഡ് ആക്ടൺ പറഞ്ഞിട്ടുല്ലോ, power corrupts, absolute power corrupts absolutley ' എന്ന്. അധികാരം ആളുകളെ ദൂഷിപ്പിക്കും. പരമാധികാരം ആളുകളെ സമ്പൂർണ്ണമായി ദൂഷിപ്പിക്കും. അത്തരത്തിലുള്ള ചില ദൂഷിപ്പിക്കലുകളുടെ കഥകൾ കേട്ടുതുടങ്ങിയപ്പോഴാണ് ധീരമായിട്ടുള്ള ഇത്തരമൊരു നടപടിയിലേക്ക് ഗവൺമെന്റിന് നീങ്ങേണ്ടതായിട്ട് വന്നത്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം എ.കെ. പി. ടി. സി. എ ക്ക് 61ാം സംസ്ഥാനസമ്മേളനം നടത്തുമ്പോൾ ആഹ്ലാദിക്കാൻ വക നൽകുന്ന ഒരുപാട് കാര്യങ്ങളുണ്ട്. എ. കെ. പി. ടി. സി. എ കാലങ്ങളായി ആവിശ്യപ്പെട്ടു കൊണ്ടിരുന്നതാണ് യു.ജി.സിയുടെ 10 ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുക എന്നുള്ളത്. നിലവിലുള്ള എല്ലാ അദ്ധ്യാപകന്മാർക്കും അത് നടപ്പിലാക്കാനുള്ള ഫയൽ ധനകാര്യവകുപ്പ് മന്ത്രിക്കയക്കുകയും അദ്ദേഹം അതിൽ ഒപ്പ് വെച്ചിരിക്കുകയും ചെയ്യതിരിക്കുന്നു. എന്നുള്ള സന്തോഷവാർത്തയും നിങ്ങളുമായി ഞാൻ പങ്കുവെയ്ക്കുകയാണ്. അതോടൊപ്പം തന്നെ പെൻഷൻകാരുടെ പ്രശ്നവും പരിഹരിക്കുന്നതിന് ഇതു സംബന്ധിച്ചിട്ടുള്ള ഫയൽ തീർപ്പിനായി ധനകാര്യ വകുപ്പിലുണ്ട്. അക്കാര്യത്തിലും അധികം വൈകാതെ തന്നെ നമുക്കൊരു തീരുമാനം ഉണ്ടാക്കിയെടുക്കുവാൻ കഴിയും. പത്തുവർഷമായി ഗവൺമെന്റ് എയ്ഡഡ് എൻജിനിയറിംഗ് കോളേജുകളിൽ പ്രമോഷൻ നഷ്ടപ്പെട്ടു കിടക്കുന്നു. ആരു വിചാരിച്ചാലും കാര്യങ്ങൾ നടക്കാത്ത സ്ഥിതി. ആ പ്രശ്നത്തിനും പരിഹാരമുണ്ടാക്കി ഏതാണ്ട് മുന്നൂറിലധികം അദ്ധ്യാപരുടെ പ്രമോഷൻ സാധ്യമാക്കുവാനും നമുക്ക് സാധിച്ചിരിക്കുന്നു. സർവ്വകലാശാലകളിൽ ഓൺലൈൻ പരീക്ഷകൾ തുടങ്ങുക എന്നുള്ളത് സർക്കാറിന്റെ ഒരു വലിയ മോഹമായിരുന്നു. എം.ജി.യൂണിവേഴ്സിറ്റി ആ രംഗത്തിൽ നല്ല തുടക്കം കറിച്ചിരിക്കുന്നു. കേരളസർവ്വകലാശാല അതിലേക്ക് കടന്നുവന്നിരിക്കുന്നു. കാലിക്കറ്റും ആ പാതയിലാണ്. കണ്ണൂർ സർവ്വകലാശാലയും വേറിട്ടല്ല സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. എം.ജി യൂണിവേഴ്സിറ്റി പോസ്റ്റ് ഗ്രാജ്യുഷന്റെ എൻട്രൻസ് എക്സാമിനേഷൻ ഓൺലൈൻ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഓൺലൈൻ ക്വസ്റ്റ്യൻ പേപ്പർ എം.ജി സർവ്വകലാശാല നടപ്പിലാക്കി കഴിഞ്ഞു. എം.സി.എ ഡിഗ്രിയുടെ പി.ജി ഉള്ള ആറു വർഷക്കാലാവധിക്കുള്ളിൽ നിയമിതരായിട്ടുള്ള അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുന്നു. അവർക്ക് നെറ്റ് വോണോ വേണ്ടയോ എന്നുള്ള കാര്യത്തിലേ തർക്കമുള്ളൂ. ആ തർക്കത്തിനും അവർക്കിളവ് നൽകിക്കൊണ്ട് ആ തീരുമാനം ഉടൻ ഉണ്ടാകുമെന്ന് എ. കെ. പി. ടി. സി. എയുടെ യോഗത്തിലൂടെ ഞാൻ അറിയിക്കുകയാണ്. എ. കെ. പി. ടി. സി. എ സർക്കാരിൽ റെപ്രെസെന്റ് ചെയ്യിട്ടുള്ള ഒരു കാര്യമാണിത് എന്നുള്ളതുകൊണ്ടു കൂടിയാണ് ഞാനിത് സൂചിപ്പിച്ചത്. സർവ്വകലാശാലകൾ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ കൊടുക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു കാര്യം നിങ്ങളുമായെനിക്ക് പങ്കുവെക്കാനുള്ളത് നമ്മുടെ പരീക്ഷാനടത്തിപ്പിൽ ഒരു മാറ്റത്തിന് നാമൾ തയ്യാറായില്ലെങ്കിൽ ഇന്ന് നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങളും തുടർന്നും നിലനിൽക്കാനാണ് സാധ്യത. ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കപ്പെട്ടതോടുകൂടി പരീക്ഷച്ചൂടിൽ നിന്ന് ക്യാമ്പസുകൾക്ക് ഒരു ദിവസം പോലും മുക്തി ഇല്ലാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. പരീക്ഷ നടത്തിപ്പ്, അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്യുന്നത് സർട്ടിഫിക്കറ്റ് നൽകുന്നത് ഇതിനെല്ലാം വലിയ കാലതാമസമാണ് നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു കുട്ടിയോട് ഞാൻ ചോദിച്ച നിങ്ങളെന്തിനാണ് ഇതര സംസ്ഥാനങ്ങളിലേക്ക് പോവുന്നത് പഠിക്കാൻ, നമ്മുടെ നാട്ടിലുള്ള അത്ര സൗകര്യങ്ങളില്ലല്ലോ അവിടെ, ഇത്ര നല്ല ഫാക്കൽറ്റി അവിടെ ലഭ്യമല്ലല്ലോ, അവൻ പറഞ്ഞത് റിസൾട്ട് യഥാസമയം വരുമല്ലോ, സർട്ടിഫിക്കറ്റ് യഥാസമയം ഞങ്ങളുടെ കൈയ്യിൽ കിട്ടുമല്ലോ. മൂന്നുവർഷം കൊണ്ട് തീരേണ്ട കോഴ്സ് നാലും അഞ്ചും വർഷമെടുത്ത് തീരുന്ന സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്നത്. ഇതിനു മാറ്റം വരുത്തണം. ഒന്ന് മൂന്ന് അഞ്ച് സെമസ്റ്റർ പരീക്ഷകൾ സർവ്വകലാശാലകൾ നൽകുന്ന ഓൺലൈൻ ക്വസ്റ്റ്യൻ പേപ്പർ വഴി ബന്ധപ്പെട്ട കോളേജുകൾ നടത്തുന്നത്. രണ്ട് നാല് ആറ് സെമസ്റ്റർ പരീക്ഷകൾ യൂണിവേഴ്സിറ്റി ഇപ്പോൾ നടത്തുന്നത് പോലെ നേരിട്ടും നടത്തുക. അങ്ങനെയാകുമ്പോൾ നേരത്തെ എല്ലാ റെഗുലർ കോളേജുകളും ഹാഫ് ഇയർലി എക്സാമിനേഷൻ വളരെ മികച്ച നിലയിൽത്തന്നെ നടന്നിരുന്നു. സമാനമായ രൂപത്തിൽ നിങ്ങളുടെ സഹകരണമുണ്ടെങ്കിൽ നമുക്ക് മാറ്റാവുന്നതാണ്. ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം വന്നതോടുകൂടി നമ്മുടെ കോളേജ് കാമ്പസുകൾ ഊഷരമായി. കലാസാംസാകാരികപ്രവർത്തനങ്ങൾ പണ്ട് നടക്കുന്നത് പോലെ ഇപ്പോൾ നടക്കുന്നുണ്ടോ? ഞങ്ങളൊക്കെ പഠിച്ചിരുന്ന കാലത്ത് നമ്മുടെ കാമ്പസുകളിൽ ശരിക്കും നമുക്കൊന്നൊരാവേശമായിരുന്നു. വിദ്യാർത്ഥി യൂണിയൻ പ്രവർത്തനം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, കായികമേഖലയിലെ പ്രവർത്തനങ്ങൾ ഇതൊന്നും അതിന്റെ താർത്ഥത്തിൽ നടക്കാത്ത ഒരു സാഹചര്യം സെമസ്റ്റർ പരീക്ഷകളുടെ ഭാരം കൊണ്ട് നമ്മുടെ കാമ്പസുകളിൽ ഗ്രസിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിൽ നിന്നൊരു മുക്തി വേണം. സ്വാഭവികമായി ആ സന്ദർഭത്തിൽ ഒരു ചോദ്യം ഉയർന്നേക്കാം. പ്രത്യേകിച്ച് സെൽഫ് ഫിനാൻസിങ്ങ് കോളേജു



കളിൽ. അതിന് നമുക്ക് പരിഹാരം ഉണ്ടാക്കാം. സർവ്വകലാശാല പരീക്ഷയിൽ ഒരു കുട്ടിക്ക് 50 മാർക്കാണ് കിട്ടിയത്, അല്ലെങ്കിൽ 50% മാർക്കാണ് കിട്ടിയത്. എന്നാൽ കോളേജ് നടത്തുന്ന പരീക്ഷയിൽ കുട്ടിക്ക് 80% മാർക്ക് കിട്ടിയെന്നുവെക്കുക. ആ 80% മാർക്കിനെ യൂണിവേഴ്സിറ്റി പരീക്ഷയുടെ തലത്തിലേക്ക് മിനിമൈസ് ചെയ്യു. കൊണ്ടുവന്നത് നമുക്ക് ആ പ്രശ്നത്തിനും പരിഹാരം കാണാവുന്നതാണ്. സിസിടിവി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും ഹാളുകളിലും വേണമെന്ന് ഇപ്പോൾത്തന്നെ നിഷ്കർഷതയുണ്ട്. അത് കുറച്ചുകൂടി കർക്കശമായി നടപ്പിലാക്കി നമുക്ക് ഇത്തരമൊരു സംവിധാനത്തിലേക്ക് മാറാൻ കഴിഞ്ഞില്ലെങ്കിൽ സമയബന്ധിതമായി നടത്താൻ നമുക്കാവില്ല, റിസൾട്ട് പബ്ലിഷ് ചെയ്യാൻ നമുക്കാവില്ല, സർട്ടിഫിക്കറ്റ് വേണ്ട സമയത്ത് നൽകുവാനും നമുക്ക് കഴിയില്ല. ഇതൊഴിഞ്ഞുകിട്ടണമെങ്കിൽ ഈ രംഗത്ത് മാറ്റം അനിവാര്യമാണ്. ആ മാറ്റത്തിന് ക്രിയേറ്റീവായിട്ടുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് എ.കെ.പി.ടി.സി.എ തയ്യാറാകണം. പ്രായോഗികമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരുക്കമാകണം എന്ന് ഞാനീ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. കൗൺസിൽ മുഖേന ആയിരത്തോളം അദ്ധ്യാപകർക്കാണ് പുതിയതായിട്ട് ട്രെയിനിങ്ങ് കൊടുക്കുവാൻ വേണ്ടി തീരുമാനിച്ചിട്ടുള്ളത്. ആ പ്രോസസ് ആരംഭിച്ചു കഴിഞ്ഞു. സിലബസ്സുകൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങൾക്കും ട്രെയിനിങ്ങ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

ഹയർ എജ്യുക്കേഷൻ കൗൺസിൽ തന്നെ ആ കാര്യം നടത്തും. അദ്ധ്യാപകർ പേപ്പർ ഇവാല്യേഷൻ നടത്തിയതിന്റെ ആനുകൂല്യങ്ങൾ എജിയുടെ നിർദ്ദേശപ്രകാരം പിടിച്ചുവെച്ചത് ഉടനെതന്നെ തിരിച്ചു നൽകുന്നതിന് നടപടികളെടുക്കും. അതിന്റെ തുടക്കമെന്നുള്ള നിലയിൽ കായികാദ്ധ്യാപകരുടെ പിടിച്ചുവെച്ച ശമ്പളം മുഴുവൻ തന്നെ കൊടുത്തു കഴിഞ്ഞിരിക്കുന്നു. പ്രിൻസിപ്പൾമാരുടേതും കൊടുക്കണം എന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. എല്ലാ അദ്ധ്യാപകരുടേയും ഇനി ഒരുമിച്ചു കൊടുക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. യൂണിവേഴ്സിറ്റികളിലും ഡി. ഡി. ഇ ഓഫീസുകളിലും അവിടുത്തെ ഹയർ ഓഫീസറുടെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തിങ്കളാഴ്ച്ചയാണ് കോഴിക്കോട് ഡി. ഡി. യിലെ അദാലത്ത് എന്നുകൂടി ഞാൻ നിങ്ങളെ അറിയിക്കുകയാണ്. കാരണം നമ്മുടെ ഡി. ഡി ഓഫീസുകളിൽ ഏറ്റവുമധികം പെൻഡിങ്ങ് കേസുകളുള്ളതും തീരുമാനമെടുക്കാൻ പല കാരണങ്ങൾ കൊണ്ടും മുതിരാതിരിക്കുന്നതും ഇവിടെയാണ് എന്നുള്ള ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിലാണ് ആ കാര്യം ഞാൻ സൂചിപ്പിക്കുന്നത്. ഞാനും കൂടി ആ അദാലത്തിൽ പങ്കെടുക്കുന്നുണ്ട്. ഏതായാലും മന്ത്രി തന്നെ നേരിട്ട് പങ്കെടുത്തുകൊണ്ട് യൂണി

വേഴ്സിറ്റികളിലെ അദാലത്ത നടക്കുന്നു, ഡി. ഡി ഇയിൽ അദാലത്ത നടക്കുന്നു. ഇതിനകം തന്നെ കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ അദാലത്തുകൾ നടന്നു കഴിഞ്ഞു. എം.ജി. യൂണിവേഴ്സിറ്റിയിലും കേരള യൂണിവേഴ്സിറ്റിയിലും അദാലത്തുകൾ നടന്നു കഴിഞ്ഞു. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അദാലത്ത് നടക്കുന്നാവെന്നറിഞ്ഞപ്പോൾ തന്നെ നല്ല ഇടപെടൽ വി സി യുടെ ഭാഗത്ത് നിന്നുണ്ടായി. അവസാനം നമ്മളുടെ അദാലത്തിലേക്ക് വന്ന കംപ്ലയിന്റ്സ് എന്നു പറയുന്നത് കേവലം പന്ത്രണ്ടെണ്ണം മാത്രമായിരുന്നു എട്ടെണ്ണം പരിഹരിച്ചു. ബാക്കിയുള്ളത് പരിഹരിക്കുന്നതിന് വി.സി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇനി മന്ത്രിയെ കാത്തുനിൽക്കാതെ തന്നെ വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഡി.സി.ഇ എഡ്യൂക്കേഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഡി ഡി ഓഫീസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അദാലത്തുകൾ നടന്നിരിക്കണം. കോഴ്സുകൾ പല സന്ദർഭങ്ങളിലും എയ്ഡഡ് കോളേജുകൾക്ക കൊടുക്കും. എയ്ഡഡ് കോഴ്സുകൾക്ക് പക്ഷേ പോസ്റ്റ് ക്രിയേഷൻ നടക്കില്ല. ഏതാണ്ട് 1200 ഓളം പോസ്റ്റുകളുടെ ക്രിയേഷൻ നമ്മുടെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നടക്കേണ്ടതായിട്ടുണ്ട്. അതിൽ 600 പോസ്റ്റുകൾ ഈ വരുന്ന ജൂൺ മാസത്തിനു മുൻപ് അടുത്ത അക്കാദമിക് ആരംഭിക്കുന്നതിനു മുൻപ് നമുക്ക് ക്രിയേറ്റ് ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്. കണക്കുകൾ സൂക്ഷ്മമായി സർവ്വകലാശാലകളിൽ നിന്നു നമ്മൾ കളക്ട് ചെയ്തു കഴിഞ്ഞു. ഡി.ഡി ഓഫീസും സർവ്വകലാശാലയും തമ്മിൽ വലിയ പോര് നിലനിന്നിരുന്നു. അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്നിരുന്നു. അവരെ കൂട്ടിയിരുത്തി പോസ്റ്റുകൾ എത്രയെന്നുള്ള കാര്യത്തിൽ ക്ലിപ്തത വരുത്തിയിരിക്കുന്നു ഇപ്പോൾ. അങ്ങനെ ഇരു കൂട്ടരും അംഗീകരിച്ചിട്ടുള്ള ലിസ്റ്റാണ് സർക്കാറിലേക്ക് അവർ സമർപ്പിച്ചിരിക്കുന്നത്. എയ്ഡഡ് സ്കൂളിലെ അധ്യാപകർ പ്രത്യേകിച്ച് പ്രിൻസിപ്പൾമാർ, ഹെഡ് മാസ്റ്റർമാർ എന്നിവർ ജോയിന്റ്മെന്റ് ഡിസ്പേർസിംങ് ഓഫീസേർസാണ്. പക്ഷേ എയ്ഡഡ് കോളേജിലെ അദ്ധ്യാപകർക്ക് ആ അധികാരമില്ല. സർക്കാർ ആ കാര്യവും ആലോചിക്കുന്നുണ്ട്. എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൾമാർക്ക് അങ്ങനെ ഒരധികാരം കുറച്ച് ലിമിറ്റുകളോടുകൂടി നൽകിയാൽ പുതിയ അദ്ധ്യാപകരുടെ ശമ്പളം എഴുതുന്നതും പ്രമോഷൻ വരുന്ന സമയത്ത് ശമ്പളം എഴുതുന്നതും ഡി ഡി യുടെ കൂടെ കൺകറന്റ്സോടുകൂടി രേഖപ്പെടുത്തുകയും അങ്ങനെ ഡി ഡി യെ കാത്തുനിൽക്കാതെ തന്നെ നമ്മുടെ പ്രിൻസിപ്പാൾമാർക്ക് സാലറി ഡ്രോ ചെയ്യാനുള്ള അധികാരം ലഭ്യമാവുകയും ചെയ്താൽ തീർച്ചയായും ഈ മേഖലയിലെ ഒരു വലിയ കാര്യമായിട്ട് അത് പരിഗണിക്കപ്പെടും. സർക്കാർ ആ കാര്യത്തിലും അനുകൂലമായിട്ടുള്ള തീരുമാനമാണ് ഉദ്ദേശിക്കുന്നത്, എന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ഏൺഡ് ലീവുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ജൂനിയർ ലക്ചറർമ്മാരുടെ സർവ്വീസ് റെഗുലൈസേഷൻ ഇഷ്യൂസ് പരിഹരിക്കുന്നതിനും ഗവൺമെന്റ് ബാധ്യസ്ഥരാണെന്നുള്ള കാര്യവും ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. എല്ലാ കാര്യങ്ങളോടും പോസിറ്റീവായിട്ടുള്ള അപ്രോച്ചാണ് ഗവൺമെന്റിനുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിന്ന് ഉന്നത വിദ്യാഭ്യാസമേഖലയിലെ പഠനത്തിനായി മറ്റു സംസ്ഥാനത്തിലേക്ക് പോകുന്നത് നമ്മുക്ക് അവസാനിപ്പിക്കണം. ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഉന്നതവിദ്യാഭ്യാസത്തിനായി കുട്ടികൾ ഇങ്ങോട്ടു വരുന്ന കാലം അതാണ് നമ്മുടെ സ്വപ്നം. ആ സ്വപ്നം യാഥാർത്ഥ്യമാകുന്നതിനു എന്തൊക്കെയാണോ നമ്മൾ ഒരുമിച്ച് ചെയ്യേണ്ടത് അത് നമ്മൾ ഒരുമിച്ചുതന്നെ ചെയ്യേണ്ടതായിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾ പണ്ടൊക്കെ നമ്മുടെ കാംപസുകളിലുണ്ടായിരുന്നു. പിന്നെ എങ്ങനെയാണ് കുറഞ്ഞുപോയതെന്ന് മനസ്സിലാകുന്നില്ല. വിദേശത്ത് നിന്നുള്ള കുട്ടികൾ, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ അവരെല്ലാം തന്നെ നമ്മുടെ സംസ്ഥാനത്തിലേക്ക് പഠിക്കാനായി വരണം. സത്യത്തിൽ കേരളത്തിന്റെ എഡ്യുക്കേഷൻ ഹബ്ബ് ആ ഒരു അവസ്ഥ വേണ്ടതുപോലെ പ്രചരിപ്പിക്കപ്പെട്ടിട്ടില്ല, പ്രോപഗേറ്റ് ചെയ്യപ്പെട്ടിട്ടില്ല. ടാപ് ചെയ്യാൻ നമുക്കിതുവരെ കഴിഞ്ഞിട്ടുമില്ല. സത്യത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളും സുരക്ഷിതമല്ല കുട്ടികൾക്ക് പഠിക്കാൻ. ഇന്ത്യയിലെ ഏതൊരു കുട്ടിക്കും അവന്റെ ഐഡന്റിറ്റി അതിന്റെ സമ്പൂർണ്ണതയിൽ വെളിപ്പെടുത്തി സുരക്ഷിതമായി പഠിക്കാൻ കഴിയുന്ന ഏക സംസ്ഥാനം കേരളമാണ്. ഓരോ പ്രശ്നങ്ങൾ രാജ്യത്തിന്റെ പലഭാഗങ്ങളിൽ ഉണ്ടാകുമ്പോഴും അതത് ഭാഗങ്ങളിൽ നിന്നുള്ള നിരപരാധികളായിട്ടുള്ള കുട്ടികൾ പീഡിപ്പിക്കപ്പെടുന്നു, അക്രമിക്കപ്പെടുന്നു. ഏറ്റവും സുരക്ഷിതമെന്ന് നമ്മൾ കരുതിയിരുന്ന ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ഒരു കുട്ടിയെ ആണ് കാണാതായിരിക്കുന്നത്. അവസാനം സി.ബി.ഐ. ആ കേസ് അവസാനിപ്പിക്കുകയാണ് ചെയ്തത്. ഇനി അന്വേഷണം വേണ്ട എന്നാണ് തീരുമാനിച്ചിരിക്കുനന്നത്. ഇന്ന ഇന്ന വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ, മതത്തിൽപ്പെടുന്ന കുട്ടികൾ, ഇന്ന ഇന്ന വേഷം ധരിച്ച കുട്ടികൾ അവരൊക്കെ ഇന്ത്യയിലെ പല സർവ്വകലാശാലകളിലും കോളേജുകളിലും ആക്രമിക്കപ്പെടുന്നു. ഏറ്റവും അവസാനം തീവ്രവാദി ആക്രമണം കാശ്മീരിൽ ഉണ്ടായപ്പോൾ അതിന്റെ പേരിൽ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും പഠിച്ചിരുന്ന കാശ്മീർ കുട്ടികൾ ആക്രമിക്കപ്പെട്ടു, കയ്യേറ്റത്തിനു വിധേയരായി. സത്യത്തിൽ ഏറ്റവും സുരക്ഷിതമായി നിങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ കേരളം അനുയോജ്യമായിട്ടുള്ള സ്ഥലമാണ്. ഇതും നമുക്ക് തീർച്ചയായും പ്രചരിപ്പിക്കേണ്ടതായി വരും. ഫാസിസ്റ്റ് അതിക്രമങ്ങൾ വർദ്ധിക്കുന്ന ഒരു ശപിക്കപ്പെട്ട ചുറ്റുപാടിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ കൂടി കേരളത്തിൽ പ്രൊജക്ട് ചെയ്യപ്പെടേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ഥായിയായിട്ടുള്ള മാറ്റങ്ങൾക്കാണ് നമ്മൾ ശ്രമിക്കുന്നത്. ആ ശ്രമത്തിന് ആക്കം കൂട്ടാൻ എ.കെ.പി.സി.ടി.എ.യുടെ ഭാഗത്ത് നിന്ന് എല്ലാ നിർദേശങ്ങളും സഹായസഹകരണങ്ങളും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എ.കെ.പി.സി.ടി.എ യുടെ 61-ാമത് സംസ്ഥാനസമ്മേളനത്തെ അഭിവാദ്യം ചെയ്ത് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

സ്മരണകൾ

ജോസഫ് മുണ്ടശ്ശേരി

# പൊരുതിനേടിയ സംഘടന

ഞാനൊന്നു പിന്തിരിഞ്ഞുനോക്കുകയാണ്. പത്തുനാല്പതുകൊല്ലം മുൻപ് അന്നത്തെ പേർപെറ്റ പ്രൈവറ്റ് കോളേജുകളിലൊന്നായിരുന്ന സെന്റ് തോമസ് കോളേജിൽ ഒരദ്ധ്യാപകനായിത്തീർന്ന സമയത്ത് മാസംതോറും എന്തു ശമ്പളം കിട്ടും എന്നതിനെക്കുറിച്ച് അത്ര വ്യക്തമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. അന്ന് പ്രിൻസിപ്പാളായിരുന്ന പാലോക്കാരനച്ചന്റെ സന്മനസ്സിനെ മാത്രം വിശ്വസിച്ചുകൊണ്ടാണ് പ്രഗത്ഭരായ ഒട്ടേറെ അദ്ധ്യാപകന്മാർ ആ കോളേജിൽ സേവനം അനുഷ്ഠിച്ചുപോന്നത്. ശമ്പളത്തെ സംബന്ധിച്ചു മാത്രമല്ല സർവ്വീസിനെ സംബന്ധിച്ചും വ്യക്തമായ വ്യവസ്ഥകളില്ലായിരുന്നു. അതും ആ മഹാനായ പ്രിൻസിപ്പാളിന്റെ ഉദാരബുദ്ധിക്ക് വിട്ടുകൊടുത്തുകൊണ്ടാണ് ഞങ്ങളെല്ലാവരും ജോലിചെയ്തിരുന്നത്. അദ്ധ്യാപകരായിരുന്ന ഞങ്ങൾ സ്വയം രക്ഷിക്കാൻ വേണ്ടി വിശേഷിച്ച് സംഘടനയൊന്നും ഉണ്ടാക്കിയിരുന്നില്ല. ഏതാനും കൊല്ലത്തിനുശേഷം



മദിരാശി യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോ. ലക്ഷ്മണസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ ഒരു ജനറൽ കമ്മീഷൻ അന്വേഷണത്തിന് വന്നപ്പോൾ ഞങ്ങളിലേതാനും പേർ പ്രിൻസിപ്പാളുടെ സമ്മതത്തോടുകൂടി കമ്മീഷനെ കണ്ട് ശമ്പളവും സർവ്വീസും സംബന്ധിച്ച് ചില വ്യവസ്ഥകൾ ചെയ്തുതരേണ്ടതാണെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. ഞങ്ങളുടെ നിവേദനം ഏറെക്കുറെ പരിഗണനീയമായ ഒന്നായി കമ്മീഷന് തോന്നാതിരുന്നില്ല.

വേറെയും കോളേജുകളിൽ നിന്ന് ഏതാണ്ട് അമ്മാതിരി നിവേദനങ്ങൾ കേൾക്കാൻ കമ്മീഷന് ഇടയായിരുന്നിരിക്കണം. ആ കമ്മീഷൻ എല്ലാ കോളേജുകളും സന്ദർശിച്ച് സകലമാന നിവേദനങ്ങളും വേണ്ടത്ര പരിശോധിച്ചതിനുശേഷം യൂണിവേഴ്സിറ്റിക്കു സമർപ്പിച്ച ഭാരിച്ച റിപ്പോർട്ടിൽ ശമ്പളവും സർവ്വീസുമെല്ലാം സംബന്ധിച്ച് ചില വ്യവസ്ഥകൾ എഴുതിച്ചേർക്കാതിരുന്നില്ല. അത് അന്നത്തെ പ്രൈവറ്റ് കോളേജധ്യാപകർക്ക് മിക്കവാറും ഒരു പരിരക്ഷയായിത്തീരും എന്ന് ഞങ്ങളെല്ലാവരും കരുതിപ്പോയി. ആ റിപ്പോർട്ടിലെ വിശദമായ നിർദ്ദേശങ്ങളൊക്കെത്തന്നെയും യൂണിവേഴ്സിറ്റി സെനറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചുകൊണ്ടാണ് അപ്രകാരമൊരു തോന്നലിനിടയായത്. പക്ഷേ കാലം പിന്നെയും കഴിഞ്ഞിട്ടും ആ റിപ്പോർട്ടിലെ വ്യവസ്ഥകൾ ചില സാങ്കേതിക കാരണങ്ങളാൽ നടപ്പായില്ല. നിയമത്തിന്റെ പ്രാബല്യം തികച്ചും ഇല്ലെങ്കിൽ തന്നെയും ആ വ്യവസ്ഥകളെ

പ്രൈവറ്റ് കോളേജ് മാനേജ്മെന്റുകൾ പാടേ തള്ളിക്കളയുകയില്ലെന്ന് എന്നെപ്പോലെ പലരും വിശ്വസിച്ചുപോയതും അബദ്ധമായി. കാലാന്തരത്തിൽ പല മാനേജ്മെന്റുകളും ഏറെക്കാലം സേവനമനുഷ്ഠിച്ചുകഴിഞ്ഞ മിടുമിടുക്കന്മാരായ അദ്ധ്യാപകരെപ്പോലും നിസ്സാരകാരണങ്ങളിന്മേൽ പിരിച്ചുവിടാൻ മടിച്ചില്ല. ശമ്പളമാണെങ്കിൽ കാലോചിതമായിട്ടെങ്കിലും പരിഷ്കരിച്ച് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാൻ മാനേജ്മെന്റുകൾ തയ്യാറായതുമില്ല. പത്തിരുപത്തേഴ് കൊല്ലത്തെ സർവ്വീസിനുശേഷം 1952ൽ എനിയ്ക്കുതന്നെയും ഈ നയവൈകൃതത്തിന്റെ ബലിയാടായിത്തീരേണ്ടിവന്നിട്ടുണ്ട്.

പിന്നീട് 1957-ൽ യാദൃച്ഛികമായിട്ടെന്ന് പറയട്ടെ, കേരളത്തിൽ വിദ്യാഭ്യാസമന്ത്രിയായി അവരോധിക്കപ്പെട്ടപ്പോൾ എനിക്കേറ്റവും അടിയന്തിരമായി പ്രവർത്തിക്കണമെന്ന് തോന്നിയത് പ്രൈവറ്റ് സ്കൂളുകളിലെയും പ്രൈവറ്റ് കോളേജുകളിലെയും അദ്ധ്യാപകരുടെ സേവനത്തിന്റെ കാര്യത്തിലാണ്. അതിലേക്കൊരുമ്പെട്ടപ്പോൾ എനിക്കെതിരിടേണ്ടിവന്ന പിന്തിരിപ്പൻ ശക്തികളെക്കുറിച്ച് ഈ പ്രകൃതത്തിൽ വിവരിക്കുന്നില്ല. പക്ഷേ ഒരു സംഗതി മറക്കാൻ വിഷമം. അന്ന് മാനേജ്മെന്റുകൾ മാത്രമല്ല, അദ്ധ്യാപകർ പോലും എന്നെ വെള്ളത്തിലാക്കാൻ ശ്രമിച്ചുകളഞ്ഞു. എന്നാലും അദ്ധ്യാപകർക്കുവേണ്ടി കുറേയെല്ലാം ചെയ്തുവെക്കാൻ കഴിഞ്ഞുവെന്നതിൽ ഞാനേറ്റവും കൃതാർത്ഥനാണ്.

പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്കുവേണ്ടി വാസ്തവത്തിൽ ഒരൊറ്റക്കാര്യമേ അന്ന് ചെയ്തുവെക്കാൻ കഴിഞ്ഞുള്ളൂ. അതവരുടെ ശമ്പളം വർദ്ധിപ്പിക്കുകയെന്നതാണ്. അതിലേക്ക് ഗവൺമെന്റും യു.ജി.സി.യും യോജിച്ചൊരു ഗ്രാൻഡ് ഇൻ എയ്ഡ് സ്കീം ആസൂത്രണം ചെയ്ത് അംഗീകരിപ്പിക്കുന്നതിനുവേണ്ടി അന്ന് വൈസ് ചാൻസലർ ആയിരുന്ന ഡോ. ജോൺ മത്തായിയും ഞാനും ഒത്തൊരുമിച്ചാണ് ഉത്സാഹിച്ചത്. മഹാനായ ഡോ. ജോൺ മത്തായി ആ വിഷയത്തിൽ അനുഷ്ഠിച്ച സേവനം ഈ രാജ്യത്തെ കോളേജധ്യാപകന്മാർ ഒരിക്കലും വിസ്മരിച്ചുകൂടാ. അതേവരെ ഇല്ലാതിരുന്ന ഒരു ധനസഹായ പദ്ധതി യു.ജി.സി.യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ ആ മഹാശയനാണ് വേണ്ടതെല്ലാം ചെയ്തുവെച്ചത്. നമ്മുടെ ഭാഗ്യക്കേടെന്നു പറയട്ടെ, ആ പദ്ധതിയുടെ ഫലം പൂർണ്ണമായും കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് അനുഭവപ്പെട്ടപ്പോഴേയ്ക്കും ആ വലിയ മനുഷ്യൻ മൺമറഞ്ഞുപോയി.

1958ൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുത്തുവാൻ മുൻകൈയ്യെടുത്ത അവസരത്തിൽ മേൽപറഞ്ഞ മാതിരി ശമ്പളം ഉയർത്തിക്കൊടുന്ന കാര്യത്തിൽ മാത്രമല്ല പ്രൈവറ്റ് കോളേജധ്യാപകർക്ക് സേവനവ്യവസ്ഥകൾ നിജപ്പെടുത്തിവെക്കുന്നതിൽ കൂടി എനിക്കേറെക്കുറെ കണ്ണുണ്ടായിരുന്നു. ആദ്യത്തെ കാൽവെപ്പെന്ന നിലയിൽ സേവനവ്യവസ്ഥകൾ ഉടനെ തയ്യാറാക്കി നടപ്പാക്കുവാൻ അന്നത്തെ നിയമത്തിൽ യൂണിവേഴ്സിറ്റിയെത്തന്നെ അധികാരപ്പെടുത്തുകയാണുണ്ടായത്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും വൈസ് ചാൻസലറും കൈകോർത്തുപിടിച്ച് അക്കാര്യം ഏതാനും കൊല്ലത്തിനുള്ളിൽ പ്രാവർത്തികമാക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ഡോ. ജോൺ മത്തായി കുറേ നാൾ കൂടി ജീവിച്ചിരുന്നുവെങ്കിൽ എന്റെ പ്രതീക്ഷ ഒരു പക്ഷേ നിറവേറ്റിയേനെ. അദ്ദേഹത്തിന്റെ സ്ഥാനത്തുവന്ന പിന്നത്തെ വൈസ്ചാൻസലർമാരും അവരോടൊന്നിച്ച് പ്രവർത്തിച്ച സിൻഡിക്കേറ്റ് അംഗങ്ങളും ആ സർവ്വീസ് വ്യവസ്ഥകൾ ഉണ്ടാക്കി നടപ്പാക്കുന്ന വിഷയത്തിൽ അങ്ങേയറ്റം അമാന്തക്കാരായിപ്പോയി. അദ്ധ്യാപകരുടേതിലുമധികം മാനേജ്മെന്റുകളുടെ താല്പര്യങ്ങൾക്ക് മുൻതൂക്കം കല്പിച്ചതാകാം ഈ അമാന്തത്തിന് മുഖ്യമായ കാരണം.

1956-59 കാലത്ത് പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ ഇന്നത്തെപ്പോലെ ഒരു സംഘടിത ശക്തിയായിത്തീർന്നിരുന്നില്ല. സംഘടനയുടെ ഹരിശ്രീ കുറിച്ചിരുന്നതേയുള്ളൂ അന്ന്. പത്തുകൊല്ലത്തിനുശേഷം ഇന്നു മറ്റൊരു യൂണിവേഴ്സിറ്റി നിയമം അവതരിപ്പിച്ചു പാസ്സാക്കാൻ ഗവൺമെന്റിന്റെ കൈകൾക്ക് ശക്തി നൽകത്തക്കവിധം പ്രൈവറ്റ് കോളേജധ്യാപകസംഘടന വളർന്നുവെന്ന് കാണുന്നതിൽ എനിയ്ക്കുതിയായ സന്തോഷമുണ്ട്. പുതിയ നിയമത്തിൽ സർവ്വീസ് വ്യവസ്ഥകൾ വ്യക്തമായി എഴുതിച്ചേർക്കുവാൻ സാധിച്ചു എന്നത് പ്രൈവറ്റ് കോളേജധ്യാപകസംഘടനയുടെ മഹത്തായ ഒരു നേട്ടമാണെന്ന് ഞാൻ പറയും. ഈ വ്യവസ്ഥകൾ എല്ലാ പ്രൈവറ്റ് കോളേജുകളിലും നീക്കുപോക്കില്ലാതെ നടപ്പാക്കിക്കിട്ടുവാൻ അദ്ധ്യാപക സംഘടന ഉലയിൽ വെച്ച കുരുവിനെ നോക്കിയിരിക്കുന്ന കൊല്ലനെക്കാളും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിവരുമെന്ന് ഞാനോർമിപ്പിച്ചുകൊള്ളട്ടെ.

അഭിമുഖം:

പ്രഫ. സ്കറിയാ സക്കറിയ / ഡോ. ജോസഫ് സ്കറിയ

# ഭാഷയിലൂടെ സഞ്ചരിച്ചെത്തുന്ന യാഥാർത്ഥ്യങ്ങൾ

**ജോസഫ് സ്കറിയ:** പ്രഫ. ഡോ. സ്കറിയ സക്കറിയയുടെ അധ്യാപനജീവിതം അമ്പതുവർഷം തികയുകയാണ്. ഈ അധ്യാപനജീവിതം എത്രത്തോളം സംതൃപ്തിജനകമായിരുന്നു? എത്രത്തോളം ഫലപ്രദമായിരുന്നു?

**സ്കറിയ സക്കറിയ:** ഇന്നത്തെപ്പോലെ കരുതിക്കൂട്ടി ആസൂത്രണം ചെയ്ത് ഒരു ജോലിയിൽ പ്രവേശിക്കുന്ന കാലമായിരുന്നില്ല അത്. പഠിക്കുക, പഠിക്കുക, വരുന്നത് വരുന്നിടത്തുവെച്ച് കാണുക. ആ മട്ടിൽ പഠിച്ച് എടത്വായിൽനിന്ന് എസ്.എസ്.എൽ.സി പാസായി. എസ്.ബി കോളേജിൽവന്ന് ഡിഗ്രിയും ബിരുദാനന്തര ബിരുദവും നേടി. പരീക്ഷ പാസായി ഏതാനും ആഴ്ച്ചകൾക്കുള്ളിൽതന്നെ കോളജിൽ നിയമനവും ലഭിച്ചു. യാതൊരുതരത്തിലുള്ള സമ്മർദ്ദങ്ങളുമില്ലാതെ അധ്യാപകജീവിതത്തിലേക്ക് വന്ന ഒരാളാണ് ഞാൻ. മാനേജ്മെന്റിന്റെ വിശാലതാത്പര്യങ്ങൾക്ക് അപകടകരമാകുന്ന രീതിയിൽ പെരുമാറാൻ ഇടവരരുത് എന്ന് ഞാനാഗ്രഹിച്ചിരുന്നു. ഞാനുൾപ്പെടെയുള്ള ഒരു സമുദായത്തിന്റെ താത്പര്യങ്ങൾക്കുവേണ്ടിയാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സമുദായത്തിന്റെ താത്പര്യമെന്നു പറയുന്നത് ക്വാളിറ്റിയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ്. ഞങ്ങൾ വിദ്യാർത്ഥികളായിരുന്ന കാലത്ത് സമൂഹത്തിലെ സമ്പന്നന്മാർ മക്കളെ ക്വാളിറ്റി എജ്യുക്കേഷനുവേണ്ടി തമിഴ്നാട്ടിലേക്ക്- തൃശ്നാപ്പള്ളിയിലോ മദ്രാസിലോ മംഗലാപുരത്തോ ഒക്കെ വിട്ടു പഠിപ്പിച്ചിരുന്നു. അത്തരമൊരു ക്വാളിറ്റി എജ്യുക്കേഷൻ കേരളത്തിലുണ്ടാകണമെന്ന ആഗ്രഹത്തോടെയാണ് ചങ്ങനാശേരി രൂപതയുടെ നേതൃത്വത്തിൽ ഈ സ്ഥാപനം ജന്മംകൊണ്ടത്. ഇപ്പോൾ എസ്.ബി. കോളജ് നൂറുവർഷം പൂർത്തിയാക്കാൻ പോകുന്നു. കേരളത്തിലെ മറ്റു പല കലാലയങ്ങൾക്കും ഭാഗ്യത്തിന്റെ തികവുപോലെ ഭാഗ്യക്കേടുകളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന്

**ഡോ. ജോസഫ് സ്കറിയ**
എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി





ചരിത്രവശാൽ അതുണ്ടായില്ല. ഇവിടുത്തെ അധ്യാപകരും വിദ്യാർത്ഥികളും സർവ്വോപരി നാട്ടുകാരും കോളജിനെ ഒരു അഭിമാനമായി പരിഗണിക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് എന്താണ് എസ്.ബിയിലെ വിദ്യാഭ്യാസത്തിന്റെ വ്യത്യാസമെന്ന് ചോദിച്ചാൽ സമൂഹത്തോടു ബന്ധപ്പെട്ട്, സമൂഹത്തിന്റെ സ്പന്ദനങ്ങളെ പരിഗണിച്ചുകൊണ്ട് പ്രതികരിക്കാൻ ശീലിച്ചിരിക്കുന്നു എന്നതാണ്.

മറ്റൊന്ന്, അധ്യാപനജീവിതത്തിൽ പ്രവേശിച്ചിട്ട് തൃപ്തിയുണ്ടോ എന്നാണ് ചോദ്യമെങ്കിൽ, ഒരിക്കലും തൃപ്തിപ്പെടുത്താൻ കഴിയാത്ത വിജ്ഞാനദാഹമാണ് അധ്യാപനം എന്നിൽ ജനിപ്പിച്ചത്. കോളേജിന് പുറത്തുള്ള വിശാലമായ വൈജ്ഞാനിക സമൂഹവുമായി ബന്ധപ്പെടാൻ ചരിത്രവശാൽ എനിക്കിടവന്നു. അതായത് ദ്രവീഡിയൻ ലിഗ്വിസ്റ്റിക്സ് അസോസിയേഷൻ ഓഫ് ഇന്ത്യ രൂപീകരിക്കപ്പെട്ട കാലത്ത് തിരുവനന്തപുരത്തുവെച്ച് അതിൽ അംഗമായി. ഡോ. വി.ഐ.സുബ്രഹ്മണ്യം ഉൾപ്പെടെയുള്ള അതിപ്രശസ്തരായ ദ്രാവിഡ ഭാഷാപണ്ഡിതന്മാരുമായി ബന്ധപ്പെട്ട് ചെറിയ ചെറിയ ഗവേഷണ പദ്ധതികളിൽ പങ്കാളിയാകാനും പ്രസിദ്ധീകരണങ്ങളുടെ പിന്നിൽ പ്രവർത്തിക്കാനും സാധിച്ചതുകൊണ്ട് അധ്യാപകജീവിതത്തിൽ സാധാരണഗതിയിൽ ലഭിക്കാത്ത പ്രസാധനപരമായ പരിചയം നേടാൻ സാധിച്ചു. ഇന്നിപ്പോൾ പല അക്കാദമിക് പ്രസിദ്ധീകരണങ്ങളിലും പങ്കാളിയാകുമ്പോൾ ഈ കാര്യം ഞാൻ ഓർമിക്കാറുണ്ട്.

എസ്.ബി. കോളേജിൽ ചേർന്ന് മൂന്ന് വർഷത്തിനുശേഷം ഞാൻ ഗവേഷണത്തിലേക്കു ശ്രദ്ധതിരിച്ചു. കേരള യൂണിവേഴ്സിറ്റി ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് സംഘടിപ്പിച്ച റിഫ്രഷർ കോഴ്സുകളിൽ പങ്കെടുത്തു. ഇന്നത്തെപ്പോലെ പോയിന്റിനുവേണ്ടിയല്ല റിഫ്രഷർ കോഴ്സ്, താൽപര്യമുള്ളവർക്ക് വേണ്ടിയാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഏകദേശം അമ്പതോളം പേർ പങ്കെടുത്തു. അവരിൽ ചിലരൊക്കെ പിൽക്കാലത്ത് വൈസ് ചാൻസലർമാരായിട്ടുണ്ട്. ഞങ്ങളെപ്പോലുള്ള ചിലർ മാത്രമേ അധ്യാപക പദവിയിൽ തുടർന്നുള്ളൂ. 1972 ആയപ്പോൾ ഗവേഷണത്തിന് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ച് തിരുവനന്തപുരത്ത് ഭാഷാശാസ്ത്രവകുപ്പധ്യക്ഷൻ പ്രൊഫ. വി.ഐ.സുബ്രഹ്മണ്യത്തെ ചെന്നുകണ്ടു. പോകുമ്പോൾ ഒരായുധമെന്ന നിലയിൽ ഗവേഷണ വിഷയംകൂടി കുറിച്ചുകൊണ്ട് പോയിരുന്നു. 'വയലാർ രാമവർമ്മയുടെ കവിത, ഒരു ശൈലീവിചാരം' എന്നതായിരുന്നു വിഷയം. വിഷയമൊക്കെ വി.ഐ. സുബ്രഹ്മണ്യത്തിന്റെ മുമ്പിൽ അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ സ്വതവേ ഗൗരവപ്രകൃതക്കാരനായ അദ്ദേഹം ചിരിച്ചിട്ട് എന്നോട് പറഞ്ഞു. വിഷയം കൊള്ളാം, താനും കൊള്ളാം. പക്ഷെ അതല്ല ചെയ്യേണ്ടത്. നമുക്കത്യാവശ്യം ചെയ്യേണ്ട ഒരു വിഷയമുണ്ട്. അങ്ങനെ അദ്ദേഹം നിർദ്ദേശിച്ച വിഷയമാണ് 'ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളുടെ വ്യാകരണ വിശകലനം'. വി.ഐ. സുബ്രഹ്മണ്യം നിർദ്ദേശിക്കുകയും ഞാൻ സ്വീകരിക്കുകയും ചെയ്തു ആ വിഷയമാണ് പിന്നീടു വളരെയേറെ കവാടങ്ങൾ തുറന്നുതന്നത്. ലോകത്തിലെ പല വിജ്ഞാനകേന്ദ്രങ്ങളിലേക്കും വിജ്ഞാനപദ്ധതികളിലേക്കും വിജ്ഞാനസദസ്സുകളിലേക്കും കൂട്ടിക്കൊണ്ടുപോയത് മഹാനായ ആ ഗുരുനാഥന്റെ കൽപനയാണ്.

ഞാനദ്ദേഹത്തോടു പറഞ്ഞു. ഞാനീ വിഷയം കേട്ടിട്ടില്ല, സൂനഹദോസ് എന്താണെന്നറിഞ്ഞുകൂടാ. ഞാനെന്തുചെയ്യും. അദ്ദേഹം എനിക്ക് ആറുമാസത്തെ അവധി അനുവദിച്ചു. ആറുമാസത്തിനുള്ളിൽ ഈ വിഷയത്തിൽപെടുന്ന കാര്യങ്ങൾ കണ്ടുമുട്ടുന്നോ എന്ന് നോക്കുക. കണ്ടുമുട്ടിയില്ലെങ്കിൽ നിനക്ക് വേറൊരു വിഷയം തരാം. അതനുസരിച്ച് ആറുമാസം അന്വേഷിച്ചു. കലാലയങ്ങളുടെയും ആശ്രമദേവാലയങ്ങളുടെയും വ്യക്തികളുടെയും സ്വകാര്യ കേന്ദ്രങ്ങളിൽനിന്ന് രേഖകൾ ശേഖരിക്കാൻ സാധിച്ചു. അവയിൽനിന്ന് രൂപപ്പെടുത്തിയ 'രണ്ട്"പ്രാചീന ഗദ്യകൃതികൾ"എന്ന പ്രസിദ്ധീകരണമാണ് എന്നെ നിലനിർത്തുന്നത്. ആ പുസ്തകം തന്നെ രണ്ട് മൂന്ന് പതിപ്പുകൾ വന്നു. ഓരോ പതിപ്പിലും പുതിയ തിരിച്ചറിവുകൾ കാണാം. അറിവിലും സമീപനത്തിലും സാരമായ വളർച്ചയുണ്ടായിരിക്കുന്നു. കേരളത്തിനകത്തും പുറത്തുമുള്ള വലിയ വിജ്ഞാനസമൂഹം ഈ വിഷയത്തിന്റെ തുടർചർച്ചകളിൽ പങ്കെടുക്കുന്നു. ഭാഷ, ചരിത്രം, മതവിജ്ഞാനം വിമർശനാത്മക സംസ്കാരപഠനം, താരതമ്യപഠനം, കോളനീകരണ ഭാഷാശാസ്ത്രം, കോളണിയനന്തര ഭാഷാശാസ്ത്രം തുടങ്ങിയവയുടെ എല്ലാം വെളിച്ചത്തിൽ ഈ ചർച്ചകൾ ആഴവും പരപ്പും നേടിയിരിക്കുന്നു. നിരന്തരം വളരുന്ന വിജ്ഞാന മേഖലയുമായുള്ള ഉറ്റ സമ്പർക്കം എന്നെ സന്തോഷിപ്പിക്കുന്നു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളെ പി.ഗോവിന്ദപ്പിള്ള നമ്മുടെ പുസ്തകം എന്നാണ് വിളിച്ചത്. നമുക്ക് പൊതുവായ ചില കാര്യങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യാനുണ്ടായി. ആ യുദ്ധത്തിനുള്ള വെടിമരുന്നാണ് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ. ജോസഫ് പുലിക്കുന്നേൽ വലിയൊരു ആവേശംപോലെ ഈ പുസ്തകം കൊണ്ടുനടന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ, സദസ്സുകളിൽ കേരളത്തിലെ ക്രിസ്ത്യാനിറ്റിയെക്കുറിച്ചും മതാത്മകതയെക്കുറിച്ചും ജാതീയെയക്കുറിച്ചും സാമൂഹിക സാമ്പത്തിക സംവിധാനത്തെക്കുറിച്ചും സംസാരിക്കാനിടവന്നിട്ടുണ്ട്. അപ്പോഴൊക്കെ ഈ മൗലികരേഖകൾ പ്രചോദനമായി. ജോസഫ് സ്കറിയ റിസർച്ച് ചെയ്യാൻ തുടങ്ങിയപ്പോൾ തലശ്ശേരി രേഖകൾ ഉപയോഗിച്ച് റിസർച്ച് ചെയ്യണമെന്ന് ഞാൻ സജസ്റ്റ് ചെയ്തതും ജോസഫ് സ്കറിയ അത് സ്വീകരിച്ചതും ഓർക്കുന്നു.

**എസ്.ബി കോളേജിലെ 25 വർഷത്തെ അധ്യാപനത്തിന് ശേഷം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലേക്ക് പോയല്ലോ. അവിടുത്തെ അക്കാദമിക് അനുഭവങ്ങളെപ്പറ്റി.**

● വളരെ പ്രസക്തമായൊരു ചോദ്യമാണ്. വളരെ കംഫർട്ടബിൾ ആണ് എസ്.ബിയിലെ ജോലി. നമുക്ക് ഒന്നിനെക്കുറിച്ചും ഏറെ ഉത്കണ്ഠപ്പെടേണ്ടതില്ല. നമ്മളെ ശല്യം ചെയ്യാൻ മാനേജ്മെന്റ് വരില്ല. പ്രിൻസിപ്പൽമാർപോലും ചില കാര്യങ്ങൾക്കു നിർബന്ധം പിടിച്ചാലും ഒരു ഉദാര മനസ്ഥിതിയോടെ നമ്മളെ സമീപിക്കും. കുട്ടികൾ പൊതുവെ ശാന്തശീലരാണ്. പൊതുസമൂഹം ശാന്തശീലരാണ്. അതുകൊണ്ട് എസ്.ബിയിൽ വന്നാൽ ഞാൻ എപ്പോഴും പറയും ആ പുളിമരത്തിന്റെ ചോട്ടിൽ നിന്നുപോകാൻ നമുക്ക് മനസ്സ് വരില്ല എന്ന്. എസ്.ബിയിൽ അധ്യാപകരായിത്തീർന്ന ആരും തന്നെ ഇവിടം വിട്ട് മറ്റൊരു സ്ഥലത്തേക്ക് പോയിട്ടില്ല. ഇവിടെ എല്ലാം കംഫർട്ടബിളാണ്. പിന്നെന്തിന് പോകണം. എങ്കിലും എനിക്ക് എവിടെയോവെച്ച് മുമ്പ് പറഞ്ഞ അക്കാദമിക് സമൂഹവുമായുള്ള ബന്ധംകൊണ്ട് ഗവേഷണപ്രധാനമായൊരു സ്ഥാപനത്തിലേക്ക് പോകണമെന്ന ആഗ്രഹമുണ്ടായി. ഗവേഷണത്തിനുവേണ്ടി വിദേശ സർവ്വകലാശാലകളിലേക്കു പോകുമ്പോൾ എപ്പോഴും ശമ്പളനഷ്ടം ഞാൻ തന്നെ വഹിക്കേണ്ടിവരും. ആ സ്ഥാനത്ത് സർവ്വകലാശാലാ വകുപ്പിൽനിന്നു പോയാൽ ശമ്പളം സർക്കാർ നൽകും. അതിന് ഗവൺമെന്റിന്റെ പോളിസി 'Colleges are primarily for Teaching and Universities are primarily for Research' എന്നതാണ്. അപ്പോൾ അവർക്കു മാത്രമേ റിസർച്ച് ഗ്രാന്റ് കൊടുക്കാൻ സാധിക്കുകയുള്ളൂ, ഏറ്റവും അടുത്ത അവസരത്തിൽ ശ്രീശങ്കരയിൽ അപേക്ഷിച്ചു. എന്നെ സ്വീകരിക്കുകയും ചെയ്തു. അത് അതിന്റെ ഭരണപരമായ ഭാഗം. പക്ഷേ ഞാനെടുത്ത തീരുമാനം വളരെ മോശമായിപ്പോയി എന്നൊരു അഭിപ്രായമാണ് പലർക്കുമുള്ളത്. എന്റെ ഭാര്യയടക്കം അങ്ങനെ വിശ്വസിച്ചിരുന്നു. കാരണം ഇത്ര ശാന്തമായൊരു സ്ഥലംവിട്ട് വളരെയേറെ അപവാദങ്ങളുള്ള ഒരു സ്ഥാപനത്തിലേക്ക് പോകുന്നത് എന്തിനാണ്!

ഒത്തിരി നാടകീയമായ രംഗങ്ങളൊക്കെ അവിടെയുണ്ടായി. അവസാനം കോടതി ഇടപെട്ട് വീണ്ടും ഇൻർവ്യൂ നടത്തി ഒരു പാനൽ തയ്യാറാക്കിയപ്പോൾ ആ പാനലിൽ ഒന്നാം നമ്പറുകാരനായി എന്നെ തിരഞ്ഞെടുത്തു. സുകുമാർ അഴീക്കോടിന്റെ നേതൃത്വത്തിലുള്ള പാനലാണ് തിരഞ്ഞെടുത്തത് എന്നത് സന്തോഷത്തോടെ ഞാനോർക്കുന്നു. കാലടി മെയിൻ സെന്ററിൽ മുതിർന്ന അധ്യാപകനായി എന്നെ നിയമിച്ചു. പി. പവിത്രൻ, എൻ. അജയകുമാർ, സുനിൽ.പി.ഇളയിടം, പ്രദീപൻ പാമ്പിരിക്കുന്ന്, ഷാജി ജേക്കബ്, പി.എസ്. രാധാകൃഷ്ണൻ ഇങ്ങനെയുള്ള ഒരു യുവനിരയാണ് എന്റെ കൂടെയുണ്ടായിരുന്നത്. മറ്റു സെന്ററുകളിൽ ഉള്ളവർ ഉൾപ്പെടെ ഇരുപത്തിയഞ്ചോളം അധ്യാപകർ മലയാളം ഡിപ്പാർട്ടുമെന്റിലുണ്ട്. മറ്റു സർവ്വകലാശാലകളിൽനിന്ന് വ്യത്യസ്തമായി പാഠ്യപദ്ധതി രൂപീകരിക്കാൻ ഈ അധ്യാപകരെ വിളിച്ചുകൂട്ടി. അവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു. അവരാണ് യഥാർത്ഥത്തിൽ കാലടി യൂണിവേഴ്സിറ്റിയിലെ പാഠ്യപദ്ധതി ഉണ്ടാക്കിയത്. അപ്പോൾ സ്വാഭാവികമായും മറ്റു യൂണിവേഴ്സിറ്റികളിൽനിന്നും എതിർപ്പുണ്ടായി. ഒരക്ഷരംപോലും പഠിപ്പിക്കാത്ത അധ്യാപകരെങ്ങനെ പാഠ്യപദ്ധതിയുണ്ടാക്കി. ഇരുപത്തിയഞ്ച് വർഷത്തോളം സർവ്വീസുള്ള എന്നെക്കുറിച്ച് അവർക്ക് എതിർപ്പില്ല. അതുകൊണ്ട് എന്റെ മറവിൽ മറ്റുള്ളവരെക്കൂടി കടത്തികൊണ്ടുപോകാൻ എനിക്ക് സാധിച്ചു. പരിശീലനം പ്രയോജനപ്പെടുത്തി. അങ്ങനെയാണ്, കാലടി യൂണിവേഴ്സിറ്റിയുടെ പുതിയ സിലബസുണ്ടായത്. ഇത് എല്ലാവരും അംഗീകരിക്കും. ഏറ്റവും പുതിയ സിലബസ്, ഏറ്റവും പരീക്ഷണാത്മകമായ സിലബസ് കാലടി യൂണിവേഴ്സിറ്റിയിലേതായിരുന്നു. സാഹിത്യചരിത്രവിജ്ഞാനീയം, സംസ്കാരപഠനം, ജനപ്രിയസാഹിത്യപഠനം, മാധ്യമ മലയാളപഠനം, ചലച്ചിത്രപഠനം, പ്രാദേശിക ചരിത്രം, വാമൊഴിചരിത്രം, മലയാള ഭാഷാശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ മറ്റു വിജ്ഞാനമേഖലകളുമായി മലയാള വിജ്ഞാനത്തിന് ശൃംഖല ബന്ധ

ങ്ങൾ ഒരുക്കിക്കൊടുത്തു. ബിരുദാനന്തരബിരുദം, ഗവേഷണം എന്നി തലങ്ങളിൽ അതിവേഗം മാറ്റമുണ്ടായി. ഗവേഷണത്തിന്റെ രീതിശാസ്ത്രം സവിശേഷ പ്രാധാന്യം നേടി. രീതിശാസ്ത്രമെന്നാൽ ഗവേഷണ പ്രബന്ധത്തിന്റെ ശൈലീശില്പമാണെന്ന പഴകിയ ധാരണ ചോദ്യം ചെയ്യപ്പെട്ടു. വിഷയങ്ങളുടെയും പഠനവകുപ്പുകളുടെയും അതിർത്തികൾ മറികടന്നുകൊണ്ടുള്ള അന്തർ വിജ്ഞാനീയ സമീപനം മലയാളപഠനത്തിന്റെ പൊതുസ്വാവമായി മാറിയിരിക്കുന്നു. ഫോക്‌ലോറും തർജ്ജമ പഠനവും സൈദ്ധാന്തികതയിൽ ഊന്നി പുതുവെളിച്ചം പകരുന്നു. നളചരിതത്തിലും ലീലാതിലകത്തിലും പുതുഭാഷ്യങ്ങൾ രൂപപ്പെട്ടു തുടങ്ങി. ആ സിലബസ് പഠിപ്പിക്കാനുള്ള യോഗ്യത സ്വയം ആർജ്ജിച്ചവരാണ് അവിടുത്തെ അധ്യാപകർ. അവർ കഷ്ടപ്പെട്ട് പുസ്തകങ്ങൾ തേടിപ്പിടിച്ച് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ അവ വരുത്തികൊടുത്തു. പിന്നീട് രണ്ടാം ഘട്ടത്തിൽ കെ.എൻ.പണിക്കരെപോലെ അതിപ്രശസ്തനായൊരു വിദ്യാഭ്യാസ വിദഗ്ധൻ ജെ.എൻ.യുവിൽനിന്ന് അവിടെ വൈസ്ചാൻസിലറായി വന്നപ്പോൾ ഗുണനിലവാരത്തിനു വലിയ ഊന്നൽ കൊടുക്കുകയും മലയാളത്തെ ഈ കാര്യത്തിൽ തിരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സെമസ്റ്റർ സിസ്റ്റത്തിനും ഇന്റേണൽ അസസ്മെന്റിനും മുൻഗാമികളായി. കാലടിയിലെ പരിഷ്ക്കാരങ്ങളും മനോവൃത്തിയിലുണ്ടായ വെല്ലുവിളികളും സത്യത്തിൽ എന്നെയൊരു നവയൗവ്വനത്തിലേക്ക് നയിച്ചു. അതിനുശേഷം കാലടിയിൽനിന്ന് ശാന്തമായി റിട്ടയർ ചെയ്തു. പലപ്പോഴും റിട്ടയർ ചെയ്താൽ പിന്നെ ആ സ്ഥാപനത്തിലേക്കു പോകാൻ പല അധ്യാപകർക്കും ഭാഗ്യമില്ല. ഞാൻ പലവട്ടം അവിടെ പോകുന്നു. ശാന്തമായി, സ്നേഹത്തോടെ ആ സ്ഥാപനവുമായി പ്രവർത്തിക്കുന്നു. അതിനുശേഷം ഞാൻ റിട്ടയർ ചെയ്യുന്നതിന് ഒരുവർഷം മുൻപുതന്നെ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വി.സി. ഹാരിസും പി.പി. രവീന്ദ്രനും വന്ന് ഒരുവർഷം കഴിഞ്ഞാൽ ഞങ്ങളുടെ കൂടെ ചേരണമെന്ന് ആവശ്യപ്പെട്ടു. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വിസിറ്റിംഗ് പ്രൊഫസറായി നിയമിച്ചു. പന്ത്രണ്ട് വർഷമായിട്ട് ആ ബന്ധം തുടരുന്നു.

**ഒരു ഗൈഡിന്റെ കീഴിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പി.എച്ച്.ഡി ചെയ്തത് സാറിന്റെ കീഴിലായിരിക്കും. 25 വർഷം. 25 പേർ.**

• ഗവേഷണരംഗത്തുണ്ടായിരുന്ന ഒരു ശ്രദ്ധ സൂചിപ്പിക്കാം. രാഘവൻ പയ്യനാടാണ് യാദൃച്ഛികമായി ചൂണ്ടിക്കാണിച്ചത്. സ്കറിയാസാറിന്റെ കുട്ടികളുടെ വിഷയങ്ങൾ ഒന്നിനൊന്ന് വ്യത്യസ്തമാണ്. പക്ഷെ എല്ലാവർക്കും എല്ലാ വിഷയത്തിനും താല്പര്യമുണ്ട്. ഇതാണ് വൈജ്ഞാനികതയുടെ ഇന്നത്തെ മുഖം. എല്ലാവരും വ്യത്യസ്ത വിഷയങ്ങളെ വ്യത്യസ്തരീതികളിൽ കൈകാര്യം ചെയ്യും. പക്ഷേ എല്ലാവർക്കും അന്യോന്യാഭിമുഖ്യമുണ്ടാകും. അങ്ങനെ അറിവിന്റെ ഒരു കൺവർജൻസ്. കൊമേഴ്സ് പഠിക്കുന്നവന് നാനോ ടെക്നോളജിയിൽ ഇൻട്രസ്റ്റുണ്ടാകും. നാനോ ടെക്നോളജിക്കാരന് മെഡിസിനിൽ ഇൻട്രസ്റ്റുണ്ടാകും. മെഡിസിനിൽ പഠിക്കുന്നയാളിന് എഞ്ചിനിയറിങ്ങിന് ഇൻട്രസ്റ്റുണ്ടാകും. ഇവയുടെ കൺവർജൻസ് കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. മെഡിക്കൽ ടെക്നോളജി അവിടെ നിൽക്കട്ടെ, ഞാനെന്റെ ഗവേഷണവുമായി എന്റെ വഴിക്ക് പോകുന്നുവെന്ന് പറയുന്നതിനു പകരം മെഡിക്കൽ റിസർച്ചും മെഡിക്കൽ ടെക്നോളജിയും കൺവേർജ് ചെയ്യുന്നൊരു സംഭവവികാസം. ഇതാണ് നമ്മൾ പരീക്ഷിക്കാൻ ശ്രമിച്ചത്. തലശ്ശേരി രേഖകൾ എടുത്ത് പഠിച്ചാലും ടാഗോർ കൃതികൾ എടുത്തു പഠിച്ചാലും കാനോനകൾ പഠിച്ചാലും പഠനം എത്തിച്ചേരേണ്ട മാനവികതയുടെ വിശാല തലങ്ങളുണ്ട്. ഹ്യൂമനിസത്തിന്റെ വിശാലലക്ഷ്യങ്ങളുണ്ട്, ആ ലക്ഷ്യങ്ങളിൽ എത്തിച്ചേരത്തക്ക രീതിയിൽ പാഠ്യപദ്ധതിയെ സംവിധാനം ചെയ്യുക, ഗവേഷണ പ്രവർത്തനങ്ങളെ സംവിധാനം ചെയ്യുക. ഇതു ക്ലേശകരമാണ്. പക്ഷെ അത് റിവാർഡിങ് ആണെന്നാണ് എന്റെ ഉത്തമ ബോധ്യം.

**ഈ ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയ ഒരു അക്കാദമിക സംസ്കാരം കേരളത്തിൽ രൂപപ്പെട്ടു എന്ന് കേരളത്തിലെ സർവകലാശാലകളിലെയും ഗവേഷണസ്ഥാപനങ്ങളിലെയും അദ്ധ്യാപകരും ഗവേഷകരും സമ്മതിക്കുന്നു.**

• ഇങ്ങനെ ഇടസ്റ്റിടസ്റ്റ് അവർ പറയാറുണ്ട്. ഞാൻ അതു വിശ്വസിക്കുന്നില്ലെങ്കിലും. അതിനൊപ്പം ധാരാളം എതിർപ്പുകളുണ്ട്, അതുകൂടി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഇതെല്ലാം മലയാളത്തിന്റെ നല്ലവശങ്ങളൊക്കെ നശിപ്പിച്ചുകളഞ്ഞു എന്നൊക്കെ ആക്ഷേപമുണ്ട്. നമുക്കൊരു തെറ്റിദ്ധാരണ ഇവിടെ പ്രത്യയശാസ്ത്രചിന്തകൾ മാത്രമേ വേവൂ എന്നാണ്. ഇടതുപക്ഷചിന്തകൾ വിലപ്പെട്ടതാണ്. അക്കാദമിക പഠനത്തിന്റെ ഭാഗമായി നമുക്ക് ഭാരതീയദർശനങ്ങൾ ആവശ്യമുണ്ട്. പാശ്ചാത്യദർശനങ്ങൾ വേണം. ഇന്ത്യയുടെതന്നെ വൈജ്ഞാനിക പാരമ്പര്യങ്ങൾ വേണം. നവമുതലാളിത്തത്തിന്റെ സങ്കേതങ്ങൾ, അഡ്വർടൈസ്മെന്റ്, ഫാഷൻ ഇവയൊക്കെ നമ്മുടെ പഠനത്തിന് വിഷയമാക്കാൻ നമുക്ക് കഴിയണം. ഇപ്പോൾ ഇംഗ്ലീഷ് എം.എക്കാരാണ് കേരളത്തിലെ അഡ്വർടൈസ്മെന്റിനെക്കുറിച്ച് പഠിക്കുന്നത്. മലയാളം എം.എക്കാർ ഇപ്പോഴും കർണ്ണപർവ്വത്തിൽ ഒതുങ്ങിനിൽക്കുകയാണ്. കർണ്ണപർവ്വം വേണ്ടെന്നല്ല. കർണ്ണപർവ്വത്തിൽനിന്ന് ഫാഷനിലേക്ക് എത്താൻ നമുക്ക് സാധിക്കണം.

**ആശയതലത്തിൽ ഇങ്ങനെയൊക്കെയാണെങ്കിലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിൽ ഒട്ടേറെ പ്രതിസന്ധികളില്ലേ? പരീക്ഷയെഴുതാനുള്ള സെന്ററുകളായി മാറുന്ന കോളേജുകൾ. അതിനപ്പുറം വിദ്യാർത്ഥികളുടെ അഭിരുചിയെ തിരിച്ചറിയാൻ, അതനുസരിച്ച് പ്രവർത്തിപ്പിച്ചെടുക്കുന്നതിൽ നമ്മുടെ സർവകലാശാലകളും കോളേജുകളും പരാജയപ്പെടുന്നു എന്നൊരു ആക്ഷേപമില്ലേ?**

• സർവകലാശാലകളെക്കുറിച്ചുള്ള ഈ ആക്ഷേപം ഇന്നും എന്നും നിലനിൽക്കേണ്ടതാണ്. കാരണം അങ്ങനെയൊരു ക്രിട്ടിക്കൽ ഫാക്കൽറ്റിയാണ് നമ്മളെ ജീവനോടെ നിലനിർത്തുന്നത്. എനിക്ക് ചുമയുണ്ട് എന്നു പറഞ്ഞ് ഓടിപ്പോകുന്നതിനേക്കാൾ നല്ലത് എന്തുകൊണ്ട് ചുമയുണ്ടായി എന്ന് സ്വയം ചോദിക്കുന്നതാണ്. നമ്മുടെ സർവകലാശാലകൾ എന്തുകൊണ്ട് ഇങ്ങനെ നിഷ്ക്രിയമായി? എന്തുകൊണ്ട് അവയിൽനിന്ന് സർഗാത്മകമായ ഉത്പന്നങ്ങൾ ഉണ്ടാകുന്നില്ല. പ്രൊഡക്ഷൻ എന്നത് ക്രിയേറ്റീവ്

പ്രൊഡക്ഷൻ ആണ്. ചരിത്രമാണെങ്കിലും ഭാവികാല പ്രവചനമാണെങ്കിലും വർത്തമാനകാലമാണെങ്കിലും ക്രിയേറ്റീവ് ആകേണ്ടതുണ്ട്. ആ ക്രിയേറ്റിവിറ്റി എന്ന അംശത്തോട് നമ്മൾ പുറംതിരിഞ്ഞുനിൽക്കുകയാണ്. ഏതെങ്കിലും നാലു വരി കവിത കൊടുത്തിട്ട് അതു തർജമ ചെയ്യൂ പരാവർത്തനം ചെയ്യൂ, എന്നൊക്കെ പറഞ്ഞ് നമ്മൾ കുട്ടികൾക്ക് കൊടുക്കാറുണ്ട്. എന്നിട്ട് നമ്മൾ അത് വാല്യൂ ചെയ്യുന്നത് എങ്ങനെയാണ്? അതു വായിച്ചപ്പോൾ ഞാൻ എന്ന പൊട്ടന് എന്ത് അർത്ഥം തോന്നിയോ ആ പൊട്ടത്തരം എഴുതിയവന് നമ്മൾ മാർക്ക് കൊടുക്കും. ശരിയായിട്ടെഴുതിയാൽ പോരാ പൊട്ടനായ അദ്ധ്യാപകനെ ബോധ്യം വരുത്തുന്ന ഉത്തരം എഴുതണം. അയാളുടെ ഇംഗ്ലീഷിന്റെ നിലവാരത്തിലേക്ക് കുട്ടി ഇറങ്ങിവരണം. ഭാഷയുടെ നിലവാരം എന്നു പറയുന്നത് ഭാവനയുടെ നിലവാരമാണ്. അറിവിന്റെ നിലവാരമാണ്. ഒരു വാചകം കേൾക്കുമ്പോൾ എന്റെ മനസ്സ് കുതിച്ചുയരുമായിരിക്കും. വേറൊരാളുടെ മനസ്സ് പുതപ്പു വലിച്ചിട്ട് ഉറങ്ങുമായിരിക്കും. ഭാവനയ്ക്കും ചരിത്രത്തിനും ഇടം കൊടുക്കുന്ന തരത്തിലുള്ള വിവർത്തനങ്ങളാണ് യഥാർത്ഥവിവർത്തനങ്ങൾ. ടാഗോറിന്റെ ഗീതാഞ്ജലി അങ്ങനെയാണ് യേറ്റ്സ് പരിഷ്കരിച്ചത്. നല്ല വിവർത്തനങ്ങളെല്ലാം അത്തരത്തിലുള്ളവയാണ്. ആ നിലയ്ക്ക് വിവർത്തനത്തെ കാണാനോ പരിശോധിക്കാനോ മൂല്യനിർണയനം നടത്താനോ പരീക്ഷണാർത്ഥം കുട്ടികൾക്ക് കാണിച്ചുകൊടുക്കാനോ നമുക്ക് കഴിയുന്നുണ്ടോ? ചെറിയൊരു കാര്യമാണ്. തീർന്നില്ല. പലരും ഇപ്പോൾ വിലപിക്കുന്ന കാര്യം തെറ്റുതിരുത്തുക എന്നത് ചോദ്യപേപ്പറിൽനിന്നു പോയി. അതു പുനഃസ്ഥാപിക്കണം! അതാണ് ഗ്രാമർ പോയി എന്നു പറയുന്നത്. ഗ്രാമറില്ല ഗ്രാമറില്ല എന്നു പറയുന്നവരോട് ഞാൻ ചോദിക്കും എന്തില്ലെന്നാ പറയുന്നേ? ഗ്രാമർ ഉണ്ടല്ലോ. അതല്ല തെറ്റുതിരുത്തുക. ഞങ്ങൾ പഠിച്ചപ്പോൾ അങ്ങനാണല്ലോ. പത്തുമാർക്ക് തെറ്റുതിരുത്താനാണ്. 5 വാക്കും 5 വാക്യവും. അതിൽ ശരിയേതാണെന്ന് തീരുമാനിച്ചു കൊടുക്കണം. ഒരു വാക്യമെഴുതിയാൽ അത് എത്രയോ തരത്തിൽ ശരിയാക്കാൻ സാധിക്കും. എത്രയോ തരത്തിൽ അത് തിരുത്താൻ സാധിക്കും. ആ തിരുത്തലിന്റെ





സാധ്യതകളെ തിരിച്ചറിയാതെ കുട്ടിയെ ഒരു പൊട്ടനായി, മണ്ടനായി അവശേഷിപ്പിക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. സെക്കന്റ് ലാംഗ്വേജിലാണെങ്കിൽ അതു ശരിയായേക്കാം. ഇംഗ്ലീഷിൽ ഒരു വാക്കെഴുതുമ്പോൾ സ്പെല്ലിംഗ് ശ്രദ്ധിക്കണം. നമ്മുടെ മാതൃഭാഷയിൽ സ്പെല്ലിംഗ് മിസ്റ്റേക്കുകൾപോലും പ്രത്യേകമായ ധ്വനനശേഷിയുള്ള ഒരു സംവിധാനമാണ്. കവിതയുടെ നിർദ്ധാരണത്തിന് ലിപികൾ തമ്മിലുള്ള വ്യത്യാസങ്ങൾ പരിഗണിക്കും. അല്ലേ? എന്തുകൊണ്ടിവിടെ 'കാപ്പിറ്റൽ ലെറ്റർ' ഉപയോഗിച്ചു? എന്തുകൊണ്ട് ഇവിടെ 'തിൻ ഫോണ്ട്' ഉപയോഗിച്ചു? ഇതൊക്കെ നിരൂപണത്തിന്റെ വിഷയമാണ്. ലിപികൾ ഉപയോഗിച്ച് നമ്മൾ ആനയെ ഉണ്ടാക്കും. ലിപികൾ ഉപയോഗിച്ച് നമ്മൾ കുരങ്ങൻമാരെ ഉണ്ടാക്കും. അപ്പോൾ ലിപികളുടെ പർപ്പസ് എന്നുപറയുന്നത് വർണങ്ങളെ ധ്വനിപ്പിക്കുക മാത്രമല്ല അതിനപ്പുറമുള്ള പ്രതീതി സൃഷ്ടിക്കുക കൂടിയാണ്. അതുകൊണ്ട് ഫോണ്ട് എന്നുപറയുന്നത് കമ്യൂണിക്കേഷനിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഫോണ്ടുകൾ പലമാതിരി മാറിമാറി ഉപയോഗിച്ചിട്ടാണ് 'മനോരമ' നമുക്ക് വിസ്മയം തരുന്നത്. ഫോണ്ടുകൊണ്ട് മനോരമ കളിക്കുകയാണ്. ആ കളി കണ്ടു നിൽക്കുന്ന മറ്റു പത്രക്കാരും പതുക്കെ കോർട്ടിൽ കയറി ഫോണ്ടുപയോഗിച്ച് കളിക്കാൻ തുടങ്ങിയിരിക്കുന്നു. അപ്പോൾ ഇത്തരത്തിലൊരു മൾട്ടി ഡയമൻഷൻ, എവർ ചേഞ്ചിംഗ് ധാരണ ഭാഷയെക്കുറിച്ച് രൂപീകരിച്ചാൽ മുമ്പുപറഞ്ഞ സംശയങ്ങൾ അസ്ഥാനത്താകും. മറിച്ച് കേരളപാണിനീയത്തിലെഴുതിവച്ചതേ ശരിയാകൂ എന്നവാശിയാണെങ്കിൽ എന്തു ചെയ്യാൻ പറ്റും? ഒരാൾ പറയുകയാണ് ഞാൻ എന്റെ അപ്പൻ കഴിച്ച ലേഹ്യമേ കഴിക്കൂ. കഴിക്കുക, ചാകുകയാണെങ്കിൽ ചാകട്ടെ, ചിലപ്പോൾ ജീവിച്ചെന്നും വരാം. ഈ ഉദാരതയേ ഭാഷയുടെ കാര്യത്തിൽ സാധിക്കൂ.

**വിദേശസർവകലാശാലകളുമായി ബന്ധമുള്ള ഒരാൾ എന്ന നിലയ്ക്ക്, ഹാർവാഡിലും ഓക്സ്ഫോഡിലും ട്യൂബിങ്ങനിലും ഹീബ്രു യൂണിവേഴ്സിറ്റിയിലും വിസിറ്റിംഗ് പ്രൊഫസറായി പ്രവർത്തിച്ച അനുഭവം മുൻനിർത്തി കേരളത്തിലെ സർവകലാശാലകളെ എങ്ങനെ വിലയിരുത്തും? അവിടെയുള്ള എന്തെങ്കിലും മികവ് നമ്മുടെ സർവകലാശാലകൾക്കുണ്ടോ?**

● അവിടുത്തെ മികവ് എന്നു പറയുന്നത് അതു വിദ്യാർത്ഥി കേന്ദ്രീകൃതമാണ്. ഒരു സ്റ്റുഡന്റ് ആണ് തീരുമാനിക്കുന്നത് ഏത് കോഴ്സിന് എത്രകാലം പഠിക്കണം, ഈ കോഴ്സ് എന്നു പൂർത്തിയാക്കണം, എത്ര ക്രെഡിറ്റ് ഇതിൽനിന്നു സമ്പാദിക്കണം. ഇവിടെ നേരത്തേ തയ്യാറാക്കി വച്ച പായ്ക്കറ്റുകളാണുള്ളത്. ആ പായ്ക്കറ്റുകൾക്കുള്ളിലുള്ളതേ പഠിപ്പിക്കാൻ കഴിയൂ എന്ന് നമ്മുടെ അദ്ധ്യാപകർതന്നെ പറയുന്നു. ഏതെങ്കിലും പുതിയ വിഷയം ഏർപ്പെടുത്തിയാൽ (ലിറ്ററി ഹിസ്റ്റോറിയോഗ്രഫി പോലെ) രണ്ടു സെന്ററുകളിലെ ആളുകളെങ്കിലും പറയും ഞങ്ങളിതെങ്ങനെ പഠിപ്പിക്കും? നമ്മൾ പഠിപ്പിക്കുന്ന ഒരു വിഷയവും നമ്മൾക്ക് നേരത്തെ അറിയാമായിരുന്നില്ല. നമ്മൾ പഠിച്ച് പഠിപ്പിച്ച് ക്രമേണ ആ കാര്യത്തിൽ വിദ്വാന്മാരായിത്തീരുകയാണ് ചെയ്യുന്നത്. പക്ഷേ പാശ്ചാത്യസർവകലാശാലകളുടെ പ്രവർത്തനരഹസ്യം വിദ്യാർത്ഥികളെ അവർ ശാക്തീകരിക്കുന്നു. ഒരു കർത്തൃത്വമുണ്ടാക്കിക്കൊടുക്കുന്നു. എനിക്കു വേണ്ടത് ഉണ്ടാക്കാൻ എനിക്കു സാധിക്കും. എനിക്കു വേണ്ട സിലബസ് ഞാനുണ്ടാക്കും. അതിനർത്ഥം എന്തൊക്കെ ഞാൻ പഠിക്കുമെന്ന് ഞാൻ തീരുമാനിക്കും എന്നാണ്. അതു പഠിക്കാൻ എന്നെ സഹായിക്കുകയാണ് അദ്ധ്യാപകൻ ചെയ്യുന്നത്. ഇവിടെ അങ്ങനെയൊരു സാഹചര്യമില്ല. ഇവിടെ പരീക്ഷാ കലണ്ടറുകൾ എല്ലാം ഒന്നാക്കാൻ നടക്കുകയാണ് സർവകലാശാലകൾ.

നമ്മുടെ പഠനപ്രവർത്തനങ്ങൾ ക്രിയേറ്റീവ് ആകണം. ഭാഷ പഠിപ്പിക്കുന്നവൻ ഭാഷയെക്കുറിച്ച് അന്ധമായ നിയമങ്ങൾ പഠിപ്പിക്കുന്നതിനു പകരം ഭാഷാനുഭവത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തണം. പരസ്യങ്ങൾ, ഭാഷാനുഭവത്തിന്റെ പുതിയ

മേഖലയാണ്. പരസ്യങ്ങളിൽതന്നെ ഫ്ളാറ്റുകളുടെ പരസ്യങ്ങൾ, പുതിയ ഭാഷാനുഭവമാണ്. സിനിമയിലെ താരങ്ങളുടെ അവതരണങ്ങളും ഇങ്ങനെ തന്നെ. എന്നാൽ നമ്മളാകട്ടെ ശകുന്തളയുടെ വല്ലലം പിൻതുടർന്നു പോകുകയാണ്. നമുക്കൊരിക്കലും വർത്തമാനകാല സാമൂഹ്യയാഥാർത്ഥ്യങ്ങളിലേക്ക് ഭാഷയെ കൊണ്ടുവരാനാകുന്നില്ല. അങ്ങനെ എന്തെങ്കിലുമൊന്ന് ചെയ്യാൻ കുട്ടികളെ പ്രേരിപ്പിച്ചു നോക്കൂ. ഒരു പയ്യനോട് നിങ്ങൾ ചോദിക്കൂ 'എങ്ങനെയുണ്ടായിരുന്നു പരീക്ഷ' എന്ന്. കുഴപ്പമില്ല. അമ്മയ്ക്കെങ്ങനുണ്ട്? കുഴപ്പമില്ല. എന്തോന്നാണ് ഈ 'കുഴപ്പമില്ല'. കുഴപ്പമില്ലായ്മയുടെ അർത്ഥം കിട്ടണമെങ്കിൽ നമ്മൾ സമൂഹത്തിന്റെ ആശയാവലികളിലേക്ക് കടന്നുചെല്ലണം. ആ സമൂഹം ചില ഇഷ്ടങ്ങളും അനിഷ്ടങ്ങളും പ്രകടിപ്പിക്കാനാണ് ഭാഷയെ ഉപയോഗിക്കുന്നത്. ആ ഇഷ്ടാനിഷ്ടങ്ങൾ ഇല്ലാതെ അതിന്റെ വാച്യാർത്ഥങ്ങൾ പറഞ്ഞു നടന്നാൽ ഭാഷ നമുക്ക് അന്യമായിത്തീരും.

നമുക്ക് ചട്ടക്കൂട് മാത്രമേ കൈവശമുണ്ടാകൂ. ഭാഷാനുഭവത്തിന്റെ ഈ വശങ്ങളെക്കുറിച്ചാണ് ഇന്ന് ലോകം ചിന്തിക്കുന്നത്. പ്രാഗ്മാറ്റിക്സിലാണ് ശ്രദ്ധ. നമ്മളിവിടെ പ്രാഗ്മാറ്റിക്സ് പരിഗണിക്കുന്നുണ്ടോ? കോടതിപോലും വിധി പറയുമ്പോൾ പ്രാഗ്മാറ്റിക്സ് നോക്കാതെ ഇതിന്റെ അർത്ഥം ഇന്നതാണെന്ന് പറഞ്ഞുകളയും. കോടതിയെങ്കിലും അതിന്റെ പ്രാഗ്മാറ്റിക് മീനിംഗ് എന്താണെന്ന് നോക്കണം.

**ഓട്ടോണമസ് കോളേജുകൾ അനുവദിച്ചതു സംബന്ധിച്ച്! വൈവിധ്യം വിദ്യാഭ്യാസത്തിൽ പ്രധാനപ്പെട്ട ഘടകമാണെന്നാണല്ലോ. സംസ്ഥാനത്ത് ഓട്ടോണമസ് കോളജുകൾ അനുവദിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെയും കേരളസർക്കാരിന്റെയും ശ്രദ്ധയിലുണ്ടായിരുന്ന പ്രധാനപ്പെട്ട വിഷയമാണത്. പക്ഷേ എത്രത്തോളം ഫലപ്രദമാണ് കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യത്തിൽ ഓട്ടോണമസ് കോളജുകൾ?**

• എല്ലാറ്റിനും ദോഷവശങ്ങളുണ്ട്. ഓട്ടോണമസ് ആയ പല കോളേജുകളും സിലബസ് വെട്ടിക്കുറച്ചു. അഞ്ചു മൊഡ്യൂൾ ഉള്ളത് ഒരു മൊഡ്യൂൾ ആക്കി എല്ലാവർക്കും 99% മാർക്ക് കൊടുത്തു. ഈ കച്ചവടം എത്രനാൾ ചെയ്യും ഇവർ. രണ്ടുവർഷം ചെയ്യുമ്പോൾ നിങ്ങളെല്ലാം അറിയുമല്ലോ? ഇവിടെനിന്ന് ഇറങ്ങുന്ന പ്രൊഡക്ടിന്റെ മതിപ്പ് പോകുമല്ലോ? മാർക്കറ്റ് പ്രിൻസിപ്പിളാണ് വർക്ക് ചെയ്യേണ്ടത്. അവിടെനിന്നുണ്ടാകുന്ന പ്രൊഡക്ട്സ് ആണ് അതിന് സാക്ഷ്യം പറയേണ്ടത്. ഒരു മൊഡ്യൂൾകൊണ്ട് നാലു മൊഡ്യൂളിന്റെ പ്രയോജനം കിട്ടുന്നുണ്ടെങ്കിൽ നല്ല കാര്യം. നമ്മളതിന്റെ റിച്വലിൽ ഊന്നൽ കൊടുക്കാതെ അതിന്റെ സന്ദേശത്തിൽ ഊന്നൽ കൊടുക്കുക. എന്താണ് ഈ മൊഡ്യൂൾകൊണ്ട് പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്? ഹിസ്റ്ററി ഓഫ് ലാംഗ്വേജിന്റെ നാലു മൊഡ്യൂൾ ഉള്ള എന്നുപറഞ്ഞാൽ പുസ്തകങ്ങളുടെ പേരു പറയുന്നതിനുപകരം ഹിസ്റ്ററി ഓഫ് ലാംഗ്വേജിനെക്കുറിച്ച് അതു നൽകുന്ന കമ്യൂണിക്കേഷൻ എന്താണ്? What does it communicate? ആ കമ്മ്യൂണിക്കേഷൻ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ എന്തു പഠിപ്പിക്കണം എന്തു പഠിപ്പിക്കണ്ട എന്നു തീരുമാനിക്കാൻ എളുപ്പമാണ്. എനിക്കു തോന്നുന്നു, അത്തരത്തിൽ സിലബസ് രൂപീകരിക്കുന്ന ശീലംപോലും നമുക്കില്ലാതായിട്ടുണ്ട്. ഇതു പഠിപ്പിക്കാൻ എത്ര മണിക്കൂർ വേണം എന്നുമാത്രമേ ചോദിക്കുന്നുള്ളൂ.

**പുതിയ വിദ്യാഭ്യാസ പരിക്ഷണങ്ങളെ തകർക്കുന്ന അദ്ധ്യാപകരുടെ ആറ്റിറ്റ്യൂഡ്, വിദ്യാർത്ഥികളുടെ താത്പര്യം. ഇങ്ങനെ പലപല ഘടകങ്ങൾ വരുന്നുണ്ട്. ഓട്ടോണമസ് കോളജ് വരുന്നു. വരുമ്പോൾ എന്താണിതിന്റെ അടിസ്ഥാനപരമായ തത്ത്വങ്ങൾ എന്ന് തിരിച്ചറിയാനാവാത്തതുകൊണ്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെന്റും ഭരണസംവിധാനങ്ങളും അപകടത്തിൽ പെട്ടുപോകുന്നുണ്ട്.**

• എനിക്കു ചോദിക്കാനുള്ളത് 1922ൽ സെന്റ് ബെർക്മൻസ് കോളേജ് ചങ്ങനാശ്ശേരി ചന്തയ്ക്കകത്ത് ഉണ്ടാകുമ്പോൾ അവിടെ നടക്കുന്ന അക്കാദമിക് പ്രവർത്തനങ്ങളുടെ പ്രയോജനമോ നിഷ്പ്രയോജനമോ ആരെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ? ഇനി വല്ലോരും ഇംഗ്ലീഷ് പഠിക്കുന്നതുകൊണ്ട് പ്രയോജനം കിട്ടുമെന്ന് ചിന്തിച്ചിരിക്കും. അതിനപ്പുറം ഇവിടെ പഠിപ്പിച്ച ഗണിതശാസ്ത്രമോ ഊർജ്ജതന്ത്രമോ എക്കണോമിക്സോ എന്തുലോകമാറ്റമുണ്ടാക്കുമെന്നാണ് ആളുകൾ കരുതിയത്? അവർക്ക് അതു വല്ലോം പരിചിതമായിരുന്നോ? പുതിയ വിഷയങ്ങളും പഠനമേഖലകളും കൊച്ചുകുട്ടികളെപ്പോലെ വിജ്ഞാനകുതുകികളായ ചെറുപ്പക്കാർ പിന്തുടർന്നു. അവർ ശാസ്ത്രത്തിന്റെ പതാകവാഹകരായി മാറി. അത്തരമൊരു കൗതുകമാണ് നമ്മളെ നയിക്കുന്നത്. ആദ്യ ശൂന്യാകാശയാത്ര അങ്ങനെയായിരുന്നു. നാനോ റിസർച്ച് അങ്ങനെയായിരുന്നു. അപ്പോൾ ഓരോ വിജ്ഞാനമേഖലയിലും ഉണ്ടായിരുന്ന പുതുമകൾ അതതു കാലത്തെ പ്രയോജനത്തിനുവേണ്ടി എന്ന നിലപാടു ശരിയല്ല. ഐൻസ്റ്റീന്റെ നിലപാട് അതല്ല. അതാണ് ഇപ്പോഴത്തെ ഇന്ത്യാഗവൺമെന്റിന്റെ വിദ്യാഭ്യാസവിദഗ്ധരും യഥാർത്ഥ വിദ്യാഭ്യാസവിദഗ്ധരും തമ്മിലുള്ള വ്യത്യാസം. അവരു പറയുന്നത് എജ്യുക്കേഷൻ എന്നു പറയുന്നതിനെ കൃത്യമായ ലക്ഷ്യങ്ങൾ നിർമ്മിച്ച് ആ ലക്ഷ്യങ്ങൾ അനുസരിച്ച് പഠിപ്പിക്കണം എന്നാണ്. കൈ ഇളക്കി നടക്കാൻ പഠിപ്പിക്കുക ഒരു ലക്ഷ്യമാണ്. കൊള്ളാം പക്ഷേ ലോകത്തെ വിസ്മയത്തോടെ കാണുക നല്ല ലക്ഷ്യമല്ല! അതിന് മൂർത്തതയില്ല. പക്ഷേ മൂർത്തതയില്ലാത്ത ലക്ഷ്യങ്ങളാണ് നമ്മളെ പ്രചോദിപ്പിക്കുന്നതും നമുക്കു ഭാവന നൽകുന്നതും. അതെന്തുകൊണ്ടോ അവർക്ക് മനസ്സിലാകുന്നില്ല. വലിയൊരു വിച്ഛേദം സംഭവിക്കുകയാണ്. കുട്ടികൾക്ക് ഹ്യൂമനിസ്റ്റിക് വാല്യൂസ്, സോഷ്യൽ വാല്യൂസ് ഇവയൊന്നും ആവശ്യമില്ല, അതു കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതിന് പ്രത്യേക തന്ത്രങ്ങൾ ആവശ്യമില്ല എന്ന മട്ടിൽ കൃത്യമായ ലക്ഷ്യങ്ങൾ എഴുതിവെയ്ക്കുക, അതിനു തക്കതായ റിസർട്ട് പ്രൊഡ്യൂസ് ചെയ്ത് ഇവാലുവേറ്റ് ചെയ്യുക. അതാണ് പുതിയ സിസ്റ്റം. ആ പുതിയ സിസ്റ്റത്തിലേക്ക് കൺവർട്ട് ചെയ്യപ്പെടുന്നതോടെ അദ്ധ്യാപകൻ അദ്ധ്യാപകനല്ലാതായിത്തീരും. അയാളൊരു കോച്ചിംഗ് മാസ്റ്റർ ആയിത്തീരും. വിഷയങ്ങൾക്ക് കോച്ച് ചെയ്യുന്നവരെ കണ്ടിട്ടില്ലേ? അവർക്ക് വിഷയമൊരു പ്രശ്നമല്ല. ശരിയായ ഉത്തരങ്ങൾ മാത്രമാണ് അവർ തരുന്നത്. കോച്ചിംഗ് അല്ല ടീച്ചിംഗ്. വിദ്യാർത്ഥിക്ക് വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ട മാനസിക

പരിവർത്തനമുണ്ട്. അവിടെയാണ് രാജ്യത്തിന്റെയും ജനതയുടെയും മനുഷ്യരാശിയുടെയും ഭാവി രൂപീകരിക്കപ്പെടുന്നത്. ആ ബോധ്യം പകരുന്ന എന്തെങ്കിലും കാര്യങ്ങൾ ഉണ്ടാകണമെന്ന ശാഠ്യം പലർക്കുമുണ്ടായിരുന്നു. അത് ഇപ്പോഴത്തെ ആളുകൾക്കും ഉണ്ടാകേണ്ടതാണ്. പക്ഷേ എന്തുകൊണ്ടോ അവർ അതു തിരിച്ചറിയുന്നില്ല.

**സാമൂഹ്യശാസ്ത്രവിഷയങ്ങൾക്ക് ഇന്ത്യയിലെ സർവകലാശാലകളിലും കോളജുകളിലും പ്രാധാന്യം കുറഞ്ഞുകാണുന്നില്ലേ? സാമൂഹ്യശാസ്ത്രം, ഭാഷ, സാഹിത്യം...**

● ഇതേ പരാതി പാശ്ചാത്യ സർവകലാശാലകളിലും കേൾക്കാം. ഇവിടെ കേൾക്കുന്നതുപോലെ തന്നെയാണ് കാര്യങ്ങൾ. ക്ലാസ്റൂം അലോട്ട് ചെയ്യുമ്പോൾ, മോശം ക്ലാസ്റൂം ആണ് ഞങ്ങൾക്ക് തരുന്നത്. സയൻസുകാർ നല്ല ക്ലാസ്റൂം കൊണ്ടുപോകുന്നു. അധ്യാപകർ നല്ല വെടിപ്പായിവരുന്നത് സയൻസാണ്. മാനേജ്മെന്റിലാണ്. ആർട്സ് പഠിപ്പിക്കുന്നവർ അങ്ങനെയല്ല. പക്ഷേ എല്ലാവരും പറയും പ്രതിഭാശാലികളായ അധ്യാപകരെ അന്വേഷിക്കുന്നവർ ആർട്സിലും ഹ്യൂമാനിറ്റിസിലും പോയി അന്വേഷിക്കാൻ. പ്രതിഭാശാലി എന്നതിനു കൊടുത്തിരിക്കുന്ന പരമ്പരാഗത നിർവചനം നിലനില്ക്കുന്നതുകൊണ്ടാണ്.

രസകരമായ അനേകം തമാശകൾ ഇതേക്കുറിച്ച് പറയാറുണ്ട്. അമേരിക്കൻ സർവകലാകാലകളിൽ പറയുന്ന തമാശ, ഹ്യൂമാനിറ്റിസിൽ എന്താണുള്ളത് എന്ന്. എന്താണ് ഹ്യൂമാനിറ്റിസിൽ ഇവൻമാർ പഠിപ്പിക്കുന്നത്. ഒരു സയൻസിലെ പ്രൊഫസറും ഹ്യൂമാനിറ്റിസിലെ പ്രൊഫസറും കോഫിബാറിൽവച്ച് കണ്ടുമുട്ടിയാൽ സയൻസിലെ പ്രൊഫസർ ചോദിക്കും വാട്ട് ഈസ് പാരഡൈം? ഇത് ഹ്യൂമാനിറ്റിസുകാർ കൂടെക്കൂടെ ഉപയോഗിക്കുന്ന വാക്കാണല്ലോ. അപ്പോൾ ഹ്യൂമാനിറ്റിസിലെ പ്രൊഫസർ ആവേശഭരിതനായി ഇവനെ പഠിപ്പിച്ചുകളയാമെന്ന് കരുതി സംസാരിച്ചു തുടങ്ങും.

പാരഡൈം ഈസ് .......... എന്ന് പറഞ്ഞു തുടങ്ങുമ്പോൾ മറ്റേയാൾ പറയും 'ചായ വന്നു ഞാൻ പോട്ടെ'. അയാൾക്ക് അത്ര ഷോർട്ട്ലിവ് ഇന്ററസ്റ്റ് മാത്രമേ ഈ വിഷയത്തിലുള്ളൂ. അതാണ് പ്രശ്നം. മറ്റവനു പറയാൻ അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. പറയാൻ സമയം ആവശ്യമുണ്ട്. ആ വിടവ് വേണ്ട വിഷയമാണെന്ന് മറ്റവന് തോന്നുന്നില്ല. അങ്ങനെയല്ല യൂറോപ്പിലെ നല്ല സർവ്വകലാശാലകൾ. സയൻസും ടെക്നോളജിയും പഠിക്കുന്നവർ ഒപ്പം ആർട്സ് പഠിക്കും. മ്യൂസിക് പഠിക്കും. അതിൽനിന്നു കിട്ടുന്ന ഒരു കൊംഹസീവ് നോളജ്, പുതുമയുള്ള അറിവ്. ആ അറിവിലൊരു താത്പര്യം ഉണ്ടാവുക. അതു സംസ്കാരത്തിന്റെ ഭാഗമാണ്. നമ്മുടെ സംസ്കാരം പലപ്പോഴും കാപട്യങ്ങളിലാണ്. എനിക്ക് അഭിരുചികളില്ലാത്ത കാര്യത്തിൽ അഭിരുചിയുണ്ടെന്ന് ഭാവിക്കും. അഭിരുചിയുള്ള കാര്യം വരുമ്പോൾ കണ്ണിറുക്കി കാണിക്കും. ഇത്തരം ധാരാളം കള്ളത്തരം നമുക്കുണ്ട്. ഉദാഹരണം ശരീരം. ശരീരത്തെക്കുറിച്ചുള്ള ഏതു പ്രതിപാദനവും നമ്മെ ധർമ്മരോഷം കൊള്ളിക്കും. പക്ഷേ ഒളിഞ്ഞുനോട്ടത്തിൽ ഇത്ര വിദഗ്ധൻമാർ വേറെ ഒരിടത്തും ഉണ്ടാവില്ല. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഈ ഒളിഞ്ഞുനോട്ടം ഉണ്ടെന്ന് അടുത്തകാലത്ത് ബോധ്യമായിട്ടുണ്ടല്ലോ.. ഒളിഞ്ഞുനോട്ടം എന്നുപറയുന്നത് ശരീരത്തെ നോക്കുന്നതുമാത്രമല്ല രഹസ്യമായ ഡീലിംഗ്സ് നടത്തുക, പണം മോഷ്ടിക്കുക. ടാക്സ് മോഷ്ടിക്കുക ഇതെല്ലാം ഒളിഞ്ഞുനോട്ടത്തിന്റെ ഭാഗമാണ്. ഒളിഞ്ഞുനോട്ടത്തിന്റെ പ്രമാണിമാരാണ് നമ്മൾ. എന്നിട്ടാണ് നമ്മൾ പറയുന്നത് അമേരിക്കയിൽ ചായ കുടിക്കുന്നതുപോലെയാണ് ബലാൽസംഗം എന്ന്. ഇവിടെ ഒരു ചായ കുടിക്കുന്ന സമയത്ത് പത്തു ബലാൽസംഗം നടത്തിവിടുന്നുണ്ടാവും. അതും നടുറോഡിൽവച്ച്. മനുഷ്യന് മാനവികതയെ അന്വേഷിക്കാൻ ഒരു പ്രചോദനമെങ്കിലുമാകണം നമ്മുടെ വിദ്യാഭ്യാസം.

**ഭാഷയെക്കുറിച്ചുള്ള സങ്കല്പനങ്ങളിലൊക്കെ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ലോകത്താകമാനം ഇത് സംഭവിക്കുന്നുണ്ട്. ഒരു സമൂഹം നിർണയിക്കുന്നതാണല്ലോ ആ ഭാഷയുടെ വ്യവഹാരശേഷി. അങ്ങനെയാണെങ്കിൽ മലയാളഭാഷയുടെ വ്യവഹാരശേഷിയെ സംബന്ധിച്ചുള്ള, ഭാഷയുടെ ശക്തിദൗർബല്യങ്ങളെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്? പലതരം വ്യവഹാരസന്ദർഭങ്ങളിൽ മലയാളം എങ്ങനെ പ്രയോഗിക്കപ്പെടുന്നു? തത്ത്വശാസ്ത്രം, ശാസ്ത്രം തുടങ്ങിയവ സംവേദനം ചെയ്യാൻ മലയാളം എത്രത്തോളം പ്രാപ്തമാണ്? സാഹിത്യം സൂക്ഷ്മാനുഭവങ്ങളെ വിവരിക്കാൻ ശേഷിയുള്ളതാണോ?**

● സാമാന്യബുദ്ധിയും വിശേഷബുദ്ധിയും തമ്മിലുള്ള അന്തരമാണ് ഇവിടെ പ്രശ്നം. ഭാഷയെന്നത് യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണെന്ന് നമ്മൾ പറഞ്ഞ് പറഞ്ഞ് മനസ്സിൽ തറഞ്ഞുപോയിരിക്കുന്നു. യാഥാർത്ഥ്യത്തെ കണ്ടെത്താൻ ഭാഷയിൽനിന്നു തുടങ്ങാം. ഭാഷയിലൂടെ സഞ്ചരിച്ചെത്താവുന്നതാണ് യാഥാർത്ഥ്യം. എന്നാൽ, ഇന്ന് നമുക്ക് തിരിച്ചറിവുണ്ടായി. യാഥാർത്ഥ്യമെന്നത് ഭാഷയുടെ ഒരു കൂടപ്പിറപ്പാണ്. ഭാഷയോടൊത്ത് സഞ്ചരിക്കുന്നതാണ് യാഥാർത്ഥ്യം, മനസ്സിന്റെ നിനവുകളാണ് യാഥാർത്ഥ്യം എന്ന്. ഭാഷയുടെ വിഷയമെന്താണെന്ന് ചോദിച്ചാൽ മനസ്സിന്റെ നിനവുകളാണ്. 'സുന്ദരി' എന്ന വാക്കിന്റെ അർത്ഥമെന്താണെന്നു ചോദിച്ചാൽ സുന്ദരിയെക്കുറിച്ച് എനിക്കുള്ള പൂർവധാരണകളും സമൂഹത്തിന് പൊതുവായിട്ടുള്ള ധാരണകളും കൂടിച്ചേർന്നുണ്ടാകുന്ന ഒരു നിനവ്, imagination, അതാണ് സുന്ദരി. നരകത്തെക്കുറിച്ചായാലും സ്വർഗത്തെക്കുറിച്ചായാലും ഇങ്ങനെ തന്നെ. ഇത്തരം നിനവുകളുടെ ലോകമാണ് ഭാഷ. ഈ ഒരു സങ്കല്പം നമ്മൾ സ്വീകരിച്ചു കഴിഞ്ഞാൽ ഭാഷയെന്നത് ഒരിക്കലും നിശ്ചലമല്ല. നിരന്തരം പരിവർത്തനത്തിലാണ്. എന്റെ സ്വപ്നങ്ങൾ മാറുന്നതനുസരിച്ച് ഭാഷ മാറുന്നു. ഭാഷ മാറുന്നതനുസരിച്ച് എന്റെ സ്വപ്നങ്ങളും മാറിയെന്നുവരാം. എന്താണെന്നു ചോദിച്ചാൽ എന്റെ സങ്കല്പനത്തിലെ സുന്ദരി ചന്ദനലേപസുഗന്ധമുള്ളവളാണെങ്കിൽ, അതെന്റെ മനസ്സിലെ ചന്ദനസങ്കല്പത്തെ സ്വാധീനിക്കും. അതേ സമയം, ഫോളിഡോൾ ആണ് ഉള്ളതെങ്കിൽ, ഫോളിഡോൾ സങ്കല്പത്തെ അത് ബാധിക്കും. ചിലർ പറയില്ലേ, സ്പ്രേയടിച്ച് മനസ്സിൽ കേറുന്നവർ ടിക്-ട്വന്റി അടിച്ചാണ് കേറുന്നതെന്ന്. അവിടെ, ടിക്-ട്വന്റി എന്ന വിഷവസ്തുവിനെയും സുന്ദരിയുടെ സ്പ്രേയേയും ബന്ധിപ്പിക്കുന്ന ഒരാശയമുണ്ട്. അതാവട്ടെ, അത്തരം ആർഭാട ങ്ങളൊക്കെ സഹജവാസനകളെ കെടുത്തുന്നു എന്നുള്ള

താണ്. അതിനു പിന്നിൽ ഒരു ദർശനമുണ്ട്. ഒരു Philosophy ഉണ്ട്. ഭാഷയിലെനിക്ക് അർത്ഥഗ്രഹണം ഉണ്ടാകുന്നത്, ബോധമുണ്ടാകുന്നത്, അതിനുള്ളിൽ അർത്ഥം ഒളിഞ്ഞിരിക്കുന്നത് കൊണ്ടല്ല. അതിന് അർത്ഥത്തെ നീട്ടിക്കൊണ്ടു പോകാനുള്ള കഴിവുള്ളതുകൊണ്ടാണ്. ഈ പ്രജനനശേഷിയാണ് അർത്ഥമെന്ന പേരിലറിയപ്പെടുന്നത്. ഈ അർത്ഥമന്വേഷിക്കാനുതകുന്നതല്ല ഇന്നത്തെ പഠനസംവിധാനങ്ങൾ. പഠനസംവിധാനങ്ങൾ അതിന്റെ വാച്യാർത്ഥത്തിൽ അവസാനിപ്പിക്കും. അത് ഉപരിതലം മാത്രമാണ്. അതിന്റെ ഉള്ളിന്റെ ഉള്ളിലാണ് നിനവുകൾ. ആ നിനവുകൾ തേടാൻ നമുക്ക് സഹായകമാകണം ഭാഷാപ്രയോഗം. അങ്ങനെ പഠിക്കുമ്പോൾ ഭാഷയുടെ ഏറ്റവും മൂർച്ചയേറിയ, സൂക്ഷ്മമായ തലം പരസ്യങ്ങളിലെ ഭാഷയാണെന്നു പറയാം. പരസ്യങ്ങൾ, ഇല്ലാത്ത ഒരു ഉപഭോക്താവിനെ ഉണ്ടാക്കുന്നു. അതും ഇല്ലാത്ത ഒരു വിപണനവസ്തു സങ്കല്പിച്ച്. ഞാനൊരു സോപ്പിനെക്കുറിച്ചുള്ള പരസ്യം കണ്ട് സോപ്പ് വാങ്ങിക്കുമ്പോൾ ആ സോപ്പല്ല ഞാൻ വാങ്ങിക്കുന്നത്. ആ സോപ്പിനെക്കുറിച്ചുള്ള പരസ്യം സൃഷ്ടിച്ച നിനവിന്റെ ഉത്പന്നമാണ് ഞാൻ വാങ്ങുന്നത്. അത് ഞാൻ ഒരിക്കലും വാങ്ങണമെന്നില്ല. പക്ഷേ, അതുപയോഗിച്ചാണ് എന്റെ ക്രയവിക്രയങ്ങൾ നടക്കുന്നത്. സ്വർഗരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുമ്പോഴും തീനരകത്തെക്കുറിച്ച് പ്രസംഗിക്കുമ്പോഴും അത്ഭുതം കൂറുകയോ ഭയപ്പെടുകയോ ചെയ്യുണ്ടെങ്കിൽ അത് നരകത്തെയും സ്വർഗത്തെയും കുറിച്ചുള്ള ഭയമല്ല. മറിച്ച് നിനവുകളെക്കുറിച്ചുള്ള ഭയമാണ്. സക്കറിയയുടെ കഥയിലെ സ്വർഗവും നരകവും വളരെ മനോഹരമായ സ്ഥലങ്ങളാണ്. നമുക്കൊരു ടൂറിനു പോകാൻ കൊള്ളാവുന്ന സ്ഥലങ്ങളാണ്. പക്ഷേ, ഒരു സന്ന്യാസി സ്വർഗത്തെയും നരകത്തെയും കുറിച്ച് വലിയ പ്രസംഗം നടത്തുമ്പോൾ നമുക്കവിടെനിന്നും ഓടിപ്പോവാൻ തോന്നുന്നതിന്റെ കാരണം, സന്ന്യാസിയുടേത് ഭീകരമായ സ്വർഗവും നരകവുമായതുകൊണ്ടാണ്. പക്ഷേ, ഇതെല്ലാം ഭാഷയ്ക്കുള്ളിൽ നമുക്ക് സൃഷ്ടിക്കാനും തകിടം മറിക്കാനും പുനഃസ്ഥാപിക്കാനും പരിണമിപ്പിക്കാനും സാധിക്കും. ഈ ഒരു പരിണാമക്ഷമതയാണ്, flexibility ആണ് ഭാഷയുടെ ശേഷി. അത് തിരിച്ചറിയാത്തതുകൊണ്ടാണ് തെറ്റ് തിരുത്തുക ഭാഷാപഠനത്തിന്റെ കേന്ദ്രമായിത്തീരുന്നത്.

**മലയാളത്തിൽ, ഭാഷയെ സംബന്ധിച്ച് ധാരാളം അതിവാദങ്ങൾ നടക്കുന്ന ഒരു കാലമാണിത്. ഒട്ടേറെ മൗലികവാദങ്ങൾ... സമുദായത്തിന്റെയും രാഷ്ട്രീയത്തിന്റെയും മതത്തിന്റെയുമൊക്കെ മൗലികവാദംപോലെ തന്നെ ഭാഷയെയും മൗലികവാദത്തിനുപയോഗിക്കുന്ന ഒരു സാഹചര്യം ഉണ്ട്.**

● മൗലികവാദങ്ങൾ ഇന്ന് ഭാഷയെക്കുറിച്ചുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം തന്നെ, എന്നുമുണ്ടായിരുന്നു എന്നുകൂടി സമ്മതിക്കണം. ലീലാതിലകം എടുത്തു നോക്കൂ. ഭാഷയെക്കുറിച്ചുള്ള ഒരു അതിവാദമല്ലേ ലീലാതിലകം മുന്നോട്ടുവച്ചത്. കേരളഭാഷ സ്വതന്ത്രമാണ്, തമിഴിൽനിന്നും ഭിന്നമാണ് എന്നൊക്കെ അദ്ദേഹം പറയുന്നത് ഏതാനും ഉദാഹരണങ്ങൾ വച്ചിട്ടാണ്. ഭാഷയുടെ സ്വാതന്ത്ര്യത്തെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ, ഒരു അതിവാദത്തിലൂടെയാണ് കേരളഭാഷയുടെ സ്വാതന്ത്ര്യപ്രഖ്യാപനം ലീലാതിലകകാരൻ നടത്തുന്നത്. പിന്നീടങ്ങോട്ടുള്ള ഉദാഹരണങ്ങൾ മുഴുവൻ അത് തെളിയിക്കുകയും ചെയ്യുന്നു. തമിഴിന്റെ മട്ടിലുള്ളതാണ് പലതും. പക്ഷേ, ഇടയ്ക്കെങ്ങാനും ഒരു തമിഴ് വ്യത്യസ്തത കടന്നുവന്നാൽ, അദ്ദേഹം അതിനെ കൊണ്ടാടിക്കളയും. അങ്ങനെ, മണിപ്രവാളത്തോട്, സംസ്കൃതത്തോട് ചേർത്തുനിർത്തി മലയാളത്തിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ആളാണ് ലീലാതിലകകാരൻ. അവിടുന്നിങ്ങോട്ടുള്ള ചരിത്രം മുഴുവൻ അത്തരത്തിൽ നമുക്ക് പുനർവായിക്കാൻ കഴിയും. അതുകൊണ്ടാണ് ഉള്ളൂർ പറഞ്ഞത് തമിഴിന്റെ സഹോദരിയല്ല മലയാളം, ഇനിയെന്തെങ്കിലും ഒരു ബന്ധം കല്പിക്കേണ്ടി വന്നാൽ തമിഴിന്റെ അമ്മ എന്ന പദവിയാണ് മലയാളത്തിന് കൊടുക്കേണ്ടത് എന്ന്. അതൊക്കെ അതിവാദമാണ്. പക്ഷേ, അതിവാദങ്ങൾക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമെന്താണെന്ന് തിരിച്ചറിയുക. ഞാനിപ്പോ നിങ്ങളോട് 'അവൻ നിമിഷങ്ങൾക്കുള്ളിൽ കടൽ കടന്നെത്തി' എന്നു പറഞ്ഞാൽ, നിങ്ങൾ എത്ര മിനിറ്റെടുത്തു കടൽ കടക്കാൻ എന്ന് അന്വേഷിക്കാറില്ല. നിങ്ങൾക്കറിയാം, അതൊരു അതിവാദമാണ് എന്ന്. പക്ഷേ, അതിവാദത്തിന് ഒരു ലക്ഷ്യമുണ്ട്. അവൻ വരാവുന്നതിൽ പരമാവധി വേഗത്തിൽ വന്നു എന്നൊരർത്ഥത്തിലേക്ക് പോകും.

**രാഷ്ട്രീയ സംരംഭങ്ങളെ മുൻനിർത്തി ആലോചിച്ചാൽ... ഭാഷ എന്നും ഒരു വിലപേശൽ ആയുധമാണ്. കേരളഭാഷ സംസാരിക്കുന്ന പ്രദേശം ചേരരാജ്യം. ചോളഭാഷ സംസാരിക്കുന്നത് ചോളരാജ്യം ഇങ്ങനെയൊക്കെ വിഭജിച്ച് വിഭജിച്ച് പഠിക്കുക. കൊളോണിയൽ ഇന്ത്യയ്ക്കകത്ത്, ഇംഗ്ലീഷ് എന്നുപയോഗിച്ചത് ഇന്ത്യയുടെ ഐക്യം സ്ഥാപിച്ച ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായി ഇന്ത്യയെ നിലനിർത്താനാണ്. നമ്മൾ മലയാളം ഇന്നുപയോഗിക്കുന്നത് കേരളത്തിന്റെ അതിർത്തികൾ കാത്തുസൂക്ഷിക്കാൻ വേണ്ടിയാണ്.**

● ഭാഷയുടെ ഉപയോഗത്തിന് എപ്പോഴും ഒരു രാഷ്ട്രീയമാനമുണ്ട്. ആ രാഷ്ട്രീയമാനം ഇന്ന് കൂടുതൽ സൂക്ഷ്മമായി. ദളിതന്റേതല്ലാത്ത, അദളിതന്റെ ഭാഷ പാഠപുസ്തകത്തിൽ നിരന്തരം ഉപയോഗിക്കുമ്പോൾ ദളിതനെന്തു തോന്നും! എന്റെ മലയാളം മലയാളമല്ല. അതേസമയം, ബ്രാഹ്മണനെന്തു തോന്നും? എന്റെ മലയാളമാണ് മലയാളം. സർക്കാരിന്റെ പുതിയ ഔദ്യോഗിക മലയാളമെടുത്താൽ വലിയൊരു ശതമാനം വാക്കുകളും സംസ്കൃതത്തിൽനിന്നാണ്. നല്ല ഇംഗ്ലീഷിൽ പറഞ്ഞാൽ ആളുകൾക്ക് മനസ്സിലാകുന്ന കാര്യങ്ങൾപോലും സംസ്കൃതീകരിക്കാൻ ശ്രമിക്കുകയാണ്. അതൊരുതരം ശുദ്ധിവാദമാണ്. ഈ ശുദ്ധിവാദമാണ് അപകടം. എനിക്ക് Translation എന്നു പറയാം, തർജമയെന്നു പറയാം. പരാവർത്തനം എന്നു പറയാം, എന്നിരിക്കെ നിങ്ങളതിനെ മൊഴിമാറ്റമാക്കുന്നതെന്തിനാണ്? നിങ്ങൾക്ക് തർജമയോടെന്തോ വിരോധമുണ്ടല്ലേ? അതൊരു വർഗീയ വിരോധമാണ്. തർജമ അറബി വാക്കാണ്. അറബി വാക്കായ തർജമയോട് നിങ്ങൾക്ക് വിരോധമുള്ളതുകൊണ്ട് നിങ്ങളതുപേക്ഷിച്ച് മൊഴിമാറ്റത്തിലേക്ക് പോകുന്നു. ഇത്തരം ധാരാളം മുൻവിധികൾ നമ്മളറിയാതെ നമ്മളിൽ പ്രവർത്തിക്കുന്നുണ്ട്. ആ മുൻവിധികൾ ഭാഷയുടെ മറവിലാണ് വരുന്നത്. ബഷീറിന്റെ കാര്യം എടുത്തു നോക്കുക. 'ന്റുപ്പുപ്പാ

ക്കൊരാനണ്ടേർന്ന് എന്നതിലെ പഴം-പയം കേസ്. ഈ പഴം-പയം കേസ് ആവർത്തിച്ചാവർത്തിച്ച് കൊണ്ടുവന്ന് ഉച്ചാരണം വേണോ വേണ്ടയോ? മുസ്ലീങ്ങളുടെ ഉച്ചാരണം മാറണമോ വേണ്ടയോ? എന്ന ചോദ്യം ഉന്നയിക്കുന്നു. ഈ പൊളിറ്റിക്കൽ ക്വസ്റ്റ്യൻ ആരും ചോദിക്കാറില്ല. മാറുന്നതിനെ ബഷീർ അനുകൂലിക്കുന്നു. മുസ്ലീം ഭാഷയുടെ, മാപ്പിളഭാഷയുടെ വക്താവായിരുന്ന ബഷീർ 'പയം' എന്നുച്ചരിക്കുന്നത് 'പഴം' എന്നുച്ചരിക്കണം എന്ന് ഒരു കഥയ്ക്കുള്ളിൽ വാദിക്കുന്നു. അത് ഒരു ഡയലക്ടിക്സ് ആണ്. നമുക്ക് പൊതുഭാഷ ആവശ്യമുണ്ട്. നമുക്ക് വ്യക്തിഭാഷ വേണം. ഇതിനിടയിൽ നമുക്ക് അന്യോന്യം ഊഞ്ഞാലിലെന്നപോലെ ആടി രസിക്കാൻ സാധിക്കണം. നമ്മളൊക്കെ അങ്ങനെയുള്ളവരാണോ? വീട്ടിൽ ഭാര്യയോട് വർത്തമാനം പറയുന്നതു പോലെ ടോക്ഷോയിൽ സംസാരിക്കാൻ സാധിക്കില്ല. ടോക്ഷോയിൽ സംസാരിക്കുന്നതുപോലെ ക്ലാസ് മുറിയിൽ സംസാരിക്കാൻ പറ്റില്ല. ഒരു ഊഞ്ഞാലിലെന്നപോലെ ആടിയാടി പോവുകയാണ് നാം. ടെക്സ്റ്റ് ബുക്കിന് ഭാഷ വേണം. ഭരണത്തിന് ഭാഷ വേണം. ഡോക്ടർക്ക് മരുന്നു കുറിക്കാൻ ഭാഷ വേണം. ടാക്സിയിൽ സഞ്ചരിക്കാൻ ഭാഷ വേണം. ഈ ഭാഷകളെയെല്ലാം സമന്വയിപ്പിക്കാവുന്ന ഒരു പ്രവർത്തനയന്ത്രമായിട്ട് നമ്മുടെ ഭാഷാജ്ഞാനം പ്രവർത്തിക്കുകയും ചെയ്യണം. പ്രവർത്തിക്കുന്നുണ്ട്. മലയാളിയുടെ ഭാഷാവൈഭവത്തിന് ബഹുഭാഷാജ്ഞാനം ഒരു തടസ്സമാകുന്നില്ല. അതുകൊണ്ട് തർജമയ്ക്ക് നിരോധനമേർപ്പെടുത്തുന്നത് ഭാഷാസ്നേഹമല്ല.

**പുതിയ മലയാളം – നവമാധ്യമങ്ങളിലെ മലയാളം, സാമൂഹികമാധ്യമങ്ങളിലെ മലയാളം, പരസ്യങ്ങളിലെ മലയാളം, ഇത്തരം മലയാളങ്ങളെക്കുറിച്ച് പലപ്പോഴും സർ അഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. ഈ മലയാളങ്ങൾക്കകത്ത് വ്യാകരണപരമായ വിഷയങ്ങളുണ്ട്, പ്രയോഗപരമായ വിഷയങ്ങളുണ്ട്. ഇതിനെ നമ്മൾ എങ്ങനെയാണ് സ്വീകരിക്കുകയും തള്ളുകയും ചെയ്യേണ്ടത്?**

- എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു സംവേദനസംഭവമാണ് - Communication event സംവേദനസംഭവം എന്നുപറയുമ്പോൾ എന്താണ് സംവേദനം ചെയ്യേണ്ടത്? അതു സംവേദനം ചെയ്യപ്പെട്ടിട്ടുണ്ടോ? അത് സഫലമായിത്തീർന്നോ? പരസ്യമാണെങ്കിൽ ഈ പരസ്യം കണ്ടവർ ഉത്പന്നങ്ങൾ വാങ്ങാൻ ഇറങ്ങിത്തിരിക്കുന്നുണ്ടോ. ഈ പരസ്യം കണ്ട ആളുകൾക്ക് ഇതിൽ പറയുന്ന സന്ദേശത്തോടു ചേർച്ച അനുഭവപ്പെടുന്നുണ്ടോ? എന്തുസംഭവിച്ചു എന്ന പരിശോധനകൊണ്ടു മാത്രമേ സഫലത തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. അത്തരം പരീക്ഷണങ്ങൾ ആവാം. ഇന്റർവ്യൂകൾ, ടോക്ഷോകൾ എന്നിവയുടെ ഇഫക്ടീവ്നസ് പരിശോധിക്കണം. ഇലക്ഷൻ കഴിഞ്ഞ് എക്സിറ്റ്പോൾ വന്നു. എക്സിറ്റ് പോളിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ആളുകൾ എങ്ങനെയാണ് ഉത്തരം പറയുന്നത്. ആർക്കാണ് ജോസഫ് വോട്ടുചെയ്തതെന്നറിയാൻ ഞാൻ ശ്രമിക്കുന്നു. ജോസഫ് ആകട്ടെ താൻ ആർക്കാണ് വോട്ടുചെയ്തതെന്ന് അറിയാതിരിക്കാൻ ശ്രമിക്കുന്നു. ഈ മൽപ്പിടുത്തമാണ് നടക്കുന്നത്. ആ മൽപ്പിടുത്തത്തിൽ മലയാളികൾ എന്തുചെയ്യുന്നു? തമിഴർ എന്തു ചെയ്യുന്നു? പഞ്ചാബികൾ എന്തുചെയ്യുന്നു? സായിപ്പന്മാർ എന്തുചെയ്യുന്നു? അതന്വേഷിക്കാൻ നമുക്ക് ശേഷിയുണ്ടാവണം. അതുതന്നെയാണ് ഡോക്ടർമാരുമായുള്ള കമ്മ്യൂണിക്കേഷനിലും സംഭവിക്കുന്നത്. രോഗികൾ ചെന്നിട്ട് ഡോക്ടറേ, എനിക്ക് വൈകുന്നേരമാകുമ്പോൾ പുറത്തുന്നൊരു വേദനവന്ന് തലേൽകേറി വയറ്റിൽ വന്നുനിൽക്കും എന്നു പറയുന്നു. ഡോക്ടർ ചികിത്സിച്ചേപറ്റൂ. പുറത്തുവന്ന വേദന തന്നെയാണോ തലയിൽ കയറിയത്. തലയിൽ കയറിയതാണോ വയറ്റിൽ വന്നത് എന്നതിന്മേൽ ഡോക്ടർ ഒരു ഊഹംവച്ച് ഒന്നുകിൽ വയറുവേദനയുടെ അല്ലെങ്കിൽ തലവേദനയുടെ ഗുളിക കുറിച്ച് കയ്യിൽ കൊടുക്കും. അപ്പോൾ ഏറ്റവും ക്രിട്ടിക്കലായ ഒരു വിഷയത്തിലാണ് നമ്മൾ വന്നുനിൽക്കുന്നത്. ചികിത്സ. ചികിത്സയുടെ സംവേദനതന്ത്രമെന്ത്? അതിന്റെ ഏറ്റവും ക്ലാസിക്കൽ ഉദാഹരണമാണ് ശസ്ത്രക്രിയ. രോഗിയെക്കണ്ടിട്ട് ഡോക്ടർ പറയുന്നു ഒരു ശസ്ത്രക്രിയ വേണ്ടിവരും എന്ന്. രോഗിയുടെ കൂടെപ്പോയ ഭാര്യ അയ്യോ എന്നു പൊട്ടിക്കരയുന്നു. നിങ്ങൾ എന്തിനാ കരയുന്നത്, ഒരു ഓപ്പറേഷന്റെ കാര്യമല്ലേ. ആഹാ ഓപ്പറേഷനാണോ, എങ്കിൽ ചെയ്തോളൂ എന്ന്.

മലയാളത്തിലെ പല ഇംഗ്ലീഷു വാക്കുകളുടെയും നില അതാണ്. നമ്മുടെ ഔദ്യോഗിക കത്തിടപാടുകളിൽ വരുന്ന പല വാക്കുകളും കേട്ടാൽ ജനങ്ങൾ ഭയപ്പെടും. നിത്യവ്യവഹാരത്തിൽ അവർക്കതിന് substitutes ഉണ്ട്. ഇതന്വേഷിക്കാനുള്ള സന്മനസുണ്ടാവണം. അതുകൊണ്ടാണ് നമ്മൾ തലശ്ശേരി രേഖകളുടെ പ്രാധാന്യം പറയുന്നത്. ജനങ്ങൾ നിത്യജീവിതത്തിൽ തലമുറകളായി ഉപയോഗിച്ച വാക്കുകളാണ് ഈ കത്തിടപാടുകളിലുള്ളത്. ആ കത്തിടപാടുകളിലെ വാക്കുകൾ ഇന്നും പ്രാദേശികമായി നിലനിൽക്കുന്നു. അവയുപയോഗിച്ച് നമ്മുടെ ഭരണഭാഷയെ ശാക്തീകരിക്കാൻ കഴിഞ്ഞെങ്കിൽ നന്നായിരുന്നു. പക്ഷെ അത് ചെയ്തില്ല. അവിടെ പ്രാദേശിക താൽപര്യമാണ്. തലശ്ശേരിരേഖകളിലുള്ളത് വടക്കേമലബാറിലെ ഭാഷയാണ്. നമുക്കു താൽപര്യം തിരുവനന്തപുരം മലയാളമാണ്. കോട്ടയം മുതലുള്ളവർക്ക് താൽപര്യം അതാണ്. അങ്ങനെയുള്ള പ്രാദേശിക താൽപര്യങ്ങളുള്ളതുകൊണ്ട് നമ്മൾ താത്വികമായ ഒരു വഴി സ്വീകരിക്കാൻ ഒരുമ്പെടാറില്ല. അതുകൊണ്ട് Politics of communication ആണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. എന്തുകൊണ്ട് ഈ വാക്കുപയോഗിച്ചു. എന്തുകൊണ്ട് ഈ ചിഹ്നങ്ങൾ ഉപയോഗിച്ചു. എന്തുകൊണ്ട് ഈ നിറങ്ങൾ ഉപയോഗിച്ചു. എന്തുകൊണ്ട് ഈ വലിപ്പമുള്ള ഫോണ്ടുകൾ ഉപയോഗിച്ചു. Politics of Communication: പഠിപ്പിക്കേണ്ട വിഷയം അതാണ്.

**ശബരിമല വിഷയത്തിന്റെ വിശകലനത്തിന് സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗിക്കാം. ഭാഷാശാസ്ത്രസമീപനം സ്വീകരിക്കാം. ഫോക്‌ലോറിന്റെ സമീപനം സ്വീകരിക്കാം. ശബരിമല വിഷയം ഏതുതരത്തിൽ മനസ്സിലാക്കിയെടുക്കേണ്ട പ്രശ്നമാണ്.**

- ഒരു ബഹളം ഉണ്ടാകുന്നതിനു മുൻപ് ശബരിമല ഒരു പ്രശ്നമായിരുന്നോ കേരളത്തിൽ? ആളുകൾ ശബരിമലയ്ക്ക് പോയിരുന്നു, ഇരുമുടിക്കെട്ടുമായി പോയിരുന്നു, വ്രതമെടുത്തുപോയിരുന്നു, വ്രതമെടുക്കാതെ പോയിരുന്നു. പുരുഷന്മാരോടൊപ്പം



സ്ത്രീകൾ പോയിരുന്നു. പുരുഷന്മാർ ഒറ്റയ്ക്ക് പോയിരുന്നു. ഇതെല്ലാം ശബരിമലയിൽ സംഭവിച്ചിരുന്നു. ആരും അത് നിഷേധിക്കുന്നില്ല. പക്ഷെ ശബരിമല ഒരു പ്രശ്നമായിത്തീർന്നത്. അതിനെയൊരു Political controversy യുമായി കൂട്ടിക്കെട്ടുന്നതോടുകൂടിയാണ്. കേരളത്തിലെ പ്രാദേശികഭരണകൂടം ആ കോടതിവിധിയുടെ വ്യാഖ്യാനത്തിലൂടെ മതസമൂഹത്തിന്റെ പാരമ്പര്യങ്ങളിലേക്ക് കടന്നുകയറാൻ ശ്രമിക്കുന്നുവെന്നാണ് ഒരാക്ഷേപം. ആചാരത്തെക്കുറിച്ചാണു സംസാരിക്കുന്നത്. ആചാരങ്ങൾ നിലനിർത്താൻ പരമ്പരാഗതസമൂഹത്തിന് അവകാശമില്ലേ? ഉണ്ട്. പക്ഷെ ഒരു വ്യവസ്ഥയുണ്ട്. അതു പൊതുനന്മയ്ക്കുതകുന്നതായിരിക്കണം. അതിനാണ് കോടതികൾ. കോടതികൾ ആ ജോലി യിലേർപ്പെട്ടിരിക്കയാണ്. ആ പ്രക്രിയയെ നമ്മൾ വോട്ടിനുവേണ്ടി shortcut ലൂടെ ഒരു വിവാദമാക്കി കത്തിച്ചു. അതിനപ്പുറം ഇതിന് എന്തെങ്കിലുമൊരു സാംസ്കാരിക പ്രാധാന്യം കൽപിക്കാൻ സാധ്യമല്ല. സംസ്ക്കാരകേരളം പെട്ടെന്ന് പ്രകോപിതമായി. നമ്മുടെ സംസ്ക്കാരമൊക്കെപ്പോയി നമ്മൾ ഉടുതുണിയില്ലാത്ത കാട്ടാളന്മാരെപ്പോലെ പെരുമാറാൻ തുടങ്ങി. സ്ത്രീകളെപ്പോലും തെരുവിലിറക്കി, പ്രകടനങ്ങൾ നടത്തി. പ്രശ്നമെന്താണ്? ശബരിമലയിൽ പോകാൻ അവകാശമുണ്ടോ ഇല്ലയോ എന്നതാണ്? നിയമത്തെക്കുറിച്ച് സംശയം. നിയമം കോടതിയിലെത്തുന്നു. പ്രശ്നത്തിന് പരിഹാരം വരും, നമുക്കത് നിർവ്വഹിക്കാം. അയോധ്യാപ്രശ്നം കോടതിയിൽ കിടക്കുകയല്ലേ. അയോധ്യ രാമനെക്കാൾ വലുതാണോ? അപ്പോൾ അതിനെ politicize ചെയ്തു. ആര്, ബന്ധപ്പെട്ട കക്ഷികളിലുള്ളവർ. politicize ചെയ്തതിൽനിന്ന് ഒരു കക്ഷിയെയും നമുക്ക് ഒഴിച്ചുനിർത്താൻ ആവുകയില്ല. അവരെല്ലാവരുംകൂടി ഉണ്ടാക്കിയ കോലാഹലമാണ്. ഇതിൽ നിന്ന് കേരളം സ്വയമേവ മോചിതമാകുകയല്ലാതെ ഒരു കോടതിക്കും ഇനി നമ്മളെ രക്ഷിക്കാൻ പറ്റില്ല. നമ്മളെ രക്ഷിക്കാൻ നമ്മൾ തീരുമാനിക്കണം.

**ഈയൊരു പ്രശ്നം കേരളീയ സമൂഹത്തിൽ വലിയൊരു വിള്ളൽ ഉണ്ടാക്കിയിട്ടില്ലേ. സമുദായങ്ങൾ തമ്മിലോ രാഷ്ട്രീയവിശ്വാസങ്ങൾ തമ്മിലോ ഉണ്ടായിരുന്ന ശത്രുതയെക്കാൾ കൂടുതൽ ഒരു വിള്ളൽ ഉണ്ടാക്കിയിട്ടില്ലേ?**

- ഞാൻ വിശ്വസിക്കുന്നില്ല. കാരണം, കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ വളരെ ആഴത്തിൽ വേരൂന്നിയിട്ടുള്ളതാണ് മതപരമായ സഹിഷ്ണുത. എത്രയോ നൂറ്റാണ്ടുകളായി എത്രയോ തലമുറകളായി ഏതെല്ലാം വെല്ലുവിളികളെ ഏറ്റെടുത്തു. ഉദാഹരണമായി പോർച്ചുഗീസുകാർ വരുന്നു. അമ്പലങ്ങൾ തല്ലിയുടയ്ക്കുന്നു. മുസ്ലീം invaders വരുന്നു. അമ്പലങ്ങൾ തകർക്കുന്നു. ഇതെല്ലാംകഴിഞ്ഞ് അവരെല്ലാം തിരികെപ്പോയിട്ട് ഇവിടെ അമ്പലങ്ങളൊക്കെ ബാക്കിയുണ്ടല്ലോ? എന്താണതിനർത്ഥം. ഇവിടുത്തെ ഹൈന്ദവരായ ആളുകൾ വിവേകത്തോടുകൂടി മനസിലാക്കി കടന്നുവന്നവൻ അക്രമകാരിയാണ്. അവനെ മുസ്ലിം എന്നോ ക്രിസ്ത്യാനിയെന്നോ അല്ല വിളിക്കേണ്ടത്. ഈ വകതിരിവ് കേരളീയമനസിൽ നിലനിൽക്കുന്നിടത്തോളം കാലം ഇതൊരു വലിയ വിടവായിത്തീരുമെന്ന് എനിക്ക് തോന്നുന്നില്ല. കേരളീയ സമൂഹത്തിന് വളർച്ചയിൽ ഭ്രാന്തമായ ശ്രദ്ധയുണ്ട്. കൺസ്യൂമറിസത്തെക്കാൾ വലുതാണ് പുതിയപുതിയ പഠനങ്ങളും വെളിച്ചങ്ങളും. ഒരു ആധുനിക സമൂഹമാകാനുള്ള നമ്മുടെ വ്യഗ്രത ബാക്കിനിൽക്കുമ്പോൾ നമുക്കൊരിക്കലും പ്രാകൃതരീതിയിലേക്ക്




പോകാൻ സാധ്യമല്ല. ശബരിമലയ്ക്ക് പോവുകയോ പോവാതിരിക്കുകയോ ചെയ്യാം. പക്ഷെ നമുക്ക് rituals കരുങ്ങിക്കിടക്കാൻ പറ്റില്ല. അനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടക്കാൻ പറ്റില്ല. സതിയാചരണംപോലെയൊന്ന് ഇനി നമുക്കിവിടെ കൊണ്ടുവരാൻ പറ്റില്ല. സ്ത്രീകളെ വീടിനകത്ത് അടച്ചിടാൻ പറ്റില്ല. അവർ അവരുടെ രീതിക്ക് പുറത്തിറങ്ങി സഞ്ചരിക്കും. ശബരിമല വിഷയത്തെ കൃത്യമായ പൊളിറ്റിക്കൽ അജണ്ടയിൽ സെറ്റ് ചെയ്തത് പൊളിറ്റിക്സിനോടുള്ള കേരളീയന്റെ ഒരു തരത്തിലുള്ള അടക്കാനാവാത്ത കാമമാണ്. രതിയാണ്. പൊളിറ്റിക്സിനോട് നമുക്ക് സ്നേഹമല്ല കാമാസക്തിയാണ്. അത് പുറത്തുപറയാനും പറ്റില്ല. എന്നാൽ ആസക്തിക്ക് ഒരതിര് ഇല്ലതാനും. ഒരു രാഷ്ട്രീയ കാമാസക്തിയുടെ പ്രകടനമാണ് നമ്മൾ കാണുന്നത്. അത് കേരളീയജനത മുഴുവൻ പങ്കുവയ്ക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നമ്മുടെ ഗ്രാമങ്ങളിലെ കാര്യം, കുട്ടനാട്ടിലെ കാര്യം ഒന്നാലോചിച്ചുനോക്കൂ. ഓരോ ക്ഷേത്രത്തോടും പള്ളിയോടും ബന്ധപ്പെട്ട് എന്തെല്ലാം ഐതിഹ്യങ്ങളാണ്! അയ്യപ്പനെക്കുറിച്ചും ഗീവർഗീസിനെക്കുറിച്ചും. ഇതെല്ലാം ഒരു സുപ്രഭാതത്തിൽ വിചാരിച്ചാൽ പൊട്ടിച്ചുകളയാൻ കഴിയുമോ?

**നവോത്ഥാനസമരങ്ങൾ എന്നു വിളിച്ച ഒരു ഘട്ടം നമുക്കുണ്ടായിരുന്നു. നമ്മുടെ പൂർവ്വികരായിട്ടുള്ള ആളുകൾ നടത്തിയ ഈ സമരങ്ങളുടെ ഊർജ്ജം കുറയ്ക്കുന്നതാണ് ശബരിമലയോടനുബന്ധിച്ചുനടന്ന സംഭവങ്ങൾ. നവോത്ഥാനമുണ്ടായ ഒരു സമൂഹത്തിൽ ഒരിക്കലും സംഭവിക്കാനിടയില്ലാത്ത സമരങ്ങളാണ് 2018 സെപ്തംബറിന് ശേഷം ഉണ്ടായത്.**

- നമുക്ക് ബുദ്ധന്റെ പ്രതിമകൊണ്ട് എന്തും ചെയ്യാം. നായയെ അടിക്കാൻ വരെ ഉപയോഗിക്കാം. പക്ഷെ അതിനല്ലല്ലോ സാധാരണ നമ്മൾ അത് ഉപയോഗിക്കാറുള്ളത്. നമ്മുടെ അനുഷ്ഠാനങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും പരസ്പരം ഹനിക്കാനല്ല, പരസ്പരം സഹകരിപ്പിക്കാനാണ്. അതാണ് നാരായണഗുരു symbolize ചെയ്തത്. അറിയാനും അറിയിക്കാനുമാണ്. അല്ലാതെ നിങ്ങളെയെല്ലാവരെയും പഠിപ്പിക്കാനുള്ള ഒരു സ്ഥാപനമല്ല ഇത്. ശബരിമല അനുഭവത്തിലൂടെ നമുക്ക് അറിവുണ്ടായി. ഇത്തരമൊരു സ്ഫോടനാത്മകമായ ഒരു സാധ്യത നമ്മുടെ കൺമുമ്പിൽ നിൽക്കുന്നു എന്ന ഒരു തിരിച്ചറിവ് നമുക്കുണ്ടായിട്ടുണ്ട്. ആ തിരിച്ചറിവിൽനിന്ന് നമ്മൾ പാഠങ്ങൾ പഠിക്കാതെയിരിക്കില്ല. ശബരിമലക്ഷേത്രം പണ്ട് കത്തിച്ചതാണ്. ഇതിനേക്കാളൊക്കെ എത്രയോ വലിയ ക്ഷോഭമാണ് ഉണ്ടായത്. കത്തിച്ചത് ക്രിസ്ത്യാനികളാണെന്നുള്ള ധാരണയുണ്ടായിരുന്നു. ഇന്ന് അത്തരം പ്രശ്നങ്ങളൊന്നുമില്ല. ഹിന്ദുസമാജത്തിനുള്ളിൽതന്നെയുള്ള ഒരു തർക്കമാണ്. രാഷ്ട്രീയത്തർക്കമായിട്ടാണ് രൂപാന്തരപ്പെടുന്നത്. അതിന് political ideological limitations ഉണ്ട്. മറ്റേത് അങ്ങനെയല്ലായിരുന്നു, സമുദായങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു തർക്കമായിട്ടാണ് രൂപാന്തരപ്പെടുന്നത്.

**പക്ഷെ മതത്തെ, മതത്തിന്റെ തത്ത്വങ്ങളെ വേണ്ടുംവണ്ണം മനസ്സിലാക്കാൻ കഴിയാത്തതാണു നമ്മുടെ പ്രശ്നം എന്നല്ലേ. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ പലയിടത്തും മതങ്ങൾക്ക് വലിയ പ്രാധാന്യമില്ല. പക്ഷെ അവിടുത്തെ ജനങ്ങൾ വളരെ സന്തോഷത്തോടുകൂടി ജീവിക്കുന്നു. എന്നാൽ ഇവിടെ ഈ മതങ്ങളെല്ലാമുണ്ടായിട്ടും നിരന്തരം മതകേന്ദ്രിതമായി ധാരാളം പ്രശ്നങ്ങളുണ്ടാവുകയും അത് നമ്മുടെ മനസ്സിനെ നിരന്തരം അലോസരപ്പെടുത്തുകയും ചെയ്യുന്നു.**

- മതകേന്ദ്രിതമായ പ്രശ്നങ്ങളുണ്ടാവുന്നു എന്നു പറയുമ്പോൾ ലോകത്തിലെ ഏതുഭാഗത്തുള്ള രാജ്യങ്ങളുമായിട്ടാണ് നമ്മൾ കേരളത്തെ താരതമ്യം ചെയ്യുന്നത്. പശ്ചിമേഷ്യയുമായി താരതമ്യം ചെയ്തുനോക്കൂ. മതത്തിന്റെപേരിൽ വംശങ്ങളെ കൂട്ടക്കൊലചെയ്ത ചരിത്രമാണ് പശ്ചിമേഷ്യ പോലെയുള്ള ഭാഗങ്ങളിലും Central India പോലെയുള്ള ഭാഗങ്ങളിലും മതസ്ഥാപന

ങ്ങൾ തകർക്കുക, കൊള്ളയടിക്കുക, ജനങ്ങളെ തകർക്കുക ഇതൊക്കെ സർവസാധാരണമാണ്. ഇന്നു നമ്മൾ തോക്കുചൂണ്ടിനിൽക്കുന്ന പ്രദേശങ്ങളായിട്ട് ലോകത്തിലെ ഏതേതുപ്രദേശങ്ങളെ കാണുന്നു. അങ്ങനെ നോക്കുമ്പോൾ അത്രയേറെ ഹിംസ മതത്തിന്റെപേരിൽ ഇവിടെയുണ്ട് എന്നു പറയാൻ പ്രയാസമാണ്. മതത്തിന്റെപേരിൽ ഹിംസയുണ്ട് എന്നു സമ്മതിക്കുമ്പോൾ തന്നെ മതത്തിന്റെ പേരിലുള്ള ഹിംസയെ പെരുപ്പിച്ചുപറഞ്ഞ് മതത്തെ പുറത്തുതള്ളിക്കളയാമെന്നാണ് ഭാവമെങ്കിൽ അതിനുപകരം വെയ്ക്കാൻ നമ്മുടെ കയ്യിൽ ഒന്നുമില്ല. പകരംവയ്ക്കാൻ, നമുക്കൊരു ethics ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. അത്തരമൊരു എത്തിക്സ് ഡെവലപ് ചെയ്യാൻ നമുക്ക് സാധിച്ചില്ല. അമ്പതുവർഷത്തോളം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് മേൽക്കൈ ഉണ്ടായി. സോഷ്യലിസ്റ്റ് ആദർശങ്ങൾ നമ്മുടെ മനസിൽ വന്നു, നീതിബോധം നമ്മളിൽ വളർന്നു. സംഘടിതശക്തിയെക്കുറിച്ച് നമുക്ക് ധാരണയുണ്ടായി. എല്ലാം വലിയ കാര്യമാണ്. പക്ഷെ Ethics of daily lifeനെക്കുറിച്ചുള്ള ധാരണകൾ നമ്മളിൽ പ്രബലമായില്ല. അതുകൊണ്ടായിരിക്കണം. ഇടതുപക്ഷപ്രസ്ഥാനം ബംഗാളിലും കേരളത്തിലും ഇന്ന് മറ്റു പ്രദേശങ്ങളിലെന്നപോലെ അഗ്നിപരീക്ഷയെ നേരിടുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രാധാന്യം തെളിച്ചുകാട്ടാനാണ് കുറച്ചുകാട്ടാനല്ല ഞാൻ ശ്രമിക്കുന്നത്. മതത്തെക്കുറിച്ചുള്ള ആശയങ്ങൾ പുനഃപരിശോധിക്കണം. ലളിതമായ ഒരു കാര്യം പറയാം. നമ്മുടെ സർവകലാശാലകളിൽ എവിടെയെങ്കിലും കേരളീയമത മാതൃകകളെക്കുറിച്ചുള്ള ഗവേഷണപഠനമുണ്ടാകണം. Religious Studies എത്രയോ വലിയ ഡിപ്പാർട്ടുമെന്റാണ് വിദേശസർവ്വകലാശാലകളിൽ. സാമൂഹികജീവിതവുമായി ബന്ധിപ്പിച്ചു വേണം പഠനം. ഈ പറയുന്നത് catechism ക്ലാസുകളെക്കുറിച്ചല്ല. Religious Studiesനെക്കുറിച്ചാണ്. Historical Studies, Sociological Studies, Cultural Studies... എത്രയോ ടെക്സ്റ്റ്ബുക്കുകൾ ലഭ്യമാണ്. ആ വിജ്ഞാനശാഖയ്ക്ക് ഇടം കൊടുക്കാൻ കേരളം തയ്യാറാവണം. അപ്പോൾ ചർച്ചചെയ്യാനുള്ള വിഷയമുണ്ടാവും ചർച്ചചെയ്യാനുള്ള രീതിശാസ്ത്രമുണ്ടാവും. അർത്ഥപൂർണ്ണമായി സംസാരിക്കാൻ സാധിക്കും. ഇവിടെയിപ്പോൾ ആചാരം മാറാൻ പാടില്ല എന്നാണ് പറയുന്നത്. മാറുന്നതിന്റെ പേരാണ് ആചാരം എന്നെങ്കിലും ലളിതമായി നമുക്ക് മനസ്സിലാക്കണമെങ്കിൽ ഇങ്ങനെയൊരു വിശാലവീക്ഷണമുണ്ടാവണം.

**നമ്മുടെ ബൗദ്ധിക സംസ്കാരം മിഷണറിമാരുടെ വരവോടു ബന്ധപ്പെട്ടു നിൽക്കുന്നു. മിഷണറിമാരുടെ വരവ്, കൊളോണിയൽ ഭരണം അതിൽനിന്നൊക്കെ നമുക്ക് ലഭിച്ച ഊർജ്ജമാണ് പിന്നീട് കേരളസമൂഹത്തെ നിർമ്മിക്കുന്നതിൽ നിർണായകമായി മാറുന്നത്. ഇത്തരം വാദങ്ങൾക്ക് എത്രത്തോളം സാധുതയുണ്ട്?**

● മിഷണറിമാർ നവീനകേരളത്തിന്റെ പുനഃസംവിധാനത്തിൽ എന്തുപങ്കുവഹിച്ചു എന്നുള്ളതാണ് വിഷയം. സാമാന്യമായിപ്പറഞ്ഞാൽ ക്രൈസ്തവരായ ആളുകളുടെ എഴുത്തും വായനയും പ്രസംഗങ്ങളുംകൊണ്ട് ആളുകൾ പൊറുതിമുട്ടിയിരിക്കുകയാണ്. കേരളത്തിൽ കാണുന്നതെല്ലാം ക്രൈസ്തവർ സൃഷ്ടിച്ചതാണത്രേ!. പള്ളി അവരുണ്ടാക്കി, പള്ളിക്കൂടം അവരുണ്ടാക്കി, ആശുപത്രി അവരുണ്ടാക്കി, അനാഥാലയം അവരുണ്ടാക്കി, ചെരുപ്പ് അവരുണ്ടാക്കി, ഉടുപ്പ് അവരുണ്ടാക്കി. ഇങ്ങനെ പറഞ്ഞുപറഞ്ഞുവരുമ്പോൾ മലയാളി ഉടുതുണി ഉരിയുന്ന ഒരേർപ്പാടായി മാറുന്നു, മിഷണറിസംഭാവനകളെക്കുറിച്ചുള്ള ചർച്ചകൾ. മിഷണറിമാർ അവരുടെ പങ്കുവഹിച്ചിട്ടുണ്ട്. ഒരു നവലോകത്തെക്കുറിച്ചുള്ള ദർശനത്തെക്കാൾ ദൈവലോകത്തെക്കുറിച്ചുള്ള ദർശനമാണ് അവരെ പ്രചോദിപ്പിച്ചത്. അവർ അതുകൊണ്ട് ആത്മാർത്ഥമായി അവരുടെ ജോലികളിൽ ഏർപ്പെട്ടു. അടിമകളെ മോചിപ്പിച്ചു. തൊഴിലിടങ്ങളിൽ നീതിയുണ്ടാക്കി, സ്ത്രീപുരുഷബന്ധങ്ങളെ കുറെക്കൂടി സമതുലിതമാക്കി. ഇതെല്ലാം ചെയ്യുമ്പോഴും ആത്യന്തികമായി മത പ്രചാരണം എന്നൊരു ലക്ഷ്യം ഉണ്ടായിരുന്നു. മതപരിവർത്തനം ചെയ്യുക. ഈ ലക്ഷ്യമില്ലാത്ത ഒരു മിഷണറിയുമില്ല. മതപരിവർത്തനമെന്ന ലക്ഷ്യത്തോടുകൂടിയുള്ള മതസംവേദനമാണ് മിഷണറിമാരുടെ പ്രവർത്തനം. കൊളോണിയൽ വിദ്യാഭ്യാസം എന്നുപറയുന്ന ഒരു വശമുണ്ട്. കോളണിവാഴ്ചക്കാരായ സായിപ്പന്മാർ അവിടെയും ഇവിടെയുമൊക്കെ സ്കൂളുകളുണ്ടാക്കി, പാഠപുസ്തകങ്ങളുണ്ടാക്കി, സർവകലാശാലകളുണ്ടാക്കി, ആളുകളെ വിദേശത്തയച്ചു പഠിപ്പിച്ചു. അപ്പോൾ അവരുടെ സേവനത്തെക്കുറിച്ച് എന്തുപറയണം. ആ സേവനത്തിന് അവർക്കുമുണ്ടായിരുന്നു ഒരു ലക്ഷ്യം. എന്താണ് ലക്ഷ്യം? മിഷണറിമാരുടെ ലക്ഷ്യമല്ല അത്. കോളനിവാഴ്ചയ്ക്കുതകുന്ന ഉദ്യോഗസ്ഥപ്രമാണിമാരെ സൃഷ്ടിക്കുക. ഉദ്യോഗസ്ഥപ്രമാണിമാരെ സൃഷ്ടിച്ച് അവർ വളരെക്കാലം ഇന്ത്യ ഭരിച്ചു. മിഷണറിമാർ മിഷണറിമാരെ പരിശീലിപ്പിച്ചു. നാട്ടുകാരെയും വിദേശീയരെയും മതപ്രചാരകരായി പരിശീലിപ്പിച്ചു. ഈ പ്രവർത്തനങ്ങൾക്കിടയിൽ ഇവിടെയൊരു സ്കൂൾസമ്പ്രദായം വികസിച്ചുവന്നു. ഇവിടെ പാഠപുസ്തകങ്ങൾ വികസിച്ചുവന്നു. അതായിരുന്നില്ല അവരുടെ ലക്ഷ്യം. അവരുടെ ലക്ഷ്യവ്യതിയാനങ്ങൾ നമ്മുടെ സ്വാതന്ത്ര്യാനന്തര ഭരണകൂടങ്ങൾ മനസ്സിലാക്കിയില്ല. സ്വാതന്ത്ര്യാനന്തരഭരണകൂടങ്ങൾ മിഷണറി മാതൃകയെയും കൊളോണിയൽ മാതൃകയെയും അന്ധമായി പിന്തുടരുകയായിരുന്നു. പുതിയ രീതിയിലുള്ള വിദ്യാഭ്യാസലക്ഷ്യങ്ങളും വിദ്യാഭ്യാസക്രമവും രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു. ഞാൻ പിഴയാളി എന്നു സ്വയം പറയുകയല്ലാതെ സായിപ്പിനെയും മിഷണറിമാരെയും വിരൽചൂണ്ടി ചീത്തവിളിച്ചു. മിഷണറിമാർ ലോകത്ത് എവിടെയെല്ലാം ചെന്നുപെട്ടു? അവിടെയൊക്കെയും മാറ്റമുണ്ടായോ. കേരളത്തിൽ വന്നതുപോലെ മിഷണറിമാർ ഇന്ത്യയിലെ മറ്റു പലഭാഗങ്ങളിലും പോയല്ലോ. എന്തുകൊണ്ട് മാറ്റമുണ്ടായില്ല. അപ്പോൾ അതിനൊരു ഉത്തരമുണ്ട്. കേരളസമൂഹത്തിന് ആത്യന്തികമായി ഉള്ളിന്റെയുള്ളിൽ ഒരു വിജ്ഞാനകൗതുകമുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു മതിപ്പുണ്ട്. ആ മതിപ്പ് പ്രവർത്തിച്ചതുകൊണ്ടാണ് നമുക്ക് ധാരാളം സ്കൂളുകളും കോളജുകളും പാഠശാലകളും പാഠപുസ്തകങ്ങളും ഉണ്ടായത്.

മിഷണറിമാരുടെ സേവനങ്ങളെ പുനരവലോകനം ചെയ്യുമ്പോൾ മിഷണറിസംവേദനം എന്തിന്? എങ്ങനെ? എന്ന ചോദ്യം ചോദിക്കാൻ സാധിക്കണം. അതുവരെയുണ്ടായിരുന്ന നമ്മുടെ വിനിമയങ്ങൾ - ക്രൈസ്തവവിനിമയങ്ങൾ ഇസ്ലാ

മികവിനിമയങ്ങളുടെയൊക്കെ ലക്ഷ്യം ജാതിക്കതീതമായ സമൂഹമായിരുന്നില്ല. ജാതിനിർണിതമായ സമൂഹമായിരുന്നു. അതുകൊണ്ടാണ് സുറിയാനിക്കാരുണ്ടാകുന്നത്, ലത്തീൻകാരുണ്ടാകുന്നത്, ക്നാനായക്കാരുണ്ടാകുന്നത്. ആ വ്യവസ്ഥിതിയെ ഉറപ്പിക്കുകയാണ്, അതിനെ ഇളക്കിമറിക്കുകയല്ല ചെയ്യുന്നത്. അതുതന്നെ പൊതുസമൂഹം ചെയ്തു. ജാതിവ്യവസ്ഥയെ തൊട്ടുതലോടി. അതിനെ വാത്സല്യപൂർവം നിലനിർത്തി. നമ്മൾ അതേറ്റെടുത്ത് ഇരുപത്തിയൊന്നാം നൂറ്റാണ്ടുവരെയെത്തിക്കുന്നു. കടപ്പാടുണ്ട്, പക്ഷെ നമ്മൾ ഉദ്ദേശിക്കുന്നതരത്തിലുള്ള കടപ്പാടല്ല ഉള്ളത്. ആധുനികീകരണം സംഭവിച്ചു. ആധുനികീകരണം സംഭവിച്ചത് മിഷണറി യത്നങ്ങൾ കൊണ്ടു മാത്രമല്ല; കൊളോണിയൽ യത്നങ്ങൾകൊണ്ടുകൂടിയാണ്.

ചങ്ങനാശ്ശേരിയിൽ താലൂക്കാശുപത്രിയുണ്ടായി. ഉണ്ടായത് പള്ളിയിൽനിന്ന് സ്ഥലം കൊടുത്തിട്ടാണെന്നു പറയുന്നു. ആയിരിക്കാം. പക്ഷെ അവിടെ കെട്ടിടം പണിതതു സർക്കാരാണ്. ചങ്ങനാശ്ശേരിയിലെ ആദ്യത്തെ സ്കൂൾ ഗവ. ഹൈസ്കൂളാണ്. നമ്മൾ മറ്റ് എന്ത് അവകാശവാദം പറഞ്ഞിട്ടും കാര്യമില്ല. മറ്റു സ്കൂളുകൾ സ്ഥാപിച്ചതു വലിയകാര്യംതന്നെ. പക്ഷെ ഗവ. സ്കൂളും ഗവ. ആശുപത്രിയും ഈ സമൂഹത്തിന്റെ വികാസത്തിലും ആധുനികീകരണത്തിലും വഹിച്ച പങ്ക് നമ്മൾ മറക്കാൻ പാടുള്ളതല്ല. അതിനെ തമസ്കരിക്കുന്ന രീതി വരുമ്പോൾ ഒരു വിഭാഗം രാഷ്ട്രീയക്കാരെങ്കിലും തമസ്ക്കരണ വിദ്യ മിഷണറി വിദ്യാലയങ്ങളുടെമേൽ പ്രയോഗിച്ചെന്നുവരാം. നമ്മുടെ സംസാരം കുറെക്കൂടി മറ്റുള്ളവർക്ക് സ്വീകാര്യമായ ഭാഷയിലാക്കാൻ ശ്രദ്ധിക്കണം. അതാണ് പ്രധാനപ്പെട്ടത്.

**മതം, മാനവികത – ഇവ രണ്ടും ഒരേ ദിശയിലാണോ അതോ വിരുദ്ധദിശയിലാണോ സഞ്ചരിക്കുന്നത് എന്നൊരുചോദ്യമുണ്ട്. രാഷ്ട്രീയമായ കാഴ്ചപ്പാടിൽ മതേതരത്വം എന്ന ആശയം കണക്കറ്റ് ചോദ്യം ചെയ്യപ്പെടുന്നില്ലേ ഇപ്പോൾ. ഇതൊരു രണ്ടുപക്ഷമായി തിരിഞ്ഞിട്ട് മതം എന്നത് സാമ്പ്രദായികമായ കാഴ്ചപ്പാടിൽ നമ്മൾ മനസ്സിലാക്കുകയും മതേതരത്വം അതിനൊരു ബദലായി നിൽക്കുകയും മതേതരത്വം എന്തോ അനാശാസ്യമായ ഒരേർപ്പാടാണെന്നുവരെ പറയുന്ന ഒരു സാഹചര്യത്തിലേക്ക് നമ്മുടെ സമൂഹത്തിന്റെ ഒരു ഭാഗമെങ്കിലും മാറിയിട്ടുണ്ടാവില്ലേ?**

- മതേതരത്വം ഒരു നാശമാണെന്നു പറയുന്നത് ആരാണ്? മതത്തെ fundamental ആയി കാണുന്ന ആളുകൾ മതേതരത്വത്തെ സംശയത്തോടുകൂടി സമീപിക്കുന്നുണ്ട്. ഇ.എം.എസിന്റെ വീക്ഷണത്തിൽ മതേതരത്വമെന്നാൽ മതമില്ലാത്ത സമൂഹമാണ്. നെഹ്റുവും ഇതേകാര്യം പറഞ്ഞതാണ്. മതഭേദങ്ങളെ ഗൗനിക്കാത്ത അവസ്ഥ എന്നൊരർത്ഥം അതിനുമുൻപുണ്ടായിരുന്നല്ലോ. അർത്ഥം നമ്മൾ സൃഷ്ടിക്കുന്നതാണ്. കേരളം എന്നെങ്കിലും ഇ.എം.എസും നെഹ്റുവും പറഞ്ഞ ഈ ആശയം സ്വീകരിച്ചിരുന്നോ, പ്രയോഗത്തിൽ? അങ്ങനെയാണെങ്കിൽ സിനഗോഗ് വയ്ക്കാൻ, ക്രിസ്ത്യൻ പള്ളിപണിയാൻ രാജാക്കന്മാർ സംഭാവനകൊടുക്കാൻ പാടില്ല, രാജാക്കന്മാർ ക്രിസ്ത്യൻപള്ളി വയ്ക്കാനായിട്ട് മരം വെട്ടാൻ അനുവാദം കൊടുക്കില്ല, പള്ളികൾക്ക് privilages കൊടുക്കാൻ പാടില്ല. പ്രാചീനകേരളം മതവൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുകതന്നെ ചെയ്തു. അതിന്റെ ഗുണദോഷങ്ങൾ നമുക്ക് വിചിന്തനം ചെയ്യാം. പക്ഷെ അതാണ് കേരളീയപാരമ്പര്യം. ഇവിടെ അമ്പലത്തിൽ ഉത്സവമുണ്ടെങ്കിൽ ഉത്സവത്തെ പരമാവധി മോടിപിടിപ്പിക്കുകയാണ് മുസൽമാന്റെയും ക്രിസ്ത്യാനിയുടെയും നിയോഗം എന്നുപറയുന്നത്. ശബരിമലയിൽ പോകുന്നവന് പള്ളിയിൽ കയറി ആചാരങ്ങൾ നടത്താൻ അവകാശങ്ങൾ കൊടുത്തിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു കലർപ്പിന്റെ വിദ്യ പാശ്ചാത്യചിന്തയിൽ വളരെ വിരളമാണ്. പാശ്ചാത്യചിന്തയുടെ കാർക്കശ്യം വെട്ടൊന്ന് മുറിരണ്ട് എന്ന മട്ടിൽ സത്യത്തെ തിരിച്ചെടുക്കാനുള്ള ശ്രമം വളരെയേറെ അപകടങ്ങൾ വരുത്തിവച്ചിട്ടുണ്ട്. അങ്ങനെ കരുതിയിട്ടാണ് യേശുവിന്റെ അമ്മയെ ദൈവമാതാവ് എന്നു വിളിക്കാമോ. ദൈവപുത്രൻ ഗർഭത്തിലുണ്ടാകുന്നതിനുമുൻപുള്ള അമ്മയല്ലല്ലോ. അപ്പോൾ ദൈവമാതാവ് എന്നുവിളിക്കാൻ പാടില്ല എന്ന് ഒരു വേദാന്തി പറയുന്നു. അപ്പോൾ അടുത്ത വേദാന്തി പറയുന്നു അങ്ങനെയല്ല ദൈവം ആദിമുതലേ നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് ദൈവമാതാവ് എന്നുവിളിക്കാം. ഇതെച്ചൊല്ലിയാണ് കൂട്ടക്കൊല നടത്തിയത്. ഇവിടെ കേരളംവരെ ആ കൂട്ടക്കൊല എത്തിയെന്നുള്ളതാണ്. നെസ്തോറിയൻ വാദം എന്നുപറയുന്നത് അതാണ്. വാക്കുകളെ കേന്ദ്രീകരിച്ചുള്ള ഇത്തരം തർക്കങ്ങൾ കേരളത്തിലെ ക്രൈസ്തവസമൂഹത്തെ അലട്ടിയിരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്.

**മതം, മതേതരത്വം തുടങ്ങിയവയെപ്പറ്റിയുള്ള കാര്യങ്ങൾ വളരെ ആശ്വാസജനകമാണ്, പ്രതീക്ഷാനിർഭരമാണ്. ഭാവികേരളത്തെ സംബന്ധിച്ച വലിയ പ്രതീക്ഷകൾ കാണുന്നുണ്ട്. മറ്റൊരു സംശയമുള്ളത് നിരന്തരമായി ജാതി ശാക്തീകരണങ്ങൾ നടക്കുന്ന ഇടംകൂടിയാണല്ലോ കേരളം. ഓരോ സമുദായവും അവരുടെ ശക്തിപ്രകടനങ്ങൾ നടത്തുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥ നവോത്ഥാന ചരിത്രത്തെത്തന്നെ അസാധുവാക്കുന്ന തരത്തിലുള്ള ജാതിശാക്തീകരണ, സമുദായശാക്തീകരണ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെയൊരു രസതന്ത്രം എന്തായിരിക്കും?**

- ജാതിസ്വത്വം എന്നുപറയുന്നത് അത്രമോശപ്പെട്ട ഒരു കാര്യമാണെന്നു തോന്നുന്നില്ല. ജാതിസ്വത്വം ജാതികലഹമായി വർദ്ധിക്കുമ്പോഴാണ് അതു പ്രശ്നമായിത്തീരുന്നത്. കുമാരനാശാനെ 'ഈഴവകവി' എന്നാണു വിളിച്ചിരുന്നത്. അതിൽ ആശാൻ അഭിമാനിച്ചിരുന്നു, ആശാന്റെ സ്തുതിപാഠകരായ ആളുകളും ആസ്വദിച്ചിരുന്നു. ആശാന്റെ ചരമറിപ്പോർട്ടും മറ്റുമൊക്കെ ആശാനെന്ന ഈഴവകവി അന്തരിച്ചുവെന്നാണ്. അതിലൊരു പോരായ്മ കണ്ടിട്ടില്ല. ആശാനാണ് ശ്രീനാരായണ ധർമപരിപാലനസംഘത്തിന്റെ സംഘാടനത്തിൽ വലിയൊരു പങ്കുവഹിച്ചത്. ആശാൻ നിങ്ങൾക്കു സ്വീകാര്യനാണെങ്കിൽ സാമുദായികതയെ അതിൽത്തന്നെ എതിർക്കാൻ, തള്ളിക്കളയാൻ നിങ്ങൾക്കു സാധിക്കുകയില്ല. സാമുദായികതയുടെ പേരിലിറങ്ങി പുറപ്പെട്ട ഈഴവസമാജവും നായർസമാജവുമാണ് വിദ്യാലയപരമ്പരകൾ നിർമ്മിച്ചുവച്ചത്. പക്ഷേ അതോടൊപ്പം ജാതിവിദ്വേഷവും പ്രചരിപ്പിച്ച

ണ്ടെന്നു സമ്മതിക്കാം. ഇവിടൊരു താരതമ്യം നമുക്ക് ആവശ്യമുണ്ട്. കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ജാതിവിവേചനം ഇന്നില്ല എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. മന്നത്തുപത്മനാഭനും ആർ. ശങ്കറുമൊക്കെ ജീവിച്ചിരുന്ന കാലത്ത് രാഷ്ട്രീയത്തിൽ അരങ്ങേറിയ നാടകങ്ങൾ നമുക്ക് സാവധാനം ആലോചിച്ചു നോക്കാവുന്നതാണ്. ജാതിയുടെ പേരിൽ നായർക്കു പ്രത്യേക രാഷ്ട്രീയപാർട്ടിയുണ്ടാക്കി, ഈഴവനു പ്രത്യേക രാഷ്ട്രീയ പാർട്ടിയുണ്ടാക്കി, നസ്രാണികൾ കേരള കോൺഗ്രസുണ്ടാക്കി. എന്തു സംഭവിച്ചു ഇവയ്ക്കൊക്കെ? ഇവയ്ക്കൊക്കെ എന്തു വളർച്ച കേരളത്തിൽ നേടാൻ സാധിച്ചു. മിച്ചമുള്ളത് വളരുംതോറും പിളരുന്ന കേരള കോൺഗ്രസ് മാത്രമാണ്. അതും പേരിനേയുള്ളൂ. രാഷ്ട്രീയ പാർട്ടികൾക്കുള്ളിൽ ജാതീയമായ ചേരിതിരിവുകൾ ഇപ്പോഴും നിലനില്ക്കുന്നു. ജാതീയത അസ്തമിച്ചിട്ടില്ല എന്നാണതിനർത്ഥം. ജാതീയത നിലനില്ക്കുന്നുണ്ട്. പക്ഷേ ജാതീയതയ്ക്കെതിരായൊരു ജാഗ്രത രാഷ്ട്രീയപ്രസ്ഥാനങ്ങളിലും പൊതുവേദികളിലും നിലനില്ക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസം വളരെ പ്രകടമായിത്തന്നെ ഇത്തരം ജാതീയമായ ഭ്രമങ്ങളെ പിന്തള്ളുകയും ചെയ്യുന്നുണ്ട്. നമ്മൾ അമിതമായ ഉത്കണ്ഠപ്പെട്ട് പറഞ്ഞ്, ജാതിയുടെ പേരുപറഞ്ഞ് രാഷ്ട്രീയ ധ്രുവീകരണത്തിനു ശ്രമിക്കേണ്ട കാര്യമില്ല. അങ്ങനെ വോട്ടു ചെയ്തിരുന്നെങ്കിൽ കേരളത്തിൽ എന്താകുമായിരുന്നു! അങ്ങനെയല്ലല്ലോ. ജാതിയുണ്ട്. അതിനെ നമ്മൾ അംഗീകരിക്കുന്നു. ഉന്നതജാതിയുടെ കാഴ്ചപ്പാട് ഉണ്ടാവരുത് എന്നേയുള്ളൂ. നമുക്ക് അംബേദ്ക്കറെപ്പോലെ ഒരു നേതാവിനെ തെളിഞ്ഞുകിട്ടുന്നത് അദ്ദേഹത്തിന്റെ ജാതീയമായ പ്രതിച്ഛായയിലൂടെയാണ്. അംബേദ്ക്കറും മായാവതിയുമൊക്കെ ഇല്ലാത്ത ഒരു ഇന്ത്യയെക്കുറിച്ചു നമുക്ക് ചിന്തിക്കാൻ പറ്റുമോ? അതാവശ്യമാണ്. ഇപ്പോൾ സ്ത്രീവാദത്തെ എതിർക്കുന്ന ആളുകൾ പറയും. സ്ത്രീയും പുരുഷനും ആരായിരുന്നാലും നല്ല മനുഷ്യരായിരുന്നാൽ മതി എന്ന്. അത്തരം സാർവലൗകികവാദങ്ങൾ ജാതീയമായ സ്വത്വത്തെ എതിർക്കുകയല്ല, ജാതീയമായ സ്വത്വത്തെ അമർച്ച ചെയ്യുകയാണു ചെയ്യുന്നത്.

യോഗ്യതയുള്ളവർക്കു മാത്രം സംവരണം കൊടുക്കണമെന്ന് നാം പറയും അങ്ങനെയല്ല. നൂറ്റാണ്ടുകളായി കീഴാളത്തത്തിൽ അകപ്പെട്ടുപോയ ഒരു ജനതയ്ക്കുണ്ടായ വംശീയമായ നാശത്തെ നേരിടുന്നതിനുള്ള പ്രതിവിധിയായിട്ടാണ് സംവരണത്തെ നമ്മൾ കണ്ടത്, ജാതി സംവരണത്തെ കണ്ടത്. ഇത്തരം കാര്യങ്ങളെ കൂട്ടിയിണക്കി ചിന്തിക്കാനാണ് സർഗാത്മകതയുള്ള ചിന്തകർ ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഗാന്ധിജിയും നെഹ്റുവുമെല്ലാം ഈ ആശയത്തോടു യോജിച്ചുവരുന്നത്. അതാണ് രാഷ്ട്രീയസത്യം. രാഷ്ട്രീയസത്യത്തെ മറച്ചുവച്ചുകൊണ്ട് ആദർശങ്ങൾ പ്രസംഗിക്കുന്നതിൽ അർത്ഥമുണ്ടെന്നു തോന്നുന്നില്ല.

**ഭാഷയോടുള്ള മലയാളിയുടെ മനോഭാവം?**

- മലയാളിയുടെ ഭാഷാമനോഭാവമാണ് മലയാളിയുടെ വളർച്ചയുടെ പ്രധാനകാരണം. പുതിയ ഭാഷകൾ പഠിക്കുക, പുതിയ ഭാഷകളിൽ വ്യവഹാരം സാധിക്കുക. ഭാഷ എന്നത് ഒരു ലോകബോധമാണ്. ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയാണ്. ഇംഗ്ലീഷിലെ ഭാഷാബോധമല്ല പോർച്ചുഗീസിലേത്, പോർച്ചുഗീസിലെ ഭാഷാബോധമല്ല ഹിന്ദിയിലേത്, ഹിന്ദിയിലെ ഭാഷാബോധമല്ല മലയാളത്തിലേത്. അപ്പോൾ ഭാഷ മാറുകയെന്നാൽ നമ്മുടെ ആകൃതി (Shape) തന്നെ മാറുകയെന്നതാണ്. മനസ്സിന്റെയും ശരീരത്തിന്റെയും ആകൃതി മാറുകയെന്നാണ്. ഈ രൂപാന്തരണത്തെ മലയാളി വലിയ ബഹളസന്തോഷമായാണ് കണ്ടത്. സംസ്കൃതം കടന്നുവന്നപ്പോൾ വേണ്ടതിലേറെ സംസ്കൃതം കലർത്തി തങ്ങളുടെ മൊഴിയെ അവർ മലയാളമാക്കി മാറ്റി. അങ്ങനെയാണ് മലയാളം രൂപാന്തരപ്പെടുന്നത്. മലയാളത്തിനു വ്യാകരണമുണ്ടാകുന്നതിനുമുമ്പേ മലയാളി മണിപ്രവാളവ്യാകരണം എഴുതി. എട്ടാം നൂറ്റാണ്ടിലോ പതിന്നാലാം നൂറ്റാണ്ടിലോ ഏതു ഘട്ടത്തിലുമാകട്ടെ, ലീലാതിലകം പോലെയുള്ള വ്യാകരണ ഗ്രന്ഥങ്ങളുണ്ടായി. അവ പ്യൂരിറ്റി (purity) യല്ല പറയുന്നത്, കലർപ്പിന്റെ വീര്യമാണു പറയുന്നത്. ആ കലർപ്പിന്റെ വീര്യം പിന്നീട് അറബിയോടു കാണിച്ചു. സംസ്കൃതം കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ വാക്കുകൾ മലയാളത്തിലുള്ളത് അറബിയാണ്. അതു കഴിഞ്ഞിട്ടു നമ്മൾ കടംകൊണ്ടത് പോർച്ചുഗീസാണ്. പോർച്ചുഗീസ് വാക്കുകൾ അന്നദിനജീവിതത്തിന്റെ മേഖലകളിൽ ബലപ്പെട്ടു. ഇംഗ്ലീഷുവന്നപ്പോൾ ഇംഗ്ലീഷിൽനിന്നും ധാരാളം വാക്കുകൾ കടംകൊണ്ടു. കടംകൊള്ളുകയും അതുപയോഗിച്ചു നവലോകങ്ങൾ സ്വപ്നം കാണുകയും നവലോകങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന ഒരു സാഹസികബുദ്ധി മലയാളിക്കുണ്ട്. ആ സാഹസിക ബുദ്ധിയാണ് മലയാളിയെ അമേരിക്കയിലും യൂറോപ്പിലും പിടിച്ചുനിർത്തുന്നത്. നമ്മുടെ നഴ്സുമാർക്കും വീട്ടുപരിചാരകർക്കുമെല്ലാം ഈ ഭാഷാശേഷിയുണ്ട്. ആ ഭാഷാശേഷിയുടെ അടയാളമാണ് ഇന്ന് അവർക്ക് മൊബൈൽ ഫോൺ. മൊബൈൽ ഫോണുപയോഗിക്കുന്നതിലൂടെ ഭാഷയുടെ ഒരു പുതിയലോകത്തേക്ക് അവർ വളരെവേഗം കടന്നുചെല്ലുന്നു. അപ്പോൾ ഭാഷയെന്നു പറയുന്നത് വെറും അക്ഷരങ്ങൾ കൊണ്ടുള്ള ഒരു വിദ്യയായി കണക്കാക്കാതെ നമ്മുടെ വിനിമയശേഷിയായും വളർച്ചയുള്ള ശേഷിയായും തിരിച്ചറിയുകയാണെങ്കിൽ മലയാളിയുടെ കൊടിയടയാളം തന്നെയാണ് ഭാഷാവബോധം എന്നുപറയാം. മലയാളി ഇക്കാര്യത്തിൽ കാണിക്കുന്ന ചില സൂക്ഷ്മവിവേചനങ്ങളും ശ്രദ്ധിക്കുന്നതു നല്ലതാണ്. അത്യാവശ്യം വേണ്ട കാര്യങ്ങൾക്കെല്ലാം സംസ്കൃതം ഉപയോഗിച്ചു ശീലിച്ചാലും പഴയ ദ്രാവിഡപദങ്ങളോടുള്ള മമത അവർ കൈവെടിയാറില്ല. ധാരാളം തദ്ദേശീയ പദങ്ങളുപയോഗിക്കും. വിദേശീയ പദങ്ങളുടെ ഉപയോഗത്തിൽ വളരെ സെലക്ടീവ് ആണവർ. ഉദാഹരണം സുറിയാനിയാണ്. ക്രിസ്തുവിന്റെ കാലത്തോളം പഴക്കമുള്ള ഒരു ക്രൈസ്തവസമൂഹം ഇവിടെയുണ്ട്. അവർ ആരാധനകളിലെല്ലാം സുറിയാനി ഉപയോഗിച്ചു. പക്ഷേ അവരുടെ നിത്യവ്യവഹാരത്തിൽ ഒരൊറ്റ സുറിയാനി വാക്കില്ല. പോർച്ചുഗീസുകാരുമായി കുറഞ്ഞ സമ്പർക്കമുണ്ടായി. അവന്റെ കൈയിൽ നിന്ന് ഒത്തിരിവാക്കുകൾ എടുത്തുപയോഗിച്ചു. പക്ഷേ സുറിയാനിയിൽനിന്ന് ഒരു വാക്കുപോലും അവർ അകത്തേക്കു പ്രവേശിപ്പിച്ചില്ല. എത്ര വിസ്മയകരമാണ് അവർ പാലിക്കുന്ന കൃത്യത. എന്തൊക്കെ വരണം, എന്തൊക്കെ പോകണം എന്നു നിയന്ത്രിക്കുന്ന ആ മാനസിക വിവേകത്തെ നമ്മൾ ആദരിക്കേണ്ടതാണ്.

# ഉർവരശരണം

കറുത്ത വാക്കുകൾ
കടിച്ചു തിന്നൊരു
വയറ്റു കണ്ണിയെ വഴിയിൽ കണ്ടുഞാൻ

തിളച്ച തീ മുഖം
കരയെ തിന്നുന്ന
ചരിത്രപ്പാലാഴിത്തിരകൾ കണ്ടു ഞാൻ

ഉഴുതഭ്രമിയിൽ
ഭയം വിതയ്ക്കുന്ന
കലപ്പച്ചാലിലെ കരച്ചിൽ കേട്ടു ഞാൻ

ഒളിച്ചചാടിയ
നവരസങ്ങളെ
വിവസ്ത്രരാക്കി കളികൾ കണ്ടു ഞാൻ

കടുത്ത നേരിനെ
മറച്ച രാത്രിയിൽ
കപാലമാല കൊരുത്തണിഞ്ഞു ഞാൻ



**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്



അണഞ്ഞുതീരുമീ-
യടുപ്പുകൾക്കുള്ളിൽ
പകുതിവേവായ പഴമ്പുരാണങ്ങൾ

ദഹിച്ചുതീരാതെ
പുളിച്ചും തേട്ടിയും
ധമനികൾ സ്വയം വലിച്ചുപൊട്ടിച്ചും

പടയെപ്പേടിച്ച്
പലവുരു സൂര്യൻ
തലവരമൂടിക്കിതച്ചു പായുന്നു.

ജഡത്തെപ്പോലെയോ
ജഗത്തെപ്പോലെയോ
തനിയെവന്ന ഞാൻ തനിയെപ്പോകുമ്പോൾ,

കരിയിലക്കാറ്റ്
കടപുഴക്കുന്ന
വിളുമ്പിൽ നിന്നു ഞാൻ
വഴുതിപ്പോകുമോ?
മരണഭീതിതൻ
ഭ്രമണപാതയിൽ
ഉപഗ്രഹങ്ങളായെരിഞ്ഞുതീരുമോ?

തിരണ്ട മണ്ണുപോൽ
തിരസ്കൃതാഗ്നിയിൽ
പൊറുതിയില്ലാതെ പിളർന്നുമാറുമോ?

വരണ്ട തൊണ്ടയിൽ
കുടുങ്ങും സങ്കടം
നിലവിളിക്കാതെ ചിതയിൽ താഴുമോ?

പുലിപ്പാലും തേടി
മലകയറുവാൻ
ജ്വലിച്ചുവന്നവർക്കഭയമില്ലെന്നോ?

വഴിപ്പാലം ഭേദി-
ച്ചടച്ച യാത്രയിൽ
ഹരിഹരപ്രേമസമസ്യപൂക്കുമോ?

മകരജ്യോതിപോൽ
പിറന്ന കാനന-
ക്കടങ്കഥകളിൽ ഞരക്കമില്ലെന്നോ?

ജനനനാഭിയിൽ
ഹരിതവേരിന്റെ
മറുപിള്ളച്ചോര കലർന്നിരിക്കുമ്പോൾ

അവിടെ വന്നു ഞാ-
നഖില ജന്മത്തിൽ
പുനർജ്ജനിപ്പാത്രം മലർത്തിവെയ്ക്കുന്നു.

അതിലൊരമ്മയെ
കണികണ്ടുവർവ്വര-
ശരണകാവ്യത്തെ തൊഴുതു നിൽക്കുന്നു!

# മോദി സർക്കാരിന്റെ ദേശവിരുദ്ധ വിദ്യാഭ്യാസനയം-2019

**വി.പി. മാർക്കോസ്**
യു.സി. കോളേജ്, ആലുവ



രണ്ടാം മോദിസർക്കാർ അധികാരത്തിലേറി ദിവസങ്ങൾക്കകം ദേശീയവിദ്യാഭ്യാസനയം-2019 ന്റെ കരടുപുറത്തുവന്നു. കരട്രൂപം പുറത്തുവന്ന നാളുമുതൽ അതിന്റെ മേന്മകൾ പാടിപ്പുകഴ്ത്താൻ വലതുപക്ഷ ബുദ്ധിജീവികളടക്കമുള്ള മോദിസൈന്യം മത്സരിക്കുകയാണ്. ഇന്ത്യയെ ഉടച്ചുവാർത്ത് പുതിയ ഒന്നാക്കിമാറ്റാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണത്രേ പുതിയ നയം. ഓടിച്ചുവായിക്കുന്നവർക്ക് പുളകം കൊള്ളാൻ പാകത്തിനുള്ള മേമ്പൊടികൾ ചേർത്താണ് കരടുനയം തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന കരടുനയം വിദ്യാഭ്യാസമേഖലയെ പൂർണമായും സ്വകാര്യവൽക്കരിക്കാനും കച്ചവടവൽക്കരിക്കാനും വർഗ്ഗീയവൽക്കരിക്കാനും ആഗ്രഹിക്കുന്ന ഭരണകൂടത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണെന്നതാണ് വാസ്തവം. ഇതറിയാൻ വലിയ തത്വജ്ഞാനവും രാഷ്ട്രീയവുമൊന്നും

Draft
# National Education Policy 2019



പഠിക്കേണ്ട. ഡോ. കെ. കസ്തൂരിരംഗൻ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള പുതിയ കരടുനയം ഒന്നു സൂക്ഷിച്ചു വായിച്ചാൽ മാത്രം മതി.

അഭിലഷണീയമായ ദാർശനിക അടിത്തറ ഇല്ല എന്നതുതന്നെയാണ് ഈ കരടിന്റെ പ്രധാനപ്രശ്നം. വിദ്യാഭ്യാസത്തെ തൊഴിലെടുക്കാനുള്ള നൈപുണിനേടലായി കണ്ടുകൊണ്ടാണ് ഈ നയം രൂപപ്പെടുത്തിയിട്ടുള്ളത്. നയരേഖയിൽ ഉടനീളം അത് പ്രതിഫലിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നിടത്ത് ഇക്കാര്യം പലതവണ ആവർത്തിക്കുന്നുമുണ്ട്. ബിരുദപഠനം പൂർത്തിയാക്കുന്ന ഒരാൾ ഏതു തൊഴിലും എടുക്കാൻ പര്യാപ്തമായ ശേഷി നേടിയിരിക്കണം എന്നാണ് കരടിലെ നിർദ്ദേശം. ബഹുവൈജ്ഞാനിക/അന്തർവൈജ്ഞാനിക പഠനസങ്കല്പവുമായി ചേർത്തുവെച്ചാണ് ഇത് പറയുന്നത് എന്നതാണ് ഏറെ കൗതുകകരം. ഒരു വിഷയവും ഒറ്റക്ക് നിൽക്കില്ല എന്നും മറ്റുവിഷയങ്ങളുമായി മേഖലകൾ പങ്കിട്ടുകൊണ്ടു മാത്രമേ ഏതൊരു വിഷയവും നിലനിൽക്കുന്നുള്ളൂ എന്നുമുള്ള പുത്തൻ തരിച്ചറിവിനെ ഉപയോഗിച്ചാണ് ഇത് സമർത്ഥിക്കുന്നത്. ഇവിടെ പക്ഷേ ബഹുവൈജ്ഞാനികത എന്നത് പലതരം തൊഴിൽ പഠിക്കാനുള്ള ഉപാധി മാത്രമാണ്. ലിബറൽ ആർട്സ് വിദ്യാഭ്യാസത്തെക്കുറിച്ചു പറയുമ്പോൾ പ്രശസ്ത മാധ്യമപ്രവർത്തകനായ ഫരീദ് സക്കറിയയുടെ പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് തൊഴിലിന്റെ പ്രാധാന്യത്തെ ഉറപ്പിച്ചെടുക്കാൻ ശ്രമിക്കുന്നുമുണ്ട്. 'The purpose of a liberal arts education is not simply to prepare for one's first job, but also for one's second job, third job and beyond. With the coming fourth industrial revolution, and the rapidly changing employment landscape, a liberal arts education is more important and useful for one's employment than ever before" (P.224-5)

തൊഴിൽ തന്നെയാണ് പ്രധാനം എന്നാണ് കരടുനയം പറയുന്നത്. വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധിപ്പിച്ച് ചിന്തിക്കുന്നത് വാസ്തവത്തിൽ ഒരശ്ലീലമാണ്. കൂടുതൽ നല്ല മനുഷ്യരായിത്തീരാൻ വേണ്ടിയാണ് വിദ്യാഭ്യാസം നേടുന്നതെങ്കിൽ തൊഴിൽ ഒരു കുറഞ്ഞ ലക്ഷ്യമാണ്. വിമർശബുദ്ധിയും സൃഷ്ടിപരതയും വളർത്തിവികസിപ്പിച്ചുകൊണ്ടാണ് കൂടുതൽ നല്ല മനുഷ്യരെ സൃഷ്ടിക്കാൻ കഴിയുക. എന്നാലിവിടെ ഏതുതൊഴിലും എടുക്കാൻ കഴിയുന്ന കൂലിത്തൊഴിലാളികളെ ഉണ്ടാക്കുന്ന പരിപാടിയായി വിദ്യാഭ്യാസത്തെ അധഃപതിപ്പിച്ചിരിക്കുകയാണ്. ചിന്തയും ചോദ്യംചെയ്യലും പുതുക്കിപ്പണിയലും ഒന്നും വേണ്ട, പറയുന്നത് അനുസരിച്ച് പണിയെടുത്താൽ മതി എന്ന കമ്പോളരാജാവിന്റെ ഫാസിസ്റ്റ് മുഖം തന്നെയാണ് വെളിപ്പെട്ടുവരുന്നത്. ലിബറൽ ആർട്സ് വിദ്യാഭ്യാസം എന്ന സങ്കല്പം എവിടുന്നാണ് കൊണ്ടുവരുന്നത് എന്നതും ഏറെ പ്രാധാന്യമുള്ളതാണ്. പ്രാചീന ഇന്ത്യയിലെ നളന്ദ, തക്ഷശില എന്നീ സർവ്വകലാശാലകളിൽ നിലനിന്നിരുന്ന സമ്പ്രദായമാണത്രേ ഇത്! രണ്ടായിരത്തഞ്ഞൂറ് വർഷം പുറകോട്ടു സഞ്ചരിച്ച് നമ്മൾ പുതുതായിത്തീരണം പോലും!!! ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾ ഈ പ്രാചീനസർവ്വകലാശാലകളിൽ വന്ന് ലിബറൽ ആർട്സ് വിദ്യാഭ്യാസം നേടി പോയിരുന്നു എന്നതാണ് ഇങ്ങനെയൊരു ചിന്തയ്ക്ക് കസ്തൂരിരംഗൻ കമ്മിറ്റിയെ പ്രേരിപ്പിച്ചത്. പ്രാചീന കാലത്തിനെ മഹത്വവൽക്കരിച്ച് വർണ്ണാശ്രമ ഇന്ത്യയെ പുനഃസൃഷ്ടിക്കുവാനുള്ള കാവിരാഷ്ട്രീയത്തിന്റെ രഹസ്യ അജണ്ടതന്നെയാണ് ഇത്. (India's rich legacy in the arts as well as in the sciences and beyond will greatly help in making the move towards liberal education on and natural transition P.226)

## Committee for Draft National Education Policy

(Constituted by Ministry of Human Resource Development, Government of India)

**Chairman**
**Dr. K. Kasturirangan**
*Former Chairman, ISRO*
*Bangalore, Karnataka*

**Members**
**Prof. Vasudha Kamat**
*Former VC, SNDTWU,*
*Mumbai, Maharashtra*

**Prof. Manjul Bhargava**
*Prof., Dept. of Mathematics,*
*Princeton University, USA*

**Dr. Ram Shankar Kureel**
*Former Founder VC, Baba Saheb Ambedkar University of Social Sciences, Madhya Pradesh*

**Prof. T. V. Kattimani**
*VC, IGNTU, Amarkantak,*
*Madhya Pradesh*

**Sri Krishna Mohan Tripathy**
*Former Chairperson,*
*High School & Intermediate-Examination Board, UP*

**Prof. Mazhar Asif**
*Dean, Centre for Persian and Central Asian Studies, Literature and Culture Studies, JNU, New Delhi*

**Prof. M. K. Sridhar**
*Former Member Secretary*
*Karnataka Knowledge Commission, GoK, Bangalore, Karnataka*

**Secretary**
**Dr. Shakila T. Shamsu**
*OSD (NEP)*
*Dept. of Higher Education, MHRD, GoI, New Delhi*

**To,**
**Shri Prakash Javadekar**
**Honourable Minister of Human Resource Development**
**Government of India**

**December 15, 2018**

Respected Shri Javadekar ji,

At the outset, I take this opportunity to thank you for being a pillar of strength in the onerous endeavour that you have entrusted to me and my team members.

We are submitting the Draft National Education Policy, 2019.

We have tried to prepare a Policy, which to the best of our wisdom, will change the educational landscape so that we prepare our youth to meet the variety of present and future challenges. It has been a journey in which each one of the team members, both individually and collectively, have strived to cover the varied aspects of our country's large education scenario. The Policy is founded on the guiding goals of Access, Equity, Quality, Affordability and Accountability. We have looked at the sector in a single organic continuum from pre-school to higher education and also touched on related sectors that form part of the larger picture.

We are indeed indebted to your unstinting support at every stage in this exercise and are confident that under your visionary leadership, your Ministry will try to reach the desired goals that this Policy has envisaged.

K. Kasturirangan
(Chairman)

Vasudha Kamat (Member) | Krishna Mohan Tripathy (Member) | Manjul Bhargava (Member) | M.K. Sridhar (Member)

Ram Shankar Kureel (Member) | T.V. Kattimani (Member) | Mazhar Asif (Member) | Shakila T. Shamsu (Secretary)

**Technical Secretariat**
*Room No. 201, Guest House, NAAC, Nagarbhavi, Bangalore -560072*
*Ph: 080 – 2300 5211; Email: ts.nep17@gmail.com*

തൊഴിൽ നൈപുണി നേടേണ്ട തിന്റെ ആവശ്യകത സമർത്ഥി ച്ചെടുക്കുന്നതും രസകരമായാണ്. നിലവിലുള്ള തൊഴിലുകൾ മിക്കതും യന്ത്രവൽകൃതമാകുമെന്ന് അവർ ഊഹിക്കുന്നു. (ഓട്ടോമേഷൻ (Automation) എന്നവാക്കാണ് അതിനായി ഉപയോഗി ച്ചിരിക്കുന്ന ത്.) നിലവിലുള്ള തൊഴിൽ സാധ്യ തകൾ ഇല്ലാതാകുമ്പോൾ പുതിയ തൊഴിൽ കണ്ടെത്തേണ്ടിവരുമല്ലോ അതുകൊണ്ട് പുതിയതരം തൊഴിൽ നൈപുണി നേടാൻ പറ്റുന്നവിധമു ള്ള വിദ്യാഭ്യാസപദ്ധതിയാണത്രേ ആവിഷ്ക്കരിക്കേണ്ടത്.

ഇന്ത്യയുടെ മഹത്തായ പാരമ്പര്യം പറഞ്ഞുകൊണ്ട് ലിബറൽ ആർ ട്സ് വിദ്യാഭ്യാ സത്തെ ഉയർത്തി ക്കാണിക്കുമ്പോൾ വളരെ രഹസ്യ മായി ചെയ്യുന്ന ഒരുപാതകം കൂടി അതിനുള്ളിൽ അടങ്ങിയിട്ടുണ്ട്. അത് സയൻസിനെ തിരസ്കരിക്ക ലാണ്. ലിബറൽ ആർട്സ് വിദ്യാ ഭ്യാസത്തിനകത്ത് സയൻസിനെ ഉൾപ്പെടുത്തിക്കളഞ്ഞു. ബിരുദവി ദ്യാർത്ഥികൾ സയൻസിനെ ഒരു കലയായി മാത്രം പഠിച്ചാൽ മതി എന്ന് വിവക്ഷ. പ്രാചീന ഭാരത ത്തിൽ അങ്ങനെയായിരുന്നു. 64 കലകൾക്കകത്ത് ശാസ്ത്രവും പെട്ടി രുന്നു. ശാസ്ത്രീയചിന്തയും ശാസ്ത്രീയ വീക്ഷണവും നേടുക എന്നതിനെ വളരെ സൗകര്യപൂർവ്വം വിഴുങ്ങുക യും ആധുനികശാസ്ത്രത്തെ അങ്ങനെ തന്നെ അകറ്റിനിർത്തുകയും ചെ യ്യുക എന്ന ഹിന്ദുത്വ അജണ്ട തന്നെ ഇവിടെയും നടപ്പിലാക്കപ്പെട്ടു (The very idea that all branches of creative human endeavour (Including mathematics and science) should be considered 'arts' indeed has distinctly Indian origins. Numerous ancient books in India going back over 2000 years (Including Banabhattas Kadnmbari, written 1400 years ago and one of the world's first ever novels) described the 64 kalas or arts where a truly educated person was described as on who mustered all the 64 kalas. These 64 kalas included music, dance, painting, sculputre, languages and literature inaddition to subjects such as engineering and mathematics as well as vocational subjects such as carpendry-this is very close to what the 'liberal arts' refers to today!(P.223))

പത്തുവർഷം കൊണ്ട് അഫിലി യേറ്റിങ് സമ്പ്രദായം അവസാ നിപ്പിക്കുകയും എല്ലാ ഉന്നതവി ദ്യാഭ്യാസസ്ഥാപനങ്ങളും സ്വയം ഭരണസ്ഥാപനങ്ങളായി മാറുകയും വേണം എന്നാണ് കരടുനയത്തിലെ നിർദ്ദേശം. മൂന്നുതരം സ്ഥാപനങ്ങ ളാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് വേണ്ടത്. 1. ഗവേഷണസർവ്വക ലാശാലകൾ, ഗവേഷണത്തിനും അധ്യാപന ത്തിനും തുല്യപ്രാധാ ന്യമുള്ളവയായിരിക്കും ഇത്തരം സ്ഥാപനങ്ങൾ. 2. അധ്യാപനസർവ്വ കലാശാലകൾ അധ്യാപനത്തിന് ഗവേഷണത്തേക്കാൾ കൂടുതൽ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ 3. കോളേജുകൾ (സ്വയംഭരണകോളേ ജുകൾ). സർട്ടിഫിക്കറ്റ് കോഴ്സു കൾ, ഡിപ്ലോമകോഴ്സുകൾ, ഡി ഗ്രികോഴ്സുകൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ, ഒരു വർഷം പഠി ച്ചാൽ സർട്ടിഫിക്കറ്റ്, രണ്ടുവർഷം പഠിച്ചാൽ ഡിപ്ലോമ, നാലുവർഷം കൊണ്ട് ഡിഗ്രി എന്നിങ്ങനെയാണ് പഠനപ്രോഗ്രാമുകൾ. ഉന്നതവിദ്യാ ഭ്യാസസ്ഥാപനങ്ങൾ എല്ലാത്തിൽ ചുരുങ്ങുകയും വലുപ്പത്തിൽ വിക സിക്കുകയും ചെയ്യണമെന്നാണ് സങ്കല്പം. സ്വയം ഭരണം എന്നതിന് സാമ്പത്തിക സ്വയംഭരണം എന്നർ ത്ഥമില്ല എന്നു പറയുന്നുണ്ടെങ്കിലും ധനസഹായത്തിന്റെ സ്രോതസ്സുകൾ പറഞ്ഞിട്ടില്ലാത്തതിനാൽ സാമ്പ ത്തിക സ്വയംഭരണവും വഴിയെ വന്നുചേരും എന്ന് സ്പഷ്ടം. ഏതു

## Committee for Draft National Education Policy

| | | |
|---|---|---|
| 1 | **K. Kasturirangan**<br>Former Chairman, ISRO<br>Honorary Distinguished Scientific Advisor, ISRO<br>Ex- Member of Parliament (nominated Rajya Sabha)<br>Raman Research Institute, Bengaluru | Chairman |
| 2 | **Vasudha Kamat**<br>Former Vice-Chancellor, SNDT Women's University, Mumbai | Member |
| 3 | **K.J. Alphons**<br>*(discontinued on assuming office as Union Minister of State for Electronics and Information Technology, Culture, and Tourism since 3 September 2017)*<br>Noida | Member |
| 4 | **Manjul Bhargava**<br>R. Brandon Fradd Professor of Mathematics, Princeton University<br>Princeton, USA | Member |
| 5 | **Ram Shankar Kureel**<br>Former Founder Vice Chancellor of Baba Saheb Ambedkar University of Social Sciences Madhya Pradesh | Member |
| 6 | **T.V. Kattimani**<br>Vice-Chancellor<br>Indira Gandhi National Tribal University<br>Amarkantak, Madhya Pradesh | Member |
| 7 | **Krishna Mohan Tripathy**<br>Director of Education (Secondary) and Former Chairperson of Uttar Pradesh High School and Intermediate Examination Board<br>Allahabad, Uttar Pradesh | Member |
| 8 | **Mazhar Asif**<br>Professor<br>Centre for Persian and Central Asian Studies,<br>School of Language, Literature and Culture Studies<br>Jawaharlal Nehru University, New Delhi | Member |
| 9 | **M.K. Sridhar**<br>Former Member Secretary, Karnataka Knowledge Commission<br>Bengaluru, Karnataka | Member |
| 10 | **Rajendra Pratap Gupta**<br>*(co-opted member resigned in December 2017)*<br>Former Advisor to Union Minister of Health and Family Welfare<br>Government of India | Member |
| 11 | **Shakila T. Shamsu**<br>OSD(NEP), Department of Higher Education<br>Ministry of Human Resource Development, New Delhi | Secretary |

കോഴ്സുവേണമെങ്കിലും വിഭാവനം ചെയ്ത് നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. (In the longterm (by2040), the Indian higher education system will consolidate into a far smaller number of institutions, across the three types of HEIs, but the average size of these institutions will be much larger than the average size today.... All HEIs including all universities (type 1 and 2) shall be required to offer liberal education under graduate programmes (P.215)

വാസ്തവത്തിൽ ഇന്ത്യയുടെ വർത്തമാനകാല വിദ്യാഭ്യാസസാഹചര്യങ്ങളെ ഒട്ടും കണക്കിലെടുക്കാതെ തട്ടി മൂളിക്കുന്ന നയങ്ങളാണ് ഇവയെല്ലാം. കച്ചവടവും ചൂഷണവും തട്ടിപ്പും എല്ലാം നിലനിൽക്കുന്ന സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങൾ അടക്കമുള്ള വിദ്യാഭ്യാസ സാഹചര്യങ്ങളെ പരിഗണിച്ചിരുന്നെങ്കിൽ ഇത്തരമൊരു നയം മുന്നോട്ടു വെക്കാൻ കഴിയുമായിരുന്നില്ല. കച്ചവടത്തിനുള്ള അപാരവും അനന്തവുമായ സാധ്യതകളെ തുറന്നിടുന്ന ഒന്നാണ് പുതിയ കരടുനയം എന്നത് സ്പഷ്ടം. മുമ്പ് കമ്പോളത്തിനാവശ്യമുള്ള തൊഴിലാളികളെ സൃഷ്ടിച്ചെടുക്കാൻ വേണ്ടി പ്രോഗ്രാമുകളും കോഴ്സുകളും സ്ഥാപനങ്ങളും വിഭാവനം ചെയ്യുകയും നടത്തിയെടുക്കുകയും ആണ് ചെയ്തിരുന്നതെങ്കിൽ, ഇപ്പോൾ വിദ്യാഭ്യാസമേഖലയെ തികച്ചും കച്ചവടമേഖലയായി കാണുകയാണ് ചെയ്തിരിക്കുന്നത്. മുമ്പും അതുണ്ടെങ്കിലും ഇത്ര രൂക്ഷമായിരുന്നില്ല. നാടിനും വിപണിക്കും ആവശ്യമില്ലാത്ത ഡിഗ്രികൾ/കോഴ്സുകൾ മുമ്പും വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇനിയങ്ങോട്ട് പണമുണ്ടാക്കാനുള്ള മാർഗ്ഗമായി വിദ്യഭ്യാസത്തെ മാറ്റിയെടുക്കാനുള്ള വഴി പൂർണമായും തുറക്കുകയാണ് പുതിയ കരടുനയം. ഭൂരിപക്ഷത്തെ വിദ്യാഭ്യാസപ്രക്രിയയിൽ നിന്നും പുറത്താക്കാൻ കൂടി ഉദ്ദേശിച്ചുള്ളതാണ് ഈ നയം എന്നും പറയേണ്ടതുണ്ട്. പണം കൊടുത്തുമാത്രം വാങ്ങാവുന്ന ചരക്കായി വിദ്യാഭ്യാസം മാറിക്കഴിയുമ്പോൾ അതു മേടിക്കാൻ സാധിക്കുക ആർക്കായിരിക്കും എന്ന് ആലോചിച്ചാൽ അതു വ്യക്തമാകും.

മൂന്നുതരം സ്ഥാപനങ്ങളുടെയും ഭരണസമിതികൾ മെരിറ്റിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെടുന്നവയായിരിക്കണമെന്നും അധ്യാപകസ്ഥാനക്കയറ്റങ്ങൾ മെരിറ്റിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കണമെന്നും കരടുനയത്തിൽ പറയുന്നു. കേവലം മെരിറ്റ് എന്ന മുതലാളിത്ത ആശയത്തെ വിദ്യാഭ്യാസരംഗത്തേക്ക് തിരുകിക്കയറ്റുകവഴി സാമൂഹിക നീതി എന്ന മഹത്തായ സങ്കല്പത്തെ ഇല്ലാതാക്കുകയാണ് കസ്തൂരിരംഗൻ കമ്മിറ്റി ചെയ്തിരി ക്കുന്നത്. സംവരണം എന്നത് അക്കാദമിക് എക്സലൻസിന് വിരുദ്ധമാണ് എന്ന മിഥ്യാ ധാരണയിലാണ് ഇത്തരമൊരാശയം മുന്നോട്ടുവെച്ചിരിക്കുന്നത്. വാസ്തവത്തിൽ വരേണ്യ വിഭാഗത്തിൽ ആയതുകൊണ്ടുമാത്രം മുൻഗണനലഭിക്കുന്നവരാണ് വലിയവിഭാഗം ആളു കളും. പലതരം അപകർഷതകൾ/തടസ്സങ്ങൾ കൊണ്ട് മുന്നോട്ടുവരാൻ കഴിയാത്തതു കൊണ്ടുമാത്രമാണ് പിന്നോക്കവിഭാഗങ്ങൾക്ക് അവസരങ്ങൾ നഷ്ടപ്പെട്ടുപോകുന്നത്. അതുകൊണ്ട് സംവരണം എന്നത് അക്കാദമിക് മികവിനുള്ള മാർഗ്ഗം കൂടിയാണ്. പിന്നോക്കവിഭാഗങ്ങൾക്കുള്ള തടസ്സങ്ങൾ/അപകർഷതകൾ മറികടക്കാൻ അവരെ പ്രാപ്തരാക്കുകയാണ് വേണ്ടത്, അല്ലാതെ സംവരണം

ഇല്ലാതാക്കുകയല്ല. ജാതിപരമായും ലിംഗപരമായും ദേശപരമായും ഭാഷാപരമായും ഒക്കെ പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുമ്പോൾ മാത്രമാണ് സാമൂഹിക നീതിയിൽ അധിഷ്ഠിതമായ ജനാധിപത്യപരമായ വിദ്യാഭ്യാസക്രമം പുലരുകയുള്ളൂ.

ഇന്ത്യയുടെ വിപുലമായ വൈവിധ്യത്തെ ഒട്ടും പരിഗണിക്കാതെ ഏകശിലാരൂപം എന്ന മട്ടിൽ ഉണ്ടാക്കിയെടുത്തിട്ടുള്ളതാണ് പ്രഖ്യാപിത കരടുനയം. റെജിമെന്റേഷൻ എന്നത് ഫാസിസത്തിന്റെ പ്രധാന ലക്ഷണമാണ്. വൈവിധ്യങ്ങളെ പരിഗണിക്കാതെയും അംഗീകരിക്കാതെയുമിരിക്കുക ഒരുതരം ധർഷ്ട്യം തന്നെയാണ്. സാംസ്കാരികമായും ദേശപരമായും തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങൾ നിലനിൽക്കുന്ന ഇന്ത്യ പോലൊരു വിസ്തൃതരാജ്യത്തിന് ഒരേ അച്ചിൽ വാർത്ത വിദ്യാഭ്യാസപദ്ധതി ഉണ്ടാവണം എന്ന് ആഗ്രഹിക്കുന്നതു പോലും ഹിംസയാണ്. ഗോത്രസംസ്കാരം മുതൽ മെട്രോ പോളിറ്റൻ നഗര സംസ്കാരം വരെ കയ്യാളുന്ന വിവിധ സമൂഹങ്ങൾ ഇന്ത്യയിലുണ്ട്. അത്തരം വൈവി ധ്യങ്ങളെ പാടേ അവഗണിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ കരട് ന്യൂനപക്ഷങ്ങളെയും പാർശ്വവൽകൃതരെയും അടിച്ചമർത്തുന്നതിനുള്ള നയത്തിനു തുല്യമാണ്. സംസ്ഥാനങ്ങളുടെ സാഹചര്യങ്ങളെ കണക്കിലെടുക്കാതെയും വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ പെടുന്ന ഒന്നാണെന്ന് വിസ്മരിച്ചുകൊണ്ടും ഏകപക്ഷീമായി മുന്നോട്ടു വെച്ചിരിക്കുന്ന ഈ കരട് ഇന്ത്യയുടെ ഫെഡറൽ തത്വങ്ങളോടുള്ള വെല്ലുവിളിയാണ്.

വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണവും വർഗ്ഗീയവൽക്കരണവും കച്ചവടവൽക്കരണവും നടപ്പാക്കാനുള്ള രാജവീഥിയാണ് ഈ കരടു നയം 414 പേജുകളി ലായി വിസ്തരിച്ചിരിച്ചിരിക്കുന്ന പ്രധാനകാര്യങ്ങളും 41 പേജുകളിലെ അനുബന്ധങ്ങളും 22 പേജുകളിലായി ചേർത്തിരിക്കുന്ന മുൻകുറിപ്പുകളും എല്ലാം ചേർത്ത് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ വിപുലമായ പുസ്തകം വാസ്തവത്തിൽ കരടുനയം എന്നല്ല പറയേണ്ടത്. കാര്യപരിപാടി എന്നാണ്. നയപ്രഖ്യാപനം ഒരിക്കലും ഇങ്ങനെയാവുക വയ്യ. ഇത് മോദി സർക്കാറിന്റെ നവലിബറൽ, വർഗ്ഗീയ താല്പര്യങ്ങൾക്കനുസരിച്ച് ഇന്ത്യൻ വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കാനുള്ള കർമ്മപദ്ധതിയാണ്. ഇന്ത്യയുടെ ഭൂതകാലത്തെ മഹത്വവൽക്കരിച്ചു

## Appendix VI

## Meetings of the Committee for Draft National Education Policy

| S. No. | Details | Date & Venue |
|---|---|---|
| 1 | First Meeting | 11 July 2017 - UGC, New Delhi |
| 2 | Second Meeting | 16-18 August 2017 – NAAC, Bengaluru |
| 3 | Third Meeting | 21-22 September 2017 – NAAC, Bengaluru |
| 4 | Fourth Meeting | 10-12 October 2017 – UGC, New Delhi |
| 5 | Fifth Meeting | 14-15 November 2017 – NAAC, Bengaluru |
| 6 | Sixth Meeting | 30 November-1 December 2017 – NAAC, Bengaluru |
| 7 | Seventh Meeting | 22-23 December 2017 – NAAC, Bengaluru |
| 8 | Eighth Meeting | 30-31 January 2018 – NAAC, Bengaluru |
| 9 | Ninth Meeting | 19-20 February 2018 – NAAC, Bengaluru |
| 10 | Tenth Meeting | 26 March 2018 – Raman Research Institute, Bengaluru |
| 11 | Informal Meeting of the Committee Members with the Chairman | 29 May 2018 – UGC, New Delhi |
| 12 | Eleventh Meeting | 4 June 2018 – UGC, New Delhi |
| 13 | Committee Briefing Meeting | 17 August 2018 – UGC, New Delhi |
| 14 | Informal Meeting of the Committee | 20 October 2018 – NAAC, Bengaluru |



കൊണ്ടുള്ള പ്രസ്താവനകൾ മാത്രമല്ല ഈ നയരേഖയുടെ അടിയൊഴുക്കായി തന്നെ എല്ലായിടത്തും ഹിന്ദുത്വ താല്പര്യങ്ങളുടെ പരിച്ഛേദങ്ങൾ നമുക്ക് കാണാവുന്നതാണ്. ആമുഖത്തിൽ തന്നെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മഹത്തായ പാരമ്പര്യത്തെ വാനോളം വാഴ്ത്തുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തന്നെ മോക്ഷമാണെന്ന് പ്രാചീനർ കരുതിയിരുന്നതായും പറയുന്നുണ്ട്.ഇപ്പോഴും അതു തന്നെയാവണം ലക്ഷ്യം എന്നാണ് അതിനർത്ഥം(...The aim of education in ancient India was not just the acquistiation of knowledge, as preparation for life in this world or for life beyoud schooling, but for complete realization and liberation of the self.(P25) ഈ കരടുനയത്തിന്റെ അനുബന്ധം ഒന്നാംഭാഗത്തിന്റെ 7-ാം അനുബന്ധത്തിൽ കമ്മിറ്റി കൺസൾട്ട് ചെയ്ത ആളുകളുടെയും സംഘടനകളുടെയും മറ്റും പട്ടിക കൊടുത്തിട്ടുണ്ട്. 74 സ്ഥാപനങ്ങളെ/സംഘടനകളെയും 217 വ്യക്തികളെയും കൺസൾട്ട് ചെയ്തതായി പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിൽ സ്ഥാപന/സംഘടനകളുടെ പട്ടികയിൽ രണ്ടാമത്തെ പേര് അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്ത് എന്നാണ്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയം രൂപീകരിക്കുന്നതിന് ആ രംഗത്തു പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടനകളെ കാണുന്നത് തീർച്ചയായും നല്ലതു തന്നെയാണ്. എന്നാൽ എ.ബി.വി.പി. എന്ന ഒരൊറ്റ വിദ്യാർത്ഥി സംഘടനയെ മാത്രമേ കണ്ടിട്ടുള്ളൂ എന്നു പറയുമ്പോൾ അതിലൊരു അസ്വാഭാവികതയുണ്ട്. വിദ്യാർത്ഥികളുടേയോ അധ്യാപകരുടേയോ മറ്റേതെങ്കിലും സംഘടനകളെ ഈ കമ്മറ്റി കണ്ടിട്ടില്ല. എന്തുകൊണ്ട് എ.ബി.വി.പി. മാത്രം എന്ന ചോദ്യം സത്യസന്ധമായി ഉയർത്തുമ്പോഴാണ് ഹിന്ദുത്വ അജണ്ടയുടെ കരുക്ക് നമുക്ക് മുമ്പിൽ ഉയർന്നു വരിക.

സ്വപ്നസമാനമായ പ്രഖ്യാപനങ്ങൾ നിറഞ്ഞ പ്രഖ്യാപിത വിദ്യാഭ്യാസനയത്തിന്റെ കരട് രൂപത്തിന്റെ സിംഹഭാഗവും ഇരുണ്ട് കിടക്കുകയാണ് എന്ന് പറയേണ്ടിയിരിക്കുന്നു. വളരെ ഗൗരവത്തോടെ തയ്യാറാക്കേണ്ടുന്ന ഒരു നയം തീർത്തും ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്തിരിക്കുന്നതായി വിലയിരുത്തിയാൽ അതിൽ തെറ്റില്ല. അതുകൊണ്ട് തന്നെ വളരെ ഗൗരവത്തോടെ, അവധാനപൂർവ്വം ചർച്ച ചെയ്തതിനുശേഷം മാത്രമേ ഈ കരടിനു മേൽ എന്തെങ്കിലും തീരുമാനം എടുക്കാൻ പാടുള്ളൂ. ഒന്നോ രണ്ടോ മാസം കൊണ്ട് അഭിപ്രായം രൂപീകരിച്ച് നയപ്രഖ്യാപനത്തിലേക്ക് പോകാനുള്ള നീക്കം ഇരിക്കുന്ന കൊമ്പു മുറിക്കുന്നതിനു തുല്യമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന നയത്തിന്റെ എല്ലാവശങ്ങളും സൂക്ഷ്മമായി വായിക്കുന്നതിനുള്ള സമയം പോലും ഇപ്പോൾ നൽകിയിട്ടില്ല എന്നതാണ് സത്യം. ഒരു മാസത്തിനുള്ളിൽ അഭിപ്രായം രേഖപ്പെടുത്തണം എന്ന് ആദ്യം പ്രഖ്യാപിക്കുകയും പിന്നീടത് ഒരു മാസം കൂടി നീട്ടുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രസിദ്ധീകരിച്ച നയത്തിന്റെ വലുപ്പവും ആഘാതശേഷിയും പരിഗണിക്കുമ്പോൾ രണ്ടുമാസം എന്നത് കുറഞ്ഞ സമയമാണ്. മറ്റൊരുകാര്യം ഈ നയത്തിന്റെ കാര്യമൊന്നും വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളായ ജനം അറിഞ്ഞിട്ടുമില്ല. അതുകൊണ്ടുതന്നെ വളരെ വിപുലവും വിശദവുമായ ചർച്ചകൾക്കുശേഷം മാത്രമേ എന്തെങ്കിലുമൊരു തീരുമാനം ഇതിനുമേൽ വരാൻ പാടുള്ളൂ. അത്തരം ചർച്ചകൾക്കും പ്രചരണങ്ങൾക്കും നേതൃത്വം നൽകാൻ പുരോഗമനസംഘടനകൾ മുന്നോട്ടുവരികയും വേണം.

## Appendix VII

# Details of Consultations by the Committee for Draft National Education Policy (July 2017 onwards)

The following is an inventory of various organizations, autonomous bodies, institutions, ministries, eminent persons and individuals with whom the Committee or any member has met and interacted. It is to be noted that under the first category, only institutions/organizations have been listed which were represented by several functionaries and officials, whose individual names have not been included.

## I. Ministries / Institutions / Associations / Organizations

1. *Aga Khan Foundation*
2. *Akhil Bharatiya Vidyarthi Parishad*
3. *Akshay Patra Foundation*
4. *All India Council for Technical Education*
5. *All India Management Association*
6. *All India Secondary Teachers Association*
7. *Anjuman-I-Islam*
8. *Associated Chambers of Commerce of India*
9. *Association of Healthcare Providers India, Bengaluru*
10. *Association of Indian Universities, New Delhi*
11. *Azim Premji University*
12. *Bharath Shikshana Mandal*
13. *Bharatiya Shiksha Shodh Sansthan, Lucknow*
14. *Catholic Bishops' Conference of India*
15. *Center for Contemporary Studies – Indian Institute of Science, Bengaluru*
16. *Confederation of Indian Industry*
17. *Consortium of Christian Minority Higher Education Institutions*
18. *Darul Uloom Deoband*
19. *Department of Higher Education, MHRD*
20. *Department of Legal Affairs, New Delhi*



# പ്രളയം 2018 : ഒരു സ്വതന്ത്ര വിലയിരുത്തൽ

**ജോമി അഗസ്റ്റിൻ**
സെന്റ് തോമസ് കോളേജ് പാല



ഈയടുത്തകാലം വരെയും കരുതപ്പെട്ടിരുന്നത് പ്രകൃതിദുരന്തങ്ങൾ ചില പ്രത്യേക ഭൂപ്രദേശങ്ങളിലും കാലാവസ്ഥകളിലും മാത്രം സംഭവിക്കുന്ന ഒരു സാധാരണ സംഭവമെന്നായിരുന്നു. എന്നാൽ 2018ൽ കേരള ജനത അഭിമുഖീകരിച്ച മഹാപ്രളയദുരന്തം നമ്മെ ബോധ്യപ്പെടുത്തിയത് പ്രകൃതിദുരന്തങ്ങൾ ആർക്കുവേണമെങ്കിലും എവിടെ വേണമെങ്കിലും എന്നു വേണമെങ്കിലും സംഭവിക്കാൻ സാധ്യതയുള്ള ഒന്നാണെന്നാണ്. ആസാമിലും ഒറീസയിലും ആന്ധ്രാപ്രദേശിലും ഒക്കെ ഒരു കാലത്ത് പ്രളയങ്ങൾ സംഭവിച്ചിരുന്നത് നമ്മൾ പ്രത്യേകിച്ച് ഒരു താല്പര്യവുമില്ലാതെയായിരുന്നു കണ്ടുകൊണ്ടിരുന്നത്. ആ മനുഷ്യരെക്കുറിച്ച് സഹതപിക്കുക മാത്രം ചെയ്തിരുന്നു. അത്തരത്തിലോ അതിലും ഭീകരമായേതാ ആയ ഒരു പ്രളയം 2018 ആഗസ്റ്റിൽ കേരളജനത അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ മാത്രമാണ് അതിന്റെ തീവ്രത നമുക്ക് മനസ്സിലായത്. ലോകത്ത് ഏറ്റവും സുരക്ഷിതമായ സ്ഥലത്താണ് നമ്മൾ താമസിക്കുന്നതെന്ന് അഹങ്കരിച്ചിരുന്ന മലയാളികൾ ഭൂമിയിൽ ഒരു സ്ഥലവും സുരക്ഷിതമല്ല എന്ന് മനസ്സിലാക്കി. നാലുമഴ അധികമായി പെയ്തപ്പോൾ അതിൽ അലിഞ്ഞുപോകാനുള്ളതേയുള്ളൂ നമ്മൾ ഉള്ളിൽ കൊണ്ടു നടക്കുന്ന അഹങ്കാരമെന്നും മലയാളികൾ തിരിച്ചറിഞ്ഞു. പക്ഷേ പ്രളയദുരന്തം നമുക്കുനൽകിയ പാഠങ്ങൾ നമ്മൾ സൗകര്യപൂർവ്വം മറക്കാൻ തുടങ്ങിയോ എന്ന് തോന്നുന്നതിനാലാണ് പ്രളയത്തിന്




9 മാസത്തിനുശേഷവും വരാൻ പോകുന്ന മഴക്കാലത്തിന് മുമ്പായി ഇതെഴുതുവാൻ കാരണം.

ഇന്ത്യാ മഹാരാജ്യത്ത് ഒരു സമശീതോഷ്ണമേഖലയുണ്ടെങ്കിൽ അത് കേരളം മാത്രമായിരിക്കും. ഒരു പരിധിവിട്ടുള്ള ചൂടോ തണുപ്പോ കേരളത്തിൽ ഉണ്ടാകുന്നില്ല. തോളിൽ കിടക്കുന്ന തോർത്തെടുത്ത് വീശിയാൽ മാറാത്ത ആവിയോ ഉടുത്തിരിക്കുന്ന മുണ്ട് പുതച്ചാൽ മാറാത്ത തണുപ്പോ കേരളത്തിൽ അനുഭവപ്പെടുന്നില്ല. ഇന്ത്യൻ കാലാവസ്ഥയെ ഏറ്റവുമധികം സ്വാധീനിക്കുന്ന പശ്ചിമഘട്ടത്തിന്റെ സാന്നിദ്ധ്യവും ഉഷ്ണമേഖലാ മഴക്കാടുകളിൽ നിന്നും ഉരുത്തിരിഞ്ഞ ജൈവവ്യവസ്ഥയുമാണ് ഇത്തരമൊരു കാലാവസ്ഥാ വിശേഷം കേരളത്തിലുണ്ടാവാൻ മൂലകാരണം. വടക്കേ ഇന്ത്യയിൽ നിന്നും വരുന്ന ട്രെയിൻയാത്രക്കാർക്ക് പാലക്കാടൻ ചുരം കടന്നാൽ ലഭ്യമാകുന്ന ആ സുഖശീതളാവസ്ഥ നിരവധി കാലാവസ്ഥാനിയന്ത്രണഘടകങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുമാത്രം ഉള്ളതാണ്. ഈ ഘടകങ്ങൾ മനുഷ്യന് നിർമ്മിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ എത്ര പണ്ടേ ഇത് ലോകത്തെമ്പാടും മനുഷ്യർ സ്വന്തമാക്കുമായിരുന്നു.

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് പണ്ട് ഉണ്ടായിരുന്ന ഒരു മഴയാണ് 40-ാം നമ്പർ മഴ. 40-ാം നനപർ എന്ന് ഹൈറേഞ്ചുകാർ പറയുന്നത് പരുത്തിനൂലിന്റെ വണ്ണത്തിന്റെ ഒരു അളവാണ്. ഈ വണ്ണത്തിലുള്ള നൂലുപോലെ നിർത്താതെ .പെയ്തു കൊണ്ടിരിക്കുന്ന ഒരു മഴ. ആഴ്ചകളോളം നിലനിൽക്കുന്ന ഇതിന് മഴയടപ്പ് എന്നാണ് പറയുന്നത്. മണ്ണിൽ വെള്ളമിറങ്ങുന്നത് ഈ മഴമൂലമാണ്. നീണ്ടുനിന്നുപെയ്താലും ഇതുമൂലം പക്ഷേ വെള്ളപ്പൊക്കമൊന്നും ഉണ്ടാവാറില്ല. പുഴകൾ നിറഞ്ഞുകിടക്കുമെന്ന് മാത്രം. ഈ മഴയ്ക്ക് വലിയ ശക്തിയില്ല, പക്ഷേ വീടിന് പുറത്തിറങ്ങാൻ വയ്യാത്തവണ്ണം നീണ്ടുനിൽക്കുമെന്ന് മാത്രം. കാലാവസ്ഥാമാറ്റം നിമിത്തമായിരിക്കണം, 40-ാം നമ്പർ മഴ ഇപ്പോഴില്ല. അതിനുപകരം കനത്ത മഴയാണ് തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്തും പെയ്തുകൊണ്ടിരിക്കുന്നത്. ഇതിന് ദൈർഘ്യം കുറവാണ്. പക്ഷേ കൂടുതൽ ജലം കുറഞ്ഞസമയംകൊണ്ട് മണ്ണിലെത്തും. ജലം മണ്ണിലേക്ക് എത്തുന്നത് ഒരു സാവ



മലഞ്ചെരിവുകളിലുള്ള മണ്ണിന് ഇത് വേണ്ടതിലുമധികമുണ്ടായിരുന്നു. പക്ഷേ രാസവളത്തിന്റെയും കളനാശിനിയുടെയും കീടനാശിനിയുടെയും അമിതപ്രയോഗം മണ്ണിലെ ജൈവാംശത്തെ കുറയ്ക്കുകയോ തീരെ ഇല്ലാതാക്കുകയോ ചെയ്യുന്നു. ഇത് മണ്ണിന്റെ ആഗിരണശേഷിയും മൺതരികൾക്ക് പരസ്പരം ഒട്ടിനിൽക്കാനുള്ള ശേഷി (പശിമ)യും ഗണ്യമായി കുറയ്ക്കുന്നു. അല്പമെങ്കിലും ചരിവുള്ള പ്രദേശമാണെങ്കിൽ ഇത് വളരെ വേഗം സംഭവിക്കും. ജൈവാംശം നഷ്ടപ്പെട്ട മണ്ണ് മഴപെയ്ത് കുതിർന്നുകഴിഞ്ഞാൽ മണ്ണൊലിപ്പോ മണ്ണിടിച്ചിലോ സംഭവിച്ചേക്കാം. മണ്ണിടിച്ചിലിനെയും മണ്ണൊലിപ്പിനെയും പ്രകൃത്യാ തടഞ്ഞിരുന്ന സസ്യാവരണം (പുൽമേടും കാടുകളും) മലഞ്ചെരിവുകളിലും പുഴക്കരകളിലും കുറഞ്ഞുവരുന്നത് ഒരു കാലത്ത് ഒറ്റപ്പെട്ടുസംഭവിച്ചുകൊണ്ടിരുന്ന വിപത്തിനെ വൻപ്രകൃതിദുരന്തമാക്കി മാറ്റുന്നു.

മണ്ണിടിച്ചിലിന് മറ്റൊരു കാരണം അശാസ്ത്രീയമായ മണ്ണെടുപ്പാണ്. അങ്ങിനെ പറയുമ്പോൾ പണ്ടുള്ളവർ മണ്ണെടുത്തിരുന്നത് ശാസ്ത്രീയമായിട്ടായിരുന്നോ എന്ന ഒരു വാദം വന്നേക്കാം. പ്രകൃതിസ്രോതസ്സുകൾ ചൂഷണം ചെയ്യുന്നിടത്ത് ശാസ്ത്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രകൃതിക്കിണങ്ങുന്ന രീതിയിലായിരിക്കണം എന്നാണ്. അതുകൊണ്ട് പ്രകൃതിസ്രോതസ്സുകൾ ചൂഷണം ചെയ്യുന്നതിനുള്ള നൂതനമാർഗങ്ങൾ എല്ലാം ശാസ്ത്രീയമോ പ്രകൃതിക്കിണങ്ങുന്നതോ ആവണമെന്നില്ല. ഉദാഹരണത്തിന് പാറ ഖനനം ചെയ്യുന്നിടത്ത് ഈയടുത്ത കാലത്തായി അനുവർത്തിച്ചുവരുന്ന പല നൂതനസ്പോർട്സ് രീതികളും സമീപപ്രദേശത്തുള്ള കുന്നുകൾക്കും മലകൾക്കും നടുക്കമുളവാക്കുന്നതാണ്. കൂടുതൽ വ്യാപ്തിയിൽ പാറപിളർക്കുന്ന സ്ഫോടനങ്ങൾ എളുപ്പവും ലാഭകരവും പെട്ടെന്ന് ചെയ്യുന്നതുമാണെങ്കിലും അത് ഉടനെയോ പിൽക്കാലത്തോ വ്യാപകമായ മണ്ണിടിച്ചിലിനോ ഉരുൾപൊട്ടലിനോ കാരണമായേക്കാം. ഈ നൂറ്റാണ്ടിന്റെ പ്രാരംഭകാലത്ത് (2001-2005) കേരളത്തിൽ അനുമതി ലഭിച്ച പാറമടകളിൽ നടത്തിയ പാറഖനനം നമുക്ക് ചിന്തിക്കാൻ വയ്യാത്ത വ്യാപ്തിയിലായിരുന്നു. ഈ പാറമടകളിൽ നടന്ന സ്ഫോടനമാർഗങ്ങൾ മൂലം സമീപപ്രദേശങ്ങളിൽ ഏൽപിച്ച നടുക്കങ്ങൾ 2018-ലെ ഘോരമഴയത്ത് വ്യാപകമായ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും ഇടയായോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നൂതനയന്ത്രങ്ങൾ ഉപയോഗിച്ച് ആവശ്യത്തിന് ചരിവ് കൊടുക്കാതെ കുത്തനെ മണ്ണെടുക്കുന്നത് മലമ്പ്രദേശങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലിന് കാരണമാകാറുണ്ട്.

പശ്ചിമഘട്ടത്തിന്റെ കെട്ടുറപ്പും ജലസ്രോതസ്സിന്റെ നിലനിൽപ്പും ലക്ഷ്യമാക്കി പ്രകൃതിശാസ്ത്രവിദഗ്ധൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ നേതൃത്വം നൽകിയ പശ്ചിമഘട്ട പഠനസമിതി നിർദ്ദേശിക്കുന്നതും പരിസ്ഥിതി സൗഹൃദമല്ലാത്ത പല പ്രവർത്തനങ്ങളുടെയും നിയന്ത്രണങ്ങൾ തന്നെയാണ്. എന്ന് വെച്ച് ഗാഡ്ഗിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിരുന്നുവെങ്കിൽ 2018ലെ പ്രളയം ഉണ്ടാകുമായിരുന്നില്ല എന്നൊന്നും അഭിപ്രായമില്ല. മഴ ക



റഞ്ഞ ഡക്കാൻ പീഠഭൂമിയിലാണ് ഇന്ത്യയുടെ കാർഷികമേഖലയുടെ നട്ടെല്ല് ഒരു ട്രോപിക്കൽ ഉഷ്ണമേഖലാകാലാവസ്ഥയുള്ള ഡക്കാണിൽ മഴപെയ്യുന്ന കാലത്തും അതുപോലെ മഴയില്ലാതെയും കൃഷിക്കാവശ്യമായ ജലമെത്തണം. അതിന് കിഴക്കോട്ട് ചരിഞ്ഞുകിടക്കുന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ മാത്രമാണ് മാർഗം. ഈ നദികളുടെ വൃഷ്ടിപ്രദേശത്തെ (പശ്ചിമഘട്ടത്തിലെ) ജലസ്രോതസ്സ് നിലനിർത്തണമെങ്കിൽ അമിതചൂഷണത്തിനുള്ള ചില നിയന്ത്രണങ്ങൾ നടപ്പിലാക്കിയേ പറ്റൂ. അതാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഉദ്ദേശവും. അല്ലാതെ അത് പ്രളയവുമായി ബന്ധമുള്ളതൊന്നുമല്ല. ചില നിർദ്ദേശങ്ങൾ മണ്ണിടിച്ചിലിന്റെ സാധ്യതകൾ കറയ്ക്കാനും മണ്ണിൽ ജൈവാംശം നിലനിർത്താനും ഉതകുന്നതുമാണ്.

കേരളം ഒരു വിശാലമായ സംസ്ഥാനമല്ല. പക്ഷേ വിഭിന്നവും ജൈവസൗഹൃദവുമായ കാലാവസ്ഥകളുടെയും വിശാലമനസ്കരായ മലയാളികളുടെയും നാടാണ്. എല്ലാം നല്ലതായാലും മോശമായാലും, ഒന്നിച്ചാഘോഷിക്കുന്ന, ഒന്നിച്ചനുഭവിക്കുന്ന ഒരുമയുടെ നാട്. ഇവിടെ അത്തപ്പൂക്കളമിടാത്ത ക്രിസ്ത്യാനിയോ നക്ഷത്രം തൂക്കാത്ത ഹിന്ദുവോ ഇല്ല. മതങ്ങൾക്കപ്പുറം മനുഷ്യത്വത്തിനും ബന്ധങ്ങൾക്കും സൗഹൃദത്തിനും വിലകല്പിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്. ഈയടുത്ത കാലത്ത് അന്തരിച്ച ഡോ. ഡി. ബാബുപോൾ പറഞ്ഞതുപോലെ മതമില്ലാത്ത ദൈവം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സഹവർത്തിത്വത്തിന്റെയും സഹിഷ്ണുതയുടെയും രൂപത്തിൽ സമൂഹത്തിൽ അധിവസിക്കുന്ന സുന്ദരദേശം.

ഇത്തരം ഒരു സംസ്ഥാനത്താണ് തീരെ നിനച്ചിരിക്കാതെ ഒരു മലയാളിയും ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു മഹാപ്രളയം 2018 ഓഗസ്റ്റിൽ സംഭവിച്ചത്. അതിതീവ്രമഴയുണ്ടാകുമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നറിയിപ്പുകൾ തന്നിട്ടും ഭൂമിയിലെ ഏറ്റവും സുരക്ഷിതമായ സ്ഥലങ്ങളിലൊന്നായ കേരളത്തിൽ എന്തുവന്നാലും ഇത്രയ്ക്കൊന്നും സംഭവിക്കുകയില്ല എന്ന് മിക്കവാറും പേരും കരുതിയിരിക്കണം. കൂടിവന്നാൽ പുഴയൊന്നു കവിയും, ഡാം തുറന്നാലും മുറ്റത്തിച്ചിരിവെള്ളം കയറുമായിരിക്കും. അതിലപ്പുറം ഒരു പ്രതീക്ഷയും മലയാളികൾക്കുണ്ടായിരുന്നില്ല. പുഴ കവിഞ്ഞു മുറ്റത്ത് വെള്ളം കയറി. എന്നിട്ടും സാധാരണ ഒരു മണിക്കൂറോ ഏറിയാൽ 2 മണിക്കൂറോ പെയ്യാറുള്ള മഴ അതേ തീവ്രതയിൽ നിർത്താതെ രണ്ടുദിവസം തുടർച്ചയായി പെയ്തിറങ്ങിയപ്പോൾ മുറ്റവും കഴിഞ്ഞ് ഒന്നാംനിലയും മൂടുമെന്നായപ്പോൾ നാം മനസ്സിലാക്കി ഇത് നമ്മൾ ഇതുവരെയും കണ്ടിട്ടില്ലാത്ത മഹാപ്രളയം തന്നെയാണെന്ന്.

ഡാമുകളുടെ പ്രയോജനങ്ങളിലൊന്ന് അത് പ്രളയത്തെ തടയുമെന്നാണ്. ഇതേ ഡാമുകളുടെ ദോഷങ്ങളുടെ പട്ടികയിൽ അത് പ്രളയം വരുത്തിവെയ്ക്കും എന്നുമുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടിയത് ചെറിയ തോതിലുള്ള പ്രളയങ്ങൾ വന്നാൽ അധികമായെത്തുന്ന മഴവെള്ളം സംഭരിച്ച് നിർത്തി അത് ഡാമുകൾക്ക് താഴെയുള്ള പ്രദേശങ്ങളിൽ പ്രളയസാധ്യത ഇല്ലാതാക്കും എന്നതന്നെയാണ്. എന്നാൽ ഒരു മഹാപ്രളയം വന്നാൽ ഡാമുകളുടെ സംഭരണശേഷിയുടെയപ്പുറം ജലം അധികമഴമൂലം പൊടുന്നനെ എത്തിയാൽ ഡാമുകൾക്കും പിടിച്ചുനിൽക്കാനാവാത്ത അവസ്ഥ സംജാതമാവുകയും അത് ഡാം തുറക്കൽ വഴി ഉണ്ടാകുന്ന പ്രളയത്തിന് കാരണമാവുകയും ചെയ്യും. ഇവിടെ ഡാം ഒരു ബഫർ ആണ്. പതിവിൽ കൂടുതൽ തീവ്രതയിൽ മഴപെയ്ത് ജലമെത്തിയാൽ അധികമായെത്തുന്ന ജലത്തെ സംഭരിച്ച് നിർത്തി വെള്ളപ്പൊക്ക ദുരിതമൊഴിവാക്കാനാവും. ഇത് സാധാരണയിൽ നിന്നും 30 ശതമാനം വരെ അധികമഴ ലഭിച്ചാൽ ചെയ്യാവുന്ന അവസ്ഥയാണ്.

പക്ഷേ കേരളത്തിൽ കൂടുതൽ മഴ ചുരുങ്ങിയ സമയത്തിനുള്ളിൽ പെയ്താൽ വറ്റിയ ഡാമുകൾപോലും കുറച്ചുദിവസത്തിനുള്ളിൽ നിറയുകയും ജലം തുറന്നുവിടേണ്ടിവരികയും ചെയ്തേക്കാം. ഇത് വെച്ച് നോക്കിയാൽ ഡാം മാനേജ്മെന്റിനെ കഴിഞ്ഞ പ്രളയത്തിന്റെ പൂർണ്ണ ഉത്തരവാദിയായി കാണാൻ കഴിയില്ല. തന്നെയുമല്ല, തെക്കുപടിഞ്ഞാറൻ കാലവർഷം ഏതാണ്ട് തീരാറായ ഓഗസ്റ്റ് മാസം കേരളത്തിലെ ഡാമുകളിൽ മിക്കതും നിറഞ്ഞോ പകുതിയെങ്കിലും നിറഞ്ഞോ നിൽക്കുന്ന അവസ്ഥയിലുമാണ്. ജിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കാലാവസ്ഥാ പ്രവചനമാണ് ഇന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം പിന്തുടരുന്നത്. ഓഗസ്റ്റ് പകുതിയോടെ കേരളത്തിൽ അതിതീവ്രമഴയുണ്ടാകുമെന്ന് ഐഎംഡി മുന്നറിയപ്പ് തന്നത് ഓഗസ്റ്റ് 9-ാം തീയതിയാണ്. കുറഞ്ഞത് ഒരു മാസമെങ്കിലും മുൻകൂട്ടിക്കണ്ട് നിയന്ത്രിത അളവിൽ ഡാം തുറന്നുവിട്ടാലേ 164 ശതമാനം വരെ അധികമഴപെയ്ത ദിവസങ്ങളിലെ ഭയാനകമായ ജലപ്രവാഹത്തെ സംഭരിച്ച് നിർത്തി ഒരു ബഫർ ആയി ഡാമുകൾക്ക് നിലകൊള്ളാനാവൂ. ഇത് ഡാമുകളിൽ നിന്നും ലഭിക്കുന്ന ജലവൈദ്യുതിയിൽ ഭൂരിഭാഗം ഊർജ്ജാവശ്യങ്ങളും (73.06 ശതമാനം) നിർവ്വഹിച്ചുവരുന്ന കേരളത്തിന് ഒട്ടുംതന്നെ സ്വീകാര്യമായ തീരുമാനമായിരുന്നിരിക്കില്ല. തന്നെയുമല്ല അങ്ങിനെയെടുക്കുന്ന ഒരു തീരുമാനം പിന്നീട് പ്രളയമുണ്ടായില്ലെങ്കിൽ സർക്കാരിന്റെ കെടുകാര്യസ്ഥതയായി നിർവ്വചിക്കപ്പെടുകയും ചെയ്യും.

2018ലെ മഹാപ്രളയം മനുഷ്യനിർമിതമാണെന്ന ഒരു വാദം പല കോണുകളിൽ നിന്നും ഇന്നും കേൾക്കുന്നുണ്ട്. ഇത് കാര്യമായ പ്രശ്നങ്ങളില്ലാതെ ഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ ഇടതുസർക്കാരിനെ കുറ്റപ്പെടുത്തുവാനുള്ള ഒരു മാർഗമെന്നതിനപ്പുറം ചിന്തിച്ചാൽ ചില കാര്യങ്ങൾ അംഗീകരിക്കേണ്ടിവരും. പ്രകൃതിദുരന്തങ്ങൾ മിക്കവാറും തന്നെയും സ്വാഭാവികമായി സംഭവിക്കുന്നതല്ല. പ്രത്യേകിച്ചും അത് സംഭവിക്കുവാൻ തീരെ സാധ്യതയില്ലാത്ത ഭൂപ്രദേശങ്ങളിൽ. മനുഷ്യന്റെ അമിതചൂഷക സ്വഭാവമുള്ള ഇടപെടൽ - സ്വന്തം ആവശ്യത്തിന് അപ്പുറമുള്ള ചൂഷണം - പ്രകൃതിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കും. ഈ അസന്തുലിതാവസ്ഥ പദാർത്ഥത്തിന്റെ മൂന്ന് അവസ്ഥകളിലും (വായു-ദ്രാവകം-ഖരം) പ്രകൃതിയുടെ, മനുഷ്യന് മുമ്പുണ്ടായിരുന്ന പ്രാരംഭാവസ്ഥകളിൽ നിന്നും മാറ്റം വരുത്തും. ഇത് കാലാവസ്ഥാമാറ്റം പോലുള്ള ബഹുഘടകനിയന്ത്രിതമായ ദുരന്തങ്ങൾ വരെ വരുത്തിവെച്ചേക്കാം. ജീവികളുടെ മൂക്കിൽക്കൂടിയല്ലാതെ കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽ എത്താൻ തുടങ്ങിയപ്പോൾ മുതലാണ് അന്നുവരെയുണ്ടായിരുന്ന

സസ്യ-ജന്തു സന്തുലിതാവസ്ഥ ഭേദിച്ച് ഭൗമതാപനവും കാലാവസ്ഥാമാറ്റങ്ങളും തുടങ്ങിയത്. കാലാവസ്ഥാ മാറ്റത്തിന്റെ ഒരു വലിയ ബലിയാടാണ് മഴ എന്ന പ്രതിഭാസം. മേഘങ്ങളിലെ നീരാവി ഘനീഭവിച്ച് വെള്ളത്തുള്ളികളായി താഴേയ്ക്ക് പതിക്കുന്ന മഴയ്ക്ക് അതിന്റേതായ ഒരു രീതിയുണ്ട്. അത് ഓരോ കാലങ്ങളിലും ഓരോ സ്ഥലങ്ങളിലും വ്യത്യസ്ഥമായിരിക്കും. ഈ മഴയുടെ രീതിക്കനുസരിച്ചാണ് ഭൂമിയിലെ സസ്യ-ജന്തു-കാലാവസ്ഥാ-വന-കാർഷിക-സാംസ്കാരിക വൈവിധ്യം രൂപപ്പെട്ടിരിക്കുന്നത്. മഴയെ ഒത്തിരി സ്വാധീനിക്കുന്ന ഒരു സുപ്രധാനഘടകമാണ് അന്തരീക്ഷ താപനില. ഭൗമതാപനം (Global Warming) ഒരു യാഥാർത്ഥ്യമാണെങ്കിൽ അത് തീർച്ചയായും മഴയ സ്വാധീനിച്ചിട്ടുണ്ടാകും. ഉള്ള മഴ (നൂൽമഴ) മാറി ഘോരമായതും നീണ്ടമഴ മാറി ഹ്രസ്വമഴയായതും ഇതിന്റെ ഉദാഹരണങ്ങളാണ്. മഴയുടെ തീവ്രത വർദ്ധിക്കുമ്പോൾ മറ്റൊരു കാരണം അന്തരീക്ഷത്തിൽ നീരാവിയുടെ അളവ് ക്രമാതീതമായി ഉയരുന്നതാണ്. ഭൗമതാപനില ഉയർന്നാൽ മൂന്നു അതിരുകളും സമുദ്രത്താൽ ചുറ്റപ്പെട്ട ഉഷ്ണമേഖലാ ട്രോപ്പിക്കൽ കാലാവസ്ഥ പിന്തുടരുന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സമുദ്രത്തിൽ നിന്നും ഉയരുന്ന അധിക നീരാവിമൂലം ഇത് സംഭവിക്കാം. അറേബ്യൻ കടലിൽ സമുദ്രജലത്തിലെ താപവർദ്ധന മൂലമുണ്ടായ അധികനീരാവി (ന്യൂനമർദ്ദം) പടിഞ്ഞാറൻ കാറ്റിൽ കേരളത്തിലെത്തി അതിതീവ്രമഴയ്ക്ക് കാരണമായതാവാനും സാധ്യതയുണ്ട്. ഭൗമതാപനം ഒരു സ്വാഭാവിക സംഭവമായി കരുതാമെങ്കിലും അതിന്റെ ദ്രുതഗതി അമിതമായി പെട്രോളിയം ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതും വനനശീകരണവും പോലുള്ള മനുഷ്യന്റെ ഇടപെടലുകൾ തന്നെയാണ് അടിസ്ഥാന കാരണങ്ങൾ. ഇത്തരം മാറ്റങ്ങളുടെ ഫലമായി നീണ്ടുനിൽക്കുന്ന നൂൽമഴ മാറി നീണ്ടുനിൽക്കുന്ന ഘോരമഴ (അതിതീവ്രമഴ) ഒരു പ്രകൃതി ദുരന്തഭീഷണിയും കൂടാതെ സമാധാനത്തോടെ ജീവിക്കുന്ന മനുഷ്യർ അധിവസിക്കുന്ന കേരളത്തിൽ സംഭവിച്ചതാണ് മഹാപ്രളയം. പ്രകൃതിയുടെ സ്വാഭാവികതയ്ക്ക് തീരെ യോജിക്കാത്ത രീതിയിലുള്ള വികസന-നിർമാണ പ്രവർത്തനങ്ങളും ഒരു പുതിയ സംഭവമായതിനാലുള്ള



തയ്യാറെടുപ്പില്ലായ്മയും പ്രളയദുരന്തത്തിന്റെ ആഘാതം വർദ്ധിക്കുന്നതിന് കാരണമായി. ഇത്‌വെച്ച് നോക്കിയാൽ 2018-ലെ പ്രളയം മനുഷ്യന്റെ ചെയ്തികളുടെ ഫലമായി സംഭവിച്ചതായി വിശദീകരിക്കാം. പ്രകൃതിദുരന്തങ്ങൾ ഒരു സാധാരണ സംഭവമല്ലാത്ത ഒരു ഭൂപ്രദേശത്ത് സംഭവിക്കുന്നത് കൂടിയാകുമ്പോൾ ഈ ദുരന്തത്തെ മനുഷ്യനിർമ്മിതം എന്ന് വിളിക്കേണ്ടിവരുന്നു.

ചില ഭൂപ്രദേശങ്ങൾ പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ കൂടുതൽ സാധ്യതയുള്ള ഇടങ്ങളാണ്. അവിടെ സ്വാഭാവികമായി ദുരന്തങ്ങൾ ഓരോ വർഷവും സംഭവിച്ചുകൊണ്ടിരിക്കും. പക്ഷേ ഇത്തരം ദുരിതങ്ങൾക്ക് തീരെ സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ അവ സംഭവിക്കുവാൻ തുടങ്ങിയാൽ അത് പ്രകൃതിയിൽ വരുന്ന വിനാശകരമായ മാറ്റങ്ങൾ മൂലമാണ്. ഈ മാറ്റങ്ങൾ മനുഷ്യർ നടത്തുന്ന അമിതചൂഷണമാർഗങ്ങളുടെയും പരിസരമലിനീകരണത്തിന്റെയും ഫലമായിട്ടാണെങ്കിൽ തീർച്ചയായും ഇതുമൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ മനുഷ്യനിർമ്മിതം തന്നെയാണ്. 2018ൽ കേരളം അഭിമുഖീകരിച്ച മഹാപ്രളയം ഇത്തരത്തിലൊന്നാണെങ്കിൽ അതിനെ നാം ഭയക്കുകതന്നെ വേണം. എന്തുകൊണ്ടെന്നാൽ അത് ഇനിയും ആവർത്തിക്കപ്പെടാനിടയുണ്ട്. ഇതിനൊരു അപവാദമായി നാം കാണുന്നത് 1924-ൽ കേരളത്തിൽ 2018ൽ സംഭവിച്ചതിനെക്കാൾ തീവ്രതയിൽ ഒരു പ്രളയമുണ്ടായി എന്നതാണ്. അതായത് 1024ലെ പ്രളയത്തിന് ശേഷം 100 വർഷത്തോളം കഴിഞ്ഞാണ് 2018ലെ പ്രളയം. അതുകൊണ്ടുതന്നെ പ്രളയത്തിന് ഒരു നൂറുവർഷത്തെ ഇളവേള നൽകുന്നവരുമുണ്ട്. അക്കൂട്ടർ പ്രളയത്തെ ഒരു സാധാരണസംഭവമായി കണക്കാക്കി ഇനി അടുത്ത നൂറുവർഷത്തിനിടയിലേ ഇത് സംഭവിക്കൂ എന്നും കരുതുന്നു.




പ്രളയത്തിന്റെ കാരണമെന്തുമാകട്ടെ, തീരെ അപ്രതീക്ഷിതമായിട്ടായിരുന്നുവെങ്കിലും മുന്നറിയിപ്പുകൾ അപര്യാപ്തമായിരുന്നുവെങ്കിലും ഈ മഹാപ്രളയത്തെ നാം അതിജീവിച്ചു എന്നത് സത്യമാണ്. പ്രതിഫലേച്ഛ കൂടാതെയും സേവനം ചെയ്യാനുള്ള മലയാളിയുടെ മനസ്ഥിതി ഇന്നും നഷ്ടപ്പെട്ടില്ല എന്നാണ് ഈ അതിജീവനം കാണിക്കുന്നത്. കയ്യും മെയ്യും മറന്ന്, മതവും ജാതിയും നിറവും ഗൗനിക്കാതെ ഓരോ മലയാളിയിലും 'മതമില്ലാത്ത ദൈവം' നിസ്വാർത്ഥസേവനത്തിന്റെ രൂപത്തിൽ അവതരിച്ചതിനാലാണ് 400ൽ പരം മരണങ്ങളായി പ്രളയദുരന്തം ചുരുങ്ങിയത്. നൽകിയ ഓരോ സേവനത്തിനും ഓരോ തരി ഭക്ഷണത്തിനും കണക്കുപറഞ്ഞ് പണം വാങ്ങിയ കേന്ദ്ര സർക്കാരിന്റെ തികച്ചും നീതിശൂന്യമായ സമീപനങ്ങൾക്കിടയിലാണ് കേരളജനത സ്വന്തം അദ്ധ്വാനത്തിൽ പ്രളയത്തെ അതിജീവിച്ചത്. പല തരത്തിലുള്ള ദേശീയ അന്തർദ്ദേശീയ സഹായങ്ങൾ നാമമാത്രമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേരളത്തിന് നിഷേധിക്കപ്പെട്ടപ്പോഴും പല ദിശകളിൽ നിന്നും യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ ഉയർന്നപ്പോഴും അക്ഷോഭ്യനായി നിന്ന് അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കും പ്രളയദുരന്തനിവാരണത്തിനും നേതൃത്വം നൽകിയ നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ഇത്തരുണത്തിൽ അഭിനന്ദിക്കാതെ വയ്യ. നമ്മൾ വിചാരിക്കാത്ത വ്യാപ്തിയിലേക്ക് പ്രളയദുരന്തം ചെന്നെത്തിയപ്പോൾ (ഏകദേശം മുപ്പതിനായിരം കോടി രൂപ) കേന്ദ്രസർക്കാരിന്റെ തീരെ അപര്യാപ്തമായ സഹായങ്ങളിൽ നിരാശപ്പെട്ടും എന്നാൽ ഒരു പുനർനിർമിതി ലക്ഷ്യമാക്കിയുമാണ് അദ്ദേഹം സാലറി ചലഞ്ച് പോലുള്ള ശ്രമങ്ങളിലേക്ക് കടന്നത്. ഇവിടെ ഒരു സാമാന്യബോധം പറയട്ടെ, 25 വയസ്സിൽ സർവ്വീസിൽ കയറുന്ന ഒരു സർക്കാരുദ്യോഗസ്ഥൻ ഏകദേശം 370 തവണ ശമ്പളം കൈപ്പറ്റുന്നുണ്ട്. കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന് ശേഷമുള്ള ഒരു പുനർനിർമിതിക്ക് അതിൽ ഒരു മാസത്തെ ശമ്പളം (മുന്നൂറ്റിയെഴുപതിൽ ഒന്ന്) സർക്കാരിന് തിരിച്ചുനൽകാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. കാരണം ഏറ്റവും സുരക്ഷിതമേഖലയെന്ന് നമ്മൾ കരുതിയിരുന്ന കേരളത്തിലാണ് ഒരു വലിയ പ്രകൃതിദുരന്തം സംഭവിച്ചത്. അതുകൊണ്ട് നമ്മളാരും സുരക്ഷിതരോ പ്രകൃതിദുരന്തത്തിന് അതീതരോ അല്ല. പ്രകൃതിദുരന്തം സംഭവിക്കുവാൻ സാധ്യതയില്ലാത്തിടത്ത് ജീവിക്കുന്നവരോ അല്ല. മറിച്ച് കഷ്ടിച്ച് രക്ഷപ്പെട്ടവരെന്ന് മാത്രം. നമ്മുടെ ജീവനും സ്വത്തിനും യാതൊരു തകരാറും കൂടാതെ നമ്മൾ ഇന്നും ജീവിക്കുന്നത് നമ്മുടെ മിടുക്കുകൊണ്ടോ ദുരന്തങ്ങളെ അഭിമുഖീകരിക്കുവാൻ മറ്റുള്ളവരെക്കാൾ മികച്ചവരായതുകൊണ്ടോ അല്ല. എത്ര ദ്രോഹിച്ചിട്ടും പ്രതികാരം ചെയ്യാത്ത പ്രകൃതിയുടെ നന്മ തന്നെയാണ് കാരണം.



# കിഫ്ബി മസാലബോണ്ട്
## ഒരു അവലോകനം

**ഷൈല ഹമീദ്**
എം.ഇ.എസ്. നെടുങ്കണ്ടം



ആധുനിക കാലഘട്ടത്തിൽ സാമ്പത്തിക ക്രയവിക്രമങ്ങളുടെ ഭാഗമായി പലവിധത്തിലുള്ള കടപ്പത്രങ്ങൾ/ബോണ്ടുകൾ എന്നിവ വിനിമയ ഉപാധിയായി ഉപയോഗിക്കപ്പെടാറുണ്ട്. ഏറെ ചർച്ചചെയ്യപ്പെട്ട 'മസാല ബോണ്ട്' എന്നത് ഇത്തരത്തിലുള്ള ഒരു സാധാരണ വിനിമയ ഉപാധി മാത്രമാണ്. പേര് സൂചിപ്പിക്കുന്നതുപോലെ ഇന്ത്യയിലെ രുചിവൈവിധ്യം, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത വിഭവങ്ങൾ എന്നിവ അന്താരാഷ്ട്ര വിപണിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് ലോകബാങ്കിന്റെ ആഭിമുഖ്യത്തിൽ IFC (International Financial Corporation) 'മസാല ബോണ്ട്' എന്ന പേര് ഇതിനിട്ടത്.

ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ആഗോള ധനകാര്യവിപണിയിൽ നിന്നും പണം ഇന്ത്യൻ രൂപയിൽ സമാഹരിക്കാനുള്ള കടപ്പത്രത്തിനെയാണ് മസാലബോണ്ട് എന്ന് വിളിക്കുന്നത്. 2014 നവംബറിലാണ് ഐഎഫ്സി ആദ്യമായി മസാലബോണ്ട് വിതരണം ചെയ്തത്. ഇന്ത്യയിലെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി 1000 കോടി രൂപയാണ് സമാഹരിക്കപ്പെട്ടത്. പിന്നീട് 2016 ആഗസ്റ്റിൽ പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. (National Thermal Power Corporation) 2000 കോടിരൂപയുടെ കോർപ്പറേറ്റ് ഗ്രീൻ മസാല ബോണ്ടുകൾ വിതരണം ചെയ്തു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) 4000 കോടി രൂപയുടെ മസാലബോണ്ടുകൾ വിൽക്കുവാൻ ലക്ഷ്യമിടുന്നു. 2016 ജൂലൈ മാസത്തിൽ മസാലബോണ്ടുകളിൽ നിന്ന് എച്ച്.ഡി.എഫ്.സി. (Housing Development and Finance Corporation) 3000

കോടി രൂപ സമാഹരിച്ചു. മസാല ബോണ്ടുകൾ വിതരണം ചെയ്യുന്ന ആദ്യ ഇന്ത്യൻ കമ്പനിയായി എച്ച്.ഡി.എഫ്.സി. വിശേഷിപ്പിക്കപ്പെട്ടു. വിദേശനാണ്യ വിപണിയിൽ ഡോളറുൾപ്പെടെയുള്ള കറൻസികൾക്കെതിരെ രൂപയുടെ മൂല്യത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ (Fluctuations) മസാലബോണ്ടിനെ ബാധിക്കുന്നില്ല എന്നതാണ് ഇതിൽ നിപേക്ഷിക്കുന്നവർക്ക് നേട്ടമായി കണക്കാക്കാവുന്നത്. ഇത് പൂർണ്ണമായും നിക്ഷേപകരുടെ റിസ്കിൽ അധിഷ്ഠിതമാണ്. സാധാരണയായി അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗിൽ AAA റേറ്റിംഗുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഇത്തരം ബോണ്ടുകളുമായി വിപണിയെ സമീപിക്കാൻ കഴിയുകയുള്ളൂ. എന്നാൽ കേന്ദ്ര സർക്കാറിന് BBB (-) റേറ്റിംഗ് ആണ് നിലവിലുള്ളത്. അതായത് രാജ്യത്തിന്റെ റേറ്റിംഗിന് താഴെയുള്ള റാങ്കമാത്രമേ ആ രാജ്യത്തുനിന്നുള്ള ഏജൻസിക്ക് ലഭിക്കുകയുള്ളൂ. ഇന്ത്യൻ സാമ്പത്തിക വിപണിയെ സംബന്ധിച്ചിടത്തോളം മസാലബോണ്ട് എന്നുള്ളത് ഒരു പുതിയകാര്യമല്ല. അടിസ്ഥാന സാമ്പത്തിക വികസന പ്രവർത്തനങ്ങൾക്ക് പലമേഖലകളിലായി മസാലബോണ്ടുവഴി പണം സമാഹരിക്കപ്പെട്ടിട്ടുണ്ട്. 2016ൽ റിസർവ്വ് ബാങ്ക് മസാലബോണ്ട് സമ്പ്രദായത്തിന് അനുമതി നൽകിയ ശേഷം വലിയ സമാഹരണങ്ങളാണ് നടന്നിട്ടുള്ളത്. ഇതിൽ എടുത്തുപറയേണ്ടത് KIIFBയുടേതാണ്.

### മസാലബോണ്ടും KIIFBയും

കിഫ്ബിയും മസാലബോണ്ടും ഈയടുത്തകാലത്ത് ഏറെ ചർച്ചയ്ക്ക് വിധേയമാക്കപ്പെട്ട വിഷയമാണ്. കിഫ്ബിയുടെ 'മസാലബോണ്ട്' ധനസമാഹരണം പ്രതിപക്ഷം രാഷ്ട്രീയ ആയുധമായിപോലും ഉപയോഗിക്കുകയും വിമർശനത്തിന് വിധേയമാക്കുകയും ചെയ്തതാണ്. അടിസ്ഥാനപരമായി പറയുകയാണെങ്കിൽ ഇത്തരം ചർച്ചകൾക്ക്






# KIIFB raises ₹2,150 cr via masala bonds, spices up infra funding

**9.73%** is the interest at which fund is raised; repayment in 2024

KIIFB becomes the first state-govt entity to raise funds via masala bonds

Global pension funds, private wealth managers and insurers among investors

EXPRESS NEWS SERVICE @ Kochi

IN a big boost to the state, the Kerala Infrastructure Investment Fund Board (KIIFB) has raised ₹2,150 crore from international investors including global pension funds, insurance companies, private wealth funds through masala bonds, becoming the first state government institution in the country to do so.

It turned out to be the only public masala-bond transaction in the financial year ending March 31, 2019 while the KIIFB became the lone publicly-rated local government financing vehicle (LGFV).

Masala bonds are rupee-denominated borrowings issued by Indian entities in overseas markets. The bonds are directly pegged to Indian currency so the issuer is shielded from currency fluctuations, with investors taking the foreign exchange rate risks.

The bonds, which will be listed in the Singapore Exchange (SGX) and London Stock Exchange's International Securities Market (LSE ISM), have a five-year tenure offering 9.723 per cent interest rate.

"Pension funds including Canadian ones, insurance funds, asset managers, private wealth funds and banks are investors for the masala bonds," a KIIFB officer told Express, adding this was the first state government bond which had an international rating.

Asked whether the old Canada Pension Plan Investment Board was one of the investors, the officer said KIIFB could not reveal the investors' names.

"Canadian pension funds are there. I can only reveal that much," she said.

The interest rate will be paid half-yearly and the entire money will have to be repaid by 2024, she said.




തന്നെ യാതൊരു പ്രസക്തിയുമില്ല. സാമ്പത്തിക സാക്ഷരതയുള്ള ഏതൊരാൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാകുന്നതാണ് മസാലബോണ്ടിന്റെ പ്രവർത്തനരീതി. അടിസ്ഥാന വികസനപ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതത്തിനെ മാത്രം ആശ്രയിക്കുന്നത് ധനകമ്മി രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഒട്ടും അഭികാമ്യമല്ല എന്നതാണ് വസ്തുത. കേരളത്തിന്റെ ധനകാര്യമന്ത്രിയുടെ സാമ്പത്തികശാസ്ത്ര വീക്ഷണവും അതിനെ യാഥാർത്ഥ്യവൽക്കരിക്കുന്ന നിലപാടുകളുമാണ് മസാലബോണ്ടുവഴി കിഫ്ബിയുടെ മൂലധനസമാഹരണത്തിന് കാരണമായത്. 'A man of logical economics, development and vision' എന്ന് ധനകാര്യമന്ത്രിയെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു. 'വികസന സാമ്പത്തിക ശാസ്ത്രം' (Development Economics) മുന്നോട്ടുവെക്കുന്ന ഒരു പ്രധാനപ്പെട്ട ആശയമാണ് 'Big Push' (Rosestain Rodan) ഇതിന്റെ ഒരു യഥാർത്ഥ പ്രാവർത്തിക രൂപമായി ധനമന്ത്രിയുടെ വികസന കാഴ്ചപ്പാടിനെ കാണേണ്ടിയിരിക്കുന്നു. കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയ്ക്ക് ഒരു വലിയ താങ്ങ്/കരുതൽ/ ഉത്തേജനം (Big Push) ആവശ്യമായ ഘട്ടത്തിലൂടെയാണ് നമ്മുടെ സംസ്ഥാനം കടന്നുപോകുന്നത്. അതിനെ യാഥാർത്ഥ്യവൽക്കരിക്കുന്ന ആർജ്ജവമുള്ള ഒരു വികസന സാമ്പത്തിക ശാസ്ത്രജ്ഞൻ (Development Economist) എന്ന രീതിയിൽ തന്നെയാണ് തോമസ് ഐസക് തന്റെ സാമ്പത്തിക വികസന കാഴ്ചപ്പാട് കിഫ്ബിയിലൂടെ പ്രായോഗികവൽക്കരിച്ചത്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ ധനസമാഹരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ രൂപം കൊടുത്ത ധനകാര്യസ്ഥാപനമാണ് കിഫ്ബി. Kerala Infracture Investment Fund Act (1999), Act 4 of 2002) പ്രകാരമാണ് കിഫ്ബിക്ക് രൂപംനൽകിയിരിക്കുന്നത്. ബജറ്റിന് പുറത്ത് ധനസമാഹരണം അടിയന്തിരമായി നടത്തേണ്ട ഒരു സാഹചര്യത്തിലാണ് കിഫ്ബി എന്ന ആശയം നിരവധി ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വന്നത്. മുൻപ് സൂചിപ്പിച്ചത് പോലെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ സമാഹരണം കിഫ്ബിയിലൂടെ ഒരു വലിയ വികസന ഉത്തേജനം (Big Push) ആണ് സംസ്ഥാന സർക്കാർ യാഥാർത്ഥ്യമാക്കിയിരിക്കുന്നത്.

കേരളത്തിലെ കിഫ്ബി മസാല ബോണ്ടുകൾ ലണ്ടൻ സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ച് വഴിയാണ് 'ലിസ്റ്റ്' ചെയ്തിരിക്കുന്നത്. സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നും പുറത്തിറങ്ങിയ മസാല ബോണ്ട് വഴി സംസ്ഥാനത്തിന് 2150 കോടി രൂപ സമാഹരിക്കപ്പെടാൻ കഴിഞ്ഞിരിക്കുന്നു. കിഫ്ബിയുടെ Global Medium Term Note Programme (MTM) അനുസരിച്ച് മൊത്തത്തിൽ 5000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. കിഫ്ബി ആഗോളധനകാര്യവിപണിയിൽ നടത്തിവന്ന നിരന്തരങ്ങളായ ഇടപെടലുകളും ശാസ്ത്രീയമായ സാമ്പത്തിക നടപടികളിലൂടെയുമാണ് ഇത് സാധ്യമായത്. കിഫ്ബി മസാല ബോണ്ടിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും സാഹചര്യത്തിൽ രൂപയുടെ മൂല്യത്തകർച്ച ഉണ്ടായാൽപോലും ഇതിനെ ബാധിക്കില്ല എന്ന പ്രത്യേകതയും ഉണ്ട്. കാരണം ഇതിന്റെ ഭാഗമായിട്ടുള്ള 'റിസ്ക്' എടുക്കുന്നത് നിക്ഷേപകരാണ്. ചുരുക്കത്തിൽ ബോണ്ടിലെ 'റിസ്ക്' വഹിക്കേണ്ടി




വരുന്നത് അത് വാങ്ങുന്നവരാണ്. വിൽക്കുന്നവർക്കല്ല. മാത്രവുമല്ല, മുൻപ് സൂചിപ്പിച്ചത് പ്രകാരം ബിബിബി (-) എന്ന ഉയർന്ന റേറ്റിംഗ് ആണ് കിഫ്ബിക്ക് ലഭിച്ചിരിക്കുന്നത്. ആഗോളതലത്തിൽതന്നെ മൂലധനമാർക്കറ്റുകളും, ധനകാര്യസ്ഥാപനങ്ങളും കിഫ്ബിയുടെ അതിജീവനപ്രവർത്തനങ്ങളെയും മികവിനെയും വിശ്വാസ്യതയെയും സത്യസന്ധതയെയും അംഗീകരിച്ചിരിക്കുന്നു എന്ന് വേണം വിലയിരുത്തപ്പെടാൻ. പ്രതിവർഷം 9.723 ശതമാനം പലിശനിരക്കിലാണ് ഈ ധനസമാഹരണത്തിന് നൽകേണ്ടിവരുന്നത്. മുൻകാല മസാലബോണ്ടുകൾ പരിശോധിക്കപ്പെടുകയാണെങ്കിൽ ഇതുവരെയുള്ള മസാലബോണ്ടുകളിൽ നിന്ന് ഏറ്റവും കുറഞ്ഞ പലിശനിരക്കായി കിഫ്ബി മസാല ബോണ്ടിനെ കാണാം. പൊതുമേഖലാ സ്ഥാപനമായ കിഫ്ബിക്ക് അന്താരാഷ്ട്ര വിപണിയിൽ ലഭിച്ച മികച്ചറേറ്റിംഗ് ഇതിന് കാരണമായിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക അവഗണനയിലും, ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട്, ഇത്തരം സംരംഭകത്വത്തിലൂടെ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് തന്നെ മാതൃകയായിരിക്കുകയാണ്.

### കിഫ്ബി മസാലബോണ്ട് – മൂലധനസമാഹരണത്തിന്റെ ആവശ്യകതയും – ആക്ഷേപങ്ങളും വെല്ലുവിളികളും

കേരള നിയമസഭയിൽ കിഫ്ബി എന്ന ആശയം ചർച്ചചെയ്യപ്പെട്ടപ്പോൾ തന്നെ വലിയ രീതിയിലുള്ള വിമർശനങ്ങളാണ് പ്രതിപക്ഷഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ടത്. ഒരിക്കലും സാധ്യമാകാത്ത 'ഭാവനാത്മകത' എന്നാണ് പ്രതിലോമകാരികൾ ഇതിനെ അടയാളപ്പെടുത്തിയത്. ഇപ്പോൾ മസാല ബോണ്ടുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ സാമ്പത്തികസാക്ഷരതയുടെ അഭാവമായി കണക്കാക്കി തള്ളിക്കളയാനേ സാധിക്കുകയുള്ളൂ. നവകേരള നിർമിതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ സാമ്പത്തിക പരാധീനതകളിൽ കൂടി സഞ്ചരിക്കുന്ന കേരള സംസ്ഥാനം വികസനഫണ്ട് സ്വരൂപിക്കുന്നതിനായി ഏറെ ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന് വായ്പയെടുക്കാനുള്ള കർശനപരിധി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ മൂന്നുശതമാനത്തിലേറെ വായ്പയെടുക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല എന്നിരിക്കെ ഇത്തരം ബോണ്ടുകളിലൂടെ മാത്രമേ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. കിഫ്ബി പോലെ ഇത്തരം പ്രത്യേക കമ്പനികൾ രൂപീകരിച്ച് അധികവായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല. ഇത്തരം പണം സർക്കാറിന്റെ ഖജനാവിലേക്ക് നേരിട്ട് വരുന്നില്ല എന്നുള്ളതാണ് ഇതിന് കാരണമായി കണക്കാക്കപ്പെടുന്നത്.

കഴിഞ്ഞ കുറേ നാളുകളായി കേരളത്തിന്റെ വളർച്ച ദേശീയ ശരാശരിയെക്കാളും താഴെയാണ്. ഇതിന് പല കാരണങ്ങൾ ഉണ്ട്. കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച, ഉല്പാദനമേഖലയിലെ മുരടിപ്പ്, വ്യവസായ വളർച്ചയുടെ കുറവ്, വിദേശവരുമാനത്തിലുണ്ടായ കുറവ് എന്നിങ്ങനെയാണ്. പ്രളയാനന്തര കേരളത്തിൽ പശ്ചാത്തലവികസന (Infrastructure) പ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കുമാണ് ഗവൺമെന്റ് പ്രാമുഖ്യം നലകുന്നത്. കേന്ദ്രസർക്കാർ 'ധനക്കമ്മി' കർശനമായി കുറയ്ക്കാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ധനക്കമ്മി സംസ്ഥാന ബജറ്റിന് വലിയൊരു വെല്ലുവിളിയായിരിക്കുന്നു. അതുകൊണ്ട് തന്നെ ബജറ്റിന് പുറത്ത് നിന്ന് പുതിയ സാമ്പത്തിക സമാഹരണ രീതികൾ കണ്ടെത്തുക എന്നത് അനിവാര്യമായ സാഹചര്യത്തിലാണ് ധനസമാഹരണത്തിനുള്ള നൂതന രീതികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്.

സംസ്ഥാന ഗവൺമെന്റിന്റെ വിശദീകരണമനുസരിച്ച് 42,363 കോടി രൂപയുടെ 533 അടിസ്ഥാന വികസന പദ്ധതികളാണ് കിഫ്ബിയുടെ പരിഗണനയിലുള്ളത്. ഇതിൽ 238 പദ്ധതികൾ ടെൻഡർ നടപടികളിലേക്ക് പ്രവേശിച്ചിരിക്കുന്നു. 193 പദ്ധതികളുടെ നിർമാണം തുടങ്ങി. വിവിധ പദ്ധതികൾക്കായി ഏതാണ്ട് 1500 കോടി രൂപ കരാറുകാർക്ക് നൽകപ്പെട്ടു.

പ്രതിപക്ഷകക്ഷികൾ പ്രധാനമായും ആക്ഷേപം ഉന്നയിച്ചത് നവലിബ

റൽ ആശയങ്ങളിലേക്കുള്ള ഗവൺമെന്റിന്റെ വഴങ്ങിക്കൊടുക്കലാണ് കിഫ്ബി മസാലബോണ്ട് എന്നാണ്. കൂടാതെ ആഗോള മൂലധനകമ്പനികൾക്ക് മുന്നിൽ നിലപാടുകൾ അടിയറവ് വെക്കുന്ന, സാമ്പത്തിക കടക്കെണിയിലേക്കാണ് സംസ്ഥാനത്തിനെ തള്ളിവിടുന്നത്, ഇതിന്റെ തിരിച്ചടവ് അസാധ്യമാണ് എന്നൊക്കെയാണ് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ. എന്നാൽ ഇതെല്ലാം തികച്ചും അടിസ്ഥാനരഹിതമാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അടിസ്ഥാന സാമ്പത്തിക സാക്ഷരതയുള്ള ആർക്കും ശരിയായ വിലയിരുത്തലുകളിലൂടെ ഇതിന്റെയെല്ലാം യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നതാണ്.

'കിഫ്ബി മസാല ബോണ്ട്' എന്നത് നവലിബറലിസത്തെ സ്വീകരിക്കുന്ന സമീപനമായി കാണേണ്ടതില്ല. ഇത് ആധുനിക സാമ്പത്തിക ശാസ്ത്രത്തിലധിഷ്ഠിതമായ കെയ്നീഷ്യൻ സമീപനവും, ഡെപവല്മെന്റ് എക്കണോമിക്സിനെ അടിസ്ഥാനപ്പെടുത്തിയുള്ള ബദൽ വികസന മാതൃകകളുമാണ്. കിഫ്ബി ഒരു പൊതുമേഖലാ സംരംഭമായതുകൊണ്ട് തന്നെ ഇത്തരം സന്ദേഹങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. ബോണ്ടുകളിലൂടെ പണം സമാഹരിക്കപ്പെടുന്നത് നവലിബറലിസവുമായി ചേർത്ത് വായിക്കപ്പെടേണ്ടതല്ല, മറിച്ച് ഇത് കാലാകാലമായി തുടർന്നുപോരുന്ന ഒരു അടിസ്ഥാന സാമ്പത്തിക ക്രയവിക്രയം മാത്രമാണ്. ഒരു പൊതുമേഖലാ സംരംഭം അന്താരാഷ്ട്രവിപണിയിൽ വിജയിച്ചു എന്നത് തന്നെ നവലിബറലിസ വിമർശനത്തെ നിഷ്പ്രഭമാക്കുന്നതാണ്.

ഇത്തരത്തിലുള്ള 'ബദൽ സാമ്പത്തിക മാതൃക്കൾ രൂപപ്പെടുത്തുന്ന സംസ്ഥാന ഗവൺമെന്റിന് മേൽ സാമ്പത്തിക അടിയന്തിരാവസ്ഥ അടിച്ചേൽപിക്കുന്ന സമീപനങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കിഫ്ബിയെ വിമർശിക്കുന്നവർ കേന്ദ്ര സർക്കാറിന്റെ ഇരട്ടത്താപ്പിനെപ്പറ്റി മൗനം പാലിക്കുന്നു. കിഫ്ബിയിലൂടെ സമഗ്ര വികസനമാണ് സർക്കാർ മുന്നോട്ട് വെക്കുന്നത്. വ്യവസായ പാർക്കുകൾ, വ്യവസായ സംരംഭങ്ങൾ, കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്ക്, ചെറുകിട വ്യവസായ മേഖലയിലെ പുത്തൻ സംരംഭങ്ങൾ, കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ), മലയോര ദേശീയപാത, റോഡുകൾ, ബൈപാസുകൾ, പാലങ്ങൾ, സ്കൂൾ നവീകരണം, തീരദേശഹൈവേ, തുറമുഖ വികസനം, ടൂറിസം, സ്പൈസ് റൂട്ട് പദ്ധതി, ഇങ്ങനെ ഭാവിയിലേക്ക് വിരൽചൂണ്ടുന്ന ഒട്ടനവധി വികസന പദ്ധതികളുടെ അണിയറ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നാടിന്റെ വികസനത്തെ പ്രചോദിപ്പിക്കുന്നതിന്, കേരള പുനർനിർമാണം എന്ന കർമ്മപദ്ധതിയെ ലക്ഷ്യത്തിലെത്തിക്കുന്നതിന് ഇത്തരം ബദൽ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തിയേ മതിയാകൂ.

ഇത് നമ്മുടെ രാജ്യത്തേയോ സംസ്ഥാനത്തേയോ അടിയറവ് വെക്കുന്ന രാഷ്ട്രീയ സമീപനമല്ല. മറിച്ച് ഫണ്ട് സ്വരൂപണത്തിന് ബദൽ സാമ്പത്തിക മാതൃക രൂപപ്പെടുത്തു





കയാണ് ചെയ്തിരിക്കുന്നത്. മറ്റൊരു പ്രധാന ആശങ്കയായി ഉന്നയിക്കപ്പെട്ടത് തിരിച്ചടവ് എന്നത് ഒരു വെല്ലുവിളിയാകും എന്നുള്ളതാണ്. കിഫ്ബി ബോണ്ടുകളിലെ ധനസമാഹരണം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാണ് ഇപ്പോൾ ഉപയോഗിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ അതിൽ നിന്നുള്ള വരുമാനത്തിന് സമയമെടുക്കും. തിരിച്ചടവിന് ദീർഘകാലത്തെ സാവകാശമുണ്ട് എന്നതും ഇതിന്റെ മേൻമയാണ്. ഇത് തികച്ചും തിരിച്ചടവ് ഉറപ്പ് നൽകുന്നതാണ്. കൃത്യമായി പഠനവിധേയമാക്കിയ തിരിച്ചടവ് സംവിധാനമാണ് ഇതിനുള്ളത് എന്ന് ധനകാര്യമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. നികുതി സംവിധാനം കൃത്യമായി പ്രവർത്തിക്കുന്ന ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പണംതിരിച്ചടവ് ഒരു വെല്ലുവിളിയാകുന്നില്ല. ധനകാര്യമന്ത്രി അഭിപ്രായപ്പെട്ടത് പോലെ "ഇതൊക്കെ എങ്ങനെ തിരിച്ചടക്കും എന്ന് ചോദിച്ചാൽ ഒരു സംശയവും വേണ്ട, കേരളത്തിന്റെ പ്രതിപക്ഷം അടക്കം ഏകകണ്ഠമായി പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥചെയ്തത് പോലെ നമ്മുടെ മോട്ടോർ വാഹനനികുതിയുടെ പകുതി വരുമാനവും പെട്രോൾ സെസ്സിൽ നിന്നുള്ള വരുമാനവും കിഫ്ബിക്ക് ഉറപ്പുവരുത്തിയതിലൂടെ സുസ്ഥിരവിരുമാനം തിരിച്ചടവ് ഉറപ്പുവരുത്തുന്നു. തിരിച്ചടവ് മാതൃക എന്നതിന്റെ വിവിധമാതൃകകൾ മനസ്സിലാക്കി രൂപീകരിക്കപ്പെട്ട ഒരു വാണിജ്യ-ബിസിനസ് മാതൃകയാണ് ഇവിടെ പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ ആഗോളസാമ്പത്തിക ഭീമന്മാർ അടിച്ചേൽപ്പിച്ച കരാറുകളും വ്യവസ്ഥകളും മറ്റു വായ്പാ നടപടിക്രമങ്ങളും ഇവിടെ പ്രസക്തമല്ല. വളരെ കൃത്യമായി സാമ്പത്തികനൈപുണികളുടെയും തത്വങ്ങളുടെയും അടിസ്ഥാനത്തിൽ പഠനവിധേയമാക്കിയാണ് സംസ്ഥാന സർക്കാർ കിഫ്ബി മസാലബോണ്ട് ഇറക്കിയത്. കേരള സർക്കാറിന്റെ പൂർണ്ണ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കിഫ്ബി അന്താരാഷ്ട്ര പണമിടപാടുകൾക്കും, സംരംഭക ഓഹരികൾക്കും വേണ്ടിയാകുന്നത് പുത്തൻ സാമൂഹിക സാമ്പത്തികരംഗത്ത് തികച്ചും ശുഭോദർക്കവും മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയവുമായ രീതിയാണ്. വിദേശ കടപത്ര വിപണിയിൽ നിന്നും ഇത്ര വലിയ ഒറ്റതുക കടപത്രം വഴി വെല്ലുവിളികളെ നേരിട്ടുകൊണ്ട് സമാഹരിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ സാമ്പത്തിക ചരിത്രത്തിലെ നാഴികക്കല്ലാണ്. ഇതൊക്കെയാണെങ്കിലും 'റവന്യൂകമ്മി' വർദ്ധിക്കുന്നത് സംസ്ഥാനത്തിന് ഒരു വലിയ വെല്ലുവിളിയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഒരു യാഥാർത്ഥ്യമായി നിലനിൽക്കെ ഒരു 'ഞാണിൻമേൽ കളി'യായി സാമ്പത്തികരംഗം നിലകൊള്ളുന്നു. ഒരു ചെറിയ പിഴവ് ഒരുപക്ഷേ കടുത്ത പ്രതിസന്ധിക്ക് വഴിവെക്കാം. റവന്യൂകമ്മി നികത്തിക്കൊണ്ട് പോകണ്ടത് സുസ്ഥിരവികസന സാമ്പത്തിക അടിത്തറയ്ക്ക് അനിവാര്യമായിരിക്കുന്നു. സമാഹരിക്കപ്പെട്ട തുക ഉപയോഗിച്ച് ഏറ്റവും കാര്യക്ഷമമായും ദീർഘവീക്ഷണത്തോടെയും പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ ഒരു വലിയ വികസനമുന്നേറ്റം തന്നെ നടത്താൻ പറ്റും.



# സമകാലീന ഇന്ത്യൻ തൊഴിൽമേഖലയും സാർവ്വദേശീയ തൊഴിൽദിനവും

ലോകമെങ്ങുമുള്ള സോഷ്യലിസ്റ്റ് സംഘടനകൾ ഏറെ പ്രാധാന്യത്തോടെ മെയ് ഒന്ന് സാർവ്വദേശീയ തൊഴിലാളി ദിനമായി ആചരിക്കുകയാണ്. ഈ പ്രാധാന്യം ഉൾകൊണ്ടുകൊണ്ടാണ് മഹാനായ ലെനിൻ സാർവ്വദേശീയ തൊഴിലാളി ദിനത്തെ "തൊഴിലാളികളുടെ വിശുദ്ധ ദിനം" എന്ന് വിശേഷിപ്പിച്ചത്. ഇന്ത്യ പോലെയുള്ള മൂന്നാം ലോക രാജ്യങ്ങളിൽ ഈ ദിനത്തിന്റെ പ്രാധാന്യം ഏറി വരികയാണ്. ഇതിന് രണ്ടുകാരണങ്ങൾ എങ്കിലും ചൂണ്ടിക്കാൻ ആകും. ഒന്നാമതായി അന്താരാഷ്ട്ര തലത്തിൽ ഉദാരീകൃതമായ വ്യാപാരവും മൂലധന കൈമാറ്റങ്ങളും ആഭ്യന്തര തലത്തിൽ തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണത്തിൻ്റെ തീവ്രത വർധിപ്പിച്ചിട്ടുണ്ട്. ബദലുകൾ ഇല്ല എന്ന പ്രചരണത്തോടെ ലോകമെങ്ങും നടപ്പാക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങളും ഫിനാൻസ് മൂലധന വ്യാപനവും ജനങ്ങളുടെ സ്വാഭാവികവും പരമ്പരാഗതവുമായ സാമ്പത്തിക പ്രക്രിയയിൽനിന്ന് അവരെ പറിച്ചെറിയുകയാണ്. മറ്റുമേഖലകളിൽ ജോലി കണ്ടെത്താൻ ആവാതെ പലരും കരുതൽ തൊഴിൽ സേനയിൽ (industrial reserve army) അംഗമാക്കപ്പെടുകയാണ്. രണ്ടാമതായി ആഭ്യന്തര തലത്തിൽ വർഗ്ഗീയ/ സാമുദായിക/ ജാതീയ ശക്തികൾക്ക് ഭരണത്തലത്തിൽ നേടാനായ നിർണായക സ്വാധീനം ഭാവിയിൽ ഇന്ത്യയുടെ തൊഴിൽ മേഖലയെ കൂടുതൽ വരേണ്യമാക്കി. ഇത് ഒട്ടേറെ പാർശ്വവത്കൃത സമുദായങ്ങളെ സംഘടിത തൊഴിൽ മേഖലയുടെ പരിധിയിൽ നിന്നും പുറംതള്ളുന്നതിന് കാരണമായി. സാർവ്വദേശീയ തൊഴിലാളി

**അനിൽവർമ്മ**
ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്



ദിനമായി ആചരിക്കുന്ന മെയ് 1 ന്റെ ചരിത്രം വിവരിക്കുകയും ഇന്ത്യയുടെ തൊഴിൽ രംഗം ഇന്ന് കടന്നു പോയിക്കൊണ്ടിരിക്കുന്ന ചരിത്ര സന്നിഗ്ധതകളെ ഈ ദിനത്തിന്റെ പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുകയും ചെയ്യുക എന്നുള്ളതാണ് ആണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

## മെയ്ദിനം

അടിമ വ്യാപാരം നിലനിന്നിരുന്ന രാജ്യമായിരുന്നു അമേരിക്ക എന്ന് ഓർക്കണം. തൊഴിലിനെയും അതിന്റെ ഉടമയായ തൊഴിലാളികളെയും മുതലാളിമാർ ഒരുമിച്ച് വാങ്ങുകയാണ് അടിമവ്യാപരത്തിൽ ചെയ്തിരുന്നത്. എന്നാൽ മുതലാളിത്ത സമ്പ്രദായത്തിൽ ആകട്ടെ തൊഴിലാളി അവന്റെ അധ്വാനം മാത്രമാണ് വിൽക്കുന്നത് എന്ന വ്യത്യാസമുണ്ട്. എങ്കിലും മുതലാളിത്ത സമ്പ്രദായത്തിൽ തൊഴിലെടുക്കുമ്പോൾ തൊഴിലാളിക്ക് നഷ്ടമാകുന്ന ഊർജ്ജം തിരികെ ലഭിക്കാൻ വേണ്ട ഭക്ഷണത്തിന് ചിലവാകുന്ന തുകമാത്രമാണ് അവന് ഉപജീവന കൂലി (subsistence wage) യായി നൽകുന്നത്.

യൂറോപ്പിലെയും അമേരിക്കയിലെയും വ്യാവസായിക വിപ്ലവം കത്തത്ത് ആർജിക്കുന്ന സമയമാണ്. 14 മണിക്കൂർ മുതൽ 20 മണിക്കൂർ വരെ തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. ചാൾസ് ഡിക്കൻസിന്റെ നോവലുകളിൽ ഈ സാമൂഹികാവസ്ഥ കൃത്യമായി വരച്ചുകാട്ടിയിട്ടുണ്ട്. മൂലധന ത്തിൽ മാർക്സും ഈ അവസ്ഥ വിവരിക്കുന്നുണ്ട്. ഇതിനെതിരെയാണ് അമേരിക്കയിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ വിവിധങ്ങളായ തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങൾ അരങ്ങേറിത്.

1866 ൽ അമേരിക്കയിലെ 60 ഓളം തൊഴിലാളി സംഘടനകളുടെയുടെ ഒരു യോഗം ബാൾട്ടിമൂറിൽ ചേർന്ന് നാഷണൽ ലേബർ യൂണിയൻ എന്ന സംവിധാനത്തിന് രൂപം നൽകി. നൈറ്റ്സ് ഓഫ് ലേബർ എന്ന സംഘടനാ കൂട്ടായ്മയും ആയി ചേർന്ന്നാഷണൽ ലേബർ യൂണിയൻ രാജ്യമെമ്പാടും ഉജ്വലമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. 1886 മെയ് ഒന്നാം തീയതി ചിക്കാഗോയിലെ ഹേ മാർക്കറ്റിലും മിൽവൗക്കി ലും അമേരിക്കയിലെ വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ ഒരു വലിയ പ്രകടനം നടന്നു. പ്രധാന മുദ്രാവാക്യം 8 എട്ടുമണിക്കൂർ ജോലി എട്ടുമണിക്കൂർ വിശ്രമം 8 മണിക്കൂർ മറ്റുള്ള കാര്യങ്ങൾ ചെയ്യാനുള്ള തൊഴിലാളികളുടെ അവകാശം എന്നിവ നിയമപരമായി സ്ഥാപിച്ചു കിട്ടുക എന്നുള്ളതായിരുന്നു. പ്രസ്തുത പ്രക്ഷോഭം മെയ് നാലുവരെ വരെ മുന്നോട്ടു പോവുകയുണ്ടായി. കത്തക മുതലാളിത്തവും അവർ തീറ്റി പൊറ്റുന്ന കൂലി പോലീസും ഏതാണ്ടെല്ലാ പത്രങ്ങളും പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ അരയും തലയും മുറുക്കി രംഗത്തിറങ്ങി. തൊഴിലാളി പ്രക്ഷോഭത്തിനെതിരെ മുതലാളിമാരുടെ കടുത്ത ആക്രമണം പലയിടത്തും സംഘർഷങ്ങൾ ഉണ്ടാക്കി.

ഈ ഭീഷണികളെ ചെറുത്തു നിന്നുകൊണ്ട് പ്രക്ഷോഭം മുന്നോട്ടുപോയി. മെയ് നാലിന് പ്രക്ഷോഭകരിൽ ആരോ വലിച്ചെറിഞ്ഞ ബോംബ് പൊട്ടിയതിനെ തുടർന്ന് പോലീസ് നടപടി ഉണ്ടായി. ചിക്കാഗോയിൽ നാല് തൊഴിലാളി കളും മിൽവൗക്കിൽ ഏഴ് തൊഴിലാളികളും ഏതാനും പോലീസുകാരും മരിച്ചു. അനവധി തൊഴിലാളികൾക്ക് പരിക്കേറ്റു. ഹേ മാർക്കറ്റിലെ പോലീസുകാരുടെ മരണത്തിന്റെ ഉത്തരവാദിത്വം ആരോപിച്ച് 4 തൊഴിലാളി സഖാക്കളെ വിചാരണപോലും കൂടാതെ തൂക്കിക്കൊല്ലാൻ കോടതി ഉത്തരവിട്ടു. ഇവരാണ് മെയ്ദിന രക്തസാക്ഷികൾ. എട്ട് മണിക്കൂർ പ്രക്ഷോഭത്തിന്റെ മുൻനിര പോരാളിയും 'ദി അലാറം' എന്ന പത്രത്തിൻറെ സ്ഥാപകനുമായ ആൽബർട്ട് പാർസൺ ഈ നാല് മെയ്ദിന രക്തസാക്ഷി കളിൽ ഒരാൾ ആയിരുന്നു. കഴുമരത്തിലേക്ക് പോകുന്നതിനു തൊട്ടു മുൻപ് മുൻപ് അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "മുതലാളികളെ, നിങ്ങൾക്ക്





ഒരുപക്ഷേ ഞങ്ങളുടെ ശബ്ദം ഞെരിച്ചമർത്താൻ ആയേക്കാം. പക്ഷേ അത് പുറത്തുവന്നുകഴിഞ്ഞു. അത് അമേരിക്കയും കടന്നു പ്രവഹിക്കുക തന്നെ ചെയ്യും" ഈ വാക്കുകൾ വെറുതെ ആയിട്ടില്ല എന്ന് പിൽക്കാലചരിത്രം ചൂണ്ടികാണിക്കുന്നു. ലോകത്ത് എല്ലായിടത്തും തന്നെ തൊഴിൽ എട്ടുമണിക്കൂർ ആയി നിജപ്പെടുത്തി കൊണ്ട്  പിൽക്കാലത്ത് നിയമങ്ങൾ നടപ്പിലാക്കി. ലോകത്ത് എല്ലായിടത്തും തന്നെ തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്. ഉയർന്ന സാങ്കേതിക വിദ്യയും ഇന്ന് ലഭ്യമാണ്. ഈ പശ്ചാത്തലത്തിൽ തൊഴിലാളികളുടെ തൊഴിൽ സമയം ആറു മണിക്കൂർ ആയും അഞ്ചുമണിക്കൂർ ആയും ചുരുക്കണം എന്ന ആവശ്യം  തൊഴിലാളി സംഘടനകൾ ശക്തമായി മുന്നോട്ട് വയ്ക്കുന്നുണ്ട്. എന്നാൽ ഉയർന്ന ഉത്പാദനക്ഷമത നൽകുന്ന ഉയർന്ന മിച്ചമൂല്യം ആണ് മുതലാളികളുടെ ലാഭത്തിന്റെ പ്രധാന സ്രോതസ്സ് എന്നതിനാൽ ഈ ആവശ്യത്തെ അംഗീകരിക്കുന്നതിൽ  മുതലാളിത്ത ഭരണകൂടങ്ങൾ വിമുഖത കാട്ടുന്നു.

1866-67 കളിലെ സംഭവത്തെ തുടർന്ന് 1889 ൽ ലോകത്തിലെ വിവിധ തൊഴിലാളി സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ  അന്താരാഷ്ട്ര കൂട്ടായ്മ ആയ രണ്ടാം സോഷ്യലിസ്റ്റ് ഇൻറർനാഷണൽ ജനീവയിൽ യോഗം ചേർന്നു. പ്രസ്തുത യോഗം മെയ് 1 സാർവ്വദേശീയ തൊഴിലാളി ദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തു.

1889 മെയ് ഒന്നാം തീയതിയാണ് ഐംഗൽസ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ നാലാം എഡിഷന്റെ അവതാരിക എഴുതിയത്. അതിൽ അദ്ദേഹം ഇങ്ങനെ എഴുതി. " ഞാൻ ഇത് എഴുതുമ്പോൾ അമേരിക്കയിലെയും യൂറോപ്പിലെയും തൊഴിലാളിവർഗ്ഗം അതിൻ്റെ പോരാട്ട വീര്യം വീണ്ടെടുക്കുകയാണ്. ഒരു കൊടക്കീഴിൽ ഒരു സൈന്യമായി ഒരു കൊടി ഉയർത്തി സാർവ്വദേശീയ തൊഴിലാളി വർഗ്ഗം അണിനിരക്കുന്നത് ഒരൊറ്റ ആവശ്യത്തിനാണ്. എട്ടുമണിക്കൂർ ജോലി എന്ന ആവശ്യം നിയമപരമായി സ്ഥാപിച്ചു കിട്ടാൻ.  ഈ യാഥാർഥ്യം  മുതലാളിത്തത്തിന്റെ കണ്ണു തുറപ്പിക്കും. ലോക തൊഴിലാളി വർഗ്ഗം സംഘടിച്ചിരിക്കുന്നു. അത് സ്വന്തം കണ്ണുകൾ കൊണ്ട് കാണാൻ  എൻ്റെ അരികിൽ മാർക്സ് ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു." സോവിയറ്റ് യൂണിയൻ്റെ തകർച്ചയോടെ ചരിത്രം അവസാനിച്ചെന്നു മുറവിളികൂട്ടിയവരും സോഷ്യലിസം കാലഹരണപ്പെട്ട പ്രത്യയശാസ്ത്ര മാണെന്നു തീർപ്പെഴുതിയവരും പഠിക്കേണ്ട ഒരു പാഠമാണ് മെയ്ദിനം. മൃഗതുല്യമായി മുട്ടിൽ ഇഴഞ്ഞ ദയനീയ ജീവിത പരിസരങ്ങളിൽ നിന്ന് ലോക തൊഴിലാളി വർഗ്ഗം എങ്ങിനെയാണ് നിവർന്നു നിന്ന് പോരാടാനും അവകാശങ്ങൾ  നേടിഎടുക്കാനും പഠിച്ചത് എന്ന പാഠം.

സാർവദേശീയ തൊലിലാളി ദി



നാചരണത്തിന്റെ ഭാഗമായി രാജ്യങ്ങൾ തോറും എട്ട് മണിക്കൂർ ലീഗുകൾ സ്ഥാപിക്കപ്പെട്ടു. 1904 മുതൽ ലോകം മുഴുവൻ സാർവ്വദേശീയ തൊഴിലാളി ദിനം വിപുലമായി ആഘോഷിച്ചു വരുന്നു. ഇന്ത്യയിലാകട്ടെ 1923 കമ്യൂണിസ്റ്റ് പാർട്ടി നേതാവ് സ.മലയപുരം ശിങ്കാരവേലു ചെട്ടിയാരുടെ നേതൃത്വത്തിൽ ചെന്നൈയിലാണ് മെയ്ദിനം ആദ്യമായി ആഘോഷിച്ചത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചുവന്ന പതാക ആദ്യമായി ഉയർന്നു പറന്നത് അന്നാണ്. മെയ് ഒന്ന് അവധി ദിനമായി ഔദ്യോഗികമായി പ്രാഖ്യാപിക്കണമെന്ന ഒരു പ്രമേയവും അന്ന് അവതരിപ്പിക്കപ്പെട്ടു. ഇന്ത്യയിലും പിൽക്കാലത്ത് പരിമിതമായെങ്കിലും തൊഴിലാളികളുടെ അവകാശങ്ങൾ നടപ്പിലാക്കപ്പെട്ടു. ദേശീയ പ്രസ്ഥാനത്തിൻറെ ഫലമായി സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ ഉയർന്നുവന്ന സാമൂഹിക ബോധവും ഗാന്ധി നെഹ്രിയുവിയൻ ചിന്താധാരകളും ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തെ മുതലാളിത്ത ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്ന പരിമിതമായതെങ്കിലും ശക്തമായ നിയമ നിർമാണം നടത്തി. എന്നാല് 1975 ലെ അടിയന്തിരാവസ്ഥക്ക് ശേഷം വ്യാപകമായി തൊഴിൽ നിയമങ്ങൾ ഉദാരവത്കരിക്കപ്പെട്ടു. വായടക്കൂ , പണിയെടുക്കൂ തുടങ്ങിയ സ്വചാധിപത്യപരമായ അനുശാസനങ്ങൾ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് മേൽ അടിച്ചേപ്പിച്ചു. 80 കൾക്ക് ശേഷം ഉയർന്നസാമ്പത്തിക വളർച്ച നിരക്ക് നേടണം എന്ന ഉദ്ദേശത്തോടുകൂടി ഇന്ത്യൻ സമ്പത്ത് വ്യവസ്ഥ കൂടുതൽ ഉദാരമാക്കുന്ന നയങ്ങൾ ആണ് നമ്മൾ കണ്ടത്. ഇവപലതും ജനാധിപത്യവിരുദ്ധവും തൊഴിലാളി വിരുദ്ധവും മുതലാളിത്ത ക്രമത്തിൻറെ പുരോഗതിക്ക് മാത്രം ലക്ഷ്യംവച്ച്ചുള്ളതും ആയിരുന്നു.

## ഇന്ത്യയുടെ തൊഴിൽ കമ്പോളം

2010 ലെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെ എണ്ണം എണ്ണം 46 കോടിയാണ്. ഇതിൽ 86 ശതമാനത്തോളം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് ജോലി ചെയ്യുന്നത്. ദേശീയ ഉൽപാദനത്തിൽ പകുതിയും സംഭാവന ചെയ്യുന്നത് അസംഘടിത മേഖല ആണ്. ഈ മേഖലയിൽ സ്വയം തൊഴിൽ വിഭാഗത്തെ സഹായിക്കുന്ന അനുബന്ധ തൊഴിലാളികൾ, കുറഞ്ഞ വേതനത്തിൽ കൂടുതൽ സമയം ജോലി ചെയ്യാൻ സന്നദ്ധരായ അഭ്യസ്തവിദ്യരായ തൊഴിലാളികൾ എന്നിവരൊക്കെ ഉൾപ്പെടുന്നു. വേതന സ്ഥിരതയോ എട്ടുമണിക്കൂർ ജോലിയെന്ന നിബന്ധനയോ, തൊഴിലിടങ്ങളിൽ നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളോ ഒന്നും ഈ മേഖലയിൽ ഇല്ല. 2012 കേന്ദ്ര ആസൂത്രണ കമ്മീഷൻ പുറത്തിറക്കിയ ദാരിദ്ര്യ നിർണയ രീതി പ്രകാരം ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത് കേവലം ഉപജീവനകൂലി മാത്രമാണ്.

2011- 12 കാലയളവിൽ ഇന്ത്യയിലെ തൊഴിലിനെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ (എൻ എസ് എസ് ഒ 68th round) രണ്ടായിരത്തിലെ സ്ഥിതിവിവരക്കണക്കുകളും ആയി താരതമ്യം ചെയ്യുമ്പോൾ തമിഴ്നാട് പോലെയുള്ള ഏതാനും ചില സംസ്ഥാനങ്ങൾ മാറ്റിനിർത്തിയാൽ ബഹു ഭൂരിപക്ഷം സംസ്ഥാനങ്ങളിലും സ്വയം തൊഴിൽ വിഭാഗം വർദ്ധിച്ചിട്ടുണ്ട് എന്ന് കാണാനാകും. കൂലിപ്പണിക്കാരുടെ എണ്ണവും ഇക്കാലയളവിൽ വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഒരു രാജ്യത്തിൻറെ ഉയർന്ന വളർച്ച

ഈ രണ്ട് തൊഴിൽ വിഭാഗങ്ങൾ കുറച്ചു കൊണ്ടുവരുന്നതിനാണ് ഉപകരിക്കേണ്ടത്. പക്ഷെ ഇന്ത്യയിൽ സ്വയം തൊഴിൽ വിഭാഗത്തിലുള്ള തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു. ഇതിന് കാരണം പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംഘടിത മേഖലയിൽ നിന്നും ബഹുഭൂരിപക്ഷത്തെ അസംഘടിതമേഖലയിലെ താൽക്കാലിക കരാർ തൊഴിലുകളിലേക്കും സ്വയംതൊഴിൽ വിഭാഗത്തി ലേക്കും മാറ്റുന്ന ഒന്നാണ് എന്നതാണ്. മാത്രമല്ല കാർഷിക മേഖലക്ക് പുറത്ത് സ്വയം തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം ആളുകളും കാർഷിക വൃത്തി ഉപേക്ഷിക്കാൻ നിർബന്ധിതരായി അസംഘടിത മേഖലയിൽ വന്നവരാണ്.

അസംഘടിത മേഖലയിലെ മറ്റൊരു പ്രധാന തൊഴിൽ വിഭാഗം നാമമാത്ര തൊഴിലാളികളാണ് ഇവർക്ക് ജോലി സ്ഥിരതയില്ല. ഉപജീവന കൂലി മാത്രം ലഭിക്കുന്ന ഇവരെ ഉയരുന്ന പണപ്പെരുപ്പം ദരിദ്ര രേഖക്ക് താഴേക്ക് തള്ളിയിടും. സ്ഥിരമായി തൊഴിൽ ലഭ്യമാകാത്ത സാഹചര്യം അവരെ ഹ്രസ്വകാല ദീർഘകാല കുടിയേറ്റങ്ങൾ പ്രേരിപ്പിക്കുകയും ചെയ്യും. എൻ എസ് എസ് ഒ കണക്കുകളനുസരിച്ച് ഇന്ത്യയുടെ മൊത്തം തൊഴിലാളികളുടെ മൂന്നിലൊരുഭാഗം അവരുടെ ജന്മദേശത്തിന് പുറത്താണ് ജോലി ചെയ്യുന്നത്.

കേരളം പോലുള്ള സംസ്ഥാനങ്ങളിലേക്ക് ഉത്തരേന്ത്യയിലെ ബംഗാൾ ഒറീസ ബിഹാർ ആസ്സാം ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വർദ്ധിച്ച തോതിലുള്ള അവിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റം ഉണ്ടായിട്ടുണ്ട്. 1970കളിൽ കേരളത്തിലെ അവിദഗ്ധ തൊഴിലാളികൾ ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറുകയും ഈ രംഗത്തെ കൂലി ഉയരുകയും ചെയ്തത് ഒരു കാരണമാണ്. രണ്ടായിരത്തോടു കൂടി കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിൽ വന്ന വർധനവ് ഗൾഫ് പണത്തിന്റെ വരവ് തുടങ്ങിയവ മൂലം നിർമ്മാണ കാർഷിക രംഗങ്ങളിൽ കൂടുതൽ അവിദഗ്ധ തൊഴിലാളികളെ ആവശ്യമായി വന്നു. എന്നാൽ കുടിയേറ്റത്തിന് വ്യത്യസ്തമായ മറ്റൊരു കാരണം ഈ തൊഴിലാളികൾ അവരുടെ നാട്ടിൽ അനുഭവിക്കുന്ന വരുമാന ശോഷണവും മറ്റു ജീവിത പ്രയാസങ്ങളും ആണ് . വരുമാനത്തിൽ വരുന്ന കുറവ് പ്രധാനമായും തൊഴിലില്ലായ്മ മൂലം ഉണ്ടാകുന്നതാണ്. തൊഴിലില്ലായ്മയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം കാർഷിക മേഖല നേരിടുന്ന ഉത്പാദന പ്രതിസന്ധി തന്നെയാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾ ഏറിയപങ്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽനിന്നുള്ളവരാണ്. സ്ത്രീകളും എസ് എസ് ടി സാമൂഹ്യ വിഭാഗങ്ങളിൽ നിന്നുള്ളവരും ആണ് ഈ മേഖലയിലെ തൊഴിലാളികളിൽ ഏറിയ പങ്കും. അവരുടെ ജീവിത നിലവാരങ്ങൾ തമ്മിൽ നിലനിൽക്കുന്ന പ്രാഥമിക സമ്പത്തിന്റെ വിതരണത്തിലെ അന്തരം ഇന്ന് കൂടുതൽ രൂക്ഷമായി കൊണ്ടിരിക്കുന്നു. തൊഴിൽ നിയമങ്ങൾ ഇല്ലാത്ത ദരിദ്രരായ തൊഴിലാളികളുടെ

വിലപേശൽ കഴിവ് പരിമിതമായിരിക്കും. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ വേതനത്തിനായി നീക്കിവെയ്ക്കുന്ന തുകയുടെ അനുപാതം തൊഴിലാളികളുടെ എണ്ണം ഏറെ വർധിച്ചു എങ്കിലും ഏറെ കാലമായി മാറ്റമില്ലാതെ തുടരുന്ന കാരണവും മറ്റൊന്നല്ല.

പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയ തിനെ തുടർന്ന് സർക്കാറിന്റെ ഫലപ്രദമായ ഇടപെടൽ എല്ലാ മേഖലയിലും കുറഞ്ഞുവരുകയാണ്. ധനകാര്യ മാനേജ്മെൻറ് ന്റെ പേരിൽ ധനക്കമ്മി കുറയ്ക്കാൻ ഉള്ള വലതുപക്ഷ നയങ്ങൾ അനുശാസിക്കുന്ന ചെ





ലവുചുരുക്കൽ നടപടികൾ ആണ് ഭരണകൂടങ്ങൾ പിന്തുടരുന്നത്. 1991 മുതൽ നടപ്പിലാക്കി വരുന്ന സാമ്പത്തിക നയങ്ങളുടെ ഭാഗമായിട്ടാണ് തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനം നടത്തുന്നത്. എട്ടു മണിക്കൂർ ജോലി എന്ന നിയമത്തെ മറികടക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. വർക്ക് ഫ്രം ഹോം എന്ന ഓമനപ്പേരിൽ ഐടി മേഖലനൽകുന്ന ആനുകൂല്യം ഇതിന് ഉദാഹരണമാണ്. ഈ മേഖലയിൽ പതിനാറും പതിനെട്ടും മണിക്കൂറാണ് പ്രതിദിന ജോലി സമയം. ഉല്പാദന ക്ഷമതയും തൊഴിൽ സമയവും വർദ്ധിപ്പിച്ച് കടുത്ത തൊഴിലാളി ചൂഷണം ആണ് നടന്നു വരുന്നത്. അസംഘടിത മേഖലയിൽ മാത്രമല്ല സംഘടിത മേഖലയിൽ പോലും ഒരു തൊഴിലാളിയെ നിയമിക്കുമ്പോളും പിരിച്ചു വിടുമ്പോഴും പാലിക്കേണ്ട നിയമപരമായ ചുമതലകൾ പാലിക്കുന്നതിൽ നിന്നും ഒഴിവാക്കാൻ ഉതകുന്ന വിധത്തിലുള്ള ഹയർ ആൻഡ് ഫയർ പോളിസിയാണ് ഇന്ന് പിന്തുടരുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാനുള്ള നീക്കം ഇത്തരത്തിൽ ഉള്ള ഒന്നാണ്.

ഐടി, വിവരസാങ്കേതിക മേഖലയാണ് കടുത്ത തൊഴിലാളി ചൂഷണം നേരിടുന്ന മറ്റൊരു മേഖല. ഹയർ ആൻഡ് ഫയർ പോളിസി നടപ്പിലാക്കുകയും വർക്ക് ഫ്രം ഹോം പോലെയുള്ള ഉള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുകയും വഴി ഈ മേഖലയിലുള്ള ഉള്ള തൊഴിൽ നിയമങ്ങൾ മറികടക്കുകയാണ് കമ്പനികൾ ചെയ്യുന്നത്. തൊഴിലാളികൾക്ക് ചെയ്യേണ്ട ജോലി എത്ര ദിവസത്തിനകം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും അത് വീട്ടിൽനിന്ന് ചെയ്യാനുള്ള ഉള്ള സാഹചര്യം ഒരുക്കികൊടുക്കുകയും വഴി എട്ടു മണിക്കൂർ ജോലി എന്ന നിയമം ഫലപ്രദമായി ഈ കമ്പനികൾക്ക് മറികടക്കാൻ ആകുന്നു. നിക്ഷേപസൗഹൃദ അന്തരീക്ഷം വർദ്ധിപ്പിക്കാനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും അനവധി സ്വതന്ത്ര സാമ്പത്തിക മേഖലകൾ (Special Economic Zone- SEZ) സൃഷ്ടിച്ചിട്ടുണ്ട്. ഇവയിലൊന്നും രാജ്യത്തെ തൊഴിൽ നിയമങ്ങൾ ബാധകമല്ല.

ഈ കടുത്ത ചൂഷണങ്ങളും സാമ്പത്തിക പ്രതിസന്ധിയും ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിൽ കടുത്ത നിരാശയും പ്രതിഷേധവും പടർത്തിയിട്ടുണ്ട്. 2019 ജനുവരി 8,9 തീയതികളിൽ രാജ്യത്തെ 10 ഓളം തൊഴിലാളി സംഘടനകൾ 12 ആവശ്യങ്ങൾ ഉന്നയിച്ച് പണിമുടക്ക് നടത്തുകയുണ്ടായി. 20 കോടി തൊഴിലാളികൾ പങ്കെടുത്ത ഈ ഐതിഹാസിക സമരം ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ കരുത്ത് വിളിച്ചോതുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ കർഷകരും കർഷക തൊഴിലാളികളും ഉയർത്തികൊണ്ടുവരുന്ന ഐതിഹാസികമായ സമരങ്ങൾ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് പുത്തൻ ദിശാബോധവും ഉണർവും നൽകുന്നതാണ്.

ചിക്കാഗോയിലെ ഹേ മാർക്കറ്റിൽ 1886ലെ സംഭവങ്ങളെ അനുസ്മരിക്കുന്ന ഒരു സ്മാരകം സ്ഥിതിചെയ്യുന്നുണ്ട്. ആ സ്മാരകത്തിന് മുന്നിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "നിങ്ങൾ ഇന്ന് ഉയർത്തുന്ന ശബ്ദ കൊലാഹല ത്തേക്കാൾ ശക്തമായി ഞങ്ങളുടെ മൗനം ഉയരുന്ന ഒരു ദിനം വരും." സാർവദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ ഈ ശക്തിയാണ് ഇന്ന് ഇന്ത്യ നേരിടുന്ന രണ്ട് പ്രധാന വിപത്തുകൾക്കെതിരെ പ്രതിരോധിക്കാനുള്ള ഊർജ്ജം നമുക്ക് നൽകുന്നത് . നവലിബറലിസവും വർഗീയതയുമാണ് ഈ വിപത്തുകൾ. ഇവ രണ്ടും കൈകോർക്കുന്ന ഒരു ചരിത്ര ഘട്ടത്തിലൂടെ ആണ് നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇവ രണ്ടും തികച്ചും ജനാധിപത്യ വിരുദ്ധവും മനുഷ്യത്വ വിരുദ്ധവും തൊഴിലാളി വിരുദ്ധവും ജനദ്രോഹ പരവും നയപരമായി മുതലാളി കാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കുന്നതും ആണ്.കൂടുതൽ ജനങ്ങളിലേക്ക് കൂടുതൽ തൊഴിലാളികളിലേക്ക് ഇന്ത്യൻ തൊഴിൽ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ ആഴവും പരപ്പും വിശദമാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നമ്മൾ ഏറ്റെടുക്കണം. വലിയ ജനകീയ പ്രക്ഷോഭങ്ങളിലൂടെ മാത്രമേ ഇത്തരം ജനവിരുദ്ധ നയങ്ങൾ തിരുത്താൻ സാധിക്കുകയുള്ളൂ.



# Narrativising Neoliberal Ethos in the film *Mayanadi* : A Case Study


**Swapna Gopinath**
SN College Chempazhanthy





**Abstract:** Indian social structures have undergone radical transformation post globalization and the new India is driven by neoliberal market values that have been restructuring ideological positions and subjectivities. The shift to urban spaces and the resultant changes have been accompanied by a normative shift with regards to sociopolitical, economic and cultural environments. Mayanadhi, the mystical river is a film released in 2018 and directed by Aashiq Abu who has daringly worked with innovative themes and adopted new methods of presentation. My paper attempts to explore the film for its depiction of love and human relationships in the age of neoliberalism. Apart from being a film about love, the film follows the theme of neoliberal values and their complex relation with the lived experiences of people who search for meaningful relations.



Keywords: Neoliberalism, Film Studies, Cultural Studies



## Introduction

Indian cinema like every other cultural narrative reflects the social reality that responds to the altering patterns of normative structures that shape human lives at any given point in space and time. Malayalam cinema is no exception and during the 1980s,films that expressed apprehensions about modernity and urbanization often ended up celebrating the non-existent innocence of the country side. A romanticisation of rural life and sensibility was seen in these films, as in the works of Sathyan Anthikad. The fear of a rapidly altering social scenario created these narratives. Post 1990s, especially with globalization, there was a distinct thematic shift, with urbanity getting increasingly accepted and acknowledged as a way of life. With the new generation films, this shift got consolidated and along with urbanity, aspects of city life, including neoliberal norms and values also got incorporated Malayalam cinema. Soon even films that foregrounds rural living, accepted neoliberal identity as the norm. Neoliberalism with its individualism and commodification and identity politics became themes and discourses that shaped contemporary cinema.

## Synopsis

Mayanadhi or mystic river is the tale of two persons caught in the urban world of neoliberal values and structures that alienate and destroy humanity. Here the protagonist, the male, tries to compensate for the loss of his human self that is symbolised by his love by buying up things from the market. He had in fact lost his love when he fell for the market driven needs, and he sought to compensate and his room represents his fall into the neoliberal sphere where quality of life is measured through goods procured and owned. Years later, he is born again into the world of love and he sets on a journey to meet the girl who now represents the neoliberal values. She lives in the hyperreal spaces, seeking a career in acting, anchoring and modelling. They meet again and the boy falls back into the world of humanity, while she momentarily delves into it, only to return and deny him anything more than a few moments of pleasure. She is always the shape shifter, easily transforming herself, embracing the values of the market cleverly because she occupies the world of images and mirrors. He cannot do that and hence has to make a choice and he chooses the mystic river of love which has only one destination , death, in the world of capitalism.

## Neoliberalism: Ethos and Values

India has witnessed paradigm shifts in its identity as a postcolonial nation, post economic liberalisation and later, globalisation. The new India in the new millennium is a

market driven, commoditised social system with the individual living a solitary life, sense of community downplayed constantly and individualism promoted extensively, in order to create a market for every good produced by multinational corporations that rule the world. "Capitalism creates an impossible bind for both sexes. Because meeting human needs would cut into profits, people are deprived of what they need and then shamed for feeling needy. The more difficult life becomes, the more we expect love to provide compensation. Of course, it cannot. As needs go unmet, resentment builds and we punish our loved ones for failing us, fail they must"(Rosenthal). Hence "by putting profits before people, capitalism transforms our most intimate relationships into a battleground" (Rosenthal).



'Neoliberalism has, in short, become hegemonic as a mode of discourse... [with] pervasive effects'. So, as well as promoting 'the market' not only in the economic but also in the political field (i.e. 'liberal democracy') of contemporary capitalism, neoliberalism is implicated in an ideological battle ... over everything" (Harvey 2005, p3). It is, no doubt, "a political project, intent on producing new forms of subjectivity and particular modes of conduct" (Giroux 1). There is a close link between this economic and political mechanisms and " its cultural politics of subjectification and self-regulation" (Giroux 1) which results in creating " a system of cruelty" (Giroux 1). Within this neoliberal system one finds embodied, "a kind of infernal machine..." with its ability to destroy individual selves (Bordieu). One feels powerless in this hostile world created by the market, commodified and competitive, and where individual subjectivity is defined by the requirements of the market. "Within the discourse of neoliberalism, individual misfortune is either to be contained" or is an excess (Giroux 6)

Neoliberal age is the age of commodification and identities are constructed to hide the fragmented selves created by the impersonal and ruthless social structures that support the market. Man-Woman relations fail to thrive in this environment that lacks empathy and compassion. It is extremely individualistic and promotes self growth as a journey involving intense competition. "Neoliberalism sees competition as the defining characteristic of human relations. It redefines citizens as consumers, whose democratic choices are best exercised by buying and selling, a process that rewards merit and punishes inefficiency. It maintains that 'the market' delivers benefits that could never be achieved by planning" (Monbiot). In this market driven world of norms and values, individual success, defined in terms of material wealth, is valued highly. "A neoliberal meritocracy would have us believe that success depends on individual effort and talents, meaning responsibility lies entirely with the individual and authorities should give people as much freedom as possible to achieve this goal. " (Verhaeghe) . This world of neoliberal values is a difficult place to be, especially for young people who are asked to be 'achievers'. "Our society constantly proclaims that anyone can make it if they just try hard enough, all the while reinforcing privilege and putting increasing pressure on its overstretched and exhausted citizens. An increasing number of people fail, feeling humiliated, guilty and ashamed. We are forever told that we are freer to choose the course of our lives than ever before, but the freedom to choose outside the success narrative is limited. Furthermore, those who fail are deemed to be losers or scroungers, taking advantage of our social security system" (Verhaeghe) .

## Reading the filmic narrative

The title Mayanadhi, eloquently narrates the hopelessness of falling

in love in this age of neliberalism. If the film is about romance, then it is not about two persons falling in love or being in love or perishing in it, it is about love in the times of neoliberalism. Love, in this world where neoliberal structures are hegemonic, is those moments of transcendence where people are immaterial and all that matters is the surreal moments of love and this film seeks to capture these moments in all their purity and their elusiveness. Love in this new world is like a mystic river, a mayanadhi, that flows, that is alive yet is mystical and transcends everyday existence. While the male protagonist gives up life to experience love, the female protagonist chooses to live and forgo love. Living in the postfordist society, she can and will survive because she herself is an image of the hyperreal world, she is an object to be gazed at, as is seen in the hoardings around the city. The film seeks to transcend the reality of the times and uses the vehicle of magic realism. Filters are used to portray the last scenes where the river and the forest looks ethereal. The forest becomes the journey into the self, and it becomes the moment of revelation, and moment of realisation, as well.

A the film begins, titles are displayed with the narrator speaking about a future under the starry skies. He dreams of a life, and realises that he has lived and is living a miserable life where only the future seems to be hopeful . His dream of a house by the river side, with his wife and a few labrador puppies vividly sets the tone for the central theme which will soon play out to its tragic end. The reality of existence strikes us harshly, as we witness the male protagonist sleeping on a terrace against the backdrop of a Tamil temple. He shares his living space with other males, their male identities stressed through their words, actions and spatial identities. There is a conversation on an illegal transaction that involves dollar and rubies and the danger involved in their acts are also hinted at. There are two gang leaders who appear ferocious with big moustache and appear like stereotypical villains we normally encounter in Malayalam cinema, yet they are different. They are involved in criminal acts, yet there is no Othering, they live ordinary lives, concerned about their children and their mobile phones connect them to their families. They are victims, just like the protagonist, Mathan, victims of a social system that celebrates exploitation at several levels, economic, political and social.



Mathan's journey takes a different turn with his trip to Kodaikanal, along with his friends, to complete an illegal transaction that involves a large amount of money. Here we witness the transformation of Mathan from that of an individual seeking to find meaning away from the world of commodities and market-driven needs. His stay at the luxury hotel and the soft lights that create an atmosphere of magic realism is very significant in elucidating this shift. Mathan's transition into the world of humane passions is symbolically depicted by shots where we see him reminiscing his love with pictures on his mobile of his long lost love Apu or Aparna. The transition happens when three policemen enter the room. There are gun shots fired and all three of Mathan's friends are killed. Mathan hides in the water filled with soap bubbles in the tub and it is the moment of his birth, as the police leave the room, he emerges almost naked in the next few shots. His transition from the neoliberal world of reality to the world of love and dreams also signals his death, since it is an impossibility to survive as this new human being. It is a painful traumatic transition where death is a strong presence, his friends are dead, and he himself kills a police man unwittingly, while trying to escape from the place.

Mathan perishes because he decides to make a choice, between the reality of the world outside and the world of love and humanity. The precarity of that existence is too much for him and he dies while Aparna, the female protagonist survives since she thrives in the world of neoliberal structures, as an object of pleasure, as an image and yet retaining her normalcy through her love. She blends into the simulacrum, and as an actor, she lives suspended between the two worlds. Aparna is introduced to the audience through a scene where an audition for a movie is taking place and she is one among the many aspirants. The highly competitive environment is stressed in this context. She is a bird waiting to fly, the song in the background clearly elucidates this dream of Apu or Aparna for a career in films. The audition

happens behind glossy curtains where several girls perform; they look different yet are similar in their presentation of their selves. They are not authentic or original and Aparna, during her audition is no different. She hesitates about her age, sounds very unimpressive and is asked to sound genuine and honest. The second half of the film has Apu excelling at her audition and getting selected for the big role, the character that can change her destiny as an actor. She securely occupies the liminal space of fantasy and reality that equips her to survive as she moves between the two worlds of love and of the market and Mathan fails miserably to accommodate himself and is therefore destined to die.

Mathan, is the tragic hero who succumbs to the pressures of the neoliberal world. He cannot sleep and resorts to several measures in order to get a wink of sleep. He uses sleep apps, drinks liquor, and takes a ride in the car. But these techniques cannot cure him of his insomnia. Mathan's insomnia is symbolic and it is not the killing that makes him lose sleep. Mathan, in a desperate moment, boards a bus for a long distance journey so that he can sleep for some time. Sleep evades him because he is a misfit in the world of money and commodities, since he has already made the transition and can never go back. There is a sense of hopelessness and Mathan cannot escape the death that awaits him. Both the audience and Mathan himself comprehends the despair writ large even though he makes attempts to escape to Dubai. Mathan's journey that began in the bath tub at Kodai has to end in the forest, by the river symbolically representing the mystic river, since he no longer belongs to the new world that eulogises success in terms of material wealth.

The film as a semiotic text uses several codes to elucidate the multiple worlds that its characters occupies. While the rest of the characters live in the material world characterised by the normative structures of neoliberalism, Mathan and Apu occupy alternate spaces. Mathan's life, as is depicted in the story, moves from the neoliberal space to a parallel one where love can be a transcending experience. At the beginning Mathan's room is raided by the police and they stumble upon the large number of luxury goods, sun glasses, watches and electronic gadgets, that Mathan had been hoarding over time. It resembles a duty free shop, hinting at a luxury life that Mathan had been aspiring to lead, to compensate the lack of meaningful relationships in his life. As the film comes to an end, Mathan dies and when the film maker visualises his death in an encounter killing, it happens by the mystic river of love. This world demands the sacrifice of Mathan's life at the alter of love, and there cannot be a journey back for Mathan to the world he originally belonged to, at the beginning of the movie. At the moment of his death, he envisages a visual of Apu. Though the frame is a slightly stereotypical, it smoothly makes a transition to her identity as an actor. From the shot of her dress, as seen by Mathan at the moment of his death, we are invited to observe the shot that is being captured by the camera for the film which will have Apu as the female hero. To sharpen the contrast between the earlier scene of magic realism to the reality of human existence within the world of hyperreality, we hear the director asking the crew to switch off the fan, and to have the shot taken once again. The scene of Mathan's death employs the style of magical realism, which leaves the audience doubting the death of the protagonist. Is it really the death of the Mathan or is it the death of his love which is like a mystic river that separates yet provides pleasures that are beyond real. It becomes more complex as the vision he has as he dies blends into a scene from the film where she is the protagonist.



If Mathan's life shifts in perspectives, Aparna's life occupies a heterotopic space, a liminal space, that helps her survive. Aparna's hoardings, her anchoring for events, especially her relative's marriage, the fake and shallow hypocrisy revealed in the scenes, the auditions, are all used to convey the real world,



the world of neoliberal values. Unlike them, the scene where the three girls, Apu and her friends, sit together talking and singing and drinking wine, is the moment of love and has the touch of human compassion and camaraderie which, the audience understands, cannot survive. Hence, one of them, Sameera, is snatched away by the hegemonic patriarchal system and the friendship is no more a possibility. In this context, the last scene is to be mentioned again, since it begins with Mathan, moves across the mystic river of love and ends with Apu who performs various identities, represents the pseudoreality of the postmodern world.

The film is set in urban spaces throughout, except for the scene where the drama begins after the accidental killing of the police man and at the last scene of Mathan's death. These two moments are deeply symbolic as the first scene is the journey towards Mathan's desires and birthing into the world of love where emotions reign supreme. The last scene captures the moment of death not only of the male protagonist but also of the world of emotions and desires.

Mayanadhi is not a film about sexual choices or about strong women daring to make such choices in life. It is more about the moments when the mystic river, emotions of love and sacrifice, allows the travellers to imagine it and contemplate its blissful existence. The whole discourse of feminism in the film seems a conveniently added prop. The female protagonist says sex is not a promise yet feels offended when her mother calls her prostitute and says she wants to live a life of dignity and demonstrate to her mother how successful she is, in her life. Yet another character, Sameera gives up her career of acting under pressure from her family, depicted as the slap by her dominant brother. Sameera has no love interest in the film, she is totally under the control of an oppressive, misogynous family to which she belongs to, and her brother's presence in a couple of scenes illustrates it vividly. she is depressed and anxious about her brother's anger. She has no agency, though she is appreciated by innumerable admirers and film lovers. She lives on the borders of the real and the virtual, moving apart from the virtual when her brother pulls her away, and she is finally exiled into the arid world of the real. Yet the film also attempts to redefine equations within relationships, and attempts to shatter stereotypes, especially through the depiction of Apu-Mathan relationship. Apu is smarter than Mathan in taking decisions, especially when it comes to their sexual desires. Apu leads and Mathan follows and the shots capture a girl's perspective, moments of fantasy that ends with a thank you from Mathan and Apu's acknowledgement.

## Conclusion:

Mayanadhi represents cultural texts across various media, including literary texts that reflect the sensibility of contemporary India. It is not a mere tale of lost love or the tragic destiny of a star-crossed lovers told in a poignant manner. It becomes a significant film for the portrayal and analysis of hegemonic social structures that define and design the new India. While the reflection of reality is a poignant one, with magic realism as a significant tool for this portrayal, it also invites the audience to imagine and contemplate on this reality. Neoliberal ethos is captured through several tropes placed interestingly in the narrative and attempts have been made by the film maker to explore the tragic destiny that awaits human beings who seek to explore paths other than the socially acknowledged and accepted ones.

### Works Cited

Bourdieu, Pierre. "The essence of neoliberalism." Dec 1998, Le Monde Diplomatique, https://mondediplo.com/1998/12/08bourdieu.

Giroux, Henry A. Against the Terror of Neoliberalism: Politics beyond the Age of Greed, Routledge, 2008.

Harvey, David. A Brief History of Neoliberalism, Oxford University Press, 2005.

Monbiot, George. "Was the rise of neoliberalism the root cause of extreme inequality." 15 March 2016, The Guardian, https://www.theguardian.com/books/2016/apr/15/neoliberalism-ideology-problem-george-monbiot.

Rosenthal, Susan. "How capitalism turns intimate relationships into a battleground." 25 Aug 2007, https://www.susanrosenthal.com/articles/how-capitalism-turns-intimate-relationships-into-a-battleground.

Verhaeghe, Paul " Neoliberalism has brought out the worst in us." 29 Sept 2014, The Guardian, https://www.theguardian.com/commentisfree/2014/sep/29/neoliberalism-economic-system-ethics-personality-psychopathicsthic.



# ലാളിത്യം എന്ന മായ

**വൈശാഖൻ തമ്പി**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



ചില കാര്യങ്ങൾ വളരെ സിമ്പിളാണ് എന്ന് നമ്മൾ പറയാറുണ്ട്. പക്ഷേ, സത്യത്തിൽ ഈ ലളിതം അഥവാ സിമ്പിൾ എന്ന വാക്കുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ലാളിത്യത്തിന്റെ അർത്ഥമന്വേഷിച്ച് ഡിക്ഷനറിയെടുത്താൽ 'ബൗദ്ധികമായ അധ്വാനമില്ലാതെ, എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന (easily understood without difficulty)' എന്ന അർത്ഥമാണ് നമുക്ക് കിട്ടുക. കേൾക്കുമ്പോൾ അതിൽ ദുരൂഹമായി ഒന്നുമില്ലെങ്കിലും, സത്യത്തിൽ അത്ര എളുപ്പം തീർപ്പുകല്പിക്കാവുന്ന ഒരു കാര്യമല്ല. പ്രത്യേകിച്ച് അതിലെ 'മനസിലാക്കുക' എന്ന ഭാഗം.

നമ്മൾ പലപ്പോഴും മനസിലായി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഒരു കാര്യത്തിന്റെ വിശദീകരണം നമുക്ക് പരിചയമുള്ള വസ്തുക്കളുടേയോ സാഹചര്യങ്ങളുടേയോ ഒക്കെ രൂപത്തിൽ വിഘടിക്കപ്പെട്ട് കാണുമ്പോഴാണ്. അത് എത്രത്തോളം പെട്ടെന്ന് സാധിക്കുന്നുവോ അത്രത്തോളം ഒരു കാര്യം ലളിതമാണ് എന്ന് നമുക്ക് തോന്നും. പക്ഷേ ഒരു ശാസ്ത്രവിദ്യാർത്ഥിയെ സംബന്ധിച്ച് കാര്യം അത്ര എളുപ്പമല്ല. ചിരപരിചയം എന്നത് ലാളിത്യത്തിന്റെ മാനദണ്ഡമല്ല അവിടെ.

ഉദാഹരണത്തിന്, പണ്ട് വിദ്യാർത്ഥികളുമായി ശാസ്ത്രം സംസാരിക്കവേ, ചുറ്റും നോക്കി അവിടെ കാണുന്ന എന്തിനെയെങ്കിലും കുറിച്ച് ഒരു ചോദ്യം ചോദിയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ ഒരു കുട്ടി ചോദിച്ച ചോദ്യം പരിഗണിക്കാം. മേശപ്പുറത്തിരിക്കുന്ന ഒരു തടിച്ച പുസ്തകം ചൂണ്ടിക്കാണിച്ച് അയാൾ ചോദിച്ചു- "എന്തുകൊണ്ടാണ് ആ പുസ്തകം അനങ്ങാത്തത്?"



ഐസക് ന്യൂട്ടൺ

ഓർത്തുനോക്കൂ, നിങ്ങളാ ചോദ്യത്തിന് എന്തുത്തരമാണ് പറയാൻ സാധ്യത? ഇതൊരു വളരെ 'ലളിതമായ' ചോദ്യമല്ലേ? ചിരപരിചിതമായ ആ സാഹചര്യത്തിന്റെ ലാളിത്യം കാരണം ആ ചോദ്യം തന്നെ പ്രസക്തമാണോ എന്ന സംശയം ഉണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ സാഹചര്യം വല്ലാതെ സ്വാഭാവികവും പരിചിതവും ആണെന്നതുകൊണ്ട് മാത്രം ചോദ്യം അസാധുവാകുന്നില്ല. അതിന് ഉത്തരമുണ്ട്. ഒരുപക്ഷേ അത്ര ലളിതമായിരിക്കണമെന്നില്ല എന്നേയുള്ളൂ.

ചോദ്യത്തിന് ഉത്തരം പറയാൻ കുട്ടികളോട് തന്നെ ആവശ്യപ്പെട്ടപ്പോൾ മിക്കവരും കുഴങ്ങി. ഒരുപക്ഷേ അവർ കരുതിയത് ചോദ്യം ചോദിക്കുന്നതോടെ അവരുടെ പണി കഴിഞ്ഞെന്നാണ്. എങ്കിലും ചില മിടുക്കർ 'പുസ്തകത്തിന് ജീവനില്ലാത്തതുകൊണ്ട്' എന്ന ഉത്തരവുമായി വരിക തന്നെ ചെയ്തു. ലളിതമായ ഉത്തരം, അല്ലേ? ജീവനുള്ളതൊക്കെ താനേ അനങ്ങും എന്ന ചിരപരിചിതമായ കാര്യത്തിൽ നിന്നാണ് ആ ലളിതമായ ഉത്തരം വരുന്നത്. പക്ഷേ മേശപ്പുറത്ത് തടിച്ച ബുക്കിന് പകരം ഒരു ചെടിച്ചട്ടിയിലെ ചെടിയായിരുന്നു എങ്കിലോ? ചെടിയും അനങ്ങാതെ നിന്നേക്കും. ചെടിയ്ക്ക് പക്ഷേ ജീവനുണ്ട്. അതേസമയം മേശപ്പുറത്ത് ഒരു ടിഷ്യു പേപ്പർ വച്ചിരുന്നാൽ നമുക്ക് അനുഭവവേദ്യമല്ലാത്ത ഒരു ചെറിയ കാറ്റടിച്ചാൽ അത് താനേ അനങ്ങുന്നതായി കാണാനും സാധിക്കും. അതിനർത്ഥം ടിഷ്യു പേപ്പറിന് ജീവൻ വെച്ചു എന്നല്ലോ താനും. അപ്പോൾ ആ ചോദ്യത്തിന് ജീവന്റെ സാന്നിദ്ധ്യവുമായി ബന്ധമില്ല.

അനങ്ങുക എന്നതുകൊണ്ട് നമ്മൾ ചലനത്തെയാണല്ലോ ഉദ്ദേശിക്കുന്നത്. ചലനത്തെ സംബന്ധിച്ച് സംസാരിക്കുന്ന പ്രകൃതിനിയമങ്ങൾ നമ്മൾ ഭൗതികശാസ്ത്രത്തിലാണ് പഠിക്കുന്നത്. ഇവിടെ നമുക്കവയെ വേണം പ്രയോജനപ്പെടുത്താൻ.

'അസന്തുലിതമായ ഒരു ബാഹ്യബലം പ്രവർത്തിക്കാത്തിടത്തോളം ഒരു വസ്തു അതിന്റെ നിശ്ചലാവസ്ഥയിലോ നേർരേഖയിലൂടെയുള്ള സമാനചലനത്തിലോ തുടരും' എന്നൊരു കണ്ടെത്തലുണ്ട്. ന്യൂട്ടന്റെ ഒന്നാം ചലനനിയമം എന്നാണ് അത് അറിയപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ബലം (force) എന്ന അളവ് തന്നെ നിർവചിക്കപ്പെടുന്നത്. നിശ്ചലാവസ്ഥയ്ക്കോ നേർരേഖയിലൂടെയുള്ള സമാനമായ ചലനത്തിനോ മാറ്റം വരുത്താൻ കഴിയുന്ന അളവേതോ അതാണ് ബലം.

ഇത് നമുക്ക് നമ്മുടെ പുസ്തകത്തിന്റെ കാര്യത്തിലും പ്രയോഗിക്കാവുന്നതേയുള്ളൂ. നിശ്ചലാവസ്ഥയിൽ ഇരിക്കുന്ന ഒരു വസ്തുവിന് അങ്ങനെ തന്നെ ഇരിക്കാൻ കഴിയുന്നത്, അതിന് മാറ്റം വരുത്താൻ പോന്ന ഒരു ബലം അവിടെ പ്രവർത്തിക്കുന്നില്ല എന്നതിനാലാണ്.

തീർന്നില്ല. പ്രശ്നം കൂടുതൽ വഷളാകാൻ പോകുകയാണ്. ഭൂമിയോളം പോന്നൊരു വസ്തുവിന്റെ പരിസരത്ത് ഒരു വസ്തുവിനും ഒളിയ്ക്കാൻ കഴിയാത്ത ഒരു ബലപ്രയോഗം നടക്കുന്നുണ്ട്. നമ്മളെയുൾപ്പടെ സകല വസ്തുക്കളേയും ഭൂമിയോട് ചേർത്ത് നിർത്തുന്ന ഗുരുത്വാകർഷണം (gravitational force) എന്ന ബലം. അത് പുസ്തകത്തിലും പ്രവർത്തിക്കുന്നുണ്ടാകും. അങ്ങനെയെങ്കിൽ പിന്നെങ്ങനെ പുസ്തകം നിശ്ചലാവസ്ഥയിൽ തുടരും?

ഒന്നാം ചലനനിയമത്തിലേയ്ക്ക് ഒന്നുകൂടി സൂക്ഷിച്ച് നോക്കേണ്ടിവരും. വെറും ബലത്തെ പറ്റിയല്ല, അസന്തുലിതമായ ബാഹ്യബലത്തെ (unbalanced external force) കുറിച്ചാണ് അവിടെ പറയുന്നത്. പുസ്തകത്തെ സംബന്ധിച്ച് ഗ്രാവിറ്റി ബാഹ്യബലമാണ്. പക്ഷേ അത് അസന്തുലിതമാണോ എന്നതാണ് ഇനിയുള്ള ചോദ്യം. ആയിരുന്നെങ്കിൽ ഉറപ്പായും പുസ്തകം അനങ്ങിയേനെ. അപ്പോൾ ഗുരുത്വാകർഷണത്തെ സന്തുലനം ചെയ്യുന്ന (balance) മറ്റെന്തോ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഗുരുത്വാകർഷണം താഴേയ്ക്ക് പ്രവർത്തിക്കുമ്പോൾ നേരേ മുകളി



ലേയ്ക്ക് പ്രവർത്തിക്കുന്ന എന്തോ ഒരു ബലം. എന്താണത്?

ആ മേശ അവിടെനിന്ന് പെട്ടെന്ന് അപ്രത്യക്ഷമാകുന്നതായി സങ്കല്പിച്ചാൽ അത് മനസിലാകും. മേശ ഇല്ലാതാകുന്ന നിമിഷം പുസ്തകം താഴേയ്ക്ക് ചലിയ്ക്കാൻ തുടങ്ങും, അല്ലേ? അതിനർത്ഥം മേശയാണ് ആ എതിർബലം പ്രയോഗിക്കുന്നത്. ആ ബലം നമുക്കും അനുഭവിക്കാനാകും. കൈപ്പത്തി കൊണ്ട് മേശപ്പുറത്ത് അമർത്താൻ ശ്രമിച്ചാൽ മേശ അതിനെ ചെറുക്കാൻ ശ്രമിക്കുന്നതായി അറിയാമല്ലോ. നിങ്ങൾ എത്ര ബലത്തിലാണോ മേശയിൽ അമർത്തുന്നത് അത്ര തന്നെ ബലത്തിൽ മേശ നിങ്ങളുടെ കൈയേയും അമർത്തും. ന്യൂട്ടന്റെ മൂന്നാം ചലന നിയമം ആണവിടെ പ്രവർത്തിക്കുന്നത്- 'ഏത് ബലത്തിനും തുല്യവും വിപരീതവുമായ ഒരു എതിർബലം ഉണ്ടാകും'.

ഇത്രയുമാകുമ്പോൾ, ന്യൂട്ടന്റെ ചലന നിയമങ്ങൾ പഠിച്ചിട്ടുള്ള ഒരാൾക്ക് 'കാര്യം മനസിലായി, ലളിതമാണ്' എന്ന് തോന്നിയേക്കും. എന്നാൽ അതും പരിചയം കാരണം തോന്നുന്ന ലാളിത്യമാണ്. തീർന്നില്ല, നിങ്ങൾ മേശപ്പുറത്ത് കൈവെക്കുമ്പോൾ എന്തുകൊണ്ടാണ് മേശ അതിനെ ചെറുക്കുന്നത്? എന്തുകൊണ്ട് കൈ മേശയിലൂടെ കടന്നു പോകുന്നില്ല എന്ന കാര്യം ഇനിയും വ്യക്തമാകാനുണ്ട്.

ഇനി ന്യൂട്ടന്റെ നിയമങ്ങൾക്കപ്പുറം വൈദ്യുതചാർജ്ജുകളെ സംബന്ധിച്ച ഇലക്ട്രോമാഗ്നെറ്റിക് പ്രതിഭാസങ്ങളിലേയ്ക്ക് കടക്കേണ്ടിവരും. കൈയേയും മേശയേയും ആറ്റങ്ങളാലാണ് നിർമിച്ചിരിക്കുന്നത്. എല്ലാ ആറ്റങ്ങളുടേയും പുറം ഭാഗം നെഗറ്റീവ് ചാർജ്ജുള്ള ഇലക്ട്രോണുകളുടെ ഒരു പടലമാണ്. സമാനചാർജ്ജുകൾ തമ്മിൽ വികർഷിക്കും (repel) എന്നതാണ് വൈദ്യുതകാന്തികതയുടെ അടിസ്ഥാനം തന്നെ. അതുകാരണം ആറ്റങ്ങളെ നിങ്ങൾക്ക് ഒരു പരിധിയ്ക്കപ്പുറം അടുത്തേയ്ക്ക് കൊണ്ടുവരാൻ കഴിയില്ല. കൈയിലേയും മേശയിലേയും ആറ്റങ്ങളിലെ ഇലക്ട്രോൺ പടലങ്ങൾ തമ്മിലുള്ള വികർഷണ ബലമാണ് ഇടയിലെ ഞെരുക്കമായി നിങ്ങൾക്ക് അനുഭവപ്പെടുന്നത്. അതൊരു വൈദ്യുത കാന്തിക പ്രതിപ്രവർത്തനമാണ്.

എന്തുകൊണ്ട് സമാനചാർജ്ജുകൾ വികർഷിക്കുന്നു എന്നതുൾപ്പടെയുള്ള നിരവധി ചോദ്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഇനിയും കിടപ്പുണ്ട്. പക്ഷേ നിത്യജീവിതത്തിൽ പരിചയമുള്ള, അനുഭവിച്ചറിഞ്ഞിട്ടുള്ള ഒന്നുമായും താരതമ്യം ചെയ്ത് പറയാവുന്നതല്ല അവയിൽ പലതും. അതുകൊണ്ട് തന്നെ അവയൊന്നും ലളിതമായി തോന്നാനും തീരെ സാധ്യതയില്ല.

പറഞ്ഞുവന്ന കാര്യത്തിലേയ്ക്ക് മടങ്ങാം. ലാളിത്യം ഒരു മായയാണ് (illusion of simplicity). ലളിതമെന്നോ അപ്രസക്തമെന്നോ തോന്നുന്ന മിക്ക കാര്യങ്ങളും സത്യത്തിൽ പരിചിതം എന്ന വിശേഷണത്തിന് മാത്രം അർഹമായവയാണ്. അതിനെ ലളിതമെന്ന് കരുതി അവഗണിക്കുന്നതിന് പകരം, അതിലപ്പുറമുള്ള ചോദ്യങ്ങൾക്ക് പിന്നാലെയുള്ള അന്വേഷണത്തിനിറങ്ങുമ്പോഴാണ് നമ്മൾ ശാസ്ത്രം പഠിച്ചുതുടങ്ങുന്നത്. അത്തരം അന്വേഷണങ്ങളാണ് രണ്ടോ മൂന്നോ നൂറ്റാണ്ടുകൾ കൊണ്ട് മനുഷ്യരാശിയുടെ മുഖച്ഛായ തന്നെ മാറ്റിയെഴുതിയത്.

# കനൽ



**ഫ്രാൻസി മാത്യു**
സെന്റ്തോമസ് കോളേജ്.
പാല



പൊരുളുന്നനിഴലുകൾ
ചിതറുന്നചുറ്റിലും
കരിയിലക്കോലങ്ങ
ളലയുന്നചുറ്റിലും.
ചകിതരായ്ക്കിളികൾ
ചിലമ്പുന്നരാവിലും.
അലകളായ്ത്തീരത്തി-
രമ്പുന്നവന്യമാം
രുധിരത്തിളപ്പുള്ള
പടകാളിതാണ്ഡവം.
കൈകളിൽ,കാലിൽ
കഴുത്തിലുംചങ്ങല
അവതൻകിലുക്കത്തി-
ലൊരുതാളമതിലുണ്ടൊ-
രലറുംകൊടുങ്കാറ്റി
ലുറയുന്നവേദന.
വെയിലില്ല, മഴയില്ല
മഞ്ഞിന്റെകുളിരില്ല
തുരുതുരെകൊഴിയുന്ന
ദലമർമ്മരങ്ങളിൽ
ഉയിരിന്റെമന്ത്രവും
കരളിലെയണയാത്ത
കനലിന്റെതാപവും.
ഇളകിത്തെറിക്കട്ടെ
ഉയിരിന്റെ ഘാതകർ
ഇരുളിന്റെമറപറ്റി
മരുവുന്ന കോട്ടകൾ.
കലിയടങ്ങാതെ
തപിക്കട്ടെമാനസം.



# കൃഷിഭാഷയുടെ ലാവണ്യശാസ്ത്രം

**ബിന്ദു എ.സി.**
ബി.എ.എം. കോളേജ്,
തുരുത്തിക്കാട്



ഉത്തരായനവും ദക്ഷിണായനവും ചന്ദ്രമാസവും മഴക്കാലവും വേനൽക്കാലവും നോക്കി കൃഷിയിറക്കുന്ന കർഷകരുടെ ജീവിതവീക്ഷണത്തിന്റെ തുടർച്ചയായിട്ടാണ് ലാവണ്യചിന്ത ഉദയം കൊണ്ടത്. ചാക്രികത കാർഷിക ജീവിതത്തിന്റെ താളവും കലണ്ടറുമാണ്. ഓരോ ദിവസത്തിലും ഈ ചാക്രികത അവർ നിലനിർത്തി. രാത്രി പകൽ എന്നീ പ്രതിഭാസങ്ങളെ കറുപ്പ്, വെളുപ്പ് എന്നീ നിറത്തിന്റെ കണ്ണിലൂടെ അവർ കണ്ടു. പ്രകൃതിയുടെ ഫലഭൂയിഷ്ഠതക്കനുസരിച്ച് അവരുടെ സൗന്ദര്യ സങ്കൽപ്പങ്ങളും വളർന്നു വന്നു. രാത്രിയുടെ കറുപ്പിനെ ഭേദിക്കുവാൻ പന്തങ്ങൾ കൊളുത്തിവെച്ച് കാവൽമാടങ്ങളിലിരുന്ന് അവർ കൃഷിയെ സംരക്ഷിച്ചു. പകൽ വെളിച്ചത്തിൽ ചേറിൽ വിയർപ്പൊഴുക്കി അധ്വാനിച്ചു. ഭൂമിയാകുന്ന അട്ടക്കളയിൽ ആകാശമാകുന്ന പന്തലിനു താഴെ അവർ സ്വപ്നങ്ങൾ നെയ്തു. ഭാവനകൾ മെനഞ്ഞു. സന്തോഷം, ദുഃഖം, അമർഷം തുടങ്ങിയ വിവിധ വികാരങ്ങൾക്കനുസരണമായി അവർ പാട്ടുകൾ തീർത്തു. പ്രകൃതിയിലൂടെ കട ന്നുപോകുന്ന അഞ്ച് ഋതുക്കളുടെ മാറ്റങ്ങളെ ദൃശ്യവൽക്കരിക്കുന്ന വിധത്തിൽ വിവിധയിനം കൃഷി രീതികളുണ്ടാക്കി, പച്ചപ്പ് തീർത്ത ലാവണ്യാനുഭൂതിയിൽ അവർ മതിമറന്ന് ആഹ്ളാദിച്ചു. ഈ കാലയളവിൽ അവർ രൂപം കൊടുത്ത പദാവലികളും പാട്ടുകളും പാരിസ്ഥിതിക നാട്ടുഭാഷാ സൗന്ദര്യത്തിന്റെ സൂചകരൂപങ്ങളായി പരിണമിക്കുകയും ചെയ്തു.

കർഷകജനതയുടെ വാമൊഴി ആഖ്യാനങ്ങളിൽ ജൈവവൈവിധ്യത്തിന്റെ ലാവണ്യത ദർശിക്കാനാകും. ഒരു കാലത്തിന്റെ ഭക്ഷ്യസുരക്ഷ വിയർപ്പിന്റെ മുത്തു കൊണ്ടു പൊന്നു വിളയിച്ച കർഷക ജനതയിലാണ്. അവരുടെ വാമൊഴിവഴക്കങ്ങളാകട്ടെ അക്കാലത്തെ പ്രാകൃതിക മുദ്രകളുടെ ദൃശ്യപ്രപഞ്ചം അനാവരണം ചെയ്യുന്നു. ഭാഷയുടെ നാടോടിത്തം അവരുടെ ചലനാത്മക ജീവിതത്തി



ന്റെ താളാത്മകഭാഷയ്ക്ക് കൂടുതൽ മികവേകി. പ്രകൃതി ഒരുക്കിയ വയലാകുന്ന തുറന്ന അരങ്ങിൽ ആട്ടമാടുന്ന നടീനടന്മാരായി കർഷക ജനത മാറി. പ്രകൃതിയുടെ അക്ഷരങ്ങൾ കൂട്ടിചേർത്ത് അവർ ഭാഷ പണിതു. അധ്വാനത്തിന്റെ രുചിക്ക് മാധുര്യം കൂട്ടുന്നതിനായി വാക്കുകൾ തുന്നിച്ചേർത്തു. അവരുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രകൃതി തന്നെ താളം പിടിച്ചു. അവർ തീർത്ത ചിഹ്ന ഭാഷ അവരുടെ ജീവിതത്തിന്റെ, സംസ്കാരത്തിന്റെ പ്രതീകമായി മാറി. കാർഷിക പദാവലികളിലും കൃഷിപ്പാട്ടുകളിലും ദൃശ്യഭാഷയുടെ നവവസന്തത്തിന്റെ ലാവണ്യത നമുക്ക് ദർശിക്കാവുന്നതിന്റെ പൊരുളിതാണ്.

പ്രകൃതിയുടെ ചിഹ്നങ്ങളിൽ നിന്ന് ഊർന്നു വീണ കർഷകമൊഴികളുടെ സൂചിതബന്ധം കണ്ടെത്തുമ്പോൾ അത് ഒരു സംസ്കാരത്തിന്റെ നാട്ടു സൗന്ദര്യമാണ് വെളിപ്പെടുത്തുന്നത്. ഒന്നിനുപിറകെ നിരവധി കാർഷികാടയാളങ്ങൾ അവരുടെ സംസ്കാരത്തിന്റേയും സമൂഹത്തിന്റെയും കൂട്ടായജീവിതത്തിന്റേയും വേരുകളിലേയ്ക്ക് നയിക്കുമ്പോൾ അതിലെ സൗന്ദര്യ ശാസ്ത്രവീക്ഷണം ഗൗരവമുള്ളതാകുന്നു. ഇവയിലെ പ്രാദേശികതയും വംശീയസവിശേഷതയും ഇവിടെ പരിഗണനാർഹമാകുന്നു. കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്ടിലേയും പാലക്കാട്ടെയും ജനതയുടെ പദാവലികളിൽ നിന്ന് അതത് കൂട്ടായ്മയുടെ സ്വത്വബോധം കണ്ടെത്താനാകും. പതംതീർപ്പ്, ചീവാട്, കാവക്കറ്റ, അളക്കെട, താപ്പ്, ചെറുവട്ടി, വെറുപൂട്ട് തുടങ്ങിയ പദാവലികൾ കുട്ടനാടിന്റെ സ്വന്തമാണ്. വയനാടൻ പാടശേഖരത്തിൽ തന്നെ പണിയാളുകളുടെ വംശീയവ്യത്യാസങ്ങൾ അവരുടെ വാമൊഴികളിലും, പണിപ്പാട്ടിലും തെളിഞ്ഞു കാണാനാകും. കണ്ടൽ, വല്ലി, ഒക്കൽ, പൊതി, കമ്പളം, കൊരമ്പ തുടങ്ങിയ പദാവലികൾ വയനാടൻ വയലേലകളുടെ മാത്രം അവകാശമാണ്.

ഉർവ്വരതയുടെ ദൃശ്യസൗന്ദര്യമാണ് കാർഷിക പദങ്ങൾ സമ്മാനിക്കുന്നത്. വിത, ഉഴവ്, ഞാറ് കൊയ്ത്ത്, കറ്റ, മെതി, കച്ചി, പതിർ, പൊലി നരി, വിത്ത് എന്നിങ്ങനെ കൃഷിയുടെ നാട്ടു സൗന്ദര്യം വിളിച്ചറിയിക്കുന്ന എത്രയെത്ര വാക്കുകൾ കർഷക പദാവലിയിൽ നമുക്ക് കാണാനാകും. ഏർപ്പ്, ഉച്ചേര, പുത്തരി, ഇല്ലം നിറ തുടങ്ങിയ ആചാരങ്ങളിൽ കാർഷിക സൗന്ദര്യമാണ് നിറഞ്ഞു നിൽക്കുന്നത്. കേരളത്തിലെ മിക്ക ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കാർഷിക വിഭവങ്ങളാണ് ഉപയോഗിക്കുന്നത്. നെല്ല്, അരി, കുരുത്തോല, പൂക്കുല, പഴക്ക, വെറ്റില, നാളികേരം അങ്ങനെ കൃഷിഫല ങ്ങളുടെ നിറസമൃദ്ധിയുടെ അടയാളങ്ങൾ എവിടേയും കാണാനാകും.

ദർശനവുമായി ബന്ധപ്പെട്ടാണ് സൗന്ദര്യ ശാസ്ത്രം സ്ഥിതിചെയ്യുന്നത്. അതോടൊപ്പം അത് ജീവിതവുമായി ബന്ധപ്പെട്ടതുമാണ്. കർഷകഭാഷയുടെ സൗന്ദര്യശാസ്ത്ര സവിശേഷതകൾ ഈ തത്വത്തിലധിഷ്ഠിതമാണ്. വാക്ക് ജനിപ്പിക്കുന്ന അർത്ഥബോധവും ദൃശ്യാത്മകവുമാണ് അവയ്ക്ക് ഹരിത സൗന്ദര്യം പ്രദാനം ചെയ്യുന്നത്. ഈ പദാവലികൾ കാർഷിക സംസ്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും പശ്ചാത്തലബോധം ജനിപ്പിക്കുമ്പോൾ, വികാരേതരമായ അനുഭൂതികൾ സമ്മാനിക്കുമ്പോൾ, ആ വാക്കുകളുടെ മായാപ്രപഞ്ചത്തിലേയ്ക്കും ഗ്രാമീണ പൈതൃകത്തിന്റെ അടിവേരുകളിലേയ്ക്കും നാം യാത്രയാകുന്നു. കൃഷിനാട്ടു വാക്കുകളുടെ ലാവണ്യാവസ്ഥ അത് അനേകം ഘടകങ്ങളോടുകൂടിയ സമഗ്രതയുടെ ഒരു ഭാഗം ആണ് എന്നതാണ്.

കർഷക സംസ്കാരത്തിന്റെ സൂചകമായി കൃഷി പദാവലികൾ മാറുന്നു. കർഷക ജീവിതത്തിന്റെ ഭൗതികവും സാമൂഹികവും വാങ്മയവുമായ സംസ്കാരം മുഴുവനും ഈ സമഗ്രതയുടെ വിവിധ ഭാഗങ്ങളാണ്.

കൃഷി വാക്കുകളുടെ നാട്ടുസൗന്ദര്യശാസ്ത്രത്തിന്റെ സൂക്ഷ്മതലങ്ങൾ താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്.

## വാക്കുകൾ കൊണ്ട് വരയ്ക്കുന്ന ചലനാത്മക സ്വഭാവം

നിശ്ചലതയിൽ നിന്ന് ചലനാത്മകതയെ ശാശ്വതീകരിക്കുന്ന സൗന്ദര്യ ദർശനം കൃഷിവാക്കുകൾ പകരുന്നു. കൂട്ടായ്മയുടെ നാടൻ ദൃശ്യമാണ് ഓരോ വാക്കിന്റേയും അർത്ഥതലങ്ങളെ സമ്പന്നമാക്കുന്നത്. കൊയ്ത്തും മെതിച്ചും പ്രാചീന കർഷകർ വിളയിച്ച നാട്ടുമൊഴികളിൽ കർഷക ജീവിത സംസ്കാരത്തിന്റെ ശില്പസൗന്ദര്യം ദർശിക്കാനാകും. ഉദാഹരണത്തിന് ചക്രം എന്ന വാക്ക് നോക്കുക. ഒരു ശില്പ സൗന്ദര്യമാണിവിടെ തെളിയുന്നത്. വെള്ളം കെട്ടി കിടക്കുന്ന പുഞ്ചപാടത്തിൽ ചക്രം ചവിട്ടി പുറകായലിലേക്ക് വെള്ളം

തിരിച്ചുവിടുന്ന മനുഷ്യൻ പഴമയുടെ ഹരിത സൗന്ദര്യമാണീ കാഴ്ച. നാകം, പോത്തോട്ടം, നിറപൊലി, മെതി, കമ്പളം പൊതികെട്ടുക, വൈക്കോൽത്തുറു, വാരം കോരുക, വിത്തിടുക, ഞാറുപറിക്കൽ, ഞാറുനടൽ, കൊയ്ത്ത് എന്നീ, വാക്കുകൾ നോക്കുക ഇവ സമ്മാനിക്കുന്നത് വാക്കുകൾകൊണ്ട് വരയ്ക്കുന്ന ചലനാത്മകതയാണ്. വിത്ത് വയ്ക്കുക എന്ന പ്രയോഗത്തിന്റെ മനോഹാരിത കടികൊള്ളുന്നത് കന്ന് പൂട്ടിയ തിനു ശേഷം കന്നിന്റെ പിന്നാലെ കർഷകർ നൊരിനൊരിയായി വിത്തിട്ടു പോകുന്ന ദൃശ്യസൗന്ദര്യമാണ്. കൃഷി ഭാഷയ്ക്ക് കാർഷിക ജീവിതത്തിന്റെ പ്രായോഗികതയോടും ചലനാത്മകതയോടും സംസ്കാരത്തോടുമുള്ള ബന്ധം നാട്ടു സൗന്ദര്യത്തിന്റെ വെളിപ്പെടൽ കൂടിയാണ്.

## ഭാവാവിഷ്കരണ ചാതുര്യം

സർഗ്ഗാത്മക സൗന്ദര്യമാണ് കൃഷി വാക്കുകളുടെ ആകർഷണീയത. പ്രാചീനസംസ്കാരത്തിന്റെ സൗന്ദര്യസങ്കൽപ്പങ്ങളെ ഇവ അനാവരണം ചെയ്യുന്നു. വാക്കുകൾ കൊണ്ട് വരക്കുന്ന ദൃശ്യങ്ങൾ പോലെ തന്നെ അവ സമ്മാനിക്കുന്ന അർത്ഥബോധവും പ്രയോഗിക്കുന്ന സന്ദർഭവും കർഷകജീവിതത്തുടിപ്പുകളായി മാറുന്നു ഉദ്ദേശിക്കുന്ന കാര്യങ്ങൾ കൃഷി വാക്കുകളിലൂടെ സംവേദനം ചെയ്യപ്പെടുമ്പോൾ അവ പകർന്നു തരുന്ന ജീവിത ഭാവങ്ങളും അർത്ഥാന്തരങ്ങളുമാണ് ഈ വാക്കുകളെ സൗന്ദര്യമൂല്യമുള്ളതാക്കി മാറ്റുന്നത്. 'വിത്തിരട്ടിച്ച വല്ലി' എന്ന ചിന്ത വിത്തുകളെക്കുറിച്ചുള്ള ബോധവും വിത്തിന്റെ ഇരട്ടിച്ചപൊലിമ നല്കുന്ന കർഷകരുടെ ആഹ്ളാദവും വിത്തുകൾ സൂക്ഷിച്ചു വയ്ക്കേണ്ടതിന്റെ ആവശ്യകതയും വെളിപ്പെടുത്തുന്നു. വിഷു, ഓണം തുടങ്ങിയ ഉത്സവങ്ങൾ പ്രാചീനകർഷകർക്ക് തമ്പുരാൻ തരുന്ന ഒരുപിടി നെല്ലും അവരുടെ മനസ്സിന്റെ നിറ സമൃദ്ധിയുമാണ്.

## കർഷകജീവിത മാറ്റങ്ങളെ സ്പഷ്ടമാക്കാനുള്ള കഴിവ്

കർഷക ജീവിത സൗന്ദര്യം അധ്വാനത്തിന്റെ മഹത്വത്തെയാണ് വെളിപ്പെടുത്തുന്നത്. മേലാള കീഴാള ഭേദമില്ലാതെ തമ്പുരാന്റെ പത്തായം നിറയ്ക്കുവാൻ വെമ്പൽ കൊള്ളുന്ന പ്രാചീന കർഷകന്റെ ജീവിതം കൃഷിനാട്ടുവാക്കുകളിൽ കാണാനാകും,



കളം പിരിവ്, കതിരുവേല തുടങ്ങിയ പദാവലികൾ അടിമ ഉടമ ബന്ധത്തിന്റെ ഊഷ്മളതയാണ് വിളംബരം ചെയ്യുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളെയും കൃഷിവാക്കുകൾ വെളിപ്പെടുത്തുന്നു. പാട്ടം, വാരം, ഒറ്റ്, ഒഴിമുറി, ജന്മഭോഗം, തീറാധാരം, ചാർത്ത്, കാണം എന്നീ വാക്കുകളും വിവിധ കാർഷികോപകരണങ്ങളും മാറ്റങ്ങളെ ദൃശ്യവത്കരിക്കുന്ന പ്രതീക ചിഹ്നങ്ങളാണ്.

## വൈവിധ്യത്തെ ചിത്രീകരിക്കാനുള്ള കഴിവ്

കൂട്ടായ്മയിൽ നിന്നുമാണ് കൃഷിനാട്ടു വാക്കുകളുടെ ഉല്പത്തി. പ്രാദേശികവും വംശീയവുമായ വ്യതിരിക്തതകൾ ഇവയിൽ കാണാനാവുന്നു. ഒരോ വാക്കിന്റെയും അർത്ഥമറിയുന്നവർക്കേ ആ വാക്കുകൾക്കു പിന്നിലുള്ള പ്രാദേശികതയും ഉപയോഗക്രമവും മനസ്സിലാക്കാനാവൂ. മണ്ണ് എന്ന വാക്കു നോക്കുക. മണ്ണ് സംസ്കൃതിയുടെ നാട്ടു ചിഹ്നമാണ്. മണ്ണിന്റെ പ്രത്യേകതകളറിഞ്ഞുള്ള കൃഷിരീതിയിലാണ് പ്രാചീന കർഷകരുടെ പാരിസ്ഥിതിക ബോധം തെളിഞ്ഞു കാണുന്നതും. മണ്ണിന്റെ വൈവിധ്യത്തെ കുറിക്കുന്ന നിരവധി വാക്കുകൾ ഉണ്ട്. പുനം, എക്കൽ, പശിമ, കുന്ന് തുടങ്ങിയ പദങ്ങൾ മണ്ണിന്റെ വ്യത്യസ്ത സ്വഭാവത്തെ വെളിപ്പെടുത്തുന്നു. കൃഷിരീതിയുടെ വൈവി



ധ്യത്തെ വെളിപ്പെടുത്തുന്നവയാണ് വിരിപ്പ്, മുണ്ടകൻ, പുഞ്ച, കോൾ, പൊക്കാളി, മോടൻ തുടങ്ങിയ വാക്കുകൾ. കാലാവസ്ഥയും വിത്തിന്റെ വൈവിധ്യവും മണ്ണിന്റെ പ്രത്യേകതകളും കൃഷിയുടെ ഉല്പാദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് എന്നതാണ് വയൽ പകരുന്ന പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം.

### നാട്ടറിവിന്റെ മായാപ്രപഞ്ചം

വിത്തിനെ സംരക്ഷിച്ച ഒരു സംസ്ക്കൃതിയെ നിലനിർത്തിയ കർഷകരുടെ നാവിൽ നിന്നും പൊഴിഞ്ഞുവീണ പഴഞ്ചൊല്ലുകൾ വയൽപ്പൊലിമയുടെ അറിവുകളാണ്. സൗന്ദര്യബോധവും പരി സര ബോധവും കാവ്യാത്മകതയും കർഷകരുടെ വാമൊഴിആഖ്യാനങ്ങളായ നാടൻപ്പാട്ടിലും പഴഞ്ചൊല്ലിലും കാണാനാകുന്നു. ഇവ പകരുന്ന പാരിസ്ഥിതികബോധമാണ് ഇവയിലെ നാട്ടുഭാഷ സൗന്ദര്യം.

### പ്രതീകാത്മക മൂല്യം

കാർഷിക പദാവലികൾ ഒരു വ്യവസ്ഥയെ സൂചിപ്പിക്കുന്ന പ്രതീകാത്മക ചിഹ്നങ്ങളാണ്. ഈ ചിഹ്നവ്യവസ്ഥ കൂടി ചേരുമ്പോൾ അത് കേരളത്തിന്റെ കാർഷിക സംസ്ക്കൃതിയെ ദൃശ്യവത്കരിക്കുന്നു. അധ്വാനിക്കുന്നവരുടെ ചിഹ്നമായി വിതയ്ക്കലും കളപറിക്കലും കൊയ്ത്തും മാറുന്നു. കലപ്പകൊണ്ട് കോറി വരച്ച് ഭൂമിയെ ഉർവ്വരതയാക്കി. ഉർവ്വരത എന്ന വാക്ക് അങ്ങനെ ഭൂമിയാകുന്ന അമ്മയുടെ ഉർവ്വരതയുമായി ബന്ധപ്പെട്ട ചിന്തയായി മാറി. "ഉച്ചാറൽ' എന്ന ആചാരം - ഈ ഉർവ്വരത എന്ന സങ്കല്പവുമായി ബന്ധപ്പെട്ടതാണ്. മകരമാസത്തോടെ കൃഷിപ്പണികൾ കഴിഞ്ഞ് ഭൂമിദേവി വിശ്രമിക്കുന്ന കാലയളവിൽ മൂന്നാലു ദിവസത്തേക്ക് നടത്തുന്ന പ്രതീകാത്മകമൂല്യം നിറഞ്ഞു നില്ക്കുന്ന ആചാരമാണ് ഇത്. കതിർക്കുലകളും മറ്റ് സസ്യഇനങ്ങളും ഉമ്മറത്ത് അണിഞ്ഞു വച്ച് ഇല്ലം നിറയ്ക്കുന്ന 'നിറ' എന്ന ചടങ്ങ് വീടും വയലും തമ്മിൽ ബന്ധിപ്പിക്കുന്ന ആചാരമാകുന്നു. ഇതിൽ ഐശ്വര്യദേവതയെ വീട്ടിലേയ്ക്ക് കുടിയിരുത്തുന്നു എന്ന വിശ്വാസവും ഉണ്ട്.

പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ പരിധിയിൽപ്പെട്ട ഇക്കോളജിക്കൽ ബിംബങ്ങളായി കാർഷിക പദാവലികളെ ഇനം തിരിക്കാനാകും. ഭൂമി, ജലം, സസ്യം തുടങ്ങിയ ബിംബങ്ങളിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം തിരിച്ചറിയാം.

### ഭൂമിയുമായി ബന്ധപ്പെട്ട ബിംബങ്ങൾ

പാടം - സമൃദ്ധിയുടെ പ്രതീകം

മണ്ണ് - ഉർവ്വരതയുടെ പ്രതീകം

പുതുനിലം, കന്നിമണ്ണ് - കൃഷി ചെയ്യാത്ത ഭൂമിയുടെ പ്രതീകം

ഊഷരഭൂമി - വരൾച്ചയുടെ പ്രതീകം

കട്ടവിണ്ട വയൽ - വരൾച്ചയുടെ പ്രതീകം

### ജലവുമായി ബന്ധപ്പെട്ട ബിംബങ്ങൾ

ജലം - ഉർവ്വരതയുടെ പ്രതീകം

മഴ - സമൃദ്ധിയുടെ പ്രതീകം, നാശത്തിന്റെ പ്രതീകം

മലവെള്ളം - പ്രകൃതിയുടെ വളക്കൂറ് നശിപ്പിക്കുന്നതിന്റെ പ്രതീകം

പുഴ - സമൃദ്ധിയുടെ പ്രതീകം

ചോല - സമൃദ്ധിയുടെ പ്രതീകം

### സസ്യവുമായി ബന്ധപ്പെട്ട ബിംബങ്ങൾ

കാട് - വന്യതയുടെ പ്രതീകം

വൃക്ഷം - പ്രപഞ്ചത്തിന്റെ പ്രതീകം

കതിര് - പ്രതീക്ഷയുടെ പ്രതീകം

ഞാറ് മുളച്ച പാടം - ജീവിതമാകുന്ന പച്ചപ്പിന്റെ പ്രതീകം

### അദൃശ്യഭ്രമണ പ്രതീതി സൃഷ്ടിക്കുന്ന അപൂർവ്വ വൈദഗ്ധ്യം

വിത്ത് എന്ന വാക്ക് സൃഷ്ടിയുടേയും സംഹാരത്തിന്റേയും ചിഹ്നമാണ്. ഒരേ സമയം ജീവന്റെ തുടക്കം, മരണം, പുനർജന്മം തുടങ്ങിയ ഭൗതിക അതിഭൗതിക തലങ്ങളെ ദൃശ്യവത്ക്കരിക്കാനുള്ള കഴിവ് ഈ വാക്കിനുണ്ട്. വിത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പ്രാചീന കർഷകർ വിത്തുകുടകളിലും ചുരയ്ക്കാത്തണ്ടിലും ചാണകത്തിലും പത്തായങ്ങളിലും അടുത്ത കൃഷിക്കായി വിത്തെടുത്ത് സൂക്ഷിച്ചുവെച്ചിരുന്നു.

### നാട്ടുഭാഷയുടെ താളാത്മകത

ഉർവ്വരതയുടെ നാട്ടു സംഗീതവും വയലേലകളുടെ നൃത്തവുമാണ് പാടത്തിന്റെ സൗന്ദര്യം കാത്തിരുന്നത്. ചെളിയുടെ ഗന്ധവും കന്നുപൂട്ടലും കട്ടതല്ലലും ഞാറുനടീലും ചക്രം

ചവിട്ടും കൊയ്ത്തും മെതിയും ചേർന്ന കർഷക ജീവിതത്തിന്റെ താളത്തുടിപ്പുകളാണ്. പാരിസ്ഥിതിക സൗന്ദര്യ ശാസ്ത്രത്തിന്റെ ലിഖിത രൂപങ്ങളാണിവ. വയലും വയലിൽ അധ്വാനിക്കുന്ന കർഷക ജീവിതവും പാരിസ്ഥിതിക സൗന്ദര്യ ബോധത്തിന്റെ ഇറന്നാവച്ച പുസ്തകമായി പരിലസിക്കുന്നു. വാക്കും സംഗീതവും സമന്വയിക്കുന്ന അസുലഭ നിമിഷത്തിന്റെ അനുഭൂതി വിശേഷമാണ് ഇവർ പാടിയ പണിപ്പാട്ടുകളിലും ദൃശ്യവത്ക്കരിക്കപ്പെടുന്നത്. ഒരു കൂട്ടായ്മയുടെ സൗന്ദര്യസങ്കല്പ്പത്തിന്റെ അടിവേരുകൾ പണിപ്പാട്ടുകളിൽ കാണാം. കായക്ലേശം മറക്കുവാൻ അവർ അനുഭവ രസം കലർത്തി പാടിയ പാട്ടുകളിൽ നാട്ടുസൗന്ദര്യത്തിന്റെ ശില്പഭാവനങ്ങൾ ദർശിക്കാനാവുന്നു.

## പണിപ്പാട്ടുകളിലെ നാട്ടു സൗന്ദര്യം

പ്രകൃതിജന്യമായ താളബോധം ഹൃദയത്തിൽ പേറിയ പ്രാചീന കർഷകരുടെ ആത്മനിർവൃതിയുടെ ആവിഷ്കാരങ്ങളാണ് പണിപ്പാട്ടുകൾ. അധ്വാനത്തിന്റേയും ശരീരചലനത്തിന്റേയും താളത്തിനൊപ്പിച്ച് അവർ പാടി. കൃഷിയുടെ വിവിധ ഘട്ടങ്ങളിലും അനുഷ്ഠാനങ്ങൾക്കു വേണ്ടി ജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളിലും അവരുടെ നാവിൽ തുമ്പിൽ നിന്ന് അനർഗളമായി ഒഴുകിയ പാട്ടുകളിൽ കൂട്ടായ്മയുടെ സൗന്ദര്യബോധ സങ്കല്പങ്ങളാണ് നിറഞ്ഞു നില്ക്കുന്നത്. സ്വതസിദ്ധമായ താളബോധത്തിൽ രൂപം കൊണ്ട വായ്ത്താരികൾ ഈ പാട്ടുകളുടെ മാറ്റു വർദ്ധിപ്പിക്കുന്നു.

ഏത് ക്രിയയുടേയും അടിസ്ഥാനപ്രമാണം താളമാണ്. കർഷക ജനത പ്രകൃതി താളത്തെ തങ്ങളുടെ ജീവിതത്തിലേയ്ക്കും മനസ്സിലേയ്ക്കും ആവാഹിച്ചു. ഈ താളക്രമത്തിലാണ് പണി പ്പാട്ടുകളുടെ ലാവണ്യം കുടി കൊള്ളുന്നത്. ഭാവാത്മകതയും ചലനാത്മകതയും ഈ പാട്ടുകളിൽ കാണാനാകും. നാട്ടുജനതയുടെ വയൽ തിണകളിൽ വിരിഞ്ഞ നിരവധി പണിപ്പാട്ടുകളുണ്ട്. ഉഴവുപ്പാട്ട്, ഉഴവു ചിത്രത്തിന്റെ ചലനാത്മകമായ ദൃശ്യ പ്രതീതിയാണ് ജനിപ്പിക്കുന്നത്. കൃഷിക്കാർ അച്ചാലും മുക്കാലും കൂട്ടി കൃഷിക്കായി നിലമൊരുക്കുന്നു. കണ്ടത്തിലെ നാലു മൂലയും പേർത്ത് കയ്യിൽ മുടിയൻ കോലും തലയിൽ പാളത്തൊപ്പിയും ധരിച്ച് കൃഷിക്കാരനും നുകം വലിച്ചോടുന്ന കാളയും കണ്ടത്തിലെ ചെളിയും ഒരുമിച്ചു കൂടുന്ന പാരിസ്ഥിതിക ദൃശ്യസൗന്ദര്യമാണ് ഈ പാട്ട് പകരുന്നത്.

വിത്തീടൽ പാട്ട് ആകട്ടെ പൂട്ടിയൊരുക്കിയ നിലത്ത് സ്ത്രീകളും പുരുഷന്മാരും ഒരേ അനുപാതത്തിൽ കൂട്ടിചേർത്ത ചാരവും വിത്തും ഇടതു കയ്യിൽ എടുത്ത് വലതുകയ്യുടെ മൂന്നു വിരലു കൾകൊണ്ട് ഒരേ അളവിലും അകലത്തിലും ഓടിയും നടന്നും വിത്തിടുന്ന കാഴ്ച അനുഭവവേദ്യമാകുന്നു. കൃഷിപ്പണിയുടെ ക്രമവും രീതിയും ഞാറിന്റെ പ്രാധാന്യവും കണ്ടറിഞ്ഞ കർഷക ജനതയുടെ താളബോധവും സർഗ്ഗാത്മകതയും ഞാറ്റുപാട്ടിൽ കാണാം.

തത്തിനേ, തിനതിനോ-തക

തിന്തിനോതിനതിനോ

ആലിയാലിപറിക്കണം ഞാറ്

പടിഞ്ഞാറും കെട്ടിപ്പറിക്കണം

എന്നിങ്ങനെ ഞാറു പറിക്കൽപ്പണി സമയത്തു പാടുന്ന പാട്ടും

ഒരു പിടി ഞാറെടുത്തേ-തിനന്താരാ

തെയ്യി തിനന്താരോ

ലാ, ഞാറുനട്ടുകണ്ടേ - തിനന്താരാ

എന്നു ഞാറു നടീൽ സമയത്തു പാടുന്ന പാട്ടും ഇതാണ് വെളിപ്പെടുത്തുന്നത്.

ചകം ചവിട്ടി വെള്ളം വറ്റിക്കുന്ന കർഷകന്റെ ചിത്രമാണ് ചകം പാട്ട് പകരുന്ന ശില്പസൗന്ദര്യം. ഈ പാട്ടുകളും ഇവ സമ്മാനിക്കുന്ന ദൃശ്യാനുഭൂതിയും പ്രാചീനകർഷകജീവിതത്തിന്റെ നേരടയാളങ്ങളായി തീരുന്നു. കർഷകജനതയുടെ ഭാവന സമ്മാനിക്കുന്ന ആവിഷ്കാരത്തിന്റെ സൗന്ദര്യവും പണിപ്പാട്ടുകളിൽ കാണാനാകും. നേരം പോയിട്ടും തമ്പുരാൻ വന്ന് പതമളന്ന് തരാത്തതിനെക്കുറിച്ച് വേവലാതിപ്പെടുന്ന പാട്ടാണ്,

എല്ലാരും പെണ്ണാള്

കറ്റമെതിച്ചേ





ഞാനന്റെയും കറ്റമെതിച്ചേ

തമ്പ്രാൻ വന്ന പതമളന്നില്ലേ.

എക്കന്റെ വീട്ടിലുംപ്പോകിയവേണം.

അതുപോലെ സമയം നോക്കാതെ ശൃംഗരിക്കാൻ വന്ന തമ്പുരാനോട്ട പ്രതികരിക്കുന്ന ചെറുമിയുടെ അമർഷമാണ്,

നേരം പോയില്ല, നേരം പോയില്ല

എന്റെ കൊച്ചമ്പിരാൻ എന്നെ നാക്കാതെ നേരം നോക്കണം

എന്റെ കൊച്ചമ്പിരാൻ, എന്ന പാട്ടിലുള്ളത്.

നിത്യജീവിതത്തിന്റെ ഏതു സന്ദർഭവും അവർ പാട്ടിന് വിഷയമായി കണ്ടു എന്നതിന് തെളിവാണ് ഇത്തരം പാട്ടുകൾ. അനുഭവത്തിന്റെയും പ്രവൃത്തിയുടേയും ഒപ്പം താളവും ഈണവും സർഗ്ഗാത്മകതയും ഒത്തുചേർന്നപ്പോൾ കർഷകസമൂഹത്തിന്റെ ലാവണ്യ സങ്കൽപത്തിന്റെ നേർക്കാഴ്ചകളായി കൃഷിപ്പാട്ടുകൾ മാറുന്നു.

പണിപ്പാട്ടുകളിലെ പ്രതീകാത്മക സൗന്ദര്യം എടുത്തു പറയേണ്ടതാണ്. ഉദാഹരണമായി നേരം പോയ് നേരം പോയ് പൂക്കൈത മറപറ്റി....... എന്ന പാട്ടിലെ പൂക്കൈത സൂര്യനാണ്. അന്തിമയങ്ങിയിട്ടും പണിചെയ്യാൻ വിധിക്കപ്പെട്ട കർഷകന്റെ രോദനത്തോടൊപ്പം സൂര്യൻ മറഞ്ഞിട്ടും പാടത്ത് പണി ചെയ്യുന്ന കർഷകചിത്രം നല്കുന്ന ദൃശ്യാനുഭൂതി ഈ പാട്ടിലുണ്ട്.

## കാർഷിക ലാവണ്യ വ്യവസ്ഥയിൽ വന്ന മാറ്റം

വ്യവസായീകൃതമായ ലോകത്തിലും വ്യവസാനന്തര സംസ്കാരത്തിലും വിഘടിക്കപ്പെട്ടുപോയ കൃഷി വാക്കുകൾ പലതും കാർഷിക ലാവണ്യ വ്യവസ്ഥയിൽ നിന്നും അന്യരായി കഴിഞ്ഞു. കള, തവിട്, നെല്ല്, വയൽ, കണ്ടം, പാടം, വിത, കൊയ്ത്ത്, മെതി, കച്ചി, പാടം, പതം, കറ്റ, പറ, കളം, വരമ്പ്, വിളവ്, നിലം, വിത്ത് തുടങ്ങിയ നാട്ടു വാക്കുകൾ കാർഷിക സംസ്കാരിക പാഠങ്ങളുടെ പൂർണ്ണാവിഷ്കാരങ്ങളാണ്. ഇതു കൂടാതെ ഇന്ന് വ്യവഹാരത്തിലില്ലാത്ത ഒട്ടനവധി കൃഷിനാട്ടു വാക്കുകളും ഉണ്ട്. കലം, നാഴി, ഉരി, വിത്തുപാട്, പൊതി, പതം, ഒഴിമുറി, കഴിക്കാണം, കലപ്പ, നുകം, മുട്ടി, തേക്കൊട്ട, ചക്രം, ഏത്താം, തൊപ്പിപ്പാള, തുലാൻ, വേത്ത് എന്നിവ അവയിൽ ചിലതാണ്. ഇവയുടെ അപ്രത്യക്ഷമാകൽ ഭാഷയുടെ പാരിസ്ഥിതിക സൗന്ദര്യബോധത്തെയാണ് ഇല്ലാതാക്കുന്നത്.

ഭാരതീയരുടെ സൗന്ദര്യ സങ്കൽപത്തിൽ വന്ന മാറ്റത്തിൽ നാട്ടുഭാഷയുടെ സൗന്ദര്യം പോയി മറയുകയാണ്. മണ്ണ് പ്രാചീന കർഷകർക്ക് ചോറ് തരുന്ന അമ്മയായിരുന്നെങ്കിൽ ഇന്ന് ഒരു വില്പന ചരക്കായി മാറിക്കഴിഞ്ഞിരിക്കുന്നു. ആഗോളവത്കരണം എന്ന ചിന്തയുടെ മടിത്തട്ടിലാണ് കാർഷിക ചിന്തകൾ വിഷലിപ്തമായിത്തീരുന്നത്. കാട്, പുഴ എന്നവയെല്ലാം ഇതിന്റെ ഭാഗമായിത്തീർന്നു കഴിഞ്ഞു. ഉല്പാദിപ്പിച്ച് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന തന്ത്രപരമായ വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന ലഭിക്കുമ്പോൾ പ്രാചീനമായ വയൽ ജൈവവൈവിധ്യം കാത്തവരുടെ നാട്ടുഭാഷാസൗന്ദര്യവും കാലഹരണപ്പെടുന്നു. നാട്ടുഭാഷയുടെ സൗന്ദര്യത്തിന്റെ പ്രതീകമായ കർഷകഭാഷയെ കാത്തുസംരക്ഷിക്കുവാൻ പ്രതിരോധ ലാവണ്യ ചിന്ത - (Defensive Aesthetic) ഉയർന്നുവരേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് നാട്ടു സൗന്ദര്യശാസ്ത്രപഠനം ഊന്നൽ കൊടുക്കേണ്ടത്. കാർഷിക സൗന്ദര്യശാസ്ത്രം കുടിക്കൊള്ളുന്നത് കാർഷിക വിജ്ഞാനത്തിന്റെ യഥാർത്ഥ ഉടമകളായ കർഷകനിലും അവൻ വിളയിച്ച അറിവിന്റെ കൃഷി ശാസ്ത്രഭൂമികയിലുമാണ്. പഴമയുടെ നാട്ടുഭാഷാസൗന്ദര്യത്തിന്റെ തുടക്കം തന്നെ കർഷകന്റെ വാമൊഴികളിലെ താളാത്മകതയിലും ഭാവനാസമ്പത്തിലും ആലങ്കാരിക കല്പനകളിലും സർഗ്ഗാത്മക ചൈതന്യത്തിലുമാണ് എന്നും കൃഷിവാക്കുകളുടെ സൗന്ദര്യമൂല്യം വർദ്ധിപ്പിക്കുന്നു.

എ.കെ.പി.സി.റ്റി.എ യുടെ 61-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന ലേഖന മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായ രചന

# നവോത്ഥാന മൂല്യങ്ങളുടെ സമകാലിക പ്രസക്തിയും പ്രാധാന്യവും

സാമൂഹ്യബന്ധങ്ങളുടെ സംഘാതമല്ലാതെ മറ്റൊന്നുമല്ല മനുഷ്യൻ. അവൻ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തി സാഹിത്യത്തേയും സംസ്കാരത്തേയും, രാഷ്ട്രീയത്തേയും ജനകീയ പഥങ്ങളിലേക്ക് നയിക്കുകയും, നവീകരിക്കുകയും ചെയ്യുമ്പോഴാണ് ഏതൊരു നാട്ടിലും നവോത്ഥാനം പിറവികൊള്ളുന്നത്. ചരിത്രം വിത്തുപാകിയ നവോത്ഥാന ആശയങ്ങൾക്ക് ശക്തമായ വെല്ലുവിളി ഉയർന്നുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് സാമൂഹ്യ ജാഗ്രതയുടെ മൂന്നാം കണ്ണ് തുറന്നു പിടിക്കേണ്ടത് ഇന്നിന്റെ അനിവാര്യതകൂടിയാണ്. എന്നാൽ ദൗർഭാഗ്യവശാൽ, ചിന്തയുടെ ശിശിരകാലത്ത് സംഘടിത കാപട്യങ്ങൾ അരങ്ങുവാഴുകയാണ് നമുക്കു ചുറ്റും. എങ്കിലും എക്കാലത്തെയുമെന്നപോലെ പൊതുമണ്ഡലത്തിന് കാവലാളാവാൻ ഒരു കൂട്ടം നല്ല മനുഷ്യർ പുരോഗമനചിന്തയാൽ ഐക്യപ്പെടുന്നുണ്ടെന്നത് വലിയ ഒരു പ്രതീക്ഷ കൂടിയാണ്. പുതിയ കാലത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്ന് നവോത്ഥാനം അതിന്റെ ചരിത്രവും വർത്തമാനവും തിരയുമ്പോൾ, നീതിയുടെ സൂര്യവെളിച്ചത്തിൽ വിമോചിക്കപ്പെടുന്ന നിസ്വരുടെ ലോകത്തെ നമുക്കു ചുറ്റും കാണാനാവും.

ഏതൊരു ജനതയും അനീതിക്കെതിരെ ജ്വലിച്ച് ജീവിക്കുമ്പോഴാണ് സമൂഹത്തിൽ അഗ്നിബിംബങ്ങൾ നിറയുന്നത്. ദൗർഭാഗ്യവശാൽ ആലസ്യത്തിന്റെ കാലത്ത് ഹൃദയത്തിൽ അഗ്നി അണയുകയും, അഴകൊഴമ്പനവസ്ഥ രൂപപ്പെടുകയും, ശത്രുവും മിത്രവും ആലിംഗന ബന്ധരാവുകയും ചെയ്യുന്നു. ശരിയും തെറ്റുമായ ആശയങ്ങൾക്കിടയിൽ അതിർത്തികൾ അപ്രത്യക്ഷമാവുകയും, ആധിശത്വപ്രത്യയശാസ്ത്രങ്ങളോരോന്നും പൊതുയിടങ്ങളിലെ മാനവികതയെ കവർന്നെടുക്കാൻ ഇറങ്ങിപ്പുറപ്പെടുകയുമാണിന്നെങ്ങും. അധികാരോന്മുഖമായ വ്യാഖ്യാനങ്ങളുടെ പിന്നിലൊളിച്ചുകൊണ്ടല്ല, മറിച്ച് മഹാ

**അഭിലാഷ് ടി**
എസ്.എൻ.കോളേജ്, ചെമ്പഴന്തി






ആഖ്യാനങ്ങൾക്ക് തീകൊളുത്തി കൊണ്ടാണ് ഓരോ നാടും അതിന്റെ നവോത്ഥാനകാലങ്ങളിലെ ചരിത്ര ദൗത്യം നിർവ്വഹിച്ച് പോന്നിട്ടുള്ളത്. സാമൂഹ്യപരമായ അസമത്വങ്ങൾക്കും, സമരസപ്പെടലിന്റെ അശ്ലീലതയ്ക്കുമെതിരെ ഓരോ നാടും നടത്തിയ പ്രൗഢോജ്ജ്വലമായ കുതിപ്പിന്റെ സമരചൈതന്യം കൂടിയാണ് നമ്മുടേത് അടക്കമുള്ള ഒട്ടുമിക്ക നവോത്ഥാനമൂല്യങ്ങളും.

ഇംഗ്ലീഷിലെ 'റിനൈസൻസ്' എന്ന പദത്തിന്റെ വിവർത്തനമായിട്ടാണ് നവോത്ഥാനം എന്ന മലയാളപദം നാം പൊതുവിൽ ഉപയോഗിച്ചുവരുന്നത്. യഥാർത്ഥത്തിൽ മധ്യകാല യൂറോപ്പിനെ ആധുനിക കാലവുമായി വേർതിരിക്കുന്ന സംക്രമണകാലമാണ് റിനൈസൻസ് അഥവാ നവോത്ഥാനം. പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ആരംഭിക്കുകയും ക്രമേണ ഉത്തര-പശ്ചിമ യൂറോപ്യൻ മേഖലകളിലേക്ക് വ്യാപിക്കുകയും ചെയ്ത ഒരു സാംസ്കാരിക ഉണർവ്വിന്റെ ഉറവിടം പ്രാചീനയവന സംസ്കാരത്തിലും റോമൻ സംസ്കാരത്തിലുമായിരുന്നുവെന്നും ആ മൂല്യങ്ങളുടെ പുനർജനനം ആയിരുന്നു റിനൈസൻസ് എന്നും ആദ്യകാല യൂറോപ്യൻ ചരിത്രകാരന്മാർ കരുതിയിരുന്നു. എന്നാൽ നവോത്ഥാനകാലത്തും അതിന് തൊട്ടു മുമ്പും ചൈന, ഇന്ത്യ, അറേബ്യ തുടങ്ങിയ സാംസ്കാര കേന്ദ്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്കാരത്തിലെന്നപോലെ സമ്പത്തിലും ലോകത്തിലെ അപ്രധാനമായ ഒരു പിന്നാമ്പുറം മാത്രമായിരുന്നു യൂറോപ്പ്. യൂറോകേന്ദ്രീകൃത വീക്ഷണം മറ്റെല്ലാ സംസ്കാരങ്ങളെയും നാഗരികതകളേയും തരംതാഴ്ത്തിക്കാട്ടി യൂറോപ്പിന്റെ മേന്മകളെ പെരുപ്പിച്ചുകാട്ടാൻ എക്കാലത്തും നിരന്തരം ശ്രമിച്ചു കൊണ്ടേയിരുന്നു. ഇതോടെ സംസ്കാരത്തിന്റെയും നാഗരികതയുടെയും മറ്റെല്ലാ മാനവിക മൂല്യങ്ങളുടെയും കളിത്തൊട്ടിൽ ഗ്രീസും, റോമുമാണെന്നും അതിന് മുമ്പുള്ള നാനാവിധമായ ഈജിപ്ഷ്യൻ, ബാബിലോണിയൻ, ചൈനീസ്, ഇന്ത്യൻ, അറേബ്യൻ സംസ്കാരത്തേയും അവർ വിലകുറച്ചു കാണുകയും ചെയ്തുപോന്നു. എന്നാൽ ജോസഫ് നീഡ്ഹാമിനെയും മാർട്ടിൻ ബർണലിനേയും, ജോർജ്ജ് ഗീവർഗീസ് ജോസഫിനെയും പോലുള്ള ശാസ്ത്രചരിത്രകാരന്മാർ യൂറോപ്യൻ ദുരഭിമാനികളുടെ നാട്യത്തിന് ആഴത്തിൽതന്നെ മുറിവേൽപ്പിക്കുകയുണ്ടായി. കാരണം, നവോത്ഥാനംപോലുള്ള ആഴത്തിൽ വേരോടിയ പരിവർത്തന പ്രക്രിയകളുടെ തുടക്കത്തിനും അന്ത്യത്തിനും ഒരു കൃത്യമായ കാലഗണനചക്രം കൽപ്പിക്കുക യുക്തിസഹമല്ലെന്നത് തന്നെ മുഖ്യകാരണം. മാത്രവുമല്ല, ലോകത്തിലെ ഒരു പ്രദേശത്തും ഒന്നുകിൽ ബാഹ്യശക്തികളിൽ നിന്നോ അല്ലെങ്കിൽ ഇതര പാരമ്പര്യങ്ങളിൽ നിന്നോ, അതുമല്ലെങ്കിൽ, ആന്തരിക രാസത്വരകങ്ങളിൽ നിന്നോ ഒക്കെതന്നെയാവും നവോത്ഥാനം രൂപം കൊണ്ടിരിക്കുക. ഇത്തരത്തിൽ ഉയിർകൊള്ളാതെ ഏതെങ്കിലുമൊരുതരത്തിലുള്ള പുരോഗതിയോ, പുത്തനുണർവ്വോ ലോകത്തെവിടെയും സംഭവിച്ചിട്ടേയില്ല. ഇന്ത്യയും കേരളവുമടക്കമുള്ള ലോകത്തിലെ എല്ലാ ഭൂപ്രദേശങ്ങളിലും അങ്ങനെ തന്നെയാണ് സംഭവിച്ചിട്ടുള്ളതെന്ന് ചരിത്രപരമായ അപഗ്രഥനത്തിലൂടെ നമുക്ക് കാണാനുമാവും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇന്ത്യൻ നവോത്ഥാനം ബംഗാളിൽ പ്രകടമാവുകയും പിന്നീടിതങ്ങോട്ട് രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്ക് വ്യാപിക്കുകയുമാണ് ഉണ്ടായിട്ടുള്ളത് ഒരു ബഹുമുഖ സാംസ്കാരിക പ്രസ്ഥാനം എന്ന നിലയിൽ നവോത്ഥാനം ഇന്ത്യയടക്കം ലോകത്തിലെ എല്ലാ സമൂഹങ്ങളിലും ഇടയ്ക്കിടക്ക് ഉയർന്ന് വരുകയും അവയുടെ ചരിത്രദൗത്യം പൂർത്തിയാക്കിയ ശേഷം സ്വയം പിൻവലിയുകയുമാണ് ചെയ്തു പോന്നിട്ടുള്ളത്. എന്നാൽ അത്തരം മുന്നേറ്റങ്ങൾ തൊടുത്തുവിടുന്ന പുരോഗതിയുടെയും ജനകീയതയുടെയും അലയൊലികൾ നവോത്ഥാനത്തിന്റെ പിൻവാങ്ങലുകൾക്ക് ശേഷവും അവസാനിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം. ചിലപ്പോൾ നവോത്ഥാന പ്രവണതകൾക്ക് നേർവിപരീതമായി പുനരുജ്ജീവന പ്രവണതകൾ താൽക്കാലികമായെങ്കിലും മേൽക്കോയ്മ നേടിയെന്നും വരാം. അത്തരത്തിലുള്ള പൊതു സാമൂഹിക പിന്നോക്കാവസ്ഥയാണ് കേരളത്തിലടക്കമുള്ള പുരോഗമന ഭൂമികയിൽ പോലും നാം ഇന്ന് കണ്ടു കൊണ്ടിരിക്കുന്നത്.

അമേരിക്കൻ ഐക്യനാട്ടിലെ സ്റ്റാൻഫോർഡ് സർവ്വകലാശാല 1984 ൽ പ്രസിദ്ധീകരിച്ച വാറൻ ടെഡ്ഗോൾഡ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകം 'നവോത്ഥാനത്തിന് മുമ്പുള്ള നവോത്ഥാനങ്ങൾ'

(റിനൈസൻസ് ബിഫോർ റിനൈസൻസ്) സാമൂഹ്യതലത്തിലെ സൂക്ഷ്മ രാഷ്ട്രീയത്തെയും അധികാര ഭാഷകളെയും അപഗ്രഥിക്കുന്നുണ്ട്. ഈ വിധമുള്ള നവോത്ഥാനങ്ങളുടെ വേലിയേറ്റങ്ങളെയും വേലിയിറക്കങ്ങളെയും ഒരു പോലെ തന്നെ സാമൂഹ്യശാസ്ത്ര കാഴ്ച്ചപ്പാടിലൂന്നിക്കൊണ്ട് ഈ പുസ്തകം സമഗ്രമായി വിലയിരുത്തുന്നുമുണ്ട്. ഇന്ത്യയിലെ ബൗദ്ധ-ജൈന മുന്നേറ്റങ്ങളും അവയ്ക്ക് തൊട്ടുമുമ്പുള്ള "ആജീവകാദി" വിചാര വിപ്ലവങ്ങളും, എട്ടാം നൂറ്റാണ്ടിന് ശേഷം ഏകദേശം 15-ാം നൂറ്റാണ്ടുവരെ പടർന്നുപിടിച്ച ആധുനിക ഇന്ത്യൻ ജീവിതത്തിനും സംസ്കാരത്തിനും രൂപം നൽകിയ ഭക്തി പ്രസ്ഥാനവുമെല്ലാം ഇന്ന് നാം കാണുന്ന നവോത്ഥാനത്തിന് മുമ്പുള്ള നവോത്ഥാനങ്ങൾ തന്നെയായിരുന്നു.

വിശ്വാസം സ്വയംബോധ്യത്തിന്റെ വെളിപ്പെടുത്തലാണ്. ബലപ്രയോഗത്തിന് അതിൽ യാതൊരു സ്ഥാനവുമില്ല. അസഹിഷ്ണുതയുടെ പൊടിപടലങ്ങളും, പകയുടെ പിരിയൻ മാളങ്ങളുമില്ലാത്ത സ്നേഹത്തിന്റെ സുന്ദരശീതള ലോകമാണത്. എന്നാലിന്ന് വിശ്വാസം സംരക്ഷിക്കാൻ വേണ്ടി വിവിധ വിഭാഗക്കാർ സായുധസേനകൾ രൂപീകരിക്കുകയും അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന തിരക്കിലാണ്. മതങ്ങൾക്ക് രൂപം കൊടുത്ത മഹാന്മാരായ പ്രവാചകന്മാരും 'മഹർഷി'മാരും നിശബ്ദതയുടെ കൊടുമുടിയിൽ നിന്നുകൊണ്ടാണ് ലോകത്തെ ഇളക്കിമറിച്ച ശബ്ദങ്ങൾക്ക് ജന്മം നൽകിയത്. എന്നാൽ സമകാലിക സാമൂഹ്യരംഗത്ത്, അവരുടെ പിൻമുറക്കാരെന്ന് സ്വയം അവകാശപ്പെടുന്നവർ, ഉന്മത്തരായ ആൾക്കൂട്ടത്തിന്റെ മുമ്പിൽ ബഹളമുണ്ടാക്കി ജീവിക്കാൻ ശീലിച്ചവർ മാത്രമാണ്.

നാം ഇന്ന് കാണുന്നത് ധ്യാനത്തിന്റെ ശാന്തമായ ലോകത്തുനിന്ന് വിശ്വാസത്തെ രാഷ്ട്രീയത്തിന്റെ സംഘർഷപാതയിലേക്ക് വലിച്ചിഴക്കുന്ന കാഴ്ചകളാണ്. ഇന്നത്തെ മതനേതൃത്വങ്ങൾ തത്വചിന്തയുടെ കൊടുമുടിയിൽ കാലുകുത്തിയവരുടെ കൈകളിലല്ല; മറിച്ച് അധികാര രാഷ്ട്രീയത്തിന്റെ സിംഹാസനത്തിൽ കണ്ണും നട്ടിരിക്കുന്ന മതരാഷ്ട്രീയക്കാരുടെ കരങ്ങളിലാണ്. എല്ലാ പഠനങ്ങൾക്കും നിരീക്ഷണങ്ങൾക്കും, ഗവേഷണങ്ങൾക്കും അന്വേഷണങ്ങൾക്കും അന്ത്യം കുറിച്ചുകൊണ്ട് ആചാരങ്ങൾക്ക് പ്രഥമ സ്ഥാനം നൽകുവാനും അതുവഴി മതത്തിന്റെ തന്നെ ചൈതന്യത്തെ നശിപ്പിക്കുവാനുമാണ് അത്തരം ആളുകൾ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.



സമൂഹത്തിൽ ആധിപത്യം പുലർത്തുന്ന പല ആചാരങ്ങളുടെയും അടിയിൽ പ്രവർത്തിക്കുന്നത് ആചരിക്കാതിരുന്നാൽ തങ്ങൾ സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുമോ എന്ന അദൃശ്യമായ ഒരു ഭീതികൂടിയാണ്. സാമൂഹ്യബന്ധങ്ങളുടെ തുറന്ന ലോകത്തേക്ക് വിടേണ്ടവരെ നിലനിൽക്കുന്ന അവസ്ഥകളിലേക്ക് വെട്ടിച്ചുരുക്കുന്ന ഏതൊരു ആചാരവും കാലഹരണം എന്ന ചരിത്രഘട്ടങ്ങളുടെ സായുധരായ കാവൽക്കാരാണ്. ആചാരങ്ങൾക്ക് വേണ്ടി മനുഷ്യർ എന്നാവരുത്; പകരം മനുഷ്യർക്കുവേണ്ടി ആചാരങ്ങൾ എന്നാവണം നമ്മുടെ സമീപനം. നാം ഇന്ന് അഭിമുഖീകരിക്കുന്ന അരക്ഷിതാവസ്ഥ, അനാഥത്വം, ഭീതി, ദുരൂഹത തുടങ്ങിയവ അവസാനിപ്പിക്കുവാൻ ആചാരങ്ങളുടെ പിന്നിൽ ഒളിച്ചു നിന്നതു കൊണ്ട് കാര്യമില്ല. പകരം സ്വയം നിർമ്മിച്ചു കൊണ്ടിരിക്കുന്ന മനുഷ്യർ പ്രസ്തുത പ്രക്രിയയിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുകയാണ് വേണ്ടത്. ആന്തരികമായ ഭീതിക്ക് അടിമയാകുന്ന ഒരാളിൽ നിന്നും ചോർന്നു പോകുന്നത് സ്വന്തം അസ്ഥിത്വത്തെ മനുഷ്യന് ചേർന്നവിധം അഭിമുഖീകരിക്കുവാനുള്ള കഴിവുകൂടിയാണ്.

മതനിരപേക്ഷതയുടെ മഹത്തായ സംസ്കാരത്തെ ജീവിതത്തിന്റെ സമസ്തമണ്ഡലത്തിലും ഉയർത്തിപിടിച്ചുകൊണ്ടല്ലാതെ വർഗ്ഗീയമായ വിശ്വാസ വിഭജനങ്ങളെ നമുക്ക് മറികടക്കാനാവില്ല. മതേതരത്വം സാക്ഷാത്കരിക്കുക എന്ന മുദ്രാവാക്യം സഫലമാകുന്നത് ഫാസിസത്തിനും, വർഗ്ഗീയതയ്ക്കുമെതിരെയുള്ള മൂർത്തമായ സമരരൂപങ്ങൾ വികസിപ്പിക്കുന്നതിൽ നാം വിജയിക്കുമ്പോൾ മാത്രമാണ്. അത്തരം മുന്നേറ്റങ്ങൾ നവോത്ഥാനമൂല്യങ്ങൾക്ക് കരുത്തു പകരുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ചരിത്രത്തിന്റെ ഓർമ്മകൾക്ക് മരണമില്ലെന്ന് നാം പറയുമ്പോൾ ജ്വലിക്കുന്ന ഒട്ടനേകം അധ്യായങ്ങൾ നമുക്കിന്ന് മുതൽക്കൂട്ടായുണ്ട്. അത്തരത്തിലൊന്നാണ് സൗകര്യങ്ങളുടെയും, സമൃദ്ധിയുടെയും ലോകത്ത് നിന്ന് മേൽവിലാസ



ഇ.വി. രാമസ്വാമിനായ്ക്കർ, ജോതിബാ ഫൂലേ

മില്ലാത്ത മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവന്ന ഇ.എം.എസ് ഉൾപ്പെടെയുള്ളവർ. അവരാരും ഇല്ലങ്ങളുടെ ഇരുണ്ട ലോകത്തേക്ക് പിന്നീടൊരിക്കലും തിരിച്ചുപോയിട്ടില്ലെന്നത് കാണാനാവും. അത്തരം ചരിത്ര മാതൃകകൾ എക്കാലവും കാത്തുസൂക്ഷിക്കുകയും വർത്തമാനത്തിലെ ചിന്തകളിൽ രാസത്വരകമായി നാം നിലനിർത്തുകയും വേണം.

ഇന്ത്യൻ നവോത്ഥാനത്തിന് നാന്ദികുറിച്ചത് രാജാ റാം മോഹൻ റോയി (1772-1833) യും അദ്ദേഹത്തിന്റെ ബ്രഹ്മസമാജവും ചേർന്നാകൊണ്ടാണെന്നത് തർക്കമറ്റ സംഗതിയാണ്. സാമൂഹ്യമായ ഇടപെടലിന്റെ ഭാഗമായി വിജ്ഞാനദാഹം മുഖമുദ്രയാക്കി മുന്നേറിയതോടെ അദ്ദേഹത്തെ നേരിടാൻ അക്കാലത്തെ ബ്രാഹ്മണവത്കൃത മതപൗരോഹിത്യം ഇറങ്ങിപ്പുറപ്പെട്ടു. നവോത്ഥാനത്തിന്റെ ലക്ഷണങ്ങളായി എണ്ണിപ്പറയുന്ന വിധവാ പുനർവിവാഹം, സതി നിരോധനം, ബാലവിവാഹ നിരോധനം, ഘോഷബഹിഷ്കരണം, സ്ത്രീപുരുഷന്മാർക്ക് പരസ്പരം മനസ്സിലാക്കുവാനുള്ള സന്ദർഭം, തൊഴിൽ ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസം നേടാനുള്ള അവകാശം തുടങ്ങിയ കാര്യങ്ങൾക്ക് ഏറെ പരിഗണന ലഭ്യമായ ഘട്ടം കൂടിയായിരുന്നു ചരിത്രത്തിലത്. എന്നാൽ ഇന്ന് നവോത്ഥാനമെന്നത് തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടത്തിലൂടെയുള്ള വിവിധ കാര്യങ്ങളുടെ സംസ്ഥാപനം കൂടിയാണെന്ന് വിസ്മരിക്കാനാവില്ല. ജനാധിപത്യം, മതേതരത്വം, സാമൂഹ്യനീതി, പൊതുസുരക്ഷ, ഫെഡറലിസം, ഭരണഘടനാത്വം, നിയമവാഴ്ച തുടങ്ങിയവയെല്ലാം അതിൽപ്രമുഖവുമാണ്. ഒപ്പം മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിലപാടുകളും വർഗ്ഗബഹുജന സംഘടനകളുടെ ക്രിയാത്മക ഇടപെടലുകളും വിദ്യാർത്ഥി യുവജനസംഘടനകളുടെ സർഗ്ഗാത്മകശേഷിയും നവസാമൂഹിക പ്രസ്ഥാനങ്ങളുടെ നിലപാടുകളും ഒരു ദേശീയ സമൂഹത്തിന്റെ ഭാഗമായി ആഴത്തിൽ പരിശോധിക്കപ്പെടണം.

ചില ചരിത്ര വസ്തുതകൾ കൂടി പരിശോധിക്കുമ്പോൾ ഒട്ടനവധി സാമൂഹ്യമുന്നേറ്റങ്ങളുടെ ബഹിർസ്ഫുരണങ്ങൾ അങ്ങോളമിങ്ങോളം കാണാനാവും. 1833 ൽ രാജാ റാം മോഹൻറോയി നിര്യാതനാകുമ്പോൾ ബ്രഹ്മസമാജം പിച്ചവെച്ച നടക്കാൻ ശ്രമിക്കുന്ന ഒരു ശിശുമാത്രമായിരുന്നുവെങ്കിലും റാം മോഹനും, ബ്രഹ്മസമാജവും, ബംഗാൾ കലാപകാരികളും ഇളക്കിവിട്ട കോളിളക്കങ്ങൾ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ കെട്ടടങ്ങിയിരുന്നില്ല. അത്തരം നിരവധി നവോത്ഥാന മുന്നേറ്റങ്ങളിൽ അതിപ്രധാനമായ ഒന്നായിരുന്നു 1829 ൽ നിരോധിക്കപ്പെട്ട സതി അനുഷ്ഠാനം.

ദേവേന്ദ്രനാഥ് ടാഗോർ



മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ അച്ഛനായിരുന്ന ദേവേന്ദ്രനാഥ് പക്വമതിയായ ഒരു മിതവാദിയും ദെറോസിയൻ യുവ ബംഗാൾ പ്രക്ഷോഭകാരികളുടെ നിരയിലേക്ക് ചെല്ലാതെ പ്രസ്ഥാനത്തെ മിതത്വത്തിലേക്ക് നയിച്ച അദ്ദേഹം തീവ്രവാദികളുടെ കഠിനമായ എതിർപ്പിന് പാത്രമാവുകയുണ്ടായെങ്കിലും അദ്ദേഹം ആരംഭിച്ച തത്വബോധിനി സഭയും അതിന്റെ മുഖപത്രമായ 'തത്വബോധിനി' പത്രികയും പത്രാധിപരായ അക്ഷയകുമാർ ദത്തയും ബംഗാൾ സമൂഹത്തിന് നൽകിയ സംഭാവനയും അക്കാലത്ത് ചെറുതൊന്നുമായിരുന്നില്ല. പിന്നീട് ബംഗാളിൽ സാമൂഹിക പരിഷ്ക്കരണ അന്തരീക്ഷത്തിൽ ഒരു ഉജ്ജ്വലതാരമായി വളർന്നുവന്ന ഈശ്വരചന്ദ്ര വിദ്യാസാഗർ സ്ത്രീ വിദ്യാഭ്യാസം, ദരിദ്രവിദ്യാർത്ഥിസേവനം, വിധവാ പുനർവിവാഹം തുടങ്ങിയ വിഷയങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുകയും നവോത്ഥാനത്തിന് പുതിയമാനം നൽകുകയുമുണ്ടായി.

ബംഗാൾ കഴിഞ്ഞാൽ ആധുനിക വിദ്യാഭ്യാസവും നവോത്ഥാന ആശയങ്ങളും പ്രചരിക്കാൻ തുടങ്ങിയത് ഇന്നത്തെ മഹാരാഷ്ട്ര ഉൾപ്പെടുന്ന പശ്ചിമേന്ത്യയിലാണ്. ഗുജറാത്ത് ആസ്ഥാനമായി പ്രചരിക്കാൻ തുടങ്ങിയ സ്വാമിനാരായണ പ്രസ്ഥാനത്തിന്റെ അലകൾ മുബൈ, പൂനെ, ഷോലാപ്പൂർ, നാഗ്പൂർ തുടങ്ങിയ മഹാരാഷ്ട്രീയൻ നഗരങ്ങളിൽ വീശിയടിച്ചിരുന്നുവെങ്കിലും സംഘടിതമായ ഒരു നവോത്ഥാന യത്നം ആരംഭിക്കുന്നത് 1867 ലെ പ്രാർത്ഥനാസമാജത്തിന്റെ പിറവിയോടുകൂടിയാണ്. ഡോ.ആത്മാരാം പാണ്ഡുരംഗ്, മഹാദേവ ഗോവിന്ദ റാനഡെ, ആർ.ജി.ബണ്ഡാർക്കർ തുടങ്ങിയവർ വിദ്യാഭ്യാസ വ്യാപനം, സ്ത്രീ-പുരുഷ സമത്വം, അയിത്തോച്ചാടനം, പർദനിരോധനം, വിധവാ പുനർവിവാഹം, ശൈശവ വിവാഹ നിരോധനം മുതലായവയ്ക്ക് വേണ്ടി പ്രക്ഷോഭം ആരംഭിച്ചത് ഇന്ത്യൻ നവോത്ഥാനത്തിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലായി മാറി.

ജ്യോതി ബാ ഫൂലെ നടത്തിയ സാമൂഹ്യ ഇടപെടലുകളും, തമിഴ്നാട്ടിലെ ദ്രാവിഡ കഴകത്തിന്റെ പേരിൽ ഇ.വി.രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ നടന്ന ബ്രാഹ്മ



ഡോ. ബി.ആർ. അംബേദ്കർ

ണാധിപത്യവിരുദ്ധ സമരങ്ങളും ഇന്നും ഏറെ പ്രസക്തമാണ്. 1873ൽ അദ്ദേഹം സ്ഥാപിച്ച സത്യശോധക് സമാജം എന്ന പ്രസ്ഥാനം ഇന്ത്യയിലെ സവർണ്ണപക്ഷ ശാസ്ത്രങ്ങളും സ്മൃതികളും ആചാരങ്ങളുമെല്ലാം ശ്രേഷ്ഠവർഗ്ഗ താൽപര്യത്തിനും ജാതിഭ്രാന്ത് സൃഷ്ടിക്കുന്നതിനുമായും മറ്റും ദുരുപയോഗപ്പെടുത്തുന്നതിനെ അതിനിശിതമായി വിമർശിക്കുകയുണ്ടായി. ഡോ.ബി.ആർ.അംബേദ്ക്കർ സ്ഥാപിച്ച റിപ്പബ്ലിക്കൻ പാർട്ടി പടിഞ്ഞാറെ ഇന്ത്യൻ മേഖലയിൽ ആരംഭഘട്ടത്തിൽ വലിയ സാമൂഹ്യ ചലനങ്ങൾ സൃഷ്ടിച്ചവെങ്കിലും തുടർന്നങ്ങോട്ട് ഉൾപ്പാർട്ടി കലഹങ്ങളും, വ്യക്തിവൈരാഗ്യങ്ങളും കൊണ്ട് അപ്രസക്തമായി പോയി.എങ്കിലും അംബേദ്കർ ഉയർത്തിയ ആശയങ്ങൾ ഇന്നും ദേശീയ സമൂഹത്തിൽ നവോത്ഥാനകിരണങ്ങളുതിർക്കുന്നുണ്ടെന്നത് ഏറെ പ്രതീക്ഷ നൽകുന്ന വസ്തുതകൾ കൂടിയാണ്.

ഗുജറാത്തിലെ 'തങ്കാര' എന്ന കുഗ്രാമത്തിലെ ഒരു യഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച മൂലശങ്കരൻ എന്ന ബാലനാണ് പിൽക്കാലത്ത് ആര്യസമാജത്തിന്റെ സ്ഥാപക നേതാവെന്ന നിലയിൽ അറിയപ്പെട്ട ദയാനന്ദസരസ്വതി. ഹൈന്ദവത വച്ചു പുലർത്തുന്ന അയിത്താചരണം, ജാതിമേൽക്കോയ്മ, ചൂഷണമനോഭാവം, ദുരാചരണങ്ങൾ തുടങ്ങി ഒട്ടനവധി അസംബന്ധ സിദ്ധാന്തങ്ങളെ തുറന്നു കാട്ടിക്കൊണ്ട് സാമൂഹ്യബോധവൽക്കരണത്തിനും നവോത്ഥാനപ്രക്രിയകൾക്കുമായി അദ്ദേഹം നടത്തിയ ഇടപെടലുകൾ ഏറെ കരുത്തു പകർന്നു. ഇതിനിടയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ അവിസ്മരണീയമായ പങ്ക് വഹിച്ച ആനിബസന്റ് എന്ന ഇംഗ്ലീഷ് വനിത ബ്രഹ്മവിദ്യാസംഘം അഥവാ തിയോസഫിക്കൽ സൊസൈറ്റി എന്ന സ്ഥാപനം സൃഷ്ടിച്ചത് നവോത്ഥാന നീക്കങ്ങൾക്ക് കൂടുതൽ കരുത്തുപകരുകയുണ്ടായി.

ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ പഞ്ചാബിലെ ഗുരുദ്വാരകളെ നാട്ടുവാഴത്ത കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കാൻ മാസ്റ്റർ താരാസിംഗിന്റെയും മറ്റും നേതൃത്വത്തിൽ വളർന്നുവന്ന അകാലി പ്രസ്ഥാനവും ഇന്ത്യൻ നവോത്ഥാനത്തിന്റെ നേർസന്തതികൾ തന്നെയാണ്. മേൽപറഞ്ഞ വസ്തുതകളെല്ലാം ചേർത്തുവെച്ചു നോക്കുമ്പോൾ ദേശീയ സമൂഹത്തിലുണ്ടായ ഒരു കാലത്തെ നവോത്ഥാന മൂല്യങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ജനപക്ഷത്തിലൂന്നിയുള്ള സാമൂഹിക വിപ്ലവം കൂടിയാണെന്ന് നിസംശയം നമുക്ക് മനസ്സിലാക്കാം. നാമിന്ന് നേരിടുന്ന ഒട്ടനേകം സാമൂഹ്യ വെല്ലുവിളികളെ സമഗ്രമായി പഠിച്ച് ക്രിയാത്മകമായി മറുപടി നൽകാൻ അത്തരം മൂല്യങ്ങളുടെ പ്രകാശമാനമായ അദ്ധ്യായങ്ങൾ ഊർജ്ജം പകരും. ഒപ്പം സൂക്ഷ്മമായ രാഷ്ട്രീയ പരിശോധനകളും, സാംസ്കാരിക രംഗത്തെ പ്രതിലോമശക്തികളുടെ കടന്നുവരവും തിരിച്ചറിഞ്ഞ് ഉയർന്ന മനുഷ്യന്റെ ബോധതലത്തിലേക്ക് സ്വയം ഉണർന്നു പ്രവർത്തിക്കേണ്ടതുമുണ്ട്. അപ്പോൾ മാത്രമാണ് വർഗ്ഗീയതയും വംശീയതയും ഭീകരവാദവും മതമൗലികവാദവും ഉറഞ്ഞാടുന്ന നമ്മുടെ സാമൂഹ്യശരീരത്തിനകത്ത് നവോത്ഥാനമൂല്യങ്ങളുടെ വീണ്ടെടുക്കലുകൾ എത്രമാത്രം പ്രാധാന്യമുണ്ടെന്ന് തിരിച്ചറിയാനാവുന്നത്.

നവോത്ഥാനകാലം, നവോത്ഥാന പൂർവ്വകാലം, നവോത്ഥാനാനന്തര കാലം തുടങ്ങിയവയെ സംബന്ധിച്ച് കേരളീയ പശ്ചാത്തലത്തിൽ ഒരു മാനസിക ഭൂപടം അതേ രൂപത്തിലും നിറത്തിലും വീണ്ടും വരയ്ക്കുകയെന്നത് ഏറെ സങ്കീർണ്ണമായ ഒന്നാണ്. എങ്കിലും ചില പൊതുവായ വസ്തുതകൾ വിസ്മരിക്കുന്നത് തികച്ചും അനുചിതമായേക്കാം. ആയതിനാൽ ചില പ്രധാന സംഭവങ്ങളെ ഒറ്റനോട്ടത്തിൽ താഴെ പ്രതിപാദിക്കുന്നു.

1) മലയാളിസഭയും മലയാളിമെമ്മോറിയലും, 2) ശ്രീനാരായണ ധർമ്മപരിപാലന സംഘം 3) യോഗക്ഷേമസഭ, 4) സാധുജന പരിപാലന സംഘം, 5) പുലയ മഹാസഭ, 6)നായർ സർവ്വീസ് സൊസൈറ്റി, 7) അരയരുടെ പുത്തനുണർവ്വ്, 8) ഗുരുവായൂർ സത്യാഗ്രഹം, 9) കൽപാത്തി മുതൽ ശുചീന്ദ്രം വരെയുള്ള ഇടപെടലുകൾ 10) സംയുക്ത രാഷ്ട്രീയസഭയും, നിവർത്തന പ്രക്ഷോഭവും, 11) വക്കം മൗലവിയും ഐക്യമുസ്ലിം

സംഘവും, 12) ബാസൽ മിഷ്യനും വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകളും, 13) പാശ്ചാത്യവിദ്യാഭ്യാസം നാടിനു നൽകിയ ഉണർവ്വ്, 14) ശ്രീനാരായണ ഗുരുദേവന്റെ സാമൂഹിക ഇടപെടലുകൾ, 15) വാഗ്ഭടാനന്ദന്റെ സംഭാവനകൾ, 16) സ്വാമി ആഗമാനന്ദജിയുടെ ചിന്തകൾ, 17) മിതവാദി കൃഷ്ണന്റെ സാമൂഹ്യനിലപാടുകൾ, 18) രാമവർമ്മ തമ്പാൻ ഉയർത്തിയ വാദങ്ങൾ, 19) സി.വി.കുഞ്ഞിരാമന്റെ സംഭാവനകൾ, 20) ടി.കെ. മാധവന്റെ സമരമുന്നേറ്റങ്ങൾ, 21) മൂർക്കോത്ത് കുമാരന്റെ ചിന്തകൾ, 22)തച്ചുക്കുടി പരമേശ്വരന്റെ ഇടപെടലുകൾ, 23) എം.സി.ജോസഫിന്റെ ക്രിയാത്മകതകൾ, 24)വി.ടി.ഭട്ടതിരിപ്പാടിന്റെ വൈക്ഷണിക നിലപാടുകൾ, 25) സഹോദരൻ അയ്യപ്പന്റെ സാമൂഹ്യപ്രവർത്തനങ്ങൾ, 26) കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിലപാടുകൾ, 27) ഇ.മാധവന്റെ സംഭാവനകൾ. 28) ഇം.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ വിപ്ലവ ചിന്തകൾ 29) എ.കെ.ഗോപാലന്റെ രാഷ്ട്രീയസംഘാടനം, 30) പി.കൃഷ്ണപിള്ളയുടെ കമ്മ്യൂണിസ്റ്റ് ബോധം.



ഡോ. പൽപ്പു

മേൽപറഞ്ഞ സംഘടനകളും വ്യക്തികളുമെല്ലാം ഒരു സമൂഹം എന്ന നിലയിൽ നമ്മെ ഉഴുതുമറിച്ചു എന്ന കാര്യത്തിൽ വലിയ തർക്കങ്ങൾക്കൊന്നും സ്ഥാനമില്ല. എന്നാൽ ഇത്തരം നവോത്ഥാന പാരമ്പര്യങ്ങളുടെ മുന്നണിപോരാളികളായ പ്രസ്ഥാനങ്ങളിൽ പലതിനും കേരളീയ സാഹചര്യത്തിൽ ഒരു ഉടർചലനമായി മാറാൻ എത്രമാത്രം സാധിക്കുന്നുണ്ടെന്നത് ഒരു വലിയ ചോദ്യചിഹ്നം തന്നെയാണ്. ചുരുക്കം ചില സംഘടനകളെയും വ്യക്തികളെയുമൊഴിച്ച് നിർത്തിയാൽ നവോത്ഥാനത്തിന്റെ സമകാലിക പതാകാവാഹകരാവാൻ പലർക്കും കഴിഞ്ഞിട്ടില്ലെന്നതാണ് ഒരു നഗ്ന സത്യം. അതൊരു തികഞ്ഞ വിമർശനാത്മകതയോടെ നാം വിലയിരുത്തേണ്ടതുണ്ട്. പ്രയോഗതലത്തിൽ നമ്മുടെ നവോത്ഥാനപാരമ്പര്യത്തെ നിലവിലെ ഇടതുപക്ഷഭരണവും ചുരുക്കം ചില സംഘടനകളും മാത്രമാണ് അതിന്റേതായ അർത്ഥത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നവെന്നത് വിസ്മരിക്കാനാവില്ല. ഭൂപരിഷ്ക്കരണവും, കേരളവികസനമാതൃകയും, സാക്ഷരതാപ്രസ്ഥാനവും, ജനകീയാസൂത്രണപദ്ധതികളുമടക്കം നടപ്പിൽ വരുത്തിയത് അതിൽ ചിലത് മാത്രമാണ്. ഒരർത്ഥത്തിൽ അവയെല്ലാം കേരളത്തിന് ഉണർവ്വേകിയ നവോത്ഥാനമുന്നേറ്റങ്ങളുടെ തുടർച്ചകൂടിയായിരുന്നു.



അരുവിപ്പുറം പ്രതിഷ്ഠ

ചരിത്രത്തെ പൊതുവെ ഒറ്റനോട്ടത്തിലൊന്ന് പരിശോധിച്ചാൽ ആയിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒന്ന് ജനുവരി ഒന്നിന് നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ട 10,037 പേർ ഒപ്പിട്ട ഒരു ഭീമഹർജി രാജാവിന് തിരുവിതാംകൂർ മെമ്മോറിയൽ അഥവാ മലയാളി മെമ്മോറിയൽ എന്ന പേരിൽ നൽകുകയുണ്ടായി. തിരുവിതാംകൂറിൽ അക്കാലത്ത് അഭ്യസ്തവിദ്യരായ നാട്ടുകാർ ഉയർന്ന ഉദ്യോഗങ്ങൾക്ക് യോഗ്യരായി ഉള്ളപ്പോൾ തമിഴ്നാട്ടിൽ നിന്നും മഹാരാഷ്ട്രയിൽ നിന്നും റാവുമാരെയും, അയ്യങ്കാർമ്മാരേയും ഒക്കെ ഇറക്കുമതി ചെയ്യുന്നത് നിർത്തിവയ്ക്കണം എന്നതായിരുന്നു നിവേദനപത്രികയുടെ രത്നച്ചുരുക്കം. ജി.പി.പിള്ള, ഡോ.ടി.പൽപ്പു, നിധീരിവക്കീൽ തുടങ്ങിയ നിരവധി പ്രമുഖർ ആ പത്രികയിൽ ഒപ്പിടുകയുണ്ടായി. സാമൂഹ്യ ഇടപെടലുകളോടെയുള്ള ഇത്തരം നവോത്ഥാനനീക്കങ്ങളെ ഇന്നിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ, വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മയും സാമൂഹിക നീതിയുമായി ബന്ധപ്പെട്ട വെല്ലുവിളികളും കൃത്യവും ശാസ്ത്രീയവുമായ ഒരു സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടേണ്ടതുകൂടിയാണ്.

ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായ സാമൂഹ്യ വിപ്ലവമായിരുന്നു ആയിരത്തി എണ്ണൂറ്റി എൺപത്തിയെട്ടിൽ തെക്കൻ തിരുവിതാംകൂറിലെ അരുവിപ്പുറത്ത് ഒരു ശിവപ്രതിഷ്ഠ നടത്തപ്പെടുകയും അതുവഴി കേരളീയ നവോത്ഥാനത്തിന് അടിവേരുപാകുകയും ചെയ്യപ്പെട്ടത്. സാമൂഹിക മുന്നേറ്റത്തിന്റെ ചാലകശക്തിയായി ജനസഹസ്രങ്ങൾ ഉണർവ്വിന്റെ പാതയിലേക്ക് അതോടെ ഉയർന്നുവന്നു എന്നത് വിപ്ലവകരമായ സാമൂഹിക മുന്നേറ്റം കൂടിയായിരുന്നു. തുടർന്നുള്ള ചരിത്രത്തിലേക്കുള്ള ഒന്ന് കണ്ണോടിച്ചാൽ നിരവധി നവോത്ഥാന മുഹൂർത്തങ്ങൾക്ക് ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ നടന്നതായി കാണാം.

1) അരുവിപ്പുറം ക്ഷേത്രകാര്യങ്ങൾക്കുള്ള വ്യവസ്ഥകൾ തയ്യാറാക്കപ്പെട്ടു(1893), 2) അരുവിപ്പുറം ക്ഷേത്ര യോഗം(1888), 3)എസ്.എൻ.ഡി.പി. യോഗസ്ഥാപനം(1903), 4) വക്കത്ത് സ്കൂൾ സ്ഥാപിക്കൽ(1904), 5)അനാചാരങ്ങൾ അവസാനിപ്പിക്കാൻ പറവൂരിൽ മഹാസമ്മേളനം(1904), 6) കോഴിക്കോട് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ ശിലാസ്ഥാപനം(1908) 7) തലശ്ശേരി ജഗന്നാഥക്ഷേത്ര പ്രതിഷ്ഠാ(1908, 8) ജനനീ നവരത്നമഞ്ജരിയുടെ ഉദയം (1908), 9) കരിങ്കുളത്ത് കെട്ടുകല്യാണം തടയൽ (1911), 10) ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠ(1912), 11) ആലുവ അദ്വൈതാശ്രമ സ്ഥാപനം(1912), 12) പുലയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മിശ്രഭോജനം(1915), 13) അദ്വൈതാശ്രമ സംസ്കൃത പാഠശാലാ സ്ഥാപനം (1915), 14)കൊളമ്പ് യാത്ര(1918), 15)കാരമുക്ക് ക്ഷേത്രപ്രതിഷ്ഠ(1920),16)സമസ്തകേരള സഹോദര സമ്മേളനം(1921), 17) ആലുവ സർവ്വമതസമ്മേളനം(1924), 18) ബ്രഹ്മ വിദ്യാലയത്തിന് ശിലാസ്ഥാപനം(1925), 19) കളവങ്കോടം ക്ഷേത്രപ്രതിഷ്ഠ(1927).

മേൽ പറഞ്ഞ എല്ലാ ഇടപാടുകളും എസ്.എൻ.ഡി.പി നവോത്ഥാന പ്രസ്ഥാനത്തിന്റെ ജാതിമേൽക്കോയ്മകളും സാമൂഹിക അസമത്വത്തിനുമെതിരെയുള്ള കൃത്യമായ നീക്കങ്ങൾ കൂടിയായിരുന്നു. ആധുനിക ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിക്കപ്പെട്ട മൗലിക അവകാശങ്ങളുമായി സാമ്യമുള്ള



അയ്യങ്കാളി

നിരവധി സാമൂഹിക മുന്നേറ്റങ്ങൾ മുമ്പ് രേഖപ്പെടുത്തിയ ചരിത്ര സംഭവങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മതനിരപേക്ഷത തുടങ്ങിയവയുടെ മൂല്യങ്ങൾ നവോത്ഥാനപ്രസ്ഥാനങ്ങളിലും കാണാനാവുന്നതാണ്. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നതടക്കമുള്ള തത്വശാസ്ത്രം മാനവസമൂഹത്തെ പഠിപ്പിച്ച ശ്രീനാരായണ ഗുരുവിന്റെ കാഴ്ച്ചപ്പാടുകൾ സമൂഹത്തിലെ മതേതരജനാധിപത്യമൂല്യങ്ങൾക്ക് എക്കാലവും കരുത്തുപകരുന്ന രാസത്വരകം കൂടിയാണ്. വർത്തമാനകാലം നേരിടുന്ന നിരവധിയായ സാമൂഹ്യപ്രതിസന്ധികൾക്ക് ഗുരുദേവ ദർശനങ്ങൾ വലിയൊരുപരിധിവരെ സഹായകമാവുമെന്നതിൽ തർക്കമൊന്നുമില്ല.

പി. കൃഷ്ണപിള്ള



സമരോത്സുകമായ ഒരു ബദലിനെയും അതിന് ഇന്ധനമാവേണ്ട ധൈഷണികതയിലൂന്നിയ അന്വേഷണത്തെയും സൂക്ഷ്മമായി പിന്തുണയ്ക്കുന്ന ഒരു സാമൂഹ്യസാഹചര്യം സൃഷ്ടിച്ചെടുക്കൽ കൂടിയായിരുന്നു മേൽപറഞ്ഞ നവോത്ഥാന സംഘടനകളെല്ലാം.

ബ്രാഹ്മണാധിപത്യത്തിന്റെ ജ്ഞാനകുത്തക പൊളിക്കാൻ കേരളത്തിൽ ബൗദ്ധികമായ നേതൃത്വം നൽകിയവരിൽ മുൻനിരയിലായിരുന്നു ചട്ടമ്പിസ്വാമികൾ. ജാതിവിവേചനത്തിന്റെ മതിലുകൾ മറിച്ചിടുന്നതിലും അതിന് ആനുപാതികമായ ആശയപരിസരം സൃഷ്ടിച്ചെടുക്കുന്നതിലും അദ്ദേഹത്തിന്റെ 'വേദാധികാര നിരൂപണം', 'പ്രാചീനമലയാളം' എന്നീ കൃതികൾ സുപ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. സംസ്കൃതവും വേദവും വേദാന്തവുമൊക്കെ ബ്രാഹ്മണരുടെ കുത്തകയാക്കി വയ്ക്കുകയും അതിന് ശാസ്ത്രസമ്മതിയുണ്ടെന്ന് വരുത്തിതീർക്കാൻ ശ്രമിക്കുകയും ചെയ്ത ആദിശങ്കരാചാര്യനെപോലും യുക്തിയുക്തം ചോദ്യം ചെയ്യാൻ ചട്ടമ്പിസ്വാമികൾക്ക് കഴിഞ്ഞത് നായർസമൂഹത്തിന്റെ അക്കാലത്തെ അവകാശബോധത്തെയും ആത്മാഭിമാനത്തെയും ശക്തമായിതന്നെ തട്ടിയുണർത്തുകയുണ്ടായി. എന്നാൽ ശബരിമലയിലേതടക്കമുള്ള സാമൂഹ്യവിഷയങ്ങളിൽ സമുദായത്തിന്റെ ഇന്നത്തെ നിലപാടുകൾ ബ്രാഹ്മണവൽക്കൃത നേതൃനിരയാൽ സമ്പന്നമായ വർഗ്ഗീയ ശക്തികളുടെ നിലപാടുകൾക്കൊപ്പമായി പോകുമ്പോൾ അതിനെ ശക്തിയുക്തം വിമർശിക്കാതിരിക്കുവാൻ ഒരു നവോത്ഥാനാനന്തര പുരോഗമന സമൂഹമെന്ന നിലയിൽ നമുക്കാവില്ല.

കീഴാളസ്ത്രീകൾ സ്വന്തം ശരീരത്തിൽ ധരിച്ചിരിക്കുന്ന 'കല്ലുമാല അറുക്കൽ സമരം' അയ്യങ്കാളിയുടെ നേതൃത്വത്തിൽ 1915ൽ കൊല്ലം ജില്ലയിലെ പെരിനാട്ടിലാണ് നടന്നിട്ടുള്ളത്. ഒരു നവോത്ഥാന സംഘടന എന്ന നിലയിൽ പുലയമഹാസഭയും അതിന്റെ വ്യത്യസ്ത സമകാലിക മുഖങ്ങളും ഇന്നും ഏറെ സജീവമാണ്. ക്രിയാത്മകമായ ഇടപെടലുകളിലൂടെ പുതിയകാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ ഒരു സമൂഹമെന്ന നിലയിൽ അവരും ഇനിയും ഏറെ പ്രാപ്തമാവേണ്ടതുണ്ട്. 1907ൽ അയ്യങ്കാളി രൂപം നൽകിയ സാ

ധുജന പരിപാലന സംഘത്തെ കീഴാള നവോത്ഥാന പ്രസ്ഥാന ചരിത്രത്തിലെ ആദ്യ സംഘടിത കർഷകതൊഴിലാളി സമരം എന്ന ഒറ്റകാര്യം കൊണ്ടു തന്നെ ചരിത്രമുള്ള കാലത്തോളം സ്മരിക്കപ്പെടും. ഒപ്പം നിരോധിക്കപ്പെട്ട നാട്ടുനടവഴികളിലൂടെ നടന്നും, തടഞ്ഞവരെ എതിരിട്ടും തന്നെയാണ് കീഴാളനവോത്ഥാനം കേരളീയ പരിസരത്ത് വളർന്നതെന്ന ബോധം ആവശ്യമായ അളവിൽ ബന്ധപ്പെട്ട മുഴുവൻ ജനങ്ങളിലേക്കും എത്തിക്കാൻ സാധിക്കേണ്ടതുണ്ട്. അത് ജനാധിപത്യത്തിന്റെയും സാമൂഹ്യമുന്നേറ്റ പ്രക്രിയയുടെയും ഭാഗമായിതന്നെ വളർന്നു വരുകയും വേണം.

യുക്തിവാദിയും, കമ്മ്യൂണിസ്റ്റും, തൊഴിലാളി നേതാവും, കവിയും സാഹിത്യവിമർശകനും പത്രപ്രവർത്തകനും ഭിഷഗ്വരനുമെല്ലാമായ ഡോ.വി.വി.വേലുക്കുട്ടി അരയൻ ചരിത്രത്തിലെ മികച്ചൊരു നവോത്ഥാന പ്രതിഭകൂടിയായിരുന്നു. മത്സ്യം തന്നെയാണ് ഹിന്ദുമതത്തിന്റെ മനസ്സും മസ്തിഷ്കവും എന്ന് യുക്തിയുക്തം സ്ഥാപിച്ചു കൊണ്ട് കേരളീയ നവോത്ഥാന ചരിത്രത്തിൽ വേറിട്ടൊരദ്ധ്യായം രചിച്ച അപൂർവ്വ പ്രതിഭ കൂടിയായിരുന്നു അദ്ദേഹം. 2018 ലെ പ്രളയകാലത്ത് കേരളത്തിലെ മത്സ്യതൊഴിലാളികളുടെ കർമ്മശേഷിയും മാനവബോധവും നിസ്വാർത്ഥ സേവനവുമെല്ലാം വേലുക്കുട്ടി അരയന്റെ ധൈഷണിക നിലപാടുകളുടെ തുടർച്ചയും തീരദേശ സമൂഹത്തിന്റെ നവോത്ഥാന -പൊതുബോധത്തിന്റെ ഉള്ളടക്കവും കൂടിയാണെന്ന് നമുക്ക് അഭിമാനത്തോടെ അനുമാനിക്കാം.

യോഗക്ഷേമസഭ പിറക്കുന്നത് 1908ൽ കേരളം കീഴ്മേൽ മറിഞ്ഞ ഘട്ടത്തിലാണ്. അവർണ്ണരെ കടത്താത്ത അമ്പലങ്ങൾക്ക് തീകൊളുത്തണമെന്ന് പ്രഖ്യാപിച്ച വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നിന്നും ഇന്നിന്റെ നേതൃത്വത്തിലേക്ക് കാലം കടന്നെത്തുമ്പോൾ സമരസപ്പെട്ടു നിൽക്കുന്ന ജാതിമതിഭ്രാന്തിന്റെ ഉള്ളടക്കങ്ങളെ നവോത്ഥാനത്തിന്റെ നവീകരണങ്ങളിലൂടെ തുറന്നുകാട്ടാൻ നവകേരളീയ സമൂഹത്തിന് ഒരിക്കൽ കൂടി കഴിയേണ്ടതുണ്ടെന്ന് നാം മറന്നുകൂടാ. നവോത്ഥാന ചരിത്രത്തിൽ സമരോത്സുകമായ നിരവധി ആശയങ്ങൾ അവതരിപ്പിക്കുവാൻ മാത്രമല്ല,



വി.ടി. ഭട്ടതിരിപ്പാട്

അതിനെ പ്രയോഗമാക്കി മാറ്റാനും മുൻകാലങ്ങളിൽ യോഗക്ഷേമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നതും ശോഭനമായ ചരിത്രമായിരുന്നു. കുടുമമുറിപ്രസ്ഥാനം, പൂണൂൽദഹന പ്രസ്ഥാനം, വൃദ്ധവിവാഹ പിക്കറ്റിംഗ്, ഘോഷാ ബഹിഷ്ക്കരണം, ഊട്ടുപുര അടച്ചുപൂട്ടുവാനും മുറജപം അവസാനിപ്പിക്കുവാനുമുള്ള ശ്രമം, തമ്പുരാൻവിളി അവസാനിപ്പിക്കുവാനുള്ള ആഹ്വാനം, കൊട്ടുമുണ്ടയിലെ ഉദ്ബുദ്ധകോളനി രൂപീകരണം, മിശ്രവിവാഹ പ്രോത്സാഹനം എന്നിങ്ങനെ പ്രസ്തുത ആശയങ്ങളെ അടയാളപ്പെടുത്തുവാനും സഭയ്ക്ക് കഴിഞ്ഞുവെന്നത് പ്രൗഢോജ്ജ്വലമായ ചരിത്ര അദ്ധ്യായം കൂടിയായിരുന്നു. അതിന്റെ തുടർച്ചയും അവശേഷിക്കുന്ന ഊർജ്ജവും കാലിക കേരളത്തിന്റെ സാമൂഹ്യവൃത്തങ്ങളിൽ അലയൊലിയായി ഉയർത്തുവാൻ ഉത്തരവാദിത്വപ്പെട്ടവർക്ക് സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണം.

നവലിബറൽ കാലത്തെ കമ്പോള സംസ്കാരത്തിലൂന്നി അഴിമതിയും അക്രമവും അധികാര രാഷ്ട്രീയവും വിളയുമ്പോൾ, ജനാധിപത്യവും മതേതരത്വവും ക്ഷേമരാഷ്ട്രീയ സങ്കല്പങ്ങളും ഫെഡറൽതത്വങ്ങളും ഭീതിയുടെ നിഴലിലാണിന്നെങ്ങും. വർഗ്ഗീയതയും വംശീയതയും മതമൗലികവാദവും സൃഷ്ടിക്കുന്ന ഭീക



ഇ.എം.എസ്. നമ്പൂതിരിപ്പാട്

രതയുടെ ഭയപ്പാടുകൾ പൗരസമൂഹത്തിൽ ആർബുദാവസ്ഥ സൃഷ്ടിക്കുകയാണിന്ന്. പൊതുപ്രവർത്തകരും സാഹിത്യകാരന്മാരും കവികളും അദ്ധ്യാപകരും വിദ്യാർത്ഥികളും മാധ്യമപ്രവർത്തകരും സ്ത്രീകളും കുട്ടികളും ന്യൂനപക്ഷങ്ങളും ദളിതരുമടക്കം സമൂഹത്തിലെ സമസ്തവിഭാഗങ്ങളിലുംപെട്ട ജനങ്ങൾ പലതരം വേട്ടയാടലുകൾക്കും ചൂഷണങ്ങൾക്കും നിരന്തരം വിധേയപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഓരോ മനുഷ്യനും അവന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ കഴിയണമെങ്കിൽ പുരോഗമനബോധത്തിന്റെ പടച്ചട്ടയണിയേണ്ടതുണ്ട്. അതിന് ദിശാബോധം നൽകാൻ നവോത്ഥാന-പുരോഗമന-വിപ്ലവ-ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ഇനിയും ഏറെ യാത്ര ചെയ്യേണ്ടിവരും. സവർണ്ണപക്ഷ ഹൈന്ദവവാദവും മണ്ണിന്റെ മക്കൾ വാദവും സമൂഹത്തിലെ വിഘടന വിധ്വംസക പ്രവർത്തനങ്ങളുമടക്കം സാമൂഹ്യശരീരത്തെ ബാധിച്ച സകലമാന ജീർണ്ണതകളെയും നശിപ്പിക്കാൻ നവോത്ഥാനത്തിന്റെ പ്രഭാകിരണങ്ങൾക്ക് സാധിക്കണം. സ്വിച്ചിട്ടാൽ കത്തുന്ന ഒന്നല്ല നവോത്ഥാനമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഒരു തുടർയാത്ര സാദ്ധ്യമാക്കി കാലഘട്ടത്തിന്റെ അനിവാര്യതയ്ക്കൊപ്പം ചേർന്ന് നടക്കാൻ അതിനെ പ്രാപ്തമാക്കേണ്ടതുണ്ട്. മൃഗത്തിൽ നിന്ന് മനുഷ്യാവസ്ഥയിലേക്കെത്തിയ ഓരോ ജന്മത്തിന്റെയും ഇതംപ്രഥമമായ ഉത്തരവാദിത്വംകൂടിയായി മാറണം അത്തരമൊരു നീക്കം. സമൂഹശരീരത്തിന്റെ തുറമുഖങ്ങൾ പ്രതിലോമശക്തികൾക്ക് നങ്കൂരമിടാനുള്ളതല്ലെന്നും, പകരം പോരാട്ടത്തിന്റെ വിപ്ലവോർജ്ജംകൊണ്ട് നവോത്ഥാനത്തിന്റെ പുതിയ പ്രകാശപാതകൾ വെട്ടിത്തുറക്കാനുമാവണമെന്ന് നാം തിരിച്ചറിയണം.

നവോത്ഥാനം സാധ്യമാക്കിയ സംവാദാത്മകഥയെ ശിഥിലമാക്കിക്കൊണ്ട്, വൈകാരികതയെ മാത്രം തൊട്ടുണർത്തുന്ന രംഗങ്ങളിൽ ഊന്നിക്കൊണ്ടുമുള്ള പ്രവർത്തനങ്ങളിലൂടെയാണ് സാംസ്കാരിക ജീവിതത്തിൽ ആധിപത്യമുറപ്പിക്കാൻ വർഗ്ഗീയതയടക്കമുള്ള വിദ്വേഷപ്രത്യയശാസ്ത്രങ്ങൾ എക്കാലത്തും ശ്രമിച്ചു പോന്നിട്ടുള്ളത്. ഒരു മതേതര സമൂഹത്തിൽ വിശ്വാസം, ആചാരം, ഭാഷ, ഭക്ഷണം, വസ്ത്രം, സാമാന്യബോധം, ദേശീയത, ബന്ധങ്ങൾ എന്നിവയെ മുൻനിർത്തി സങ്കുചിത രാഷ്ട്രീയം കടന്നുവരുന്ന രീതികളെയും പ്രവർത്തനങ്ങളെയും ഒരു സമൂഹമെന്ന നിലയിൽ നാം സൂക്ഷ്മമായി പഠിച്ച് പരിശോധിക്കുക തന്നെ വേണം. ഒപ്പം പഴയമന്ത്രവാദങ്ങളിൽ നിന്ന് ശാസ്ത്രത്തിലേക്കും, പ്രച്ഛന്നസവർണ്ണസങ്കുചിതത്വങ്ങളിൽ നിന്ന് കീഴാളവിശാലതകളിലേക്കും, ആരാധനാ സമ്പ്രദായങ്ങളിൽ നിന്നും അപഗ്രഥനാത്മക സമീപനങ്ങളിലേക്കും, താരതമ്യേന ഉപകരണരഹിതവും വ്യവസായപൂർവ്വവുമായ ശരീരചിട്ടകളുടെ ലളിതച്ചട്ടവത്തിൽ നിന്ന് വ്യവസയാനന്തര അവസ്ഥയുടെ സങ്കീർണ്ണസന്ദർഭങ്ങളുൾക്കൊണ്ട് സമൂഹത്തെ അടിമുടി ഉടച്ചു വാർക്കേണ്ട ബൃഹദ് ഉത്തരവാദിത്വത്തോടൊപ്പം നാം ഒരു ജനത എന്ന നിലയിൽ കൈകോർക്കപ്പെട്ടേ പറ്റൂ. അത്തരമൊരു നവോത്ഥാന മുന്നേറ്റം സാമ്രാജ്യത്വമോഹങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടോ തൊഴിലാളി വിരുദ്ധതാല്പര്യങ്ങൾ ബലികൊടുത്തുകൊണ്ടോ ആവുകയുമരുത്. മനുഷ്യവർഗ്ഗം തന്നെയും അവസാനിച്ചു പോകുമോ എന്ന ആശങ്ക ആധിപത്യം വഹിക്കുന്ന കാലത്ത് മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനു വേണ്ടി മറ്റെല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവയ്ക്കാനുള്ള വിനയവും വിവേകവുമാണ് കാലം വീണ്ടും നവോത്ഥാനത്തിന്റെ രൂപത്തിൽ നമ്മോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് നിറവേറ്റേണ്ടത് ഓരോമനുഷ്യന്റെയും കടമയും കർത്തവ്യവും കൂടിയാണ്.

### സഹായകഗ്രന്ഥങ്ങൾ

1. ഇ എം എസ്, ആത്മകഥ, ചിന്താപബ്ലിഷേഴ്സ്, 1985.
2. ഇ എം എസ്, കാണിപ്പയ്യൂർ, എന്റെ സ്മരണകൾ (ഒന്ന്, രണ്ട്, മൂന്ന്) പഞ്ചാംഗം, പുസ്തകശാല, 1963.
3. ഒരു സംഘം അന്തർജനങ്ങൾ തൊഴിൽ കേന്ദ്രത്തിലേക്ക്, അന്തർജന സമാജം, 1948.
4. കെ ഇ എൻ, കുറ്റിന്റെ സൗന്ദര്യ ശാസ്ത്രം: ചിന്താപബ്ലിക്കേഷൻസ്, 1998.
5. കെ ഇ എൻ, കേരളീയനവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, ചിന്താ പബ്ലിക്കേഷൻസ്, 2018.
6. കരീം, സി കെ ഡോ:, കേരള ചരിത്രവിചാരം, തിരുവനന്തപുരം-ചരിത്രം പബ്ലിക്കേഷൻസ് 1976.
7. അച്യുതൻ, കെ ആർ സി കൃഷ്ണൻ (ജീവചരിത്രം), സാഹിത്യപ്രവർത്തക സഹകരണസംഘം, 1971.
8. ജോസഫ് മുണ്ടശ്ശേരി, കൊഴിഞ്ഞ ഇലകൾ (ആത്മകഥ), കറന്റ് ബുക്സ്, 1978.
9. ഗംഗാധരൻ, സി കെ, ഡോക്ടർ പൽപ്പു, വിതരണം, എസ് എൻ ഡി പി യൂണിയൻ, 1991
10. കുറുപ്പൻ, കെ പി പണ്ഡിറ്റ്, ജാതിക്കുമ്മിയും ഉദ്യാനവിരുന്നും, വിതരണം എൻ ബി എൽ, 1980.
11. ഫിലിപ്പ് ഫ്രാങ്ക്, ശാസ്ത്രത്തിന്റെ ദർശനം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1974.
12. ഭട്ടതിരിപ്പാട്, വി ടി, ഋതുമതികൾക്ക് പഠിച്ചാലെന്താ, മംഗളോദയം, 1945.
13. ഭവത്രാതൻ നമ്പൂതിരിപ്പാട്, മുത്തിരിങ്ങോട്, അപ്പന്റെ മകളും മറ്റുകൃതികളും, ലിറ്റിൽ പ്രസ്, 1984.
14. പവിത്രൻ കെ കെ, വാഗ്ഭടാനന്ദൻ-ആത്മീയഹിമാലത്തിൽ (ജീവചരിത്രം), വിതരണം, ഇംപ്രിന്റ് ബുക്സ്, 1995.
15. പത്മനാഭൻ, മന്നത്ത്, എന്റെ ജീവിതസ്മരണകൾ, (ഒന്നാം ഭാഗം) എൻ.എസ്.എസ്. പ്രസ്,1974.
16. റാഫി, പോഞ്ഞിക്കര, ചരിത്രമാനങ്ങൾ, ഡി സി ബുക്സ് 1985.
17. രാമചന്ദ്രൻ നായർ, അടൂർ, ചില കേരള ചരിത്ര വിവരങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, 1980.
18. മുരളി-കവിയൂർ, ദളിത് ഭാഷാ, കറന്റ് ബുക്സ്, 1997.
19. ഭാസ്കരൻനായർ, കെ. ഡോ. സംസ്കാരലോചനം, സാഹിത്യപ്രവർത്തക സഹകരണസംഘം 1982.
20. ദേശാഭിമാനി വാരിക (വി.ടി.പതിപ്പ്), 1995 നവംബർ.
21. Panicker, K N Culture, Ideology and Hegemony, Ineliectuals and Social Consciousness In Colonial India, Tulika, 1995.
22. Eric Bahsbawan, The Age of Revolution, Viking, Penguin Book, 1995.

# സർവ്വീസ് സെൽ



അധ്യാപകരുടെ
സർവീസ് സംബന്ധമായ
സംശയങ്ങൾ ഇമെയിൽ
ആയി അറിയിക്കുക
jogyalex@rediffmail.com

**ചോദ്യം:-കോളേജ് അധ്യാപകരുടെ ബ്രോക്കൺ സർവീസ് / ലീവ് വേക്കൻസി സർവീസ് എന്നിവ പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച് നിലവിൽ ഉള്ള സാഹചര്യം എന്താണ് ? ഇത് സംബന്ധിച്ച് നിലവിൽ ബാധകമായ ഉത്തരവുകൾ ഏതെല്ലാം ആണ് ? ഈ വിഷയത്തിൽ അധ്യാപകർക്ക് അനുകൂലമായി ഏതെങ്കിലും കോടതി വിധികൾ നിലവിൽ ഉണ്ടോ ?**

G.O(P) NO.21/2018/Fin, dated 16/02/2018 എന്ന ഉത്തരവ് പ്രകാരം സ്കൂൾ കോളേജ് അധ്യാപകരുടെ ബ്രോക്കൺ സർവീസ് / ലീവ് വേക്കൻസി സർവീസ് പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

1. കോളേജ് അധ്യാപകരുടെ റെഗുലർ സ്കൂൾ സർവീസ് കാലം അവരുടെ റെഗുലർ കോളേജ് സർവീസ് കാലത്തോട് ഒപ്പവും (തിരികെയും) പെൻഷന് പരിഗണിക്കും.

2. നിലവിൽ റെഗുലർ എയ്ഡഡ് സ്കൂൾ സർവീസിലോ, റെഗുലർ എയ്ഡഡ് കോളേജ് സർവീസിലോ, സ്ഥിരം സർക്കാർ ജോലിയിലോ ഉള്ള ജീവനക്കാരുടെ മുൻകാല എയ്ഡഡ് സ്കൂൾ സർവീസിലെ ബ്രോക്കൺ സർവീസുകൾ/ലീവ് വേക്കൻസി സർവീസുകൾ 01/06/2016 മുതൽ പെൻഷന് പരിഗണിക്കാവുന്നത് അല്ല. (GO(P) NO.47/2018/Fin, dated 21st March 2018)

3. നിലവിൽ റെഗുലർ എയ്ഡഡ് സ്കൂൾ സർവീസിലോ , റെഗുലർ എയ്ഡഡ് കോളേജ് സർവീസിലോ, സ്ഥിരം സർക്കാർ ജോലിയിലോ ഉള്ള ജീവനക്കാരുടെ മുൻകാല എയ്ഡഡ് കോളേജ് സർവീസിലെ ബ്രോക്കൺ സർവീസുകൾ/ലീവ് വേക്കൻസി സർവീസുകൾ മുതൽ 30/07/1979 മുതൽ പെൻഷന് പരിഗണിക്കാവുന്നത് അല്ല.

2017 ആഗസ്റ്റ് മാസത്തിൽ പ്രസ്തുത വിഷയത്തിൽ പെൻഷൻ നൽകണമെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ KSR ചട്ടം പരിഷ്കരിക്കുകയും അതനുസരിച്ച് മേൽസൂചിപ്പിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തതോടെ കോടതി വിധി അപ്രസക്തമായി.

**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാല
(കൺവീനർ, സർവ്വീസ് സെൽ)





# ചെറു കവിതകൾ

## ഗുരു
ഓർമ്മയുടെയിരുട്ടിലൊളിച്ച  വാക്ക്
മറവിയുടെ വെളിച്ചം തിരയുമ്പോൾ
മൗനത്തിന്റെവ മഹാവൃക്ഷത്തണലിൽ,
ഇരുന്നൊരാൾ കാലത്തിനെ
കളിയാക്കി ചിരിക്കുന്നു.

## (അ)ലിഖിതം
നിലാവിന്റെ മഷി പുരണ്ട
രാത്രിയുടെ കൈത്തണ്ടയിൽ
കാലം, ഓർമ്മകൾ കോറിയിട്ടു.

## ഇടവേള
മുറിഞ്ഞ വാക്കുകളിൽ
മുറിവേറ്റ വക്കുകൾ നീറുമ്പോൾ
അർദ്ധവിരാമങ്ങളിലൊരു  സന്ധ്യ പാടുന്നു

## ആത്മകഥ
ഉത്തരങ്ങൾ പക്ഷികളായി
സ്വപ്ന ചില്ലകളിലിരുന്നപ്പോൾ
ജീവിതം  വേടനെ പോലെ
ചോദ്യങ്ങൾ അമ്പെയ്തു

## തിരച്ചിൽ
ചിന്തയുടെ ചിതലരിക്കാത്ത
മരപൊത്തുകൾ തേടി നടക്കുന്നു
ആത്മാവ് നഷ്ടമായ വാക്കുകൾ.


ഡോ. ദിവ്യ എം.
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ

# വെറുമൊരു കളിയല്ല ക്രിക്കറ്റ്!



ഹരിനാരായണൻ എസ്.
എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം



വീണ്ടുമൊരു ക്രിക്കറ്റ് ലോകകപ്പ് എത്തിയിരിക്കുകയാണ്. ആകെ പത്ത് രാജ്യങ്ങൾ മാത്രം പങ്കെടുക്കുന്ന മേള ഇത്തവണ ക്രിക്കറ്റ് ജനിച്ച ഇംഗ്ലണ്ടിൽ വച്ചാണ് നടത്തുന്നത്. കാല്പന്ത് കളി പോലെ ഒരു ഗ്ലോബൽ ഗെയിമായി മാറാൻ ഒരു കാലത്തും ക്രിക്കറ്റിന് സാധിച്ചിട്ടില്ല. ക്രിക്കറ്റിന്റെ അടിവേരുകൾ എത്തി നില്ക്കുന്നത് കൊളോണിയലിസത്തിലാണെന്നത് അതിന്റെ വളർച്ചയെയും പ്രചാരത്തെയും തടഞ്ഞ ഒരു സുപ്രധാന ഘടകമാണ്. ഇംഗ്ലീഷ് കോളനികളിൽ മാത്രം പ്രചാരം ലഭിക്കുകയും അതിൽ ചില രാജ്യങ്ങൾ മാത്രം ഗൗരവതരമായി സമീപിക്കുകയും ചെയ്തു ഈ കളി ഒരു കാലത്തും സാധാരണക്കാരുടെ കളിയായി അറിയപ്പെട്ടിട്ടില്ല. ഇംഗ്ലണ്ടിലെ ആട്ടിയടന്മാർ സമയം കൊല്ലാൻ കളിച്ചിരുന്ന ക്രിക്കറ്റിന്റെ ആദിമരൂപം ആ നാട്ടിലെ പ്രതാപികളായ പ്രഭുക്കന്മാരുടെ നേരംപോക്കു കളിയായി പതിയെ രൂപം മാറുകയായിരുന്നു. അഭിജാത വർഗ്ഗവുമായുള്ള ഈ പൊക്കിൾകൊടി ബന്ധം ക്രിക്കറ്റിന്റെ ജനകീയതയെ സാരമായി തന്നെ ബാധിച്ചിട്ടുണ്ടെന്ന് അതിന്റെ ചരിത്രവും, വളർച്ചയുടെ വിവിധ ഘട്ടങ്ങളും പരിശോധിച്ചാൽ മനസിലാക്കാവുന്നതാണ്. വിരലിലെണ്ണാവുന്ന രാജ്യങ്ങൾ തമ്മിൽ കളിക്കുന്ന ഈ കളി നൂറുകോടിയിലധികം വരുന്ന ഇന്ത്യക്കാരുടെ ഏറ്റവും പ്രിയപ്പെട്ട കായികരൂപമായി മാറിയതും, ക്രിക്കറ്റ്താരങ്ങളെ ദൈവങ്ങളായി കണ്ട് ആരാധിക്കുന്നതും ധാരാളം വിശകലനങ്ങൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുണ്ട്. 'മാന്യന്മാരുടെ കളി' മനുഷ്യന്മാരുടെ കളിയായി രൂപന്തരപ്പെട്ടോ എന്ന അന്വേഷണവും ഇവിടെ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

## ആഗോളവല്ക്കരണവും ഇന്ത്യൻ ക്രിക്കറ്റും

ഈ ലോകത്ത് യാതൊന്നും ആഗോളീകരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് മുക്തമല്ല. മുതലാളിത്തം ഒളിഞ്ഞും തെളിഞ്ഞും, ആഗോളവല്ക്കരണത്തിലൂടെ ലോകത്ത് പിടിമുറുക്കിയ കാലത്ത്, വിപണിയാണ് എല്ലാ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സമവാക്യങ്ങളെയും നിയന്ത്രിക്കുന്നത്. മൂന്നാം ലോക രാജ്യങ്ങളുടെ ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെ



നേരിട്ട് തന്നെ മുതലാളിത്തം മൂക്ക് കയറിട്ടു നടത്തുന്ന സ്ഥിതിവിശേഷങ്ങളുമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ കായിക രംഗം എത്രത്തോളം കച്ചവടത്തിന്റെ പിടിയിലയിരിക്കുന്നുവെന്ന് പരിശോധിക്കുമ്പോൾ തെളിഞ്ഞു വരുന്ന കാഴ്ചകൾ ഒട്ടും പ്രതീക്ഷാനിർഭരമല്ല. ലോകത്ത് ഏറ്റവുമധികം ആരാധകരുള്ള ഫുട്ബോൾ പൂർണമായും കച്ചവടവല്കരിക്കപ്പെടുകയും, താര ശരീരങ്ങൾ ബ്രാൻഡുകളായി രൂപപ്പെടുകയുമായിരുന്നു. റൊണാൾഡീഞ്ഞോയെപ്പോലൊരു ഇതിഹാസ താരത്തെ "സൗന്ദര്യം" കുറഞ്ഞതിന്റെ പേരിൽ റയൽ മാഡ്രിഡ് ഫുട്ബാൾ ക്ലബ് വാങ്ങാതിരുന്നതും, വിപണി മൂല്യത്തിൽ റൊണാൾഡീഞ്ഞോയെക്കാൾ മുന്നിലുള്ള ബെക്കാമിനെപ്പോലൊരു താരത്തെ വൻ വിലയ്ക്ക് സ്വന്തമാക്കിയതും വിപണി ഫുട്ബോളിൽ നടത്തിയ ഇടപെടലിന്റെ തെളിവുകളാണ്. തൊണ്ണൂറുകളുടെ തുടക്കത്തിൽ മൻമോഹൻ സിംഗ് തുറന്നുവിട്ട നവ ലിബറൽ ഭൂതം ഇന്ത്യയുടെ സമസ്ത മേഖലകളിലെന്ന പൊലെ കായികരംഗത്തെയും, വിശിഷ്യാ ക്രിക്കറ്റിനെയും ബാധിച്ചു. സച്ചിനെപ്പോലൊരു താര ശരീരം ഒരേ സമയം ക്രിക്കറ്റിന്റെയും വിപണിയുടെയും ബ്രാൻഡ് അംബാസ്സഡറായി ഇന്ത്യൻ മധ്യവർഗത്തെ കോരിത്തരിപ്പിക്കുകയായിരുന്നു. സച്ചിൻ പരസ്യങ്ങളിൽ അഭിനയിച്ചതു കൊണ്ട് മാത്രം പെപ്സിയും, ബൂസ്റ്റും വാങ്ങി ഉപയോഗിച്ച ഇന്ത്യക്കാരുടെ കണക്ക് അതിശയിപ്പിക്കുന്നതാണ്.

വിപണിയുമായി കൈകോർത്ത് മുന്നോട്ട് നീങ്ങിയ ഇന്ത്യൻ ക്രിക്കറ്റിനെ പൂർണമായും കച്ചവടവല്കരിച്ച പ്രതിഭാസമായിരുന്നു 2008ൽ ഉദയം കൊണ്ട ഐ.പി.എൽ. ക്രിക്കറ്റിലെ ഇന്ത്യൻ വിപ്ലവം എന്നൊക്കെ ഐ.പി.എല്ലിനെ വാഴ്ത്തുന്നവർ ലോകമെമ്പാടുമുണ്ട്. ഐ.പി.എല്ലിന്റെ സ്ഥാപകനായി ഇന്ത്യൻ നിയമവ്യവസ്ഥയെ നോക്കു കുത്തിയാക്കി ലണ്ടനിലേക്ക് പറന്ന ലളിത് മോഡിയെ എടുത്ത് പറയാറുണ്ടെങ്കിലും, ഒരടിയന്തിര സാഹചര്യത്തിൽ ബി.സി.സി.ഐ ഇങ്ങനെയൊരു ലീഗ് തുടങ്ങാൻ നിർബന്ധിതരാവുകയായിരുന്നു എന്നതാണ് സത്യം. സീ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഐ.സി.എൽ (ഇന്ത്യൻ ക്രിക്കറ്റ് ലീഗ്) ബി.സി.സി.ഐ യെ വെല്ലുവിളിച്ചു കൊണ്ട് കളിക്കാരെയും,കാണികളെയും ആകർഷിച്ച സാഹചര്യമാണ് ഐ.പി.എല്ലിന്റെ പിറവി നിർബന്ധിതമാക്കിയത്. ബി.സി.സി.ഐ വേണ്ട വിധത്തിൽ പ്രാദേശിക ടീമുകളെയും, കളിക്കാരെയും പ്രോത്സാഹിപ്പിക്കാതിരിക്കുകയും, ആഭ്യന്തര ടൂർണമെന്റുകൾ വെറും പ്രഹസനമായി നടത്തപ്പെടുകയും ചെയ്ത കാലത്താണ് സീ ഗ്രൂപ്പ് തന്നെ ക്രിക്കറ്റ് വിപ്ലവമായ 20-20 യിൽ ഒരു ലീഗ് എന്ന ആശയവുമായി എത്തുന്നത്. 2007 ക്രിക്കറ്റ് ലോകകപ്പിലെ ഇന്ത്യയുടെ ദയനീയ പ്രകടനം ഇന്ത്യൻ



ക്രിക്കറ്റിൽ ഒരു തരം നിരാശ പടർത്തിയ കാലം കൂടിയായിരുന്നു അത്. ഇന്ത്യൻ ക്രിക്കറ്റ് ലീഗ് ആദ്യ വർഷം തന്നെ അക്ഷരാർത്ഥത്തിൽ സൂപ്പർ ഹിറ്റാവുകയായിരുന്നു. ഇന്ത്യൻ ടീമിലേക്കുള്ള വിളി പ്രതീക്ഷിച്ച് നിരാശരായ പല യുവ താരങ്ങളും (ഇന്നത്തെ ഐ.പി.എൽ തരംഗം അമ്പാട്ടി റായിഡു ഉൾപ്പെടെ) ഐ.സി.എല്ലിലേക്ക് ചേക്കേറി. കപിൽ ദേവിനെ പോലുള്ള മുൻ താരങ്ങളും പുതിയ സംരംഭത്തിന് പൂർണ പിന്തുണ നല്കി. അപകടം മണത്ത ബി.സി.സി.ഐ പുതിയ ലീഗിൽ ചേരുന്ന കളിക്കാരെ വിലക്കിക്കൊണ്ട് ഉത്തരവിറക്കിയെങ്കിലും കളിക്കാരും കാണികളും ലീഗിനെ ഏറ്റെടുത്തിരുന്നു. ഒടുവിൽ മറ്റ് വഴികളില്ലാതെ ഐ.പി.എൽ എന്ന ഔദ്യോഗിക ക്രിക്കറ്റ് ലീഗ് ആരംഭിക്കാൻ ബി.സി.സി.ഐ നിർബന്ധിതരായി.

ക്രിക്കറ്റും വിപണിയും തമ്മിൽ ഇന്ത്യയിൽ നിലനിന്നിരുന്ന എല്ലാ സമവാക്യങ്ങളെയും ഐ.പി.എൽ തകിടം മറിക്കുന്ന കാഴ്ചകളാണ് പിന്നീട് കായികലോകം കണ്ടത്. കളിക്ക് പുറത്ത് നിന്നിരുന്ന വിപണി ആദ്യമായി ക്രിക്കറ്റിൽ നേരിട്ട് ഇടപെട്ട് തുടങ്ങി. ബി.സി.സി.ഐ യുടെ പൊൻ മുട്ടയിടുന്ന താറാവായി മാറുകയായിരുന്നു ഈ ക്രിക്കറ്റ് ലീഗ്. കളി വിവരണം നടത്തുന്നവർ ബൗണ്ടറിക്കും, സിക്സിനുമൊപ്പം പരസ്യവാചകങ്ങൾ ക്ലൂട്ടിപ്പറയുന്നത് ടി.വിയിൽ കളി കാണുന്ന കോടിക്കണക്കിനു ക്രിക്കറ്റ് പ്രേമികളെ അമ്പരപ്പിച്ചു. കളിക്കിടയിൽ 'Strategic time out' എന്ന പേരിൽ പരസ്യം കാണിക്കാനായി മാത്രം പുതിയ ഇടവേളകൾ വന്നു. ഓരോ സെക്കണ്ടിലും കോടികൾ മറിയുന്ന ഒന്നാന്തരം ബിസിനെസ്സായി ഐ.പി.എൽ ക്രിക്കറ്റിനെ മാറ്റിയെടുത്തു. ഗ്രൗണ്ടിന് പുറത്തും കച്ചവടം തകൃതിയായി നടക്കുന്നുണ്ടായിരുന്നു. കളിക്ക് ശേഷമുള്ള "ലേറ്റ് നൈറ്റ്" ഐ.പി.എൽ പാർട്ടികൾ കോർപ്പറേറ്റുകൾ വൻ കച്ചവട ഡീലുകളുറപ്പിക്കുന്ന വേദിയായി മാറി.

മിക്കപ്പോഴും ഒരു മാഫിയ സംഘത്തെപ്പോലെ പ്രവർത്തിക്കുന്ന സംഘടനയാണ് ബി.സി.സി.ഐ. സ്വന്തം ലീഗിനായി മറ്റു രാജ്യങ്ങളുടെ ക്രിക്കറ്റ് ഷെഡ്യൂളിൽ പോലും കൈ കടത്തുന്ന ബി.സി.സി.ഐയുടെ തനി നിറം അറിയാൻ മറ്റു രാജ്യത്തെ ലീഗുകളോടുള്ള അവരുടെ സമീപനം ശ്രദ്ധിച്ചാൽ മാത്രം മതിയാവും. ഓസ്ട്രേലിയയിലെ ബിഗ് ബാഷ് ലീഗിലോ, വെസ്റ്റിൻഡീസിലെ കരിബിയൻ പ്രീമിയർ ലീഗിലോ ഒരൊറ്റ ഇന്ത്യൻ താരത്തെ പോലും കാണാൻ സാധിക്കില്ല. ഇന്ത്യൻ കളിക്കാർക്ക് മറ്റു 20-20 ലീഗുകളിൽ കളിക്കുന്നതിന് ബി.സി.സി.ഐയുടെ അപ്രഖ്യാപിത വിലക്ക് നിലവിലുണ്ട്. എത്ര ജനാധിപത്യവിരുദ്ധമായാണ് ഈ സംഘടന ഇടപെടുന്നത് എന്നതിന് ഇതിലും വലിയ തെളിവുകൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സ്വാഭാവികമായും ഐ.പി.എൽ കഴിഞ്ഞ ഉടനെ അന്താരാഷ്ട്ര ക്രിക്കറ്റ് കലണ്ടർ സജീവമാകുന്നതിനാൽ ഐ.പി.എൽ താരങ്ങൾക്ക് ഒട്ടും വിശ്രമമില്ലാതെ വരികയും അവരുടെ ആരോഗ്യത്തെയും കരിയറിനെപ്പോലും തുടർച്ചയായ ഈ മത്സരങ്ങൾ ബാധിക്കുകയുമാണ്. പൊന്മുട്ടയിടുന്ന ഇന്ത്യൻ ക്രിക്കറ്റിന്റെക വയറു കീറുന്ന നടപടികളാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ബി.സി.



സി.ഐ യിൽ നിന്നുമുണ്ടാവുന്നത്. ബി.ജെ.പി- കോൺഗ്രസ് വൈര്യമില്ലാതെ നേതാക്കൾ പലരും ഒന്നിക്കുന്നതും ഈ ക്രിക്കറ്റ് സംഘടനയുടെ നടത്തിപ്പിന്റെ സമയത്ത് മാത്രമാണെന്നത് എത്ര മധുരിക്കുന്ന ചക്കരക്കുടമാണ് ബി.സി.സി.ഐ എന്ന് ബോധ്യപ്പെടുത്തുന്ന വസ്തുതയാണ്.

## ക്രിക്കറ്റിന്റെ കൊളോണിയൽ ശരീരം

എല്ലാ മനുഷ്യരും തുല്യരല്ലെന്നും ചിലർ എല്ലാക്കാലത്തും ബാക്കിയുള്ളവരെ ഭരിക്കാൻ സൃഷ്ടിക്കപ്പെട്ടവരാണെന്നുമുള്ള മൂഢബോധത്തെ കോളനിവല്ക്കരണം ലോകമെമ്പാടും വിശ്വസനീയമാം വണ്ണം അവതരിപ്പിച്ചു. കോളനിവല്ക്കരണത്തിന്റെ സന്തതിയായി അറിയപ്പെടുന്ന കളിയാണ് ക്രിക്കറ്റ്. 'ലഗാൻ' സിനിമയിൽ ചിത്രീകരിച്ചതു പോലെ വെള്ളക്കാരായ യജമാനന്മാർക്ക് നേരംപോക്കിനായി സൃഷ്ടിക്കപ്പെട്ട കളിയിൽ സ്വദേശികൾക്ക് വലിയ പങ്കൊന്നും ആദ്യ ഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല. പോസ്റ്റ് കൊളോണിയൽ ലോകക്രമത്തിൽ ബ്രിട്ടീഷ് കോളനികളായ രാജ്യങ്ങൾ ക്രിക്കറ്റ് ഏറ്റെടുക്കുകയും, പിന്നീട് അവിശ്വസനീയമാം വണ്ണം കളിയുടെ ശക്തികേന്ദ്രമായി മാറിക്കൊണ്ട് അവർ ബ്രിട്ടനെ തന്നെ പിന്നിലാക്കുകയുമായിരുന്നു. കളി കണ്ടെത്തിയ ഇംഗ്ലണ്ട് ഇതു വരെ ലോകകപ്പ് നേടിയിട്ടില്ല എന്ന വിരോധാഭാസവും ക്രിക്കറ്റിനു സ്വന്തം. അടിമപ്പണിക്കായി ആഫ്രിക്കയിൽ നിന്ന് കടത്തിക്കൊണ്ടുവന്നവരുടെ പുതിയ



തലമുറ ഏതാനും പതിറ്റാണ്ടുകൾ ഈ കളിയെ അടക്കി ഭരിക്കുന്നതും ലോകം കണ്ടു. വെസ്റ്റിൻഡീസ് ഒരു കാലത്ത് ഈ കളിയിലെ അവസാന വാക്കായിരുന്നു. കളി ജനകീയമായെങ്കിലും വൈവിധ്യങ്ങളായ രൂപങ്ങളിൽ വിവേചനം നിലനിന്നിരുന്നു എന്നത് ചരിത്രം അടയാളപ്പെടുത്തിയ സത്യമാണ്.

വംശവെറി നിലനില്ക്കുന്നുവെന്ന കാരണത്താൽ സൗത്ത്ആഫ്രിക്കൻ ടീം 1992 വരെ ക്രിക്കറ്റ് ലോകകപ്പിന് പുറത്തായിരുന്നു. ഫുട്ബോളിൽ വംശീയത പ്രകടമായിത്തന്നെ ദൃശ്യപ്പെടാറുണ്ടെങ്കിൽ, ക്രിക്കറ്റിലത് ഒളിഞ്ഞും മറഞ്ഞുമാണ് സാന്നിദ്ധ്യമറിയിക്കാറ്. ഇന്ത്യക്കെതിരെ കഴിഞ്ഞ വർഷം നടന്ന ടെസ്റ്റ് പരമ്പര വിജയിച്ചതിനു ശേഷം സൗത്ത് ആഫ്രിക്കൻ ടീം ട്രോഫിയുമായി പോസ് ചെയ്ത ഫോട്ടോ വലിയ വിവാദങ്ങൾക്ക് വഴി വച്ചിരുന്നു. കറുത്ത വർഗക്കാരായ താരങ്ങൾ ഒരു ഭാഗത്തും, വെളുത്തവർ മറുഭാഗത്തുമായി എടുത്ത ആ ചിത്രം, കൊളോണിയലിസം തുറന്നു വിട്ട വംശീയതയുടെ ഭൂതങ്ങൾ ഇന്നും ക്രിക്കറ്റിൽ നിന്ന് ഒഴിഞ്ഞു പോയിട്ടില്ല എന്ന ഞെട്ടിപ്പിക്കുന്ന സത്യത്തെ അടിവരയിട്ട് തെളിയിക്കുന്നുണ്ട്. ഓസ്ട്രേ



ലിയക്കാരനായ ഡാരിൽ ഹെയർ സച്ചിനെതിരെ നിരന്തരമായി ഔട്ട് വിളിച്ചതും, സംശയാസ്പദമായ ആക്ഷന്റെ പേരിൽ മുത്തയ്യ മുരളീധരനെ ഐ.സി.സി കരിയറിലുട നീളം വേട്ടയാടിയതും വംശീയത മണക്കുന്ന ക്രിക്കറ്റ് നിമിഷങ്ങളായിരുന്നു. ഓസ്ട്രേലിയക്കാരനായ സൈമണ്ട്സിനെ ഹർഭജൻ സിംഗ് കളിക്കളത്തിൽ കുരങ്ങനെന്നു വിളിച്ചത് ഇന്ത്യൻ ക്രിക്കറ്റർമാരുടെയുള്ളിലെ വംശവെറിയുടെ പേടിപ്പെടുത്തുന്ന ആഴം പ്രകടമാക്കി. താടി വളർത്തിയ ഹാഷിം അംലയെ തമാശരൂപേണ കമന്ററി ബോക്സിലിരുന്ന് ഡീൻ ജോൺസ് തീവ്രവാദിയെന്നു വിളിച്ചതും, ക്രിക്കറ്റ് ലോകം ഒന്നടങ്കം പ്രതിഷേധിച്ചതും മാന്യന്മാരുടെ കളിയിലെ വംശീയ വിവേചനത്തെ പൊളിച്ചു കാട്ടുന്നതായിരുന്നു.

## അതിദേശീയതയുടെ സിക്സറുകൾ

ഇന്ത്യ-പാകിസ്ഥാൻ കളിയെ ഒരിക്കൽ രവി ശാസ്ത്രി വിശേഷിപ്പിച്ചത് 'ക്രിക്കറ്റ് മത്സരങ്ങളുടെ അമ്മ' എന്നായിരുന്നു. ഇന്ത്യ പാകിസ്ഥാനോട് മത്സരിക്കുമ്പോഴെല്ലാം അതിദേശീയത ഫണം വിടർത്തിയാടുകയും കളി പലപ്പോഴും യുദ്ധസമാനമാവുകയും പതിവാണ്. ഇത്തരം അവസരങ്ങളിൽ രാഷ്ട്രീയക്കാർ പരമാവധി മുതലെടുപ്പ് നടത്തുന്നതും പതിവാണ്. മഹാരാഷ്ട്ര രാഷ്ട്രീയത്തിൽ വൻ തിരിച്ചു വരവിന് ശിവസേനയേയും സാക്ഷാൽ ബാൽ താക്കറെയെയും സഹായിച്ചത് 1999ലെ ഇന്ത്യ-പാക് സീരീസിനെതിരെ നടത്തിയ നിരന്തരമായ സമരപരിപാടികളായിരുന്നു. കളി നടക്കേണ്ടിയിരുന്ന ഡൽഹിയിലെ ഫിറോസ് ഷാ കോട്‌ല ഗ്രൗണ്ട് കയ്യേറി പിച്ച് നശിപ്പിച്ച ശിവസേന രാജ്യമൊട്ടാകെ ദേശീയ വികാരമാളിക്കത്തിച്ചു. ഒടുവിൽ ബാൽ താക്കറെയുടെ പല ആവശ്യങ്ങളുമംഗീകരിച്ച് സമ്മതം വാങ്ങിയിട്ടാണ് കളി നടന്നത്!

മലയാള പത്രങ്ങളുടെ ഉൾപ്പെടെ സ്പോർട്ട്സ് പേജുകൾ ഇത്തരം കളിയുള്ള ദിവസങ്ങളിൽ ജിങ്കോയിസ്റ്റിക്ക് തലക്കെട്ടുകൾ കൊണ്ട് നിറയും. 2019 ലെ കളിക്ക് മുന്നായി മലയാളത്തിലെ പാരമ്പര്യമുള്ള ഒരു മുൻനിര പത്രം കൊടുത്ത തലക്കെട്ട് 'അതിർത്തി കാക്കാൻ ' എന്നായിരുന്നു. ഇന്ത്യൻ കളിക്കാരെ പട്ടാളക്കാരായും, പാക് കളിക്കാരെ തീവ്രവാദികളായും സങ്കൽപ്പിച്ച് എഴുതിക്കൂട്ടുന്ന റിപ്പോർട്ടുകൾ സാമൂഹിക പ്രതിബദ്ധത തൊട്ടുതീണ്ടാത്ത സെൻസേഷണൽ മഞ്ഞപ്പത്ര പ്രവർത്തനങ്ങളുടെ ദൃഷ്ടാന്തമാണ്. കളി സംപ്രേഷണം ചെയ്യുന്ന ചാനലുകൾ പാക് ടീമിനെ ട്രോളിക്കൊണ്ട് പരസ്യങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതും, കമന്റേറ്റർമാർ വൈകാരികതയുടെ അതിർത്തി മറികടക്കുകയും ചെയ്യുന്നതോടെ കളി കാര്യമാവുന്നു.

തങ്ങളുടെതല്ലാത്ത കുറ്റത്താൽ സ്വന്തം രാജ്യത്ത് കളിക്കാൻ പോലുമാവാത്ത ഒരു ടീമാണ് പാകിസ്ഥാൻ എന്നത് മറന്നു കൂടാ. അവരെ ഐ.പി.എൽ പോലുള്ള ഗ്ലോബൽ മാമാങ്കങ്ങളിൽ നിന്ന് തീണ്ടാപ്പാടകലെ നിർത്തുകയും ചെയ്യുന്നു. ഇത്തരം ഒരു ടീമിനോട് എല്ലാ പ്രിവിലെജുകളുമുള്ള ഇന്ത്യൻ ടീം നേടുന്ന വിജയങ്ങൾ മതി മറന്നാഘോഷിക്കുന്നവർക്ക് നല്ല നമസ്കാരം!

പിച്ചിൽ മാത്രം ഒതുങ്ങുന്ന ഒരു കളിയല്ല ക്രിക്കറ്റ്. അത് വെറുമൊരു കളിയുമല്ല...

# GOVERNMENT OF KERALA

**Abstract**

Higher Education Department- Promotion/Placement of college Teachers in the State of Kerala- Date of extension of participation in orientation/Refresher courses - Sanctioned-Orders issued.

## HIGHER EDUCATION(C) DEPARTMENT

**G.O.(Rt)No.864/2019/HEDN** Dated,Thiruvananthapuram, 31/05/2019

Read 1 Public Notice No.F.No.2-16/2002(PS)Pt F 1.II, issued by University Grants Commission, dated 16.10.2018.

2 Clarification No.F.9-1/2019(PS/Misc), dated 8.2.2019, received from the University Grants Commission.

**ORDER**

As per the notification dated 16.10.2018 read as first paper above, the University Grants Commission has extended the date for completing Orientation Course/Refresher Course for promotion under Career Advancement Scheme (CAS) up to 31.12.2018 for Teachers/Assistant Registrar/Assistant University Librarian/College Librarian/Deputy Librarian/Assistant Director of Physical Education/College Director of Physical Education etc, and requested to all the Universities and affiliated colleges to comply with the above provision of extension for promotion.

2. As per the reference read as second paper above UGC has clarified that the public Notice dated 16.10.2018, regarding extension of the date of participation in Orientation Course/ Refresher Course up to 31.12.2018 is applicable to all the candidates to ensure uniformity.

3. Various teachers have requested to extend the date of

participation in Orientation/Refresher Course due for promotion. Government have examined the matter and are pleased to extend the date of participation in Orientation Course/Refresher Course up to 31.12.2018 and is hereby directed to grant promotion/placement to the teachers from their due date of promotion.

(By order of the Governor)
**SWAPNA.P**
**UNDER SECRETARY**

To:

The Director of Collegiate Education, Thiruvananthapuram.
All Universities.
Director of I & PR (Web & New Media)Department.
Director of Technical Education.
Agriculture Department.
Principal Accountant (A&E)/(Audit),Kerala Thiruvananthapuram.
All Managements & Principals of Aided College(Through DCE)
All Sections of Higher Educations Department.
www.highereducation.krala.gov.in
stock file/Office Copy

Forwarded /By order
Section Officer

**തിരുത്ത്**

ജേർണലിന്റെ ലക്കം 270 ൽ പ്രസിദ്ധീകരിച്ച സ്ത്രൈണം, മീശായനം എന്നീ കവിതകൾ കാലടി ശ്രീ ശങ്കര കോളേജിലെ ലക്ഷ്മിപ്രിയ.എം.ആർ. എഴുതിയവ ആണ്. ഫോട്ടോയും കോളേജിന്റെ പേരും തെറ്റായി അച്ചടിച്ചതിൽ ഖേദിക്കുന്നു.

**പത്രാധിപർ**

**GOVERNMENT OF KERALA**
Finance (IT-SF) Department

**CIRCULAR**

**No. 49/2019/Fin** **Dated, Thiruvananthapuram, 17/05/2019**

Sub:- Finance Department- Android Mobile App of SPARK-Availability intimation- Issued.
Ref:- 1). Computer No: 1042718, File No: SPK-MG/26/2018-Fin
2). Circular No. 20/2019/Fin dated, 08.03.2019
3). Minutes of the IFMS review meeting held on 15.03.2019

In continuation of the directions issued in Circular No.20/2019/Fin, dated 08/03/2019, Government are now pleased to inform all employees that the Android Mobile App of SPARK application namely ***"SPARK On Mobile"*** is available in Play Store for downloading. Employees can download and install this app by keying in the OTP sent to the mobile number of the employee updated with SPARK database. This app has the facilities to view employee profile and monthly Salary details. Though Online leave application submission facility is also available, the same is applicable only for departments (such as Govt. Secretariat departments) wherein the punching system (Attendance Monitoring System) is integrated with SPARK.

**MINI V.R.,**
**Joint Secretary (Finance)**

To

The Principal Accountant General (A & E/G&SSA) Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
The Director of Treasuries, Thiruvananthapuram
All Heads of Departments (through e-office).
All Sections in Finance Department (through e-office).
All Departments in Secretariat (through e-office).
The Nodal Officer, www.finance.kerala.gov.in.
The Stock file/Office copy.

Forwarded By order

Smitha V S

Senior Grade Assistant

GOVERNMENT OF KERALA

ABSTRACT

*Higher Education Department – Increment and other service benefits in respect of Assistant Professors in Computer Science who are exempted from NET - Granted - Orders Issued.*

HIGHER EDUCATION (D) DEPARTMENT

G.O.(Ms) No.150/2019/ H.Edn. Dated, Thiruvananthapuram30.05.2019

Read: 1.Government Letter No.10595/D1/2011/HEdn. Dated 16.12.2011
2. Government Letter No.33095/D1/2012/HEdn. Dated 26.11.2012
3.Government Letter No. D2/121/2015/Hedn dated 24.04.2017
4.Representation from AKPCTA

ORDER

1. The Government have insisted UGC qualifications for the appointment of Assistant Professors in the Aided Colleges in the State. In view of dearth of NET qualified hands in Computer Science earlier, the Government directed the Universities in the State to initiate steps for exempting NET qualification for the appointment of teachers in Computer Science vide Government Letter read as paper 1st above.

2. Accordingly, the Universities approved the appointments of Assistant Professors in Computer Science who were appointed without mandatory qualifications subject to conditions that the incumbents would be eligible for increment and other service benefits only on acquiring of sufficient qualification.

3. Later, the relaxation given in the Government Letter read as paper 1st above was withdrawn vide Government Letter read as paper 2nd above.

4. Thereafter, a group of teachers approached the Government with a prayer to grant increments and other service benefits and the Government, vide Letter read as paper 3rd above, rejected the same with a direction to acquire mandatory qualifications prescribed in the UGC Regulations.

5. Then the AKPCTA has submitted a representation as per letter read as paper 4th above with request to review the directions in the Government Letter read as paper 3rd above and to grant service benefits to the affected teachers.

6. The Government have re-examined the matter in detail and are pleased to order that all the Assistant Professors in Computer Science who were appointed prior to 26.11.2012 are permanently exempted from acquiring NET qualification and they are eligible for increments and other service benefits due for them.

(BY ORDER OF THE GOVERNOR)
**HARI KUMAR G**
**Deputy Secretary**

To

1) The Director of Collegiate Education, Thiruvananthapuram
2) The Registrar, Kerala / M G / Calicut / Kannur University
3) The Deputy Director of Collegiate Education, Kollam / Kottayam / Ernakulam / Thrissur / Kozhikkode
4) The General Secretary, A.K.P.C.T.A, State Committee Office, Mathrubhumi Road, Vanchiyoor
5) Stock file

Forwarded/By Order

Section Officer

## വനിത കമ്മിറ്റി

ചെയർപേഴ്സൺ - ഡോ. ഷീല എം. ജോസഫ്

കൺവീനർ - ഡോ. കെ.ആർ. കവിത, എസ്.എൻ. കോളേജ് ചെമ്പഴന്തി

## മേഖല കമ്മിറ്റി

**കണ്ണൂർ സർവകലാശാല മേഖല**

ഡോ. നഫീസ ബേബി, സർസയ്യിദ് കോളേജ് തളിപ്പറമ്പ്

**മഹാത്മാഗാന്ധി സർവകലാശാല മേഖല**

സിമി പി. സുകമാർ, എസ്എൻ കോളേജ് കുമരകം

**കേരള സർവകലാശാല സർവകലാശാല മേഖല**

ഡോ. ജയശ്രീ വി.കെ എസ്എം ഡിബി കോളേജ് ശാസ്താംകോട്ട

## ജില്ലാ കൺവീനർമാർ

**കണ്ണൂർ**

സി. ഗീത, മഹാത്മാഗാന്ധി കോളേജ് ഇരിട്ടി

**കോഴിക്കോട്**

രഹന മൊയ്തീൻ കോയ വി.കെ., ഫറൂഖ് കോളേജ് കോഴിക്കോട്

**വയനാട്**

ഡോ. ജിഷ പി. മത്തായി, സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരി

**മലപ്പുറം**

ആതിരനന്ദൻ, എൻഎസ്എസ് കോളേജ് മഞ്ചേരി

**പാലക്കാട്**

അർച്ചന കെഎസ്., എസ്.എൻ. കോളേജ് ആലത്തൂർ

**തൃശ്ശൂർ**

ജയ എ.ടി., പ്രജ്യോതിനികേതൻ കോളേജ്

**കോട്ടയം-ഇടുക്കി**

സിജിമോൾ സി.ജി., കെ.ഇ. കോളേജ് മാന്നാനം

**ആലപ്പുഴ**

പ്രിയ പ്രിയദർശനൻ, എസ്.എൻ.കോളേജ് ചേർത്തല

**പത്തനംതിട്ട**

ഇന്ദു സി. നായർ, എസ്.എ.എസ്., എസ്.എൻ.ഡി.പി. കോളേജ് കോന്നി

**കൊല്ലം**

അപർണ പി., എസ്.എൻ. കോളേജ് കൊല്ലം

**തിരുവനന്തപുരം**

ആശ പ്രഭാകരൻ., എൻഎസ്എസ് കോളേജ് നിറമൺകര

## ലെയ്സൺ ഓഫീസർമാർ

കോളേജ് വിദ്യാഭ്യാസവകുപ്പ്/സെക്രട്ടറിയേറ്റ്/കേരള സർവകലാശാല

1. ഡോ. എൻ. വിജയകുമാരി., ആൾസെയിന്റ്സ്കോളേജ്, തിരുവനന്തപുരം
2. എൻ. പ്രമോദ്., വി.ടി.എം. എൻ.എസ്.എസ്. കോളേജ് ധനുവച്ചപുരം
3. രാഹുൽ എസ്.എം.ജി. കോളേജ് തിരുവനന്തപുരം
4. ഡോ. എൻ.കെ. സുനിൽകുമാർ., എം. ജി. കോളേജ് തിരുവനന്തപുരം
5. ഡോ. ലക്ഷ്മിപ്രിയ എൻ.എം.ജി. കോളേജ് തിരുവനന്തപുരം
6. ഹരീഷ് എസ്.ആർ. സെന്റ് സേവിയേഴ്സ് കോളേജ് തുമ്പ

## ഡി.ഡി. ഓഫീസ് കൊല്ലം

1. ഡോ. എസ്. ശേഖരൻ, എസ്.എൻ. കോളേജ് ഫോർ വിമെൻ കൊല്ലം
2. ഫിറോസ്, ടി.കെ.എം. കോളേജ് കൊല്ലം

## ഡി.ഡി.ഓഫീസ് കോട്ടയം

1. ഷിബു എം. ജോർജ്., ബസേലിയോസ് കോളേജ് കോട്ടയം
2. വിൽസൺ വി. തോമസ്., കെ.ജി. കോളേജ് പാമ്പാടി
3. രാജേഷ് ജെയിംസ്., എസ്.എച്ച്. കോളേജ് തേവര

## ഡി.ഡി. ഓഫീസ് തൃശ്ശൂർ

1. വി.എ. നാരായണമേനോൻ., ശ്രീ. കേരളവർമ്മ കോളേജ് തൃശ്ശൂർ
2. സിറിൽ ജോർജ്., സെന്റ് അലോഷ്യസ് കോളേജ് എൽത്തുരുത്ത്

## ഡി.ഡി.ഓഫീസ് കോഴിക്കോട്

1. സന്തോഷ് എസ്., മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്
2. ജിതേഷ്., എസ്.എൻ. കോളേജ്, ചേളന്നൂർ
3. ജിതേഷ് വി, .എസ്.എൻ. കോളേജ് കണ്ണൂർ

## എം.ജി. സർവ്വകലാശാല

1. ടി. ജയരാജ്., എസ്.വി.ആർ. എൻ.എസ്.എസ്. കോളേജ് വാഴൂർ

2. അരുൺ കെ. ശശിധരൻ, എസ്.എൻ. കോളേജ് കമരകം

### കോഴിക്കോട് സർവ്വകലാശാല

1. റോബിൻ സേവ്യർ, സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി

2. ബാബുരാജ് എൻ.കെ., പി.എസ്.എം.ഓ. കോളേജ് തിരൂരങ്ങാടി

### കണ്ണൂർ സർവ്വകലാശാല

1. രമേഷ്കുമാർ ആർ, എൻ.എ.എസ്. കോളേജ് കാഞ്ഞങ്ങാട്

2. സ്വപ്നജേക്കബ്, പയ്യന്നൂർ കോളേജ്

3. ഭൂപേഷ് ജി.കെ., എസ്.എൻ. കോളേജ് കണ്ണൂർ

## സർവീസ് സെൽ

**കൺവീനർ**

ജോജി അലക്സ്, സെന്റ് തോമസ് കോളേജ് പാലാ

**ജോയിന്റ് കൺവീനർമാർ**

ഡോ. മുഹമ്മദ്സലിം, ഫറൂഖ് കോളേജ് കോഴിക്കോട്

ഡോ. സുഷമരാജ്, വിടിഎംഎൻഎസ്എസ് കോളേജ് ധനുവച്ചപുരം

### കണ്ണൂർ

ഡോ. ഇ. ഹരികൃഷ്ണൻ, പയ്യന്നൂർ കോളേജ്

### കോഴിക്കോട്

ഡോ. ഗോവിന്ദരാജ്, മലബാർ ക്രിസ്ത്യൻ കോളേജ്

### വയനാട്

ഡോ. ലതീഷ്കമാർ എ.ആർ., സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരി

### മലപ്പുറം

ഡോ. എം.ഡി.ജോർജ്., കോട്ടക്കൽ ആയുർവേദ കോളേജ്

### പാലക്കാട്

കെ.ഹരികൃഷ്ണൻ., എൻ.എസ്.എസ്. എൻജിനീയറിംഗ് കോളേജ്

### തൃശ്ശൂർ

ഡോ. സുധീന്ദ്രൻ കെ., ശ്രീ കേരളവർമ്മ കോളേജ്,

### എറണാകുളം

ഡോ. സെബാസ്റ്റ്യൻ ജോസഫ്., യു.സി. കോളേജ് ആലുവ

### കോട്ടയം-ഇടുക്കി

ഡോ. കെ.വി. തോമസ്., മരിയൻ കോളേജ് കുട്ടിക്കാനം

### ആലപ്പുഴ

ഡോ .സുരേഷ് എസ്. ശ്രീ അയ്യപ്പകോളേജ്, ഇരമല്ലിക്കര

### പത്തനംതിട്ട

റെയ്സൺ സാംരാജു., മാർത്തോമാ കോളേജ് തിരുവല്ല

### കൊല്ലം

റോയി എസ്. സെൻറ്സ്റ്റീഫൻസ്കോളേജ് പത്തനാപുരം

### തിരുവനന്തപുരം

ഡോ. എൻ.പ്രമോദ്., വി.ടി.എം. എൻ.എസ്.എസ്. കോളേജ് ധനുവച്ചപുരം

## അക്കാദമിക് കമ്മിറ്റി

**ചെയർമാൻ** - ഡോ.സന്തോഷ്കെ., ഡിബി കോളേജ് ശാസ്താംകോട്ട

**കൺവീനർ**-ഡോ. മാർക്കോസ് വി.പി., യു.സി. കോളേജ് ആലുവ

**ജോ. കൺവീനർമാർ**

1. ഡോ. എൻ. ലക്ഷ്മിപ്രിയ - എം.ജി. കോളേജ് തിരുവനന്തപുരം

2. ഡോ. പോൾ വി. കാരന്താനം - സെന്റ് തോമസ് പാലാ.

**ജില്ലാകൺവീന്മാർ**

1. കണ്ണൂർ - കാസർകോട് - ഡോ. കെ.വി. മുരളി, NAS കാഞ്ഞങ്ങാട്

2. വയനാട് - ഡോ. ദിലീപ് എം.ആർ., പഴശ്ശിരാജ സു. ബത്തേരി .

3. കോഴിക്കോട് - ഡോ. സുജേഷ് സി.പി., SNDP യോഗം, കൊയിലാണ്ടി

4. മലപ്പുറം - ഡോ. സാജിദ് എ. ലത്തീഫ്, MES മമ്പാട്.

5. പാലക്കാട് - ഡോ. സന്ദീപ് നാരായൺ, VTB, മണ്ണമ്പറ്റ

6 തൃശ്ശൂർ - ഡോ.സനന്ദ് സി. സദാനന്ദ്, അസ്മാബി MES, കൊടുങ്ങല്ലൂർ

7. എറണാകുളം - ഡോ. സുധാകരൻ കെ.എം., SSV വളയൻചിറങ്ങര

8. കോട്ടയം - ഇടുക്കി - ഡോ. ജിമ്മി ജെയിംസ്, സെന്റ് സ്റ്റീഫൻസ്, ഉഴവൂർ

9. ആലപ്പുഴ - ഡോ. രാകേഷ് ചന്ദ്രൻ, SD ആലപ്പുഴ

10. പത്തനംതിട്ട - ഡോ. ഫെബ്യ ജോർജ്ജ് മത്തായി കറിച്ചിയത്ത്, സെന്റ് തോമസ് കോഴഞ്ചേരി

11. കൊല്ലം - ഡോ. ഇന്ദുലാൽ, സെന്റ് ഗ്രിഗോറിയോസ്, കൊട്ടാരക്കര

12. തിരുവനന്തപുരം - ഡോ. സുബോജ് ബേബിക്കുട്ടി, മാർ ഇവാനിയോസ് തിരുവനന്തപുരം



# സംസ്ഥാന സമ്മേളന പ്രമേയങ്ങൾ

1) മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും നശിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന വർഗീയ ഫാസിസ്റ്റ് നയങ്ങൾക്കെതിരെ നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നേറണമെന്ന് ഇന്ത്യൻ സമൂഹത്തോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

2) ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും വിവേചനമില്ലാതെ തുല്യനീതി ഉറപ്പുവരുത്തുന്ന ഇന്ത്യൻ ഭരണഘടനയുടെ ധാർമ്മിക മൂല്യങ്ങളെ അട്ടിമറിച്ച് ഹിന്ദുത്വ അജണ്ട നടപ്പിലാക്കാനുള്ള ശ്രമങ്ങളിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

3) രാഷ്ട്രസുരക്ഷയുടെയും പ്രതിരോധത്തിന്റെയും ഭാഗമായ സൈനിക ഇടപെടലുകളെ കക്ഷിരാഷ്ട്രീയത്തിന്റെ കള്ളികളിലൊതുക്കി രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാനുള്ള രാജ്യം ഭരിക്കുന്ന ഗവൺമെന്റിന്റെ കുത്സിത ശ്രമങ്ങളെ അപലപിക്കുന്നതോടൊപ്പം അത്തരം പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്രസർക്കാറിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

4) രാജ്യത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ തങ്ങളുടെ വർഗീയ അജണ്ടകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൊണ്ടുവരുന്ന 'പൗരത്വബിൽ 2019' മനുഷ്യത്വവിരുദ്ധമായതിനാൽ അതിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നു.

5) ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന വിദ്യാർത്ഥികളെയും ബുദ്ധിജീവികളെയും സാംസ്കാരിക പ്രവർത്തകരെയും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആക്രമിക്കുന്ന സംഘപരിവാർ ശക്തികളെ നിലക്ക് നിർത്തണമെന്ന് ഈ സമ്മേളനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

6) ലക്ഷക്കണക്കിന് കർഷകരെയും തൊഴിലാളികളെയും ആത്മഹത്യയിലേക്ക് നയിക്കുന്ന ജനവിരുദ്ധ സാമ്പത്തിക നയങ്ങളിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

7) ഉന്നതവിദ്യാഭ്യാസരംഗത്ത് വികലമായ വാണിജ്യ-വർഗീയവൽക്കരണനയങ്ങൾ നടപ്പിലാക്കി ഈ :മേഖലയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധികൾ സൃഷ്ടിച്ച സംഘപരിവാർ ശക്തികളെ അധികാരത്തിൽ നിന്ന് തുത്തെറിയാനുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ അധ്യാപക സമൂഹം ഒറ്റക്കെട്ടായി അണിചേരണമെന്ന് എ.കെ.പി.സി.ടി.എ. 61-ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

8. നവകേരള നിർമിതി ലക്ഷ്യമാക്കിക്കൊണ്ട് കേരളസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉജ്ജ്വലമായ ജനകീയ ഭരണനിർവ്വഹണപ്രവർത്തനത്തെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

9. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ ഇല്ലാതാക്കി ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യയെ രംഗപ്രവേശം ചെയ്യിച്ച് ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുവാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

10. ഫെഡറൽ അവകാശങ്ങളെ ഇല്ലാതാക്കിക്കൊണ്ടു കടുത്ത നിയമങ്ങൾ ഏകപക്ഷീയമായി സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപിക്കുന്ന നയങ്ങളിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുന്നു.

11. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം ഇല്ലാതാക്കിക്കൊണ്ട് കഠിനമായ റഗുലേഷനുകളിലൂടെ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്ന നടപടികളിൽ നിന്ന് കേന്ദ്രസർക്കാറും യു.ജി.സി.യും പിന്മാറണമെന്ന് എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

12. ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന എല്ലാ ബഹുസ്വരതകളെയും ഇല്ലാതാക്കി കമ്പോളശക്തികൾക്ക് വിളനിലമൊരുക്കുന്ന നയങ്ങളുടെ ഭാഗമായി ആവിഷ്കരിക്കുന്ന സിബിസിഎസ്, സ്വയം റഗുലേഷൻസ്, സ്വയംഭരണ കോളേജ് റഗുലേഷൻസ്, എം.ഫിൽ-പി.എച്ച്.ഡി. റഗുലേഷൻസ് തുടങ്ങിയവ പിൻവലിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

13. 2018 ആഗസ്റ്റ് മാസത്തിൽ നേരിട്ട ഭീകരമായ പ്രളയക്കെടുതിയിൽ നിന്ന് ഈ നാടിനെ രക്ഷിക്കാൻ അസാമാന്യമായ ഭരണപാടവത്തോടെ, അചഞ്ചലമായ ഇച്ഛാശക്തിയോടെ പ്രവർത്തിച്ച കേരള സർക്കാറിന്റെയും രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട മത്സ്യത്തൊഴിലാളികളടക്കമുള്ള മുഴുവനാളുകളെയും ഈ

സമ്മേളനം അഭിനന്ദിക്കുന്നു.

14. ശബരിമലയിലെ സ്ത്രീപ്രവേശം സംബന്ധിച്ച ബഹു.സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ച വിധി കടുത്ത പ്രതിസന്ധികൾക്കിടയിലും സമചിത്തതയോടെ നടപ്പിലാക്കാൻ ഇടപെട്ട ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നതോടൊപ്പം കേരളത്തിന്റെ മതനിരപേക്ഷ മനസ്സിനെ തകർക്കാനുള്ള വർഗീയശക്തികളുടെ നീക്കം അതീവജാഗ്രതയോടെ തിരിച്ചറിയണമെന്ന് കേരള ജനതയോട് ആവശ്യപ്പെടുന്നു.

15. യു.ജി.സി.യുടെയും എ.ഐ.സി.ടി.ഇ.യുടെയും ശമ്പളപരിഷ്കരണം കേരളത്തിലെ അധ്യാപകർക്ക് ലഭ്യമാക്കുവാനുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

16. കോളേജധ്യാപകരുടെ ലീവ് വേക്കൻസി / ബ്രോക്കൺ സർവ്വീസ് സംബന്ധിച്ച് യു.ഡി.എഫ്. സർക്കാർ നിർത്തലാക്കിയ പെൻഷൻ ആനുകൂല്യങ്ങൾ ഉടൻ പുനഃസ്ഥാപിക്കണമെന്ന് ഈ സമ്മേളനം കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

17. 2013-14 കാലഘട്ടത്തിൽ കോളേജുകൾക്ക് അനുവദിച്ച പുതിയ കോഴ്സുകൾക്ക് ആവശ്യമായ അധ്യാപക തസ്തികകൾ ഉടനെ അനുവദിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

18. മധ്യവേനലവധിക്കാലത്ത് പരീക്ഷാഡ്യൂട്ടികൾ ചെയ്തതിന്റെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന് വന്ന കാലതാമസത്തിന് ഇളവ് നൽകിക്കൊണ്ട് അർഹമായ ആനുകൂല്യം അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

19. ദീർഘകാലത്തെ സർവ്വീസുണ്ടായിട്ടും പേ പ്രൊട്ടക്ഷൻ, സീനിയോറിറ്റി വിഷയങ്ങൾ പരിഹാരമാകാതെ കിടക്കുന്ന ജൂനിയർ ലക്ചറർമാരുടെ സേവന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്ന് എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

20. എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്ക് ട്രഷറിയിൽ നിന്ന് നേരിട്ട് അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം പിൻവലിക്കാനുള്ള അധികാരം നൽകണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

21. യു.ജി.സി. ആറാം ശമ്പളപരിഷ്കരണത്തിന്റെ തടഞ്ഞുവെച്ച കുടിശ്ശിക ഉടൻ അനുവദിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

22. കോളേജുകളിലെ യോഗ്യരായ എല്ലാ അധ്യാപകർക്കും പ്രൊഫസർ തസ്തിക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

23. ഗസ്റ്റ് ലക്ചറർമാർക്ക് ദിവസവേതനാടിസ്ഥാനത്തിലുള്ള ശമ്പളം കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

24. സുപ്രീംകോടതിയുടെ സ്പെഷ്യൽ ലീവ് പെറ്റീഷൻ വിധി പ്രകാരം 2016 ഫെബ്രുവരി 23ന് മുമ്പുള്ള കോളേജധ്യാപക പ്രമോഷനുകൾ അഞ്ചാം യു.ജി.സി. റഗുലേഷൻസ് പ്രകാരം ഉടൻ നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

25. 2016ലെ ഭിന്നശേഷി അവകാശ സംരക്ഷണനിയമം അനുശാസിക്കുന്ന തരത്തിൽ അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് കോളേജുകളിൽ ഭൗതിക-അക്കാദമിക പശ്ചാത്തലമുണ്ടാക്കാൻ അധികൃതർ തയ്യാറാകണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

26. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ ചട്ടങ്ങൾ അടിയന്തിരമായി അംഗീകരിച്ച് ജീവനക്കാരെ നിയമിച്ചും പരീക്ഷയും അക്കാദമിക പ്രവർത്തനങ്ങളും കാര്യക്ഷമമാക്കിയും പ്രസ്തുത സ്ഥാപനത്തെ അക്കാദമിക - ഭരണപുരോഗതിയിലേക്ക് കൊണ്ടുവരാൻ ഈ സമ്മേളനം ആവശ്യപ്പെടുന്നു.

27. ഇപ്പോൾ ഏകാധിപത്യപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ജനാധിപത്യവൽക്കരിക്കുന്നതിനാവശ്യമായ ആക്ട് ഭേദഗതി വരുത്തി സർവ്വകലാശാലയെ രക്ഷിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

28. കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ ഓഫീസിന്റെ അധികാരപരിധി വിഭജിച്ച് കണ്ണൂർ ആസ്ഥാനമായി മറ്റൊരു ഡി.ഡി.ഇ. ഓഫീസ് അനുവദിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

29. കോളേജുകളിലെ കായികവിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന നാമമാത്രമായ പ്രതിദിനബത്ത കാലോചിതമായി പരിഷ്കരിച്ച് നടപ്പിൽവരുത്തണമെന്ന് എ.കെ.പി.സി.ടി.എ. സമ്മേളനം ആവശ്യപ്പെടുന്നു.

# അനുബന്ധ സെമിനാർ

എ.കെ.പി.സി.ടി.എ. 61-ാം സംസ്ഥാനസമ്മേളനത്തോട് ബന്ധപ്പെട്ട് 'ഉന്നതവിദ്യാഭ്യാസമേഖലയിലെ സമകാലിക സംഭവവികാസങ്ങൾ' എന്ന വിഷയത്തിൽ ദേവഗിരി സെന്റ് ജോസഫ് കോളേജിൽ വെച്ച് 2019 ഫെബ്രുവരി 25ന് ഒരു അനുബന്ധ സെമിനാർ സംഘടിപ്പിച്ചു.

മൂലധനശക്തികൾ വിദ്യാഭ്യാസരംഗത്ത് പിടിമുറുക്കുന്നത് സൃഷ്ടിക്കുന്ന കേന്ദ്രീകരണത്തെയും കാവിവൽക്കരണത്തെയും ചെറുക്കണമെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത ഡോ. എം. സത്യൻ (ഏരിയാ സെക്രട്ടറി, എ.കെ.ജി.സി.ടി.) ആവശ്യപ്പെട്ടു. അപകടകരമായ രീതിയിൽ കേന്ദ്രീകരണവും വികേന്ദ്രീകരണവും ഒരേ സമയം പിന്തുടരുന്ന നയവൈകല്യവുമാണ് അടുത്തകാലത്തിറങ്ങിയ മാനവശേഷിവകുപ്പിന്റെ പല പ്രഖ്യാപനങ്ങളുമെന്ന് സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച ഡോ. കെ.പി. വിനോദ്കുമാർ (ഏരിയ സെക്രട്ടറി, എ.കെ.പി.സി.ടി.എ.) അഭിപ്രായപ്പെട്ടു. ഏകദേശം നാൽപതോളം പേർ പങ്കെടുത്ത സെമിനാർ പൊതുചർച്ചയോടെ അവസാനിച്ചു.


ANWAR




ANWAR




ANWAR










61-ാം
AKPCTA
സംസ്ഥാന
സമ്മേളനം
കോഴിക്കോട്
2019
9-10




ANWAR
STATE CONFERENCE




ANWAR


ANWAR




ANWAR


ANWAR


ANWAR








ANWAR


ANWAR


ANWAR


ANWAR





## എ.കെ.പി.സി.ടി.എ. ഭാരവാഹികൾ

  

 

ഡോ. സി. പദ്മനാഭൻ (പ്രസിഡന്റ്), ഡോ. പി.എൻ. ഹരികുമാർ (ജനറൽ സെക്രട്ടറി), ഡോ. പി.കെ. കുശലകുമാരി (ട്രഷറർ), ഡോ. ഷീല എം. ജോസഫ് (വൈസ് പ്രസിഡന്റ്) ഡോ. കെ. സന്തോഷ് (വൈസ് പ്രസിഡന്റ്)

## സംസ്ഥാന സെക്രട്ടറിമാർ

   

പ്രമോദ് വെള്ളച്ചാൽ (കണ്ണൂർ സർവകലാശാല), ഡോ. കെ.പി വിനോദ് കുമാർ (കോഴിക്കോട് സർവകലാശാല), ഡോ. സി.എം. ശ്രീജിത് (എം.ജി. സർവകലാശാല), ഡോ. ആർ. ഇന്ദുലാൽ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സിണ്ടിക്കേറ്റ് അംഗങ്ങൾ)

   

എ. നിശാന്ത് (കണ്ണൂർ സർവകലാശാല), പ്രൊഫ. ആർ. ബിന്ദു (കോഴിക്കോട് സർവകലാശാല), ഡോ. പി.കെ. പത്മകുമാർ (എം.ജി. സർവകലാശാല), എം. ശ്രീകുമാർ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ



പ്രൊഫ. എ.ജി. ഒലീന (ഐഫക്ടോ സെക്രട്ടറി, സൗത്ത് സോൺ) സഞ്ജീവ് ജി. (സാങ്കേതിക സർവകലാശാല), ഡോ. ജെ. ഹരികൃഷ്ണ പിള്ള (ആരോഗ്യ സർവ്വകലാശാല), ഡോ. കെ.സി. അബ്ദുൾ മജീദ് (കോഴിക്കോട്), ഡോ. സോജു (കേരള), ഡോ. ജിഷ മേരി മാത്യു (കോട്ടയം), ഡോ. വിജയകുമാരി

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ



ഡോ. എ.എസ്. സുമേഷ് (ജേർണൽ), ഡോ. വി. പി. മർക്കോസ് (അക്കാദമിക് കമ്മിറ്റി), ഡോ. ജോജി അലക്സ് (സർവീസ് സെൽ), ഡോ. കെ.ആർ. കവിത (വനിതാ കമ്മിറ്റി)

## ജില്ലാ സെക്രട്ടറിമാർ



ഡോ. രമേഷ് കുമാർ (തിരുവനന്തപുരം), ഡോ. എൻ. ശശികുമാർ (കൊല്ലം), ഡോ. ടോമി ജോസഫ് (കോട്ടയം), ഡോ. വിവേക് ജേക്കബ്ബ് (പത്തനംതിട്ട), ഡോ. മനോജ് ടി.ആർ. (ആലപ്പുഴ), ഡോ. അരുൺ യു. (എറണാകുളം), ഡോ. പ്രദീപ്കുമാർ കെ. (തൃശ്ശൂർ) ഡോ. മുഹമ്മദ് സലീം (കോഴിക്കോട്), ഡോ. എം.ബി. ഗോപാലകൃഷ്ണൻ (മലപ്പുറം), ഡോ. ഹരിദാസ് പി. (പാലക്കാട്), ഡോ. കെ. രാമചന്ദ്രൻ (വയനാട്), ഡോ. കെ. അജയകുമാർ (കണ്ണൂർ)

COLLEGE TEACHER
R.No. 36025/81 No.271
ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JUNE - 2019



# യുജിസി ഏഴാം ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കിയ ഇടതുപക്ഷ സർക്കാരിന്

# അഭിവാദ്യങ്ങൾ

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. A.S. Sumesh